ലക്കം - 1 പുസ്തകം 2
2010 മെയ് - ആഗസ്റ്റ്
1431 - ജ.ആഖർ - റമദാൻ

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# അന്നൂർ

കേരള ലജ്നാഇമാഇല്ലാഹ് പ്രസിദ്ധീകരണം

## ഉള്ളടക്കം

**ആമുഖം**
വായിക്കാം.... അറിയാം 5
**ഖുർആൻ വ്യാഖ്യാനം** - സൂറ:ത്വാഹ 6
ലൈലത്തുൽ ഖദ്റിന്റെ യാഥാർത്ഥ്യം 7
കുട്ടികളുടെ ധാർമ്മികശിക്ഷണം 11
അറിവും മാനവസംസ്കൃതിയും 17
മസീഹ് മൗഊദി(അ)ന്റെ ഗ്രന്ഥങ്ങൾ:
ആത്മീയജ്ഞാനങ്ങളുടെ കലവറ 20
ഫസ്ലെ ഉമർ 22
ഹദ്റത്ത് ആയിശ(റ) ജീവിതവിശുദ്ധിയുടെ ഖുർആനിക സാക്ഷ്യം 27
ലജ്നാ ഇമാഇല്ലാഹ് സ്ഥാപനവും ആദ്യകാല വനിതകളുടെ
സാമ്പത്തിക ത്യാഗവും 33
തിരുസന്നിധിയിൽ - കവിത 42
ദൈവീകാനുഗ്രഹങ്ങളുടെ കൊയ്ത്തുകാലം - റമദാൻ 43
വാനിലെ നക്ഷത്രങ്ങൾ - കവിത 46
സക്കാത്ത് : നിർബന്ധ കടമ 47
സത്യസാക്ഷ്യം - കവിത 49
**തളിരുകൾ - ബാലപംക്തി**
മാതൃസ്നേഹം 50
വിസ്മയിപ്പിക്കുന്ന ഊട്ടിക്കാഴ്ചകൾ 51
അഹ്മദിയ്യത്ത് - കവിത 53
**പുസ്തകപരിചയം**
നൂഹിന്റെ പേടകം 54
**രുചി** 55
**വാർത്തകൾ...വിശേഷങ്ങൾ** 56
**പദപ്രശ്നം** 58

*Editor*
I.K. Sajida

*Sub Editor*
K.P. Mubashira

*Editorial Board*
M. Naseera
P.P. Sakeenath
C.K. Fameela
M. Siddeeqa
C.P. Ladeeda

*Published by*
B. Thahira
President Lajna Imaillah
Kerala

Cover :
I.K. Muzafar Ahmed

Printed at
Blaze Offset Printers
Calicut - 1.

*Not for sale*
*Circulation among*
*Jamaath members only*

## ഖുർആൻ വചനം

അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ. നിശ്ചയമായും അല്ലാഹു പ്രതാപവാനും സർവ്വഥാ പൊറുക്കുന്നവനുമാകുന്നു. (35:29).

## നബിവചനം

ഹദ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു. വിദ്യാഭ്യാസം ഓരോ മുസ്‌ലിമിനും നിർബന്ധമാണ്.

*(ഹദീഖത്തുസ്സാലിഹീൻ)*

*വാഗ്ദത്ത മസീഹി(അ)ന്റെ അദ്ധ്യാപനങ്ങൾ*

# അറിവ് പ്രകാശവും അറിവില്ലായ്മ മറയുമാണ്



**അ**റിവില്ലാത്തവർക്കാണ് എല്ലായ്പ്പോഴും പിഴവ് സംഭവിക്കുന്നത്. ശൈത്വാന് പിഴവ് സംഭവിച്ചത് അറിവ് കൊണ്ടായിരുന്നില്ല, അറിവില്ലായ്മ കൊണ്ടായിരുന്നു. അവന്റെ അറിവ് ഉന്നതമായിരുന്നെങ്കിൽ ഒരിക്കലും തന്നെ പിഴവുപറ്റില്ലായിരുന്നു. വിശുദ്ധ ഖുർആനിൽ അറിവിനെ അവമതിച്ചു പറഞ്ഞിട്ടില്ല. മറിച്ച് "അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ" എന്നാണ് പറയപ്പെട്ടിരിക്കുന്നത്. എന്റെ എതിരാളികളേയും നാശത്തിലേക്ക് നയിച്ചത് അറിവല്ല, അറിവില്ലായ്മയാണ്. നബി തിരുമേനി(സ)യോട് പറയപ്പെട്ടത് 'എന്റെ നാഥാ, എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ' എന്നു പറഞ്ഞുകൊണ്ടിരിക്കുക എന്നാണ്. ജ്ഞാനസമ്പാദനം ഒരു സാധാരണവും നിസ്സാരവുമായ കാര്യമായിരുന്നെങ്കിൽ ഈ ദുആ പഠിപ്പിക്കില്ലായിരുന്നു. വീണ്ടും പറയുന്നു; 'ആർക്കെങ്കിലും യുക്തിജ്ഞാനം നൽകപ്പെട്ടാൽ അവന് വളരെയധികം നന്മകൾ നൽകപ്പെട്ടു'. ചുരുക്കത്തിൽ എല്ലാവിധ സൗഭാഗ്യങ്ങളും യഥാർത്ഥത്തിലുള്ള ജ്ഞാനസമ്പാദനത്തിലാണ് നിലകൊള്ളുന്നത്. ക്രിസ്ത്യാനികളായവരെല്ലാം തന്നെ അവരുടെ അജ്ഞത കൊണ്ടാണ് അങ്ങനെയായത്. പരിപൂർണ്ണജ്ഞാനം അവർക്കുണ്ടായിരുന്നെങ്കിൽ ഒരു മനുഷ്യനെ അവർ ദൈവമാക്കുമായിരുന്നില്ല. അല്ലാഹു പറയുന്നു: നരകവാസികൾ പറയും,

'ഞങ്ങൾ കേൾക്കുകയോ ചിന്തിച്ചു മനസ്സിലാക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ ഈ ജ്വലിക്കുന്ന തീയിൽ എരിയുന്നവരിൽ ഉൾപ്പെടുമായിരുന്നില്ല.' അറിവ് വലിയ മറയാണ് എന്നുപറയപ്പെടുന്നത് തെറ്റാണ്. അജ്ഞത വലിയ മറയാണ് എന്നതാണ് ശരി. അറിവ് പ്രകാശമാണ്. അത് ഒരിക്കലും മറയാവുകയില്ല. എന്നാൽ അറിവില്ലായ്മ ഒരു വലിയ മറ തന്നെയാണ്. അല്ലാഹുവിന്റെ പേര് 'അലീം' എന്നാണ്. അതായത് ഏറ്റവും കൂടുതൽ അറിവുള്ളവൻ എന്ന്. വിശുദ്ധഖുർആനിൽ 'ആ പരമകാരുണികൻ ഖുർആൻ പഠിപ്പിച്ചു' എന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് തന്നെയാണ് മലക്കുകൾ പറഞ്ഞത്, 'ഞങ്ങൾക്ക് നീ പഠിപ്പിച്ചു തന്നതല്ലാതെ ഞങ്ങൾക്ക് യാതൊരു അറിവുമില്ല.' ചുരുക്കത്തിൽ അറിവില്ലായ്മയിലാണ് എല്ലാവിധ വിഷമങ്ങളും ഉള്ളതെന്ന് ഓർമ്മിച്ചുകൊള്ളുക. അജ്ഞത യഥാർത്ഥത്തിൽ ഒരു മരണം തന്നെയാണ്. വൈദ്യന്മാർക്കും ഡോക്ടർമാർക്കും മറ്റുള്ള ജനങ്ങൾക്കും തെറ്റുകൾ സംഭവിക്കുന്നത് അറിവിന്റെ കുറവുകൊണ്ടാണ്. പ്രവാചകന്മാർ ജ്ഞാനങ്ങൾ കൊണ്ടുവരുന്നവരാണ്. ലോകത്ത് അന്ധകാരം പരക്കുമ്പോഴും സൃഷ്ടികൾ ശൈത്വാൻമാരായി തീരുമ്പോഴും ദൈവവുമായി യാതൊരു ബന്ധവും ഇല്ലാതിരിക്കുമ്പോഴുമാണ് അല്ലാഹു തന്റെ ദാസന്മാരെ പരിഷ്ക്കർത്താക്കളായി അയക്കുന്നത്.

*(മൽഫൂസാത്ത് വാല്യം മൂന്ന്, പേജ് 207, 208)*

ആമുഖം

# വായിക്കാം....അറിയാം

**“സർവ്വവും സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ വായിക്കുക. പേന കൊണ്ട് പഠിപ്പിച്ച വനത്രെ (അവൻ)” (96:2)** എന്ന പ്രഥമ ഖുർആൻ വാക്യങ്ങളിലൂടെ അല്ലാഹു നമ്മെ വിജ്ഞാന ലോകത്തേക്ക് വിശുദ്ധഖുർആനിലൂടെ സ്വാഗതം ചെയ്യുകയാണ്. മതവിജ്ഞാനം, മന:ശാസ്ത്രം, സാമൂഹികശാസ്ത്രം, പ്രകൃതിശാസ്ത്രം, ഭൂമിശാസ്ത്രം, സസ്യശാസ്ത്രം, ചരിത്രം എന്നിവയെല്ലാം ദൈവോന്മുഖമായ പഠന നിരീക്ഷണങ്ങൾക്ക് വിധേയമാക്കണമെന്ന് ഖുർആൻ അനുശാസിക്കുന്നു. വായനയിലൂടെ മാത്രം തുറക്കാൻ സാധിക്കുന്ന അറിവിന്റെ ചില കവാടങ്ങളുണ്ട്. അതിലൂടെ, അറി വിന്റെ അക്ഷയഖനിയിലേക്ക് നാം പ്രവേശിക്കേണ്ടതുണ്ട്. ഒന്നും വായിക്കാത്ത വ്യക്തി, ദിക്കറി യാതെ നിന്നിടത്തു നിൽക്കുന്നയാളാണെങ്കിൽ വായിക്കുന്ന ആൾ ലോകം മുഴുവൻ കാണുന്ന യാത്രക്കാരനാണ്. ദൃശ്യാദൃശ്യങ്ങളായ പ്രകൃതി പ്രതിഭാസങ്ങളെ മനസ്സിലാക്കി, വിശേഷ ബുദ്ധി കൊണ്ട് വിശകലനം ചെയ്ത്, വിലയിരുത്തി, ദൈവമെന്ന സത്യത്തെ കണ്ടെത്തുവാൻ അറിവുള്ള വന് മാത്രമേ സാധിക്കൂ.

ഏറ്റവും ചെലവുകുറഞ്ഞതും നിത്യഫലം തരുന്നതുമായ വിജ്ഞാനോപാധിയാണ് വായന. അനുനിമിഷം വിസ്മയം പ്രസരിപ്പിക്കുന്ന ഇന്നത്തെ ലോകത്ത്, പ്രസിദ്ധീകരണങ്ങൾ അവരുടെ വായനക്കാരെ ആകർഷിക്കത്തക്ക തരത്തിൽ വിനോദങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കുന്നു. മനുഷ്യമനസ്സുകളെ എങ്ങനെ, അയഥാർത്ഥമായ അല്ലെങ്കിൽ അവന്റെ ജീവിതവുമായി ബന്ധമില്ലാത്ത പ്രഹേളികകളിൽ തടഞ്ഞുവെക്കാം എന്നുള്ളതാണ് അവരുടെ ചിന്ത. മൂല്യവത്തായ യഥാർത്ഥ ജ്ഞാനത്തിന്റെ തിരിച്ചറിവ് നന്മയുടേയും ധാർമ്മികതയുടേയും മനുഷ്യസാഹോദര്യത്തിന്റേയും വേദിയിലേക്കാണ് നമ്മെ എത്തിക്കുന്നത്.

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ പ്രിയശിഷ്യനും വാഗ്ദത്തമഹ്ദിയുമായ ഹദ്റത്ത് അഹ്മദി(അ)ന് സുൽത്താനുൽ ഖലം - പേനയുടെ സുൽത്താൻ-എന്നാണ് അല്ലാഹു പേരിട്ടത്. ഈ പേരിനെ അന്വർത്ഥമാക്കികൊണ്ട് 80ൽ പരം ഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയു ണ്ടായി. വിശുദ്ധഖുർആനെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഈ ഗ്രന്ഥങ്ങൾ ആത്മീയജ്ഞാനങ്ങളുടെ മഹാസാഗരമായി വിശേഷിപ്പിക്കാവുന്നതാണ്. ആ ജ്ഞാനങ്ങളുടെ ഖജനാവ് ആർക്കും ശേഖരി ക്കാവുന്ന വിധത്തിൽ തുറന്നിട്ടിരിക്കുകയാണ്. അതാതു കാലഘട്ടങ്ങളിൽ മാനവ നന്മക്കായി ദൈവം അയക്കുന്ന പ്രവാചകരിലൂടെ നല്കപ്പെടുന്ന ദൈവികസന്ദേശങ്ങൾ നാം അറിഞ്ഞിരിക്കേണ്ടതാണ്. തന്റെ ഗ്രന്ഥങ്ങൾ മൂന്നു തവണയെങ്കിലും വായിക്കാത്തവനിൽ അഹങ്കാരമുണ്ടാകുമെന്നാണ് വാഗ്ദത്ത മസീഹ്(അ) പറഞ്ഞിട്ടുള്ളത്. ഈ പ്രസ്താവന നാം മുഖവിലക്കെടുക്കേണ്ടതുണ്ട്.

വായനക്കും ജ്ഞാനസമ്പാദനത്തിനും പ്രത്യേക സമയമോ, സന്ദർഭമോ പ്രായപരിധിയിയോ ഇല്ല. **“എന്റെ നാഥാ എനിക്കു ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ.” (20:115)** എന്നു പ്രാർത്ഥിക്കാനാണ് ഖുർആൻ ആവശ്യപ്പെടുന്നത്. നബി(സ)യുടെ പ്രിയപത്നി ഹദ്റത്ത് ആയിശ(റ) വീട്ടിലിരുന്ന്, നബി(സ) മറ്റുള്ളവർക്ക് നല്കിയിരുന്ന ഉപദേശ നിർദ്ദേശങ്ങൾ ശ്രവിച്ചാണ് അറിവ് കരസ്ഥമാക്കി യത്. മതം, വിദ്യാഭ്യാസം, നീതി നിർവ്വഹണം, ഭരണം തുടങ്ങി എല്ലാ വിഷയങ്ങളെക്കുറിച്ചുമുള്ള അറിവിലും അവർ പ്രഗല്ഭയായിരുന്നു. ഇന്ന് അറിവു നേടുവാനുള്ള ഉപാധികൾ നമുക്കു മുമ്പാകെ തുറന്നുകിടക്കുകാണ്. ആ വിജ്ഞാനലോകത്തേക്ക് നാം പ്രവേശിക്കുകയും അതോടൊപ്പം വരും തലമുറയെക്കൂടി വിജ്ഞാനത്തിന്റെ കവാടങ്ങളിലൂടെ ആനയിക്കുകയും ചെയ്യേണ്ടത് അനിവാര്യ മാണ്. അല്ലാഹു അതിനുള്ള അനുഗ്രഹം നമുക്ക് നല്കുമാറാകട്ടെ. (ആമീൻ) ■

## ഖുർആൻ വ്യാഖ്യാനം

# സൂറ: ത്വാഹാ

**"എന്റെ നാഥാ, എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ എന്ന് പറഞ്ഞുകൊണ്ടിരിക്കുക.'** (20:115)

വ്യാഖ്യാനം : ലോകത്ത് പൊതുവെ മനസ്സിലാക്കപ്പെടുന്നത് കുട്ടിക്കാലം പഠിക്കുവാനുള്ളതും യുവത്വം പ്രവർത്തിക്കുവാനുള്ളതും വാർദ്ധക്യം ചിന്തിക്കുവാനുള്ളതുമായ കാലമാണെന്നാണ്. എന്നാൽ വിശുദ്ധ ഖുർആൻ മനസ്സിലാക്കിത്തരുന്നത്, ഒരു യഥാർത്ഥ വിശ്വാസിയിൽ ഈ കാര്യങ്ങളെല്ലാം എപ്പോഴും സമ്മേളിച്ചിരിക്കണമെന്നാണ്. അവന്റെ വാർദ്ധക്യം പ്രവർത്തിക്കുവാനുള്ള കഴിവിൽ നിന്നും, ജ്ഞാനസമ്പാദനത്തിൽ നിന്നും, അവനെ തടയുന്നില്ല. അവന്റെ യുവത്വം അവന്റെ ചിന്താശക്തിയെ വിഫലമാക്കുന്നില്ല. ഒരു കുട്ടി ചെറുപ്പത്തിൽ സംസാരിക്കാൻ തുടങ്ങുമ്പോൾതന്നെ ഓരോ കാര്യവും കേട്ടുകൊണ്ട് അത് എന്താണ്? എന്തിനാണ്? എന്നെല്ലാം ചോദിക്കാൻ തുടങ്ങുംപോലെ ഒരു സത്യവിശ്വാസിയിൽ വിജ്ഞാന സമ്പാദനത്തിനുള്ള ആഗ്രഹം അതിന്റെ പാരമ്യത്തിൽ എപ്പോഴും നിലനിൽക്കുന്നതാണ്. അതേപോലെ അവന്റെ വാർദ്ധക്യവും ജ്ഞാനസമ്പാദനത്തിൽ മുഴുകിയിരിക്കുന്നതാണ്. അവൻ ഒരിക്കലും താൻ ജ്ഞാനസമ്പാദനത്തിന് അതീതനാണെന്ന് മനസ്സിലാക്കുന്നില്ല. ഇതിന് ഏറ്റവും വ്യക്തമായിട്ടുള്ള ഉദാഹരണം നബി (സ)യുടെ വ്യക്തിത്വത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നതാണ്. തങ്ങൾക്ക് 55–56 വയസ്സ് പ്രായമുള്ളപ്പോഴാണ് അല്ലാഹു, **വകുൽ റബ്ബിസിദ്നീ ഇൽമാ.... എന്റെ നാഥാ എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ** – എന്ന് നബി(സ)ക്ക് ഇൽഹാം അറിയിക്കുന്നത്. അതായത്, മുഹമ്മദേ! നിന്നോടുള്ള നമ്മുടെ പെരുമാറ്റം ഒരു മാതാവിന് തന്റെ കുഞ്ഞിനോടുള്ളതുപോലെയാണ്. വലിയ പ്രായത്തിൽ മറ്റുള്ളവർ നിഷ്ക്രിയരാവുകയും കൂടുതൽ ജ്ഞാനം സമ്പാദിക്കുന്ന ആഗ്രഹം അവരുടെ ഹൃദയത്തിൽ നിന്ന് മാഞ്ഞുപോവുകയും ചെയ്യുന്നു. ഇത് സാധാരണമാണ്. എന്നാൽ നിനക്കുള്ള നമ്മുടെ അധ്യാപനമിതാണ്. നീ അല്ലാഹുവിനോട് **'എന്റെ ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ'** എന്ന് ദുആ ചെയ്തുകൊണ്ടിരിക്കുക. ഒരു സത്യവിശ്വാസി തന്റെ ജീവിതത്തിന്റെ ഒരു ഘട്ടത്തിലും ജ്ഞാനസമ്പാദനത്തിൽ നിന്ന് അശ്രദ്ധനാവുന്നില്ല. മറിച്ച് കൂടുതലായ ഒരു താൽപര്യവും അനുഭൂതിയുമാണ് അവന് അതിൽ അനുഭവപ്പെടുന്നത്. എന്നാൽ ഇതിന് വിപരീതമായി ഒരു ഘട്ടത്തിൽ ഒരാൾ, താൻ പഠിക്കാനുള്ളതെല്ലാം പഠിച്ചുകഴിഞ്ഞിരിക്കുന്നു എന്നു വിചാരിക്കുകയും ഇനി താൻ ഏതെങ്കിലും കാര്യത്തെക്കുറിച്ച് ആരോടെങ്കിലും ചോദിക്കുകയാണെങ്കിൽ, ഇവന് ഇത് പോലും അറിയുകയില്ലെന്ന് ജനങ്ങൾ പറയുമല്ലോ എന്ന് ധരിക്കുകയും ചെയ്താൽ അങ്ങനെയുള്ള ഒരാൾ ജ്ഞാനസമ്പാദനത്തിൽ നിന്ന് വിദൂരപ്പെട്ടുപോകും. ഹദ്റത്ത് ഇബ്രാഹിം(അ) പ്രായമുള്ള ആളായിരുന്നു. എന്നിട്ടും പറയുന്നു: **'എന്റെ നാഥാ, മരിച്ചവരെ നീ എങ്ങനെയാണ് ജീവിപ്പിക്കുന്നതെന്ന് എനിക്ക് കാണിച്ചുതരിക.'**

മരിച്ചവരേയും ജീവിക്കുന്നവരേയും കുറിച്ച് ഒരിക്കലും ചിന്തിക്കാത്ത ഒരു അവസ്ഥയാണ് ലോകത്ത് ജനങ്ങൾക്കുള്ളത്. മനുഷ്യജീവിതവും ജന്തുജീവിതവും ഒന്നും അവർക്ക് അത്ഭുതകരമായി തോന്നുന്നില്ല. ആയിരക്കണക്കിന് വർഷങ്ങളായി ഈ ജീവിതത്തിന്റെ ഘട്ടം തുടർന്നുവരികയാണ്. എന്നാൽ ഒരിക്കലും മനുഷ്യജീവിതത്തിന് എങ്ങനെ ആരംഭം കുറിക്കപ്പെട്ടു എന്ന് അവർ ചിന്തിച്ചിട്ടില്ല. ഇക്കാലത്ത് ഡാർവ്വിൻ മാത്രമാണ് അതിന് ഉദാഹരണമായിട്ടുള്ളത്. അദ്ദേഹത്തിന്റെ ഹൃദയത്തിൽ മനുഷ്യജീവിതം എങ്ങനെ വെളിപ്പെട്ടു എന്നും, എന്തെല്ലാം ഘട്ടങ്ങളിലൂടെയാണ് മനുഷ്യൻ കടന്നുപോയതെന്നുമുള്ള ചോദ്യം ഉടലെടുത്തു. അദ്ദേഹത്തിന്റെ ഗവേഷണങ്ങൾ തെറ്റായാലും ശരിയായാലും, അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഇങ്ങനെയുള്ള ചിന്തകൾ ഉൽഭൂതമാവുകയും ലോകത്താകമാനം ഈ ലോകം എങ്ങനെ സൃഷ്ടിക്കപ്പെട്ടു എന്നുള്ള ഒരു ചിന്താതരംഗം ഉത്ഭവിച്ചു തുടങ്ങുകയും ചെയ്തു. ഇതേപ്രകാരം ഹദ്റത്ത് ഇബ്രാഹിം (അ) അല്ലാഹുവിനോട് ചോദിച്ചു. അതായത് ഭൗതിക ചിന്തകരായ ജനങ്ങളുടെ ഹൃദയങ്ങളിൽ ഡാർവ്വിന്റെ കാലത്ത് ഉൽഭൂതമായ അതേ ചിന്ത സഹസ്രാബ്ദങ്ങൾക്ക് മുമ്പേ ഹദ്റത്ത് ഇബ്രാഹിമി(അ)ന്റെ ഹൃദയത്തിലും ഉത്ഭവിച്ചു. അദ്ദേഹം ചോദിച്ചു, **"എന്റെ രക്ഷിതാവേ, ഈ ജീവനില്ലാത്ത പദാർത്ഥങ്ങൾ എങ്ങനെയാണ് ജീവനുള്ളവയായി തീരുന്നത്?** ഡാർവ്വിൻ ഭൗതികമായ ജീവിതത്തെക്കുറിച്ചാണ് അന്വേഷണം നടത്തിയത്. എന്നാൽ ഹദ്റത്ത്

*(ശേഷം പേജ് 53-ൽ)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)

# ലൈലത്തുൽ ഖദ്റിന്റെ യാഥാർത്ഥ്യം

**ലൈലത്തുൽ ഖദ്ർ എല്ലാ മനുഷ്യനുമുള്ളതല്ല. ഏതൊരുവൻ അതിനെ തനിക്കുവേണ്ടി സൃഷ്ടിക്കുന്നുവോ അവനുള്ളതാണ്.**

റമദാൻ മാസത്തിലെ അവസാനത്തെ പത്തിനെക്കുറിച്ച് നബികരീം(സ) അരുൾ ചെയ്തിരിക്കുന്നത്, അതിൽ ഒരു പ്രത്യേക രാത്രി ഉണ്ടെന്നാണ്. ആ രാത്രിയിൽ ദൈവം തന്റെ അടിയാറുകളുടെ പ്രാർത്ഥന പ്രത്യേകമായി സ്വീകരിക്കുകയും, ആവശ്യപ്പെടുന്നതെല്ലാം നൽകുകയും, ആഗ്രഹിക്കുന്നതെല്ലാം പൂർത്തിയാക്കികൊടുക്കുകയും ചെയ്യും. റമദാൻ മാസത്തിന്റെ അവസാനത്തെ പത്തിൽ ഇതിനെ അന്വേഷിക്കുക എന്ന് നബി തിരുമേനി(സ) അരുൾ ചെയ്തിരിക്കുന്നു. ഈ പ്രത്യേക രാത്രിയെക്കുറിച്ച് ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളത്. അത് റമദാൻ മാസത്തിന്റെ അവസാനത്തെ പത്തിൽ തന്നെ വരണമെന്നില്ല എന്നാണ്. എന്നാൽ നബി (സ) തിരുമേനിയുടെ വചനങ്ങളിൽ നിന്നും തങ്ങൾക്കു ശേഷം വന്ന സ്വാലിഹീങ്ങളായ മഹാത്മാക്കളുടേയും ഔലിയാക്കളുടേയും അനുഭവങ്ങളിൽ നിന്നും ഈ രാത്രി പൊതുവെ റമദാൻ മാസത്തിലെ അവസാനത്തെ പത്തിലാണ് വരാറുള്ളത് എന്നാണ് മനസ്സിലാകുന്നത്. ഈ രാത്രിയുടെ അനുഗ്രഹങ്ങൾ പല ഔലിയാക്കളും സ്വയം ദർശിച്ചിട്ടുണ്ട്. തങ്ങളുടെ ആത്മീയ ദൃഷ്ടികൾ കൊണ്ട്, അന്ധകാര നിബിഢമായ ദിവസത്തെ പ്രഭാപൂരിതമാക്കുന്നതായ പ്രകാശങ്ങൾ ആകാശത്ത് നിന്ന് ഇറങ്ങുന്നതായി അവർ കണ്ടിട്ടുണ്ട്. ദുഃഖിതനായ ഒരു മനുഷ്യനെ ലോകത്ത് ഏറ്റവും കൂടുതൽ സന്തോഷവാനാക്കിത്തീർക്കുന്നതുമാണ് അതിന്റെ പ്രഭാവങ്ങൾ. റമദാൻ മാസത്തിലെ അവസാന പത്തിലെ ഏതോ ഒരു രാത്രിയിൽ വരുന്ന ആ പ്രത്യേക സമയത്ത് ആര് എന്ത് ആവശ്യപ്പെട്ടാലും അത് അവന് ലഭിക്കുമെന്നാണ് നബി(സ) പറഞ്ഞതിന്റെ ഉദ്ദേശ്യമെന്ന് നമുക്ക് അല്പനേരത്തേക്ക് പോലും ചിന്തിക്കാൻ സാധ്യമല്ല. അങ്ങനെ നാം അംഗീകരിക്കുകയാണെങ്കിൽ പിന്നെ മതത്തിന്റെ കാര്യത്തിൽ എല്ലാവിധ സമാധാനവും ശാന്തിയും അവസാനിച്ചു പോകുന്നതാണ്. ലൈലത്തുൽ ഖദ്ർ, വിഡ്ഢികൾ വിശ്വസിക്കുന്നതുപോലെ എന്ത് ആഗ്രഹിച്ചാലും ലഭിക്കുന്നതും എല്ലാവിധ കഷ്ടപ്പാടുകളിൽ നിന്നും രക്ഷിക്കുന്നതുമായ *'ഗഞ്ചുൻ അർശ് ദുആ'* (എന്തുതന്നെ ആഗ്രഹിച്ചുകൊണ്ട് പ്രാർത്ഥിച്ചാലും ലഭിക്കുമെന്ന് കഥകളിൽ പറയപ്പെടുന്ന ദുആ) പോലെ ആയിതീരും. അവരുടെ വിശ്വാസപ്രകാരം 'ഗഞ്ചുൻ അർശ് ദുആ'യെക്കുറിച്ച് പറഞ്ഞത് ഒരു കള്ളനാണെന്നാണ്. വല്ല ഒലിയോ, ഏതെങ്കിലും വലിയ ഭക്തനോ അല്ല. ഇങ്ങനെ വിശ്വസിക്കുന്നവർ ഈ ദുആയെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്; "ഒരു വലിയ കൊലയാളിയായ കള്ളനുണ്ടായിരുന്നു. രാജാവ് അവന് വധശിക്ഷ നൽകാൻ വിധിച്ചു. അങ്ങനെ ആരാച്ചാർ അവനെ കൊല്ലാനായി വാളുകൊണ്ട് വെട്ടിയപ്പോൾ അവന് ഒന്നും തന്നെ സംഭവിച്ചില്ല എന്നു മാത്രമല്ല കഴുത്തിന് ഒരു ചെറിയ മുറിവ് പോലും പറ്റിയില്ല! വാളുകൊണ്ട് അവൻ കൊല്ലപ്പെടുകയില്ലെന്ന് രാജാവിനെ അറിയിച്ചു. അവന്റെ കഴുത്ത് വെട്ടിയിട്ട് മുറിയുന്നില്ലെങ്കിൽ അവനെ തൂക്കിക്കൊല്ലുക, എന്ന് രാജാവ് കല്പിച്ചു. എന്നാൽ തൂക്കുമരത്തിലും അവൻ കൊല്ലപ്പെട്ടില്ല! രാജാവിന്റെ കല്പനപ്രകാരം പിന്നീട് അവനെ തീയിലിട്ടു. എന്നാൽ അവന് തീയിലും ഒന്നും സംഭവിച്ചില്ല! പിന്നീട് അവനെ ഉയർന്ന പർവ്വതത്തിൽ നിന്ന് താഴെക്കെറിഞ്ഞ് കൊല്ലാൻ കല്പനയുണ്ടായി. എന്നാൽ പർവ്വതത്തിൽ നിന്ന് അവൻ പന്ത് ഉരുളുന്നതുപോലെ ഉരുണ്ട് താഴെ എത്തി. ഒന്നും സംഭവിച്ചില്ല. നല്ല ഭാരമുള്ള ഒരു കല്ലിൽ കെട്ടി അവനെ വെള്ളത്തിൽ മുക്കിക്കൊല്ലാൻ കല്പനയുണ്ടായി. വെള്ളത്തിലിട്ടപ്പോൾ ഒരു കോർക്ക് കഷ്ണം പോലെ

വെള്ളത്തിന് മുകളിൽ ഒഴുകിനടക്കുന്നതാണ് കണ്ടത്! ഇത്രയുമായപ്പോൾ രാജാവ് അവനെ അടുത്ത് വിളിച്ചു കൊണ്ടുപറഞ്ഞു. നമുക്ക് തെറ്റുപറ്റി. നാം നിന്നെ ഒരു കൊലയാളിയും കള്ളനുമാണെന്ന് ധരിച്ചായിരുന്നു, ശിക്ഷിക്കാൻ ഒരുങ്ങിയത്. നീ ഒരു അത്ഭുതസിദ്ധിയുള്ള മനുഷ്യനാണ്. അപ്പോൾ അവൻ പറഞ്ഞു, ഞാൻ കള്ളൻ തന്നെയാണ്. എനിക്ക് ഒരു ദുആ അറിയാം. ആ ദുആ ചൊല്ലിയാൽ ഇന്നേവരെ ഉണ്ടായിട്ടുള്ള പ്രവാചകരെല്ലാവരും കൂടി ചെയ്തിട്ടുള്ള അത്രയും നന്മ എനിക്ക് ഒറ്റയടിക്ക് ലഭിക്കുന്നതാണ്. അതുപോലെ എത്ര തന്നെ പാപങ്ങൾ പെയ്താലും ഒരു പ്രാവശ്യം ഈ ദുആ ചൊല്ലിയാൽ പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ്. ഒരു വസ്തുവിനും എന്നെ അപായപ്പെടുത്താൻ സാധിക്കുകയില്ല. ഞാൻ ആ ദുആ ചെയ്യാറുണ്ട്.” ഇങ്ങനെയുള്ള ഒരു ദുആ ആയിട്ടാണ് ലൈലത്തുൽ ഖദ്റിനേയും ചിലർ മനസ്സിലാക്കിയിരിക്കുന്നത്. ഒരുവൻ കട്ടാലും, കൊലനടത്തിയാലും, കൊള്ളയടിച്ചാലും, പ്രവാചകന്മാരെ ചീത്ത പറഞ്ഞാലും, ശരീഅത്തിന്റെ കല്പനകൾ ലംഘിച്ചാലും, ആ ഒരു രാത്രിയിൽ ചെയ്യുന്ന ദുആ കൊണ്ട് അതെല്ലാം പൊറുക്കപ്പെടുമെന്നാണ്. അപ്പോൾ ആർക്കും നന്മ ചെയ്യേണ്ട ആവശ്യമില്ലെന്ന അവസ്ഥയാണ് സംജാതമാവുന്നത്. ഉദാഹരണമായി, ഞാൻ എന്തു ചെയ്താലും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമേ എന്ന് ദുആ ചെയ്യുകയാണെങ്കിൽ അവൻ ഇവിടെ എന്ത് ചെയ്താലും സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടും എന്നാണ് വിശ്വാസം. എന്നാൽ ഇത് ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്ക് കടകവിരുദ്ധമാണ്. നബി (സ) പറഞ്ഞിരിക്കുന്നത് ആ രാത്രിയിൽ ഒരു പ്രത്യേക സമയമുണ്ടെന്നാണ്. പല ബർക്കത്തുകളും ഇറങ്ങുന്ന ആ സമയത്തിന് പ്രത്യേകിച്ച് വെള്ളിയാഴ്ചരാവുമായിട്ടാണ് കൂടുതൽ ബന്ധം. ആ സമയത്ത് ആര് എന്ത് ആവശ്യപ്പെട്ടാലും അത് അല്ലാഹുവിന് സ്വീകരിക്കേണ്ടി വരുമെന്നോ അല്ലെങ്കിൽ അല്ലാഹുവിന് അതിനെ തിരസ്കരിക്കാൻ സാദ്ധ്യമല്ലെന്നോ അതിന്നർത്ഥമില്ല. എന്നാൽ ആ സമയത്ത് ദുആ സ്വീകരിക്കപ്പെടുന്നതിന് ചില നിബന്ധനകളുണ്ടെന്ന് നാം മനസ്സിലാക്കണം. ആ നിബന്ധനകൾ എന്തൊക്കെയാണെന്നാണ് നാം നോക്കേണ്ടത്. ശഫാഅത്തി(ശിപാർശ)നുള്ള അതേ നിബന്ധനകൾ തന്നെയാണ് ഇതിനുമുള്ളത്. അതായത് ഒരു വ്യക്തി ദൈവികനിയമമനുസരിച്ച് നൽകപ്പെടാവുന്ന ഒരു കാര്യം ആവശ്യപ്പെടുന്നു. എന്നാൽ അല്ലാഹുവിന്റെ ഖുദ്റത്തിന്റെ സാധ്യതയുമായും ആ വ്യക്തിയുടെ സ്ഥാനവുമായും ബന്ധമില്ലാത്ത ചില താൽക്കാലിക തടസ്സങ്ങൾ ഉണ്ടാവുന്നുവെങ്കിൽ അത്തരം തടസ്സങ്ങൾ ആ ദുആയുടെ ഫലമായി നീങ്ങിപ്പോവുകയും അവൻ ആവശ്യപ്പെട്ടത് ലഭിക്കുകയും ചെയ്യുന്നതാണ്. മറിച്ച് ആര് എന്തു തെറ്റ് ചെയ്താലും ആ സമയത്ത് ദുആ ചെയ്താൽ സ്വീകരിക്കുമെന്നല്ല ഇതിനർത്ഥം. അങ്ങനെയെങ്കിൽ ഒരുവൻ റമദാൻ മാസത്തിലെ ആദ്യത്തെ ഇരുപത് നോമ്പും അനുഷ്ഠിക്കാതെയും നമസ്കരിക്കാതെയും മറ്റൊരു നല്ല പ്രവൃത്തിയും ചെയ്യാതെയും അവസാനത്തെ പത്ത് ആരംഭിച്ചാൽ, മഗ്‌രിബ് മുതൽ രാത്രി മുഴുവൻ ദുആ ചെയ്തു കൊണ്ടിരിക്കുകയും ളുഹറും അസറുമൊന്നും നമസ്കരിക്കാതെ പകൽ മുഴുവൻ ഉറങ്ങുകയും ചെയ്തു കൊണ്ട് രാത്രികളിൽ ദുആ ചെയ്യുന്നു. “അതായത് ഞാൻ എന്ത് ആഗ്രഹിക്കുന്നുവോ ഞാൻ അത് ചെയ്യും. അതിനെക്കുറിച്ച് എന്നോട് ഒന്നും ചോദിക്കാതെ എന്നെ സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനത്ത് ആക്കേണമേ എന്ന്.”

ഹദീസുകളിൽ ലൈലത്തുൽ ഖദ്റിനെക്കുറിച്ച് പറഞ്ഞിടത്തൊന്നും മുകളിൽ പറഞ്ഞതുപോലുള്ള ഒരു വിവക്ഷയല്ല ഉള്ളത്. ദൈവീക നിയമപ്രകാരം സ്വീകരിക്കാൻ സാധ്യതയുള്ള, എന്നാൽ സ്വീകരിക്കാൻ താൽക്കാലിക തടസ്സങ്ങൾ ഉണ്ടാവാൻ സാധ്യതയുള്ളതുമായ, ദുആകളാണ് അന്ന് സ്വീകരിക്കപ്പെടുന്നത്. എന്നാൽ പ്രവാചകന്മാരുടെ ഇത്തരത്തിലുള്ള ദുആകൾ ഒരു അവസരത്തിലും തിരസ്കരിക്കപ്പെടുന്നില്ല എന്നത് ഒരു നഗ്നസത്യമാണ്. അല്ലാഹുവിന്റെ നിയമത്തിനും പ്രത്യേക വിധിക്കും എതിരായി വരുന്നതും, ദുആ ചെയ്യുന്നവർക്ക്, ശരിയായ വിവരമില്ലാത്തതുമായ ദുആകൾ തിരസ്കരിക്കപ്പെടാറുണ്ട്. അത്തരത്തിലുള്ളതല്ലാത്ത അവരുടെ എല്ലാ ദുആകളും സ്വീകരിക്കപ്പെടുന്നതാണ്. അത് ഒരിക്കലും അല്ലാഹു തള്ളിക്കളയാറില്ല. അതു കൊണ്ട് തന്നെയാണ് ചിലപ്പോൾ പ്രവാചകന്മാരുടെ വായിൽ നിന്ന് വന്ന വാക്ക് അപ്പടി പൂർത്തിയാവുന്നത്. അങ്ങനെ പ്രവാചകന്മാർക്കും ദൈവിക നിയമങ്ങളിൽ പങ്കുണ്ട് എന്നുപോലും ജനങ്ങൾ ചിന്തിച്ചുപോവാറുണ്ട്. എന്നാൽ ചില പ്രധാന കാര്യങ്ങൾ അല്ലാഹുവിന്റെ വിധിപ്രകാരം, വ്യത്യസ്ത ദൈവിക നിയമങ്ങൾ അനുസരിച്ച് നടക്കുമ്പോൾ അതിനെക്കുറിച്ച് പ്രവാചകന്മാർ ചെയ്യുന്ന ദുആ ആയാലും ശരി സ്വീകരിക്കപ്പെടുന്നില്ല എന്നുമാത്രമല്ല അതിനുവേണ്ടി മാസങ്ങളും വർഷങ്ങളും ദുആ ചെയ്തുകൊണ്ടിരുന്നാലും അത് സ്വീകരിക്കപ്പെടുകയുമില്ല. അല്ലാഹു തന്റെ ദൂതന്മാരോടും തന്റെ സമീപസ്ഥന്മാരോടുമുള്ള സ്നേഹത്തിന്റെ ഫലമായാണ് അവരുടെ പ്രാർത്ഥനകൾ സ്വീകരിക്കുന്നത്. എന്നാൽ അവരുടെ സ്നേഹ

ത്തിന് വേണ്ടി തന്റെ ദൈവത്വം വെടിയാൻ അവൻ തയ്യാറാവുന്നില്ല. അതുകൊണ്ട് തന്നെയാണ് അല്ലാഹു അവന്റെ നിയമങ്ങൾക്കും ചില പ്രത്യേക വിധികൾക്കെതിരായുമുള്ള പ്രാർത്ഥനകൾ സ്വീകരിക്കാത്തത്.

റമദാൻ മാസത്തിലെ അവസാനത്തെ പത്തും ചില നിബന്ധനകൾക്ക് വിധേയമാണ്. ഈ കാര്യം സമ്മതിച്ചു കഴിഞ്ഞാൽ ലൈലത്തുൽ ഖദ്റിൽ വരുന്ന ആ പ്രത്യേക സമയത്തെ, തന്റെ പ്രവൃത്തികൾ കൊണ്ട് അതിന് അർഹനായിതീർന്ന വ്യക്തിക്ക് മാത്രമേ ഉപകാരപ്രദമാക്കാൻ സാധിക്കുകയുള്ളൂ എന്നുകൂടി വിശ്വസിക്കേണ്ടി വരുന്നു. അങ്ങനെ ഈ നിബന്ധനയുടെ അടിസ്ഥാനത്തിൽ നമുക്ക് മനസ്സിലാവുന്നത് ലൈലത്തുൽ ഖദ്ർ എല്ലാ മനുഷ്യനുമുള്ളതല്ല എന്നും, ഏതൊരുവൻ അതിനെ തനിക്കുവേണ്ടി സൃഷ്ടിക്കുന്നുവോ അവനുള്ളതാണെന്നുമാണ്. ഇച്ഛിക്കുന്നവർക്കെല്ലാം ഉപയോഗപ്പെടുത്താൻ വേണ്ടിയല്ല അവസാനത്തെ പത്തിൽ ഈയൊരു പ്രത്യേക സമയം വെച്ചിട്ടുള്ളത്. മറിച്ച് തങ്ങളുടെ കർമ്മങ്ങൾ കൊണ്ട് അതിന്നർഹരായി തീരുന്നവർക്കായി അത് ഉണ്ടാക്കപ്പെടുകയാണ് ചെയ്യുന്നത്. ആകയാൽ ഒരു കാര്യം നല്ലവണ്ണം ഓർക്കുക. ഉദ്ദേശിക്കപ്പെടുന്ന രാത്രിയിൽ മാത്രമല്ല ലൈലത്തുൽ ഖദ്ർ ഉണ്ടാവുന്നത്, കഴിഞ്ഞ് പോയ വർഷങ്ങളും മാസങ്ങളുമൊക്കെയാണ് അതിനെ ഉണ്ടാക്കുന്നത്. ഏതൊരുവന്റെ മുൻകാല കർമ്മങ്ങൾ ഉന്നതങ്ങളാണോ അവന് തന്നെയായിരിക്കും ലൈലത്തുൽ ഖദ്റും ഉണ്ടാവുക. ആദ്യദിവസങ്ങൾ നന്മ ചെയ്തുകൊണ്ട് കഴിയുകയാണെങ്കിൽ അവസാന ദിവസങ്ങളിൽ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം അവനുണ്ടായിരിക്കുമെന്ന സൂചനയാണ് ലൈലത്തുൽ ഖദ്റിൽ ഉള്ളതെന്ന് നമുക്ക് മനസ്സിലാക്കാം. റമദാന്റെ ആദ്യദിവസങ്ങളിൽ അല്ലാഹുവിനുവേണ്ടി പൂർണ്ണമായ ഇബാദത്തുകൾ അനുഷ്ഠിക്കുന്ന ഒരുവനുവേണ്ടി അതിന്റെ അവസാന ദിവസങ്ങളിൽ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങൾ ഇറങ്ങുന്നതായ ഒരു പ്രത്യേക സമയം സംജാതമാകുന്നു. മനുഷ്യൻ തന്റെ ജീവിതത്തിന്റെ ആദ്യകാലങ്ങൾ അല്ലാഹുവിന്റെ സംതൃപ്തി കരസ്ഥമാക്കാൻ വേണ്ടി ചെലവഴിച്ചാൽ അവന്റെ ജീവിതത്തിന്റെ അവസാനനാളുകളെ അല്ലാഹു സ്വയം തന്റെ തൃപ്തിക്കുവേണ്ടി ഒരുക്കുമെന്ന കാര്യമാണ് ലൈലത്തുൽ ഖദ്റിൽ നിന്ന് നമുക്ക് മനസ്സിലാക്കിതരുന്നത്. ഒരു വ്യക്തി ആരോഗ്യമുള്ള സമയത്ത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടി അങ്ങേയറ്റം പരിശ്രമിക്കുന്നു. എന്നാൽ വാർദ്ധക്യകാലത്ത് ബലഹീനത നിമിത്തം അല്ലാഹുവിന് വേണ്ടി ശാരീരികവും സാമ്പത്തികവുമായ ത്യാഗം അവന് ചെയ്യാൻ കഴിയാതെ വരുമ്പോൾ അല്ലാഹു സ്വയം അതെല്ലാം അവനെക്കൊണ്ട് ചെയ്യിക്കുന്നു. അതായത് റമദാൻ മാസത്തിലെ അവസാനത്തെ പത്തിൽ ലൈലത്തുൽ ഖദ്റിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്, യഥാർത്ഥത്തിൽ മനുഷ്യന്റെ പര്യവസാനത്തെയാണ് സൂചിപ്പിക്കുന്നത്. മനുഷ്യൻ തുടർച്ചയായി അല്ലാഹുവിന്റെ ദീനിനു വേണ്ടി സേവനം ചെയ്തു. അവന്റെ തൃപ്തി കരസ്ഥമാക്കാൻ അങ്ങേയറ്റം പരിശ്രമിച്ചു. അതിനുശേഷം അവൻ ബലഹീനനായി പോയതുകൊണ്ട്, അവന് അല്ലാഹുവിന്റെ ദീനിനുവേണ്ടി സേവനം ചെയ്യാൻ കഴിയാത്ത പരിതസ്ഥിതി വരുമ്പോൾ അല്ലാഹു അവനെ പ്രത്യേകം സഹായിക്കുന്നു. അവന്റെ വാക്കുകൾക്ക് മറ്റുള്ളവരുടെ പ്രവൃത്തികൾക്കുപോലുമില്ലാത്ത ഒരു ഫലം അല്ലാഹു ഉണ്ടാക്കികൊടുക്കുന്നു. കാരണം അവൻ അവന്റെ ജീവിതം മുഴുവനും അല്ലാ

**ഉദ്ദേശിക്കപ്പെടുന്ന രാത്രിയിൽ മാത്രമല്ല ലൈലത്തുൽ ഖദ്ർ ഉണ്ടാവുന്നത്, കഴിഞ്ഞുപോയ വർഷങ്ങളും മാസങ്ങളുമൊക്കെയാണ് അതിനെ ഉണ്ടാക്കുന്നത്. ഏതൊരുവന്റെ മുൻകാല കർമ്മങ്ങൾ ഉന്നതങ്ങളാണോ അവന് തന്നെയായിരിക്കും ലൈലത്തുൽ ഖദ്റും ഉണ്ടാവുക.**

ഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് വേണ്ടി ചെലവഴിച്ചിരിക്കുകയാണ്. എന്നാൽ മറ്റുള്ളവർ ഇപ്പോൾ പരീക്ഷണത്തിന്റെ അവസ്ഥയിലാണ്. അതിന്റെ ഫലമെന്തായിരിക്കുമെന്ന് ആർക്കും അറിയില്ല. എന്നാൽ ഒരു മനുഷ്യൻ ജീവിതം മുഴുവൻ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയും അവന്റെ ദീനിന്റെ സേവനത്തിന് വേണ്ടിയും ചെലവഴിച്ചതിന് ശേഷം ബലഹീനനായിക്കൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യാനും ധനപരമായ ത്യാഗങ്ങൾ അർപ്പിക്കാനും കെല്പില്ലാതെ വരുമ്പോൾ, ആ അവസ്ഥയിൽ അവന്റെ ഹൃദയത്തിലുള്ള ആഗ്രഹങ്ങൾക്കുപോലും, അല്ലാഹു യുവാക്കളുടെ പ്രവൃത്തികൾക്ക് പോലും ലഭിക്കാത്തതായ പ്രതിഫലം നൽകുന്നു. കാരണം യുവാക്കളായ അവർ ജീവിതം ഇപ്പോൾ ആരംഭിച്ചതേയുള്ളൂ. എന്നാൽ ഇയാൾ തന്റെ സർവ്വവും വിനിയോഗിച്ചുകൊണ്ട് ജീവിതത്തിന്റെ അവസാനത്തിൽ എത്തി നിൽക്കുകയാണ്. അങ്ങനെ ആ അവസരത്തിലാണ് ലൈലത്തുൽ ഖദ്ർ സൃഷ്ടിക്കപ്പെ

ടുന്നത്. ഇത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പ്രവൃത്തിക്കുന്നവരുടെ പര്യവസാനത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്നു. ഒരാളുടെ പര്യവസാനം നല്ലതല്ലെങ്കിൽ അവന്റെ ആരംഭവും നല്ലതായിരുന്നില്ല എന്ന കാര്യവും മനസ്സിലാക്കാവുന്നതാണ്. അവന്റെ ആരംഭകാലത്തെ സേവനങ്ങൾ ഉദ്ദേശ്യശുദ്ധിയില്ലാത്തവയും ആത്മാർത്ഥതയോടുകൂടി ചെയ്യാത്തവയുമായിരിക്കും.

ലൈലത്തുൽ ഖദ്ർ നമ്മെ പഠിപ്പിക്കുന്ന പാഠങ്ങൾ ഇവയാണ്. ഒന്ന് മനുഷ്യൻ ആത്മാർത്ഥതയോടും ഉദ്ദേശ്യശുദ്ധിയോടും കൂടി പ്രവൃത്തിക്കുകയാണെങ്കിൽ അവന്റെ പര്യവസാനവും നല്ലതായിരിക്കും. രണ്ട് ആർക്കെങ്കിലും ലൈലത്തുൽ ഖദ്റിന്റെ അവസ്ഥ ഉണ്ടായിത്തീരുന്നില്ലെങ്കിൽ, അവന്റെ ആദ്യകാലം (ബാഹ്യമായി അവൻ നല്ലവനും നല്ല പ്രവൃത്തികൾ ചെയ്യുന്നവനായിരുന്നാലും) അവന്റെ പ്രവൃത്തികളിലുള്ള ദൂഷ്യം കാരണം അവ സ്വീകരിക്കപ്പെടാതെ കണ്ട് അല്ലാഹു അവന്റെ പ്രവൃത്തികളെ മുന്നോട്ടു കൊണ്ടുപോകാൻ അനുവദിച്ചില്ല എന്നാണ്. ഈ രണ്ട് പാഠങ്ങളുടെ അടിസ്ഥാനത്തിൽ നാം റമദാൻ മാസത്തിലും അതിന്റെ അവസാനത്തെ പത്തിലും മാത്രമല്ല അതിനു ശേഷവും ലൈലത്തുൽ ഖദ്റിനെ അന്വേഷിച്ചുകൊണ്ടിരിക്കേണ്ടതാണ്. തങ്ങളുടെ ജീവിതത്തിന്റെ അവസാനത്തെ പത്തിനുവേണ്ടി ഇപ്പോഴേ എല്ലാം സമ്പാദിച്ചുകൊണ്ട് ലൈലത്തുൽ ഖദ്റിന്റെ അനുഗ്രഹങ്ങളെല്ലാം കരസ്ഥമാക്കേണ്ടതാണ്. ജീവിതത്തിന്റെ ആദ്യകാലങ്ങളിൽ പ്രവൃത്തിക്കുകയും എന്നാൽ അവസാന സമയത്ത് അല്ലാഹുവിൽ നിന്ന് തന്റെ പ്രിയദാസന്മാർക്ക് ലഭിക്കാറുള്ള ആ പ്രത്യേക സഹായം ലഭിക്കാതിരിക്കത്തക്ക ഒരു അവസ്ഥ ഉണ്ടായിത്തീരരുത്.

വിശ്വാസികൾക്ക് ലൈലത്തുൽ ഖദ്ർ മുഖേന അല്ലാഹു ഈ പാഠങ്ങളാണ് നൽകുന്നത്. അത് കരസ്ഥമാക്കുവാൻ നാമും പരിശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. റമദാനിലെ ലൈലത്തുൽ ഖദ്റിനേയും മനുഷ്യജീവിതത്തിലെ ലൈലത്തുൽ ഖദ്റിനേയും ഉപകാരപ്രദമാക്കാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. എപ്പോഴും അല്ലാഹുവിന്റെ സംരക്ഷണത്തിലും സഹായത്തിലുമായിരിക്കട്ടെ. ലൈലത്തുൽ ഖദ്റിനെക്കുറിച്ചുള്ള വാഗ്ദത്തം പോലെ നമ്മുടെ പര്യവസാനവും ആയിത്തീരുമാറാകട്ടെ. ആമീൻ. (ഖുത്ബ-1926 ഏപ്രിൽ 9)

**സമ്പാദക : സിദ്ദീഖ സഊദ്**

■

**ഫിഖ്ഹ് അഹ്മദിയ്യാ കിത്താബുൽ ഇബാദത്ത് "വ്രതാനുഷ്ഠാനം" എന്ന അദ്ധ്യായത്തിൽ നിന്ന്.**

# വ്രതാനുഷ്ഠാനം (കുട്ടികളിൽ)

ഏത് പ്രായം മുതലാണ് നോമ്പനുഷ്ഠിക്കൽ നിർബ്ബന്ധമാവുന്നത്?

ഇതേക്കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ഇപ്രകാരം അരുൾ ചെയ്യുന്നു: 'ചിലർ ചെറിയ കുട്ടികളെ കൊണ്ട് നോമ്പനുഷ്ഠിപ്പിക്കാറുണ്ട്. നിർബ്ബന്ധമായ എല്ലാ കർമ്മങ്ങൾക്കും, കല്പനകൾക്കും വ്യത്യസ്ത പരിധികളും സമയങ്ങളും ഉണ്ടെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. എന്റെ അഭിപ്രായത്തിൽ ചില അനുഷ്ഠാന കല്പനകൾക്കുള്ള കാലഘട്ടം നാല് വയസ്സ് മുതൽ ആരംഭിക്കുന്നു എന്നാണ്. ചിലത് ഏഴ് മുതൽ പന്ത്രണ്ട് വയസ്സ് വരെയും, ചിലത് പതിനഞ്ച് മുതൽ പതിനെട്ട് വയസ്സ് വരെയും ആരംഭിക്കുന്നവയുമാണ്. അതുപോലെ പതിനഞ്ച് മുതൽ പതിനെട്ട് വയസ്സ് വരെയുള്ള പ്രായം മുതലാണ് നോമ്പനുഷ്ഠിക്കാനുള്ള കല്പന പ്രാബല്യത്തിൽ വരുന്നത്. ഇത് പ്രായപൂർത്തിയാവുന്ന ഘട്ടവുമാണ്. പതിനഞ്ച് വയസ്സു മുതൽ നോമ്പനുഷ്ഠിക്കേണ്ട ശീലം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുകയും, പതിനെട്ട് വയസ്സു മുതൽ വ്രതാനുഷ്ഠാനം നിർബ്ബന്ധമാണെന്ന് മനസ്സിലാക്കി കൊടുക്കുകയും ചെയ്യേണ്ടതാണ്. എനിക്കോർമ്മയുണ്ട്, ഞങ്ങളുടെ കുട്ടിക്കാലത്ത് ഞങ്ങൾക്കും നോമ്പനുഷ്ഠിക്കാൻ അങ്ങേയറ്റം ആഗ്രഹമുണ്ടാവാറുണ്ടായിരുന്നു. പക്ഷെ, ഹദ്റത്ത് മസീഹ് മൗഊദ് (അ) ഞങ്ങളെ നോമ്പനുഷ്ഠിക്കാൻ അനുവദിക്കാറില്ലായിരുന്നു. അതുകൊണ്ട് കുട്ടികളുടെ ആരോഗ്യം നിലനിർത്തുവാനും അവരുടെ ഊർജ്ജം വർദ്ധിപ്പിക്കുവാനും അവരെ നോമ്പനുഷ്ഠിക്കുന്നതിൽ നിന്ന് വിലക്കേണ്ടതാണ്. അവരുടെ സമയമാകുമ്പോൾ, അവർക്കതിനുള്ള ശക്തിയാർജ്ജിക്കുമ്പോൾ അതായത് പതിനഞ്ച് വയസ്സു മുതൽ അവരെ കൊണ്ട് നോമ്പനുഷ്ഠിപ്പിക്കേണ്ടതാണ്. പതിനെട്ടുവയസ്സാകുമ്പോഴേക്ക് അവരിൽ നോമ്പനുഷ്ഠിക്കേണ്ട ശീലം പൂർണ്ണമായും ഉണ്ടാക്കിത്തീർക്കുകയും ചെയ്യേണ്ടതാണ്.

(അൽഫസ്ൽ 1925, ഏപ്രിൽ 11) ■

# കുട്ടികളുടെ ധാർമ്മികശിക്ഷണം

**1925 ഡിസമ്പർ 27, 28 തിയ്യതികളിൽ ഖാദിയാനിൽ നടന്ന വാർഷിക സമ്മേളനത്തിൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ചെയ്ത പ്രഭാഷണം. 1926ൽ ആദ്യമായി ഉർദുവിൽ പ്രസിദ്ധീകരിച്ചു. 1956ൽ പുനഃപ്രസിദ്ധീകരിച്ചു. ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ ഖാസി മുഹമ്മദ് അസ്‌ലം സാഹിബ് എം.എ.യും ചൗദരി മുഹമ്മദ് അലി സാഹിബ് എം.എ. യും കൂടി നിർവ്വഹിച്ചു. ഇംഗ്ലീഷ് പരിഭാഷയിൽ നിന്നുള്ള പ്രസക്തഭാഗങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.**

കുട്ടികളുടെ ധാർമ്മിക വിദ്യാഭ്യാസത്തേയും ശിക്ഷണത്തേയും കുറിച്ച് ചില സൂചനകൾ.

1. കുട്ടി ജനിച്ചയുടനെ അതിന്റെ വിദ്യാഭ്യാസത്തിലേക്കുള്ള ആദ്യചുവട് ചെവിയിൽ ബാങ്ക് വിളിക്കുകയാണ്.
2. കുട്ടിയെ എപ്പോഴും നല്ല വൃത്തിയായും വെടിപ്പായും സൂക്ഷിക്കുക. മലമൂത്രവിസർജ്ജനത്തിനുശേഷം ശരിയായി വൃത്തിയാക്കണം. നിങ്ങളിൽ ചിലർ പറയും ഇതൊക്കെ മാതാക്കളുടെ പണിയാണെന്ന്. കാര്യം ശരിയാണ്. പക്ഷേ പിതാവ് ഈ കാര്യത്തിൽ ഉത്സുകനായിരുന്നാൽ മാത്രമേ മാതാവ് ഇത് ശരിയായ രീതിയിൽ നിർവ്വഹിക്കുകയുള്ളൂ. വൃത്തിയില്ലാത്ത കുട്ടിക്ക് വൃത്തിയുള്ള ഒരു മനസ്സുണ്ടാകുകയില്ല എന്ന കാര്യം സ്ത്രീകളെ മനസ്സിലാക്കിക്കേണ്ടത് പുരുഷന്മാരുടെ ചുമതലയാണ്. നിർഭാഗ്യവശാൽ ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കപ്പെടുന്നില്ല. സ്ത്രീകൾ ചിലപ്പോൾ ഈ കാര്യങ്ങൾ തീരെ ഗൗനിക്കാറില്ല. വിരുന്നുകളിൽ ചിലപ്പോൾ അവർ കുട്ടികളെ തുണിക്കഷ്ണത്തിലോ (rag) മറ്റോ വിസർജ്ജനം ചെയ്യാൻ അനുവദിക്കുകയും അതിനുശേഷം അത് ദൂരെ കളയാൻ പോലും തയ്യാറാവാതിരിക്കുകയും ചെയ്യുന്നു. ചിലപ്പോൾ ചില ഗ്രാമീണ സ്ത്രീകൾ ഷൂവിൽ ഈ പ്രക്രിയ ചെയ്യിക്കുകയും വകതിരിവില്ലാതെ അവ വലിച്ചെറിഞ്ഞ് പരിസരം മുഴുവൻ വൃത്തികേടാക്കുകയും ചെയ്യാറുണ്ട്. ബാഹ്യമായ വൃത്തിയെക്കുറിച്ച് പരിഗണിച്ചില്ലെങ്കിൽ എങ്ങനെയാണ് നിങ്ങൾക്ക് കുട്ടിയുടെ ആന്തരികമായ വൃത്തിയെക്കുറിച്ച് ചിന്തിക്കാനാവുക? കുട്ടിക്ക് വൃത്തിയുള്ള ഒരു ശരീരമുണ്ടാകട്ടെ. അതിന്റെ പ്രതിഫലനം അവന്റെ മനസ്സിൽ വമ്പിച്ച സ്വാധീനമുണ്ടാക്കും. തത്ഫലമായി കുട്ടിക്ക് ശുദ്ധമായ ഒരു മനസ്സുണ്ടാകുകയും വൃത്തിഹീനതയിൽ നിന്നുണ്ടാകുന്ന പാപത്തിൽ നിന്നും മനസ്സ് പ്രതിരോധിക്കുകയും ചെയ്യുന്നു. കുട്ടി ആദ്യമായി ചെയ്യുന്ന തിന്മ വൃത്തികേടിൽ നിന്നുണ്ടാകുന്നതാണെന്ന് വൈദ്യശാസ്ത്രം തെളിയിച്ചിട്ടുണ്ട്. വിസർജനാവയവങ്ങളിലുണ്ടാകുന്ന അഴുക്ക് കാരണം കുട്ടി അവിടെ ചൊറിയാൻ തുടങ്ങുകയും ഇതിൽ ഒരു ആനന്ദം കണ്ടെത്തി കുട്ടി ലൈംഗികതയെക്കുറിച്ച് ബോധവാനാകുകയും ചെയ്യുന്നു. ലൈംഗികപരമായ തിന്മകളിൽ നിന്ന് സുരക്ഷിതനായിരിക്കാൻ വൃത്തി വളരെ അത്യന്താപേക്ഷിതമാണ്. ഈ ശിക്ഷണം കുഞ്ഞ്

ജനിച്ച അന്നുമുതൽ തന്നെ തുടങ്ങണം.

3. കുട്ടിക്ക് നിശ്ചിതസമയത്ത് ഭക്ഷണം നൽകണം. ഇത് ആത്മനിയന്ത്രണത്തിനും ഒരുപാടുതിന്മകളിൽ നിന്ന് രക്ഷ നേടുന്നതിനും സഹായകരമാണ്. ആത്മനിയന്ത്രണമില്ലായ്മ മോഷണം പോലുള്ള കുറ്റകൃത്യങ്ങളിലെത്തിക്കാറുണ്ട്. പ്രലോഭനങ്ങളെ പ്രതിരോധിക്കാനുള്ള കഴിവ് അങ്ങനെയുള്ള കുട്ടികൾക്കുണ്ടാവില്ല. കുഞ്ഞ് കരയുമ്പോഴൊക്കെ പാലൂട്ടാൻ തയ്യാറാവുന്ന ഉമ്മമാരാണ് ഇവിടെ തെറ്റുകാർ. ശിശുക്കളിലും മുതിർന്ന കുട്ടികളിലും ക്രമപ്രകാരമുള്ള ഒരു ഭക്ഷണരീതി വളർത്തിയെടുക്കാത്തത് ഒരു അബദ്ധം തന്നെയാണ്. ക്രമപ്രകാരമുള്ള ഭക്ഷണരീതി താഴെപറയുന്ന സൽസ്വഭാവങ്ങളിലേക്ക് നയിക്കുന്നു.

a. കൃത്യനിഷ്ഠ

b. ആത്മനിയന്ത്രണം (Self control)

c. നല്ല ആരോഗ്യം

d. സഹകരണം: കുട്ടികൾ സ്വാർത്ഥമതികളോ അഹംഭാവികളോ ആവുകയില്ല. എന്തെന്നാൽ, അവർ മറ്റുള്ളവരുടെ കൂടെ ഭക്ഷണം കഴിക്കാൻ പഠിച്ചിട്ടുണ്ടാകും.

e. മിതവ്യയശീലം: കുട്ടികളിൽ അമിതവ്യയത്തിന്റെയോ പാഴാക്കിക്കളയുന്നതിന്റെയോ ചീത്തശീലങ്ങളുണ്ടാകുകയില്ല. ഇടയ്ക്കിടെ തിന്നാൻ കൊടുക്കുന്ന കുട്ടികൾ കഴിക്കുന്നത് കുറച്ചും, പാഴാക്കിക്കളയുന്നത് അധികവുമായിരിക്കും. എന്നാൽ കൃത്യമായ അളവിൽ കൃത്യസമയത്ത് ഭക്ഷണം കൊടുക്കുകയാണെങ്കിൽ കുട്ടി അത് പരമാവധി ഉപയോഗിക്കുകയും പാഴാക്കിക്കളയാതെ അതുകൊണ്ട് തൃപ്തിപ്പെടുകയും ചെയ്യുന്നു.

f. ഇത് പ്രലോഭനങ്ങളെ പ്രതിരോധിക്കാനുള്ള ആന്തരികശക്തി വർദ്ധിപ്പിക്കുന്നു. വഴിയിലൂടെ പോകുമ്പോൾ തന്റെ ശ്രദ്ധയാകർഷിക്കുന്ന എന്തെങ്കിലും കുട്ടികൾക്ക് വേണമെന്ന ആഗ്രഹമുണ്ടാകാം. നിങ്ങൾ അവന് അത് വാങ്ങിക്കൊടുക്കുന്നില്ലെങ്കിൽ കുട്ടിക്ക് ഭാവിജീവിതത്തിൽ പ്രലോഭനങ്ങളെ തടയാനുള്ള ശീലം സ്വായത്തമാകുന്നു. ഇതുപോലെ വീട്ടിലുള്ള എന്തെങ്കിലും ഭക്ഷ്യപദാർത്ഥം കരിമ്പ്, മുള്ളങ്കി, കാരറ്റ്, കൃഷിക്കാരുടെ വീടുകളിലാണെങ്കിൽ വീട്ടിലുണ്ടാക്കിയ പഞ്ചസാര തുടങ്ങിയവ കുട്ടി ആവശ്യപ്പെടുകയാണെങ്കിൽ അവനോട് ഊണിന്റെ സമയം വരെ കാത്തിരിക്കാൻ പറയുക. ഇത് അവന്റെ ആത്മനിയന്ത്രണത്തെ ശക്തിപ്പെടുത്തുകയും അവന്റെ സംയമനശക്തി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

4. കൃത്യസമയങ്ങളിൽ മലമൂത്രവിസർജ്ജനം ചെയ്യാനുള്ള ശീലമുണ്ടാക്കാനും കുട്ടികളെ സഹായിക്കണം. ഇത് കുട്ടിയുടെ ആരോഗ്യത്തിന് വളരെയധികം ഉപകാരപ്രദമാണ്. ഇതുകൊണ്ടുള്ള ഒരു പ്രധാന ഗുണം അവയവങ്ങൾക്ക് ഒരു കൃത്യനിഷ്ഠാബോധം ഉണ്ടാകുന്നു എന്നതാണ്. ഉദരകോശങ്ങൾക്ക് കൃത്യമായ സമയങ്ങളിൽ പ്രവർത്തിക്കുവാനുള്ള അവസ്ഥയുണ്ടാകുകയും വിസർജ്ജനം കൃത്യസമയങ്ങളിൽ നടക്കുകയും ചെയ്യുന്നു. ചില യൂറോപ്യൻമാർക്ക് ഘടികാരകൃത്യതയോടെ തങ്ങളുടെ വിസർജ്ജന സമയങ്ങൾ പറയാൻ കഴിയുന്നു. അതുകൊണ്ട് ഈ കാര്യത്തിൽ കൃത്യനിഷ്ഠ ഒരു കുട്ടിക്ക് ആവശ്യമാണ്. തങ്ങളുടെ പ്രകൃതികൃത്യങ്ങൾ കൃത്യതയോടെ ചെയ്യുന്ന ഒരു കുട്ടിക്ക് വളരെ വേഗം പ്രാർത്ഥനയും വ്രതവുമെല്ലാം ഒരു ശീലമാക്കി മാറ്റാൻ കഴിയും. രാജ്യത്തോടുള്ള കർത്തവ്യങ്ങൾ പാലിക്കുന്നതിലും അവൻ ഒരു അമാന്തവും വരുത്തുകയില്ല. ദ്വേഷ്യവും അക്ഷമയും പ്രകടിപ്പിക്കുന്നതിനേയും ഇത് തടയുന്നു. അകാരണമായ കോപത്തിന്റെ പ്രധാന കാരണം ക്രമരഹിതമായ ജീവിതരീതിയാണ്. പ്രധാനമായും ഭക്ഷണരീതിയിലെ ക്രമരാഹിത്യം. ഉദാഹരണമായി, കളികളിൽ മുഴുകിയിരിക്കേ കുട്ടിയെ ഉമ്മ ഭക്ഷണം കഴിക്കാൻ വിളിക്കുന്നു. എന്നാൽ അവൻ ഉടനെ വരുന്നില്ല. വരുമ്പോഴാകട്ടെ ഉമ്മക്ക് ഭക്ഷണം വീണ്ടും ചൂടാക്കേണ്ടി വരുന്നു. കുട്ടിക്ക് നല്ല വിശപ്പുണ്ട്. അതിനാൽ അവൻ ദ്വേഷ്യം പിടിക്കാനും അസഹ്യത പ്രകടിപ്പിക്കാനും തുടങ്ങുന്നു. വിശപ്പ് സഹിക്കാൻ അവന് പറ്റുന്നില്ല. അതുകൊണ്ട് കോപം പ്രകടിപ്പിക്കുന്നു.

5. ഭക്ഷണം കൃത്യമായ അളവിലാണ് കൊടുക്കേണ്ടത്. ഇത് അവനെ സംതൃപ്താവസ്ഥ പഠിപ്പിക്കുകയും അത്യാർത്ഥി നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു.

6. കുട്ടിക്ക് വിവിധതരത്തിലുള്ള ഭക്ഷണം നൽകണം. മാംസം, പച്ചക്കറികൾ, ഫലങ്ങൾ എല്ലാം ഉൾപ്പെടണം. കാരണം ഭക്ഷണരീതികൾ സദാചാരഗുണങ്ങളെ ബാധിക്കുന്നു. വ്യത്യസ്തമായ

സദാചാരഗുണങ്ങൾക്ക് വ്യത്യസ്തതരത്തിലുള്ള ഭക്ഷണം അത്യാവശ്യമാണ്. ഇറച്ചിയേക്കാൾ കൂടുതൽ പച്ചക്കറികൾ നൽകണം. കാരണം മാംസം വികാരവിക്ഷോഭം (excitement) ഉണ്ടാക്കുന്നു. കുട്ടിക്കാലത്ത് സാധ്യമാകുന്നിടത്തോളം വികാരവിക്ഷോഭങ്ങൾ കുറഞ്ഞിരിക്കുന്നതാണ് നല്ലത്.

7. കുട്ടി വളരുന്നതോടെ ചെറിയ ചെറിയ ജോലികൾ കളിരൂപേണ ചെയ്യിക്കണം. പാത്രം എടുത്തു കൊണ്ടുവരിക, ഏതെങ്കിലും സാധ നം മാറ്റി വെക്കാൻ പറയുക, ഇങ്ങനെ ചില്ലറ ജോലികൾ ചെയ്യിക്കണം. പക്ഷേ കുട്ടിക്ക് സ്വന്തമായി കളിക്കാനുള്ള സമയവും നല്കണം.

8. കുട്ടികളിൽ ആത്മവിശ്വാസം വളർത്തിയെടുക്കുന്നത് ഒരു ശീലമാക്കണം. ഉദാഹരണമായി കുട്ടി ഏതെങ്കിലും ഒരു വസ്തു കണ്ട ഉടനെ ആവശ്യപ്പെടുകയാണെങ്കിൽ കുട്ടിയോട് അത് ഇന്ന സമയത്ത് തരുമെന്ന് പറയുക. കുട്ടിയിൽ നിന്ന് സാധനങ്ങൾ ഒളിപ്പിക്കുന്നത് ഒരു പരിഹാരമല്ല. കാരണം കുട്ടി ഇത് അനുകരിക്കുകയും സാധനങ്ങൾ ഒളിപ്പിക്കാൻ ശ്രമിക്കുകയും പിന്നീടത് മോഷണ സ്വഭാവത്തിലേക്ക് നയിക്കുകയും ചെയ്യുന്നു.

9. കുട്ടികളെ കൂടുതൽ ലാളിക്കരുത്. കൂടുതൽ ലാളിക്കുന്നതും ശ്രദ്ധിക്കുന്നതും പലവിധ തിന്മകളിലേക്കും അവരെ നയിക്കുന്നു. അങ്ങനെയുള്ള കുട്ടികൾ സമൂഹമധ്യത്തിലും ലാളനയും ശ്രദ്ധയും പ്രതീക്ഷിക്കുന്നു. ഇത് വിവിധതരത്തിലുള്ള ധാർമ്മിക തിന്മകളിലേക്ക് നയിക്കുന്നു.

10. മാതാപിതാക്കൾ ആത്മത്യാഗം ചെയ്യാൻ കഴിവുള്ളവരായിരിക്കണം. സുഖമില്ലാത്ത കുട്ടിക്ക് വിലക്കിയ ഭക്ഷണസാധനം വീട്ടിലേക്ക് കൊ ണ്ടുവരാനോ മാതാപിതാക്കൾ കഴിക്കാനോ പാടില്ല. അവനുവേണ്ടിയാണ് തങ്ങൾ ആ ഭക്ഷണം വേണ്ടെന്ന് വെച്ചതെന്ന് അവനെ ബോധ്യപ്പെടുത്തണം. അങ്ങനെ കുട്ടിയും മറ്റുള്ളവർക്കുവേണ്ടി ആത്മത്യാഗം ചെയ്യാനുള്ള ശീലം പഠിക്കും.

11. കുട്ടികൾ ഗുരുതരമായ രോഗങ്ങൾക്കടിമപ്പെട്ടിരിക്കുമ്പോൾ പ്രത്യേകമായ കരുതലുകൾ ആവശ്യമാണ്. ഭീരുത്വം, സ്വാർത്ഥത, മുൻകോപം, വികാരങ്ങളെ നിയന്ത്രിക്കാനുള്ള കഴിവില്ലായ്മ തുടങ്ങിയ തിന്മകൾ അസുഖത്തിന്റെ ഫലമായുണ്ടാകാം. മുതിർന്നവർപോലും രോഗാവസ്ഥയിൽ ചിലപ്പോൾ മുൻകോപക്കാർ ആകാറുണ്ട്. ചിലർ മറ്റുള്ളവരോട് അവരുടെ കൂടെ ഇരിക്കാൻ ആവശ്യപ്പെടും. ചിലരാകട്ടെ അടുത്തുള്ളവരോട് ആക്രോശിക്കും. നിങ്ങൾക്കെന്താ കാണുന്നില്ലേ? നിങ്ങളെന്താ കണ്ണുപൊട്ടനാണോ? എന്നൊക്കെ. രോഗാവസ്ഥയിൽ രോഗിക്ക് വിശ്രമവും പൂർണ്ണ ആശ്വാസവും കൊടുക്കുമ്പോൾ സാവധാനം അവൻ അത് അവന്റെ അവകാശമായി കണക്കാക്കി എല്ലാ സമയവും വിശ്രമം ആവശ്യപ്പെടുന്നു.

12. കുട്ടികളോട് ഭയം ജനിപ്പിക്കുന്ന കഥകൾ പറയരുത്. ഇതവരെ ഭീരുക്കളാക്കും. മുതിരുമ്പോൾ അവർ ധീരതയുള്ള ഒരു കാര്യവും ചെയ്യില്ല. ഒരു കുട്ടി ഭീരുത്വത്തിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയാണെങ്കിൽ അവന് ധീരതയുടെ കഥകൾ പറഞ്ഞുകൊടുക്കുകയും ധൈര്യവാന്മാരായ കുട്ടികളുടെ കൂടെ കളിക്കാൻ വിടുകയും വേണം.

13. സുഹൃത്തുക്കളെ സ്വയം തെരഞ്ഞെടുക്കാൻ കുട്ടിയെ അനുവദിക്കരുത്. ഈ തെരഞ്ഞെടുപ്പ് മാതാപിതാക്കൾ തന്നെ ചെയ്യണം. നല്ല പെരുമാറ്റമുള്ള കുട്ടികളെ അവർ തങ്ങളുടെ കുട്ടികളുടെ സഹചാരികളാകാൻ തെരഞ്ഞെടുക്കണം. ഇതുകൊണ്ട് മാതാപിതാക്കൾക്കും ഗുണമുണ്ടാകും. അവർക്ക് തങ്ങളുടെ മക്കളുടെ സഹചാരികളായി തെരഞ്ഞെടുത്ത കുട്ടികളുടെ മാതാപിതാക്കളെക്കുറിച്ച് അറിയാൻ അവസരം ലഭിക്കും. ഇത് രക്ഷാകർത്താക്കളുടെ ഇടയിലുള്ള പരസ്പരബന്ധത്തിനും സഹകരണത്തിനും അവസരമൊരുക്കും. കൂടാതെ തങ്ങളുടെ മക്കൾക്ക് കളിക്കൂട്ടുകാരെ തെരഞ്ഞെടുക്കുമ്പോൾ അവരുടെ സ്വഭാവം വീക്ഷിക്കുകയും ചെയ്യാം.

14. കുട്ടിക്ക് അവന്റെ പ്രായത്തിന് അനുസൃതമായ ഉത്തരവാദിത്വപ്പെട്ട ജോലികൾ ഏല്പിക്കണം. ഇത് അവനിൽ ഉത്തരവാദിത്വബോധം വളർത്തും. ഒരു പിതാവിന് രണ്ട് കുട്ടികളുണ്ടായിരുന്നു. അദ്ദേഹം ഒരു കുട്ടിക്ക് ഒരു ആപ്പിൾ കൊടുത്തിട്ട് സഹോദരനുമായി പങ്കിട്ടെടുക്കാൻ പറഞ്ഞു. ആപ്പിൾ മുറിച്ചെടുക്കാൻ അറിയുമോ എന്ന് പിതാവ് കുട്ടിയോട് ചോദിച്ചു. കുട്ടി ഇല്ല എന്ന് മറുപടി പറഞ്ഞു. പിതാവ് പറഞ്ഞു. മുറിക്കുന്ന ആൾ ചെറിയ പകുതിയും സഹോദരന് വലിയ പകുതിയും നൽകണം. അപ്പോൾ കുട്ടി പറഞ്ഞു, അങ്ങനെയാണെങ്കിൽ തന്റെ സഹോദരൻ ആപ്പിൾ മുറിക്കുന്നതാണ് നല്ലത്. ഇത് കാണിക്കുന്നത്, ആ കുട്ടി ആദ്യമേ സ്വാർത്ഥ

തല്പരനായിരുന്നു എന്നാണ്. മുറിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുത്താൽ സഹോദരന് വലിയ പങ്ക് കൊടുക്കേണ്ടി വരുമെന്ന് അവനു മനസ്സിലായി. ഫുട്ബോൾ പോലുള്ള കളികൾ പരസ്പര സഹകരണത്തിന് ഗുണപ്രദമാണ്. പക്ഷേ കായികവിനോദങ്ങളിലും കുട്ടികൾ ചീത്ത ശീലങ്ങൾ സ്വായത്തമാക്കാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കുട്ടികളിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടായാൽ, സാധാരണയായി മാതാപിതാക്കൾ തങ്ങളുടെ കുട്ടിയുടെ ഭാഗം ന്യായീകരിക്കുകയും തങ്ങളുടെ കുട്ടി പറയുന്നത് സ്വീകരിക്കാൻ മറ്റുകുട്ടികളെ നിർബന്ധിക്കുകയും ചെയ്യുന്നു. ഇത് കുട്ടികളെ ദുർവാശിക്കാരാക്കുകയും എപ്പോഴും തങ്ങളുടെ ഇഷ്ടമനുസരിച്ച് കാര്യങ്ങൾ നടത്താൻ ആഗ്രഹിക്കുന്നവരാക്കുകയും ചെയ്യുന്നു.

15. കുട്ടികളോട് അവർ നല്ലവരാണെന്ന് പറയുക. നബി(സ)പറഞ്ഞു: "കുട്ടികളെ ശപിക്കരുത്. കാരണം നിങ്ങൾ ശപിക്കുമ്പോൾ മലക്കുകൾ അത് അങ്ങനെ തന്നെയാകട്ടെ എന്നുപറയുകയും അങ്ങനെ തന്നെ ആയിത്തീരുകയും ചെയ്യുന്നു." നിങ്ങൾ ഒരു കുട്ടിയോട് അവൻ ചീത്തയാണെന്ന് പറയുമ്പോൾ അവൻ തന്നെക്കുറിച്ച് താൻ ചീത്തയാണെന്നുള്ള ഒരു സാങ്കല്പിക ചിത്രം മെനഞ്ഞെടുക്കുകയും യഥാർത്ഥത്തിൽ ചീത്തയായിത്തീരുകയും ചെയ്യുന്നു. അതുകൊണ്ട് കുട്ടികളെ ഒരിക്കലും തള്ളിപ്പറയരുത്. അവരെ പ്രശംസിക്കുകയും നല്ലവരാകാൻ പഠിപ്പിക്കുകയും ചെയ്യുക.

    എന്റെ ചെറിയമകൾ എന്നോട് ഒരു നാണയം ചോദിച്ചുകൊണ്ട് എന്റെയടുത്ത് വന്നു. ഞാൻ നാണയം കൊടുക്കാൻ തുടങ്ങിയപ്പോൾ അവൾ തന്റെ ഇടതുകൈ നീട്ടി. ഇത് ശരിയല്ലെന്ന് ഞാനവളോട് പറഞ്ഞു. അവൾ തന്റെ തെറ്റ് സമ്മതിക്കുകയും ഇനി ഈ തെറ്റ് ആവർത്തിക്കുകയില്ലെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. തെറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ അവൾക്ക് അത് ബോധ്യമായി.

16. ഒരു കുട്ടിയെ ഒരിക്കലും ദുർവാശിക്കാരൻ (മർക്കടമുഷ്ടി) ആകാൻ അനുവദിക്കരുത്. കുട്ടി പിടിവാശി (ശാഠ്യം) കാണിക്കുകയാണെങ്കിൽ കുട്ടിയുടെ ശ്രദ്ധ മറ്റെന്തെങ്കിലേക്കും തിരിച്ചുവിടേണ്ടതാണ്. പിന്നീട് അവന്റെ പിടിവാശിയുടെ കാരണം കണ്ടെത്തി അത് മാറ്റിയെടുക്കേണ്ടതാണ്.

17. കുട്ടിയെ എപ്പോഴും മര്യാദയോടെയും വിനയത്തോടെയും അഭിസംബോധന ചെയ്യുക. നിങ്ങൾ അവനെ കാർക്കശ്യത്തോടെ (പാരുഷ്യമായി) അഭിസംബോധന ചെയ്യുകയാണെങ്കിൽ കുട്ടി അതേപോലെ തന്നെയാണ് നിങ്ങളോടും പ്രതികരിക്കുക. കാരണം കുട്ടികൾ ഏറ്റവും നല്ല അനുകരണപാടവമുള്ളവരാണ്.

18. കുട്ടികളോട് കള്ളം പറയുകയോ കലഹിക്കുകയോ ധാർഷ്ട്യത്തോടെ പെരുമാറുകയോ ചെയ്യരുത്. തീർച്ചയായും കുട്ടി നിങ്ങളെ അനുകരിക്കും. മാതാപിതാക്കളാണ് കുട്ടിയെ കളവ് പറയാൻ പഠിപ്പിക്കുന്നത്. ഉമ്മ കുട്ടിയുടെ സാന്നിധ്യത്തിൽ ചിലത് ചെയ്യുന്നു. പക്ഷേ പിതാവ് ചോദിക്കുമ്പോൾ അങ്ങനെ ചെയ്തത് നിഷേധിക്കുന്നു. അപ്പോൾ കുട്ടിയും കളവ് പഠിക്കുകയാണ് ചെയ്യുന്നത്. കുട്ടികളുടെ അഭാവത്തിൽ രക്ഷിതാക്കൾക്ക് ഇങ്ങനെ ചെയ്യാമെന്നല്ല ഇതിന്റെ അർത്ഥം. ഞാനുദ്ദേശിക്കുന്നത്, അവർക്ക് അങ്ങനെ ചെയ്യാതെ നിവൃത്തിയില്ല എന്നാണെങ്കിൽ, കുറഞ്ഞപക്ഷം, അവർ ഇത് കുട്ടികളുടെ സാന്നിധ്യത്തിൽ ചെയ്യാതിരിക്കുക. വരും തലമുറയെ ഇത്തരം തിന്മകളിൽ നിന്ന് രക്ഷിക്കാൻ ജാഗ്രത കാട്ടേണ്ടതാണ്.

19. കുട്ടിയെ എല്ലാത്തരം ലഹരിപദാർത്ഥങ്ങളിൽ നിന്നും സംരക്ഷിക്കുക. ലഹരിപദാർത്ഥങ്ങൾ കുട്ടിയുടെ നാഡീഞരമ്പുകളിൽ ക്ഷതമേൽപിക്കുന്നു. ക്രമേണ അവൻ നുണപറയുന്നവനായി മാറുന്നു. ലഹരിപദാർത്ഥങ്ങൾ ശീലമാക്കിയ ആൾ അന്ധമായി അനുകരിക്കുന്നവനാകുകയും സ്വന്തമായി എന്തെങ്കിലും ആഗ്രഹമോ ലക്ഷ്യമോ ഇല്ലാത്തവനായി മാറുകയും ചെയ്യുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ്(റ) അവ്വലിന്റെ ഒരു ബന്ധു ലഹരിപദാർത്ഥങ്ങൾ ശീലിച്ചവനായിരുന്നു. മതപരമായ കടമകൾ നിർവ്വഹിക്കുന്നതിൽ അയാൾക്ക് ഒട്ടും താല്പര്യമുണ്ടായിരുന്നില്ല. ഒരിക്കൽ അയാൾ ഒരു കൂട്ടുകാരനെ കൊണ്ടുവന്ന് അയാളെയും തന്റെ അതേരീതിയിലാക്കി മാറ്റുമെന്ന് വാദിച്ചു. ഹദ്റത്ത് അയാളോട് ശക്തമായി പ്രതിഷേധിക്കുകയും ഇങ്ങനെയുള്ള ഹീനപ്രവൃത്തികളിൽ നിന്ന് പിന്മാറാൻ ആവശ്യപ്പെടുകയും ചെയ്തു. പക്ഷേ അയാൾ അത് ചെവിക്കൊണ്ടില്ല. ഹദ്റത്ത് ആ ബാലനെ വിളിപ്പിക്കുകയും ഈ കൂട്ടുകെട്ട്

ഉപേക്ഷിക്കാനും എന്തെങ്കിലും പ്രവൃത്തികളിൽ ഏർപ്പെടാനും, സ്വയം വിഡ്ഢിയാകരുതെന്നും ഉപദേശിച്ചു. അത് അവനെ ചിന്തിപ്പിക്കുകയും അവൻ അവിടം വിട്ട് പോകുകയും ചെയ്തു. പക്ഷേ കുറച്ചുനാൾ കഴിഞ്ഞ് ആ ബന്ധു മറ്റൊരു യുവാവിനെ, കൂട്ടിക്കൊണ്ടുവരികയും അവനെയും നശിപ്പിക്കുമെന്ന് ഹദ്റത്ത് സാഹിബിനെ വെല്ലുവിളിക്കുകയും ചെയ്തു. അയാളുടെ സങ്കുചിത മനസ്സിൽ ഒരാളെ നശിപ്പിക്കുക എന്നാൽ അയാളിൽ നിന്ന് അവനെ വേർപെടുത്തുക എന്നായിരുന്നു അർത്ഥം. ഹദ്റത്ത് സാഹിബ് തന്നാൽ കഴിയുന്ന എല്ലാ ഉപദേശങ്ങളും ചെയ്തുനോക്കി. അദ്ദേഹം ആ യുവാവിന് ഒരു കച്ചവടം തുടങ്ങാൻ കുറച്ച് പണം കൊടുക്കാമെന്ന് പറഞ്ഞു. പക്ഷേ, അയാൾ അതൊന്നും ചെവിക്കൊണ്ടില്ല. ഇത് ഹദ്റത്ത് സാഹിബിനെ അത്ഭുതപ്പെടുത്തുകയും അദ്ദേഹം തന്റെ ബന്ധുവിനോട് ഇയാളെ കൂടെ നിർത്താൻ എന്താണ് ചെയ്തതെന്ന് ആരായുകയും ചെയ്തു. അയാൾ പറഞ്ഞു. ഇത് വളരെ ലളിതമാണ്. ഞാൻ അയാൾക്ക് ലഹരിവസ്തുക്കൾ വിതരണം ചെയ്തു. ഇനി അവന് എന്നെ വിട്ടുപോകാൻ ഒരു ആഗ്രഹവും ഉണ്ടാകില്ല. ചുരുക്കത്തിൽ ലഹരി പദാർത്ഥങ്ങളോടുള്ള അടിമത്തം ഒരുവന്റെ ഇച്ഛാശക്തിയെതന്നെ നശിപ്പിച്ചു കളയുന്നു.

ധാർമ്മിക തിന്മകളിൽ ഏറ്റവും ചീത്തയായത് കളവു പറയുക എന്നതാണ്. കുട്ടിയെ ഇതിൽ നിന്ന് പ്രത്യേകമായും സംരക്ഷിക്കേണ്ടതാണ്. കളവിന് പല കാരണങ്ങളുണ്ട്. അതിൽ ചിലത് മനസ്സിലാക്കാൻ പ്രയാസമുള്ള മറഞ്ഞിരിക്കുന്ന കാര്യങ്ങളാണ് (Abstruse). കാരണങ്ങളറിഞ്ഞാൽ കുട്ടി സാധാരണഗതിയിൽ ഈ തിന്മയെ പ്രതിരോധിക്കാൻ ശ്രമിക്കും. കുട്ടികൾ വളരെയധികം ഭാവനാജീവികളാണ് (imaginative). കേൾക്കുന്നതെന്തും അവർ യാഥാർത്ഥ്യമാണെന്ന് സങ്കല്പിക്കും. എന്റെ ഒരു സഹോദരി അവൾ കുട്ടിയായിരിക്കുമ്പോൾ ദിവസവും ദീർഘമായ സ്വപ്നങ്ങൾ വിവരിക്കുമായിരുന്നു. ദിവസവും ഇങ്ങനെ സ്വപ്നം കാണാൻ അവൾക്കെങ്ങിനെ കഴിയുന്നുവെന്ന് ഞങ്ങൾ അത്ഭുതപ്പെടാറുണ്ടായിരുന്നു. പിന്നീട് സത്യം പുറത്തുവന്നു. യഥാർത്ഥത്തിൽ സംഭവിച്ചതെന്തെന്നാൽ, അവളുടെ മനസ്സിന് സ്വപ്നമെന്നാൽ ഉറങ്ങുന്നതിന് മുമ്പേ അവളുടെ മനസ്സിലുണ്ടാകുന്ന ചിന്തകളും ചിത്രങ്ങളുമായിരുന്നു. ഒരു കുട്ടിക്ക് എല്ലാ സങ്കല്പങ്ങളും യാഥാർത്ഥ്യമാണ്. ക്രമേണ അവർ ഇത് ഒരു ചര്യയാക്കി മാറ്റുന്നു. ഒരു കുട്ടിയെ എപ്പോഴും യാഥാർത്ഥ്യവും സങ്കല്പവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ സഹായിക്കണം.

20. കുട്ടികൾ സ്വകാര്യതയിലിരുന്ന് കളിക്കുന്നത് തടയണം.
21. അവരെ നഗ്നരായിരിക്കാൻ അനുവദിക്കരുത്.
22. ചെയ്ത തെറ്റുകൾ സമ്മതിക്കുന്ന ശീലം അവരിലുണ്ടാക്കണം. ഇതിന് താഴെ പറയുന്ന കാര്യങ്ങൾ സഹായകമാണ്.

    (a). കുട്ടിയുടെ മുമ്പിൽ നിങ്ങളുടെ തെറ്റുകൾ ഒളിക്കാൻ ശ്രമിക്കരുത്.

    (b). കുട്ടി എന്തെങ്കിലും തെറ്റ് ചെയ്താൽ അവനോട് സഹാനുഭൂതിയോടെ പെരുമാറുക. തെറ്റു ചെയ്യുക എന്നാൽ ഒരു തരത്തിലുള്ള നഷ്ടമാണെന്ന് അവരെ ബോധ്യപ്പെടുത്തുക. കൂടുതൽ സഹാനുഭൂതി പ്രകടിപ്പിക്കുക. ചെയ്തുപോയ തെറ്റ് ചിലതരത്തിലുള്ള നഷ്ടങ്ങൾക്കിടയാക്കി എന്ന് അവന് തോന്നണം.

    (c). തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ആ തെറ്റുകൊണ്ട് രക്ഷകർത്താക്കൾക്കുണ്ടായ ബുദ്ധിമുട്ടുകൾ അവരെ പറഞ്ഞ് മനസ്സിലാക്കിക്കണം. ഉദാഹരണമായി അവരുടെ തെറ്റുകൾ കൊണ്ടുണ്ടായ നഷ്ടം അവരെ കൊണ്ടുതന്നെ നികത്തിക്കാം. സാധനങ്ങൾ നശിപ്പിക്കുന്നത് നല്ലതല്ല എന്ന തിരിച്ചറിവ് ഇതിൽ നിന്ന് അവർക്കുണ്ടാകും. പ്രായശ്ചിത്തസിദ്ധാന്തം സാധുതയില്ലാത്തതാണെങ്കിലും കുട്ടിയെ പരിശീലിപ്പിക്കാൻ ഈ സിദ്ധാന്തം ഉപയോഗപ്പെടുത്താം.

    (d). നിങ്ങൾ കുട്ടിയെ ശാസിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതൊരിക്കലും മറ്റുള്ളവരുടെ മുമ്പിൽ വെച്ചാകരുത്. സ്വകാര്യമായി ചെയ്യണം.
23. കുട്ടിക്ക് കുറച്ച് പണം നൽകണം. ഇത് അവരെ മൂന്ന് സൽഗുണങ്ങൾ പഠിപ്പിക്കും.

    (a) ദാനശീലം

    (b) മിതവ്യയ ശീലം

    (c) ബന്ധുക്കളെ സഹായിക്കുന്ന ശീലം.

    ഉദാഹരണമായി കുട്ടിയുടെ കൈയ്യിൽ മൂന്ന് നാണയങ്ങളുണ്ടെങ്കിൽ ഒരു നാണയം കൊണ്ട് എന്തെങ്കിലും ആഹാരസാധനം വാങ്ങിക്കുകയും അത് മറ്റു കുട്ടികളുമായി പങ്കുവെക്കുകയും ചെയ്യട്ടെ. രണ്ടാമത്തെ നാണയത്തിന് ഒരു

കളിപാട്ടം വാങ്ങാം, മൂന്നാമത്തെ നാണയം ദാനമായി നൽകാൻ ആവശ്യപ്പെടാം.

24. കുട്ടികൾക്ക് ചില സാധനങ്ങൾ പൊതുവായ ഉടമസ്ഥതയിൽ നൽകണം. ഉദാഹരണത്തിന്, അവർക്ക് ഒരു പാവ നൽകി, ഇത് അവർ ക്കെല്ലാവർക്കുമുള്ളതാണെന്നും, എല്ലാവരും അതുകൊണ്ട് കളിക്കണമെന്നും ആരും അത് നശിപ്പിക്കരുതെന്നും പറയാം. ഇത് പൊതുസ്വത്ത് സംരക്ഷിക്കേണ്ടതെങ്ങിനെയെന്ന് അവരെ പഠിപ്പിക്കും.

25. കുട്ടിക്ക് സാമൂഹിക പെരുമാറ്റരീതികളെക്കുറിച്ചുള്ള ശിക്ഷണം നൽകണം.

26. കുട്ടികളുടെ ശാരീരിക വ്യായാമത്തിനും കായികവും മാനസികവുമായ കരുത്തിനും വളരെയധികം പ്രാധാന്യം നൽകേണ്ടതാണ്. ഇത് അവന്റെ ധാർമ്മിക ശിക്ഷണത്തിനും പുരോഗതിക്കും വളരെയധികം സഹായകമാകും.

ഇപ്പോൾ വിവരിച്ച സൽഗുണങ്ങളുടെയും ധാർമ്മികതയുടെ വെളിച്ചത്തിൽ ഒരു കുട്ടി ധാർമ്മിക ശിക്ഷണം ലഭിച്ചവനാണെന്ന് കരുതണമെങ്കിൽ താഴെ പറയുന്ന കാര്യങ്ങൾ അവനിലുണ്ടാകണം.

അവൻ സ്വയം സദാചാരനിരതനും മറ്റുള്ളവരെ സദാചാരനിരതരാക്കാൻ കഴിവുള്ളവനുമാകണം. സമുദായത്തിന്റെ, ജമാഅത്തിന്റെ ആചാരനടപടികൾക്കനുസരിച്ച് പെരുമാറുന്നവനായിരിക്കണം. അവന് ദൈവത്തോട് പ്രത്യേകമായ സ്നേഹം ഉണ്ടായിരിക്കേണ്ടതും, ആ സ്നേഹം മറ്റെല്ലാതരത്തിലുള്ള സ്നേഹത്തേക്കാളും മുന്നിട്ട് നിൽക്കേണ്ടതുമാണ്. ഈ ഓരോ സ്വഭാവഗുണങ്ങളും കുട്ടിയിൽ വേണ്ടത്രയുണ്ടോ എന്ന് എങ്ങനെ പരിശോധിക്കാം.

1. ഒന്നാമത്തെ സ്വഭാവഗുണത്തിന്റെ പരീക്ഷണം ഇങ്ങനെ നടത്താം.

(a) വലുതാകുമ്പോൾ അവൻ നിയമം, ശരീഅത്ത്, എന്നിവ വാക്കിലും പ്രവർത്തിയിലും, ചിന്തയിലും പൂർണ്ണമായും അനുസരിക്കുകയും പിന്തുടരുകയും ചെയ്യുന്നു.

(b) ഭാവിയിലുണ്ടാകുന്ന എല്ലാ കുഴപ്പങ്ങളേയും പ്രതിരോധിക്കാനുള്ള ഇച്ഛാശക്തി അവനിലുണ്ടാകണം.

(c) തന്റെ ജീവനോപാധി കണ്ടെത്താനും തന്റെ ജീവിതത്തെ സംരക്ഷിക്കാനുമുള്ള കഴിവുണ്ടാകണം.

(d) തന്റെ സ്വത്തുക്കൾ സംരക്ഷിക്കാൻ ശ്രമിക്കുകയും, അതിനു കഴിയുകയും വേണം.

2. രണ്ടാമത്തെ സ്വഭാവഗുണത്തിന്റെ പരീക്ഷണം താഴെ പറയുന്നു.

(a) ധാർമ്മികകാര്യങ്ങളിൽ സ്വയം നല്ലൊരു മാതൃകയായി മാറണം.

(b) മറ്റുള്ളവരുടെ ധാർമ്മിക ശിക്ഷണത്തിലും അദ്ധ്യാത്മിക വിദ്യാഭ്യാസത്തിലും പങ്കാളിയാകണം.

(c) തന്റെ എല്ലാ വിഭവങ്ങളും ഫലശൂന്യമാക്കി കളയാതെ അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതിക്ക് പ്രത്യേകിച്ചും മുസ്‌ലിം ലോകത്തിന് പൊതുവായും അഭിവൃദ്ധി ഉണ്ടാക്കാൻ ഉപയോഗിക്കണം.

3. മൂന്നാമത്തെ സ്വഭാവഗുണം താഴെ പറയുന്ന കാര്യങ്ങൾ കൊണ്ട് പരിശോധിക്കാവുന്നതാണ്.

(a) തന്റെ ആരോഗ്യകാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തണം.

(b) സമുദായത്തിന്റേയും സ്വത്തുക്കളുടേയും അവകാശങ്ങളുടേയും രക്ഷകനായിരിക്കണം.

(c) മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാവുന്ന ഒരു പ്രവൃത്തിയും ചെയ്യരുത്.

(d) സമുദായം നൽകുന്ന എല്ലാ പുരസ്കാരങ്ങളും വിധിക്കുന്ന എല്ലാ ശിക്ഷാവിധികളും സന്തോഷത്തോടെ സ്വീകരിക്കാൻ തയ്യാറാകണം.

4. നാലാമത്തെ സ്വഭാവഗുണത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

(a) അല്ലാഹുവിന്റെ വചനങ്ങളോട് - വിശുദ്ധ ഖുർആനോട് - പ്രത്യേകമായ പ്രതിപത്തിയും ആദരവും ഉണ്ടായിരിക്കേണ്ടതാണ്.

(b) ദൈവത്തിന്റെ നാമം കേൾക്കുമ്പോൾ താൻ വ്യാപൃതനായ ജോലി നിർത്തുകയും ആദരപൂർണ്ണമായ ഒരു നില കൈക്കൊള്ളുകയും ചെയ്യുന്നു.

(c) അവൻ ലോകത്തുണ്ടായിരിക്കും. പക്ഷേ, ലൗകികനായിരിക്കുകയില്ല.

(d) ദൈവത്തോടുള്ള സ്നേഹത്തിന്റെ അടയാളങ്ങൾ തന്റെ വ്യക്തിത്വത്തിൽ പ്രതിഫലിപ്പിക്കണം.

**വിവർത്തക : എം. സി. സഹീറ**

സാജിദാ മുസഫർ

# അറിവും മാനവ സംസ്കൃതിയും

## അധഃപതനത്തിലാണ്ടുകിടക്കുന്ന മനുഷ്യനെ ആത്മീയമായി ഉയർത്തുവാൻ അക്ഷരാഭ്യാസവും ശരിയായ ജ്ഞാനവും ആവശ്യമാണ്.

ഒരു മതവും ജ്ഞാനസമ്പാദനത്തിനും ചിന്താ സ്വാത്രന്ത്ര്യത്തിനും തടയിടുന്നില്ലെങ്കിലും മത പൗരോഹിത്യത്തിന്റെ അധികാരപ്രയോഗങ്ങളിലൂടെയായിരുന്നു മുൻകാലങ്ങളിൽ മിക്ക സമൂഹങ്ങളും നയിക്കപ്പെട്ടിരുന്നത്. ലോകത്തെവിടെയുമുള്ള മതാധികാരികൾ വിദ്യയും വിജ്ഞാനവും സമ്പാദിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചിരുന്നില്ല. അറിവിന്റെ മുന്നേറ്റത്താൽ ജനങ്ങളിൽ തങ്ങൾക്കുള്ള അധീശത്വം നഷ്ടപ്പെട്ടുപോകുമെന്ന് അവർ ഭയപ്പെട്ടു. അതുകൊണ്ടു തന്നെ അറിവിന്റെയും ചിന്താ സ്വാതന്ത്രത്തിന്റെയും ഉയർത്തെഴുന്നേല്പിന് തടയിടുകയും തങ്ങളുടേതായ ഒരു പ്രത്യേക ചട്ടക്കൂടിൽ അവർ ജനങ്ങളെ നയിക്കുകയും ചെയ്തിരുന്നു. പലപ്പോഴും അറിവന്വേഷിക്കുന്നവരും കണ്ടുപിടുത്തങ്ങൾ നടത്തിയവരും പീഡിപ്പിക്കപ്പെടുകയും രക്തസാക്ഷികളാകുകയും ചെയ്തു എന്നതിന് ചരിത്രം സാക്ഷിയാണ്.

ഇരുണ്ടകാലഘട്ടമെന്നായിരുന്നു മുഹമ്മദ്നബി (സ)യുടെ ജനനസമയത്ത് മക്ക അറിയപ്പെട്ടിരുന്നത്. അക്കാലത്തെ സാമൂഹ്യാവസ്ഥ വളരെ ശോചനീയമായിരുന്നു. മതതത്ത്വങ്ങൾ ദുഷിച്ചു പോവുകയും അജ്ഞതയും അന്ധവിശ്വാസങ്ങളും ജനഹൃദയത്തിൽ രൂഢമൂലമാകുകയും ചെയ്തിരുന്നു. നിരക്ഷരരായ അറബികൾ മൃഗതുല്യമായ ജീവിതമാണ് നയിച്ചിരുന്നത്. അറേബ്യയിലെങ്ങും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിരുന്നില്ല. സാമാന്യബുദ്ധിക്കുപോലും നിരക്കാത്ത വികലമായ ജീവിതരീതിയായിരുന്നു അവർ പിന്തുടർന്നു പോന്നിരുന്നത്. അത്തരത്തിലുള്ള ഇരുണ്ടകാലഘട്ടത്തിലേക്കാണ് അറിവിന്റെ പൊൻപ്രകാശവുമായി നബി(സ) തിരുമേനി അവതരിച്ചത്. ഇസ്ലാമിന്റെ ആഗമനത്തിലൂടെ ചരിത്രം തിരുത്തിക്കുറിക്കപ്പെടുകയായിരുന്നു.

ഒരിക്കൽ ഹിറാഗുഹയിൽ ധ്യാനനിരതനായിരുന്ന നബി(സ)ക്കു മുമ്പിൽ ജിബ്രീൽ(അ) പ്രത്യക്ഷപ്പെട്ടുകൊണ്ട് 'വായിക്കുക' എന്നാവശ്യപ്പെടുകയുണ്ടായി. തനിക്കു വായിക്കാനറിയില്ലെന്ന് പിരിഭ്രമത്തോടെ മറുപടി പറഞ്ഞ നബി(സ) തിരുമേനിയോട് ജിബ്രീൽ(അ) വീണ്ടും വീണ്ടും വായിക്കാനാവശ്യപ്പെ്പു. വിശുദ്ധ ഖുർആൻ 96ാം അധ്യായത്തിലെ 'ഇഖ്റഅ്' എന്നു തുടങ്ങുന്ന വചനങ്ങളായിരുന്നു അത്.

**"(സർവ്വവും) സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ വായിക്കുക. അവൻ മനുഷ്യനെ രക്തപിണ്ഡത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നിന്റെ നാഥൻ അത്യുദാരനാകുന്നു. പേനകൊണ്ട് പഠിപ്പിച്ചവനത്രെ (അവൻ). അവൻ മനുഷ്യന് അവനറിയാത്തത് പഠിപ്പിച്ചിരിക്കുന്നു." (96:2-6)**

നബി (സ)തിരുമേനിക്ക് ആദ്യമായി വെളിപ്പെട്ടത് ഈ വചനങ്ങളാണ്. ഇവ ഗഹനാർത്ഥഗർഭങ്ങളാണ്. മനുഷ്യനെ സൃഷ്ടിച്ചവനും, മനുഷ്യപ്രകൃതിയിൽ ദൈവപ്രേമവും, സമസൃഷ്ടിസ്നേഹവും നിക്ഷേപിച്ചവനുമായ ആ ദൈവത്തിന്റെ നാമം ഉയർത്തുവാൻ സന്നദ്ധനാവാനാണ് ഈ വചനങ്ങൾ ആഹ്വാനം ചെയ്യുന്നത്. ദൈവത്തിന്റെ സന്ദേശങ്ങൾ പ്രഖ്യാപിക്കുവാനും, അതിനുവേണ്ടിയുള്ള സഹായവും സംരക്ഷണവും ദൈവം വാഗ്ദാനം ചെയ്യുന്നുണ്ട്. എല്ലാ തരത്തിലുള്ള ജ്ഞാനങ്ങളും പേനയുടെ സഹായത്തോടെ പഠിപ്പിക്കപ്പെടുമെന്നും മനുഷ്യന്റെ ആത്മീയ വളർച്ചയിൽ അതുവരെ അറിയപ്പെട്ടിട്ടില്ലാത്ത മഹത്തായ പുരോഗതിക്കുള്ള അടിസ്ഥാനങ്ങളും ഈ വചനങ്ങളിലടങ്ങിയിരിക്കുന്നു.

പ്രസ്തുതവചനങ്ങൾ വിശുദ്ധ ഖുർആന്റെ രത്നചുരുക്കമാണെന്ന് പറയാം. മനുഷ്യനെ എങ്ങനെയാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് ഇതിൽ പറയുന്നു. മനുഷ്യജീവിതം എന്താണെന്നും, എങ്ങനെ ആരംഭിച്ചുവെന്നും ഘട്ടംഘട്ടമായി പുരോഗമിച്ച് എങ്ങനെ മനുഷ്യൻ ഈ അവസ്ഥയിലെത്തിയെന്നും ചിന്തിപ്പിക്കുവാൻ ഈ വചനങ്ങളിലൂടെ സാധിക്കുന്നു. ശാരീരികമായി ഒരു രക്തകണം മാത്രമായിരുന്ന മനുഷ്യൻ വളർന്ന് ഈ നില പ്രാപിച്ചുവെങ്കിൽ, അധ:പതനത്തിലാണ്ടു കിടക്കുന്ന മനുഷ്യനെ ആത്മീയമായി ഉയർത്തുവാൻ അവന് അക്ഷരാഭ്യാസവും ശരിയായ ജ്ഞാനവും ആവശ്യമാണ്. പേന കൊണ്ട് എഴുതുവാനും, പഠിക്കുവാനും, പഠിപ്പിക്കുവാനുമാണ്, ദൈവം നിർദ്ദേശിക്കുന്നത്. ഇത് ദൈവത്തിന്റെ മഹത്തായ അനുഗ്രഹവും ഔദാര്യവുമാണ്. വിജ്ഞാനസമ്പാദനത്തിനായി അല്ലാഹു വിശുദ്ധ ഖുർആനിലൂടെ മനുഷ്യരെ ഉണർത്തുകയാണ് ചെയ്യുന്നത്.

യഥാർത്ഥ ജ്ഞാനത്തിന്റെ ഉറവിടം ദൈവമാണ്. 'അലീം' എന്നുള്ളത് ദൈവത്തിന്റെ ഗുണവിശേഷണമാണ്. കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് ആത്മീയമായാലും, ശാസ്ത്രസംബന്ധിയായാലും വ്യത്യസ്ത വ്യക്തികളിലൂടെ ആ അറിവിനെ ദൈവം പുറത്തുകൊണ്ടുവരുന്നു. മനുഷ്യന്റെ ജ്ഞാനോന്മുഖതയുടെ തോതനുസരിച്ച് പണ്ടേ നിലവിലുണ്ടായിരുന്നു സത്യങ്ങൾ അവനു ദൈവം ചിലരിലൂടെ വെളിപ്പെടുത്തുന്നു. എപ്പോൾ ജലം ഭൂമിയിൽ ഉത്ഭവിച്ചുവോ അപ്പോൾ മുതൽ ജലത്തിന്റെ ഘടന ഹൈഡ്രജനും ഓക്സിജനും എന്നതാണെങ്കിലും അത് മനുഷ്യൻ കണ്ടെത്തിയത് അടുത്ത കാലത്താണ്. വെളിപാടുകളിലൂടെയാണ് ശാസ്ത്ര പ്രതിഭകൾക്കു വരെ മനുഷ്യസമൂഹത്തിന്റെ വമ്പിച്ച പുരോഗതിക്കടിസ്ഥാനമായ കണ്ടെത്തലുകൾ നടത്താൻ സാധിച്ചത്.

അപ്രകാരം ആത്മീയമായ അറിവിന്റെ കവാടങ്ങളും പ്രാവചകന്മാരിലൂടെ ദൈവം അജ്ഞരായ, അധ:പതിച്ചു കിടക്കുന്ന, മനുഷ്യസമൂഹത്തിനു മുമ്പിൽ തുറക്കപ്പെടുന്നു. വിശുദ്ധ ഖുർആൻ പറയുന്നു. **"അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികൾ) അവരിൽ നിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചുകേൾപ്പിക്കുകയും, അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു; ഇതിനു മുമ്പ് അവർ സ്പഷ്ടമായ വഴികേടിലായിരുന്നെങ്കിലും". (62:3)** തങ്ങൾക്കു ദൈവത്തിൽ നിന്നും ലഭിച്ച അറിവ് പ്രചരിപ്പിക്കുകയും അതിലൂടെ മനുഷ്യരുടെ സംസ്കരണവും ശുദ്ധീകരണവും സാധ്യമാക്കുകയുമാണ് പ്രവാചകന്മാരുടെ ദൗത്യം.

ഇസ്ലാം ജ്ഞാനസമ്പാദത്തിന് വളരെ പ്രാധാന്യം നൽകുന്നു. നബി(സ)യുടെ വിയോഗത്തിനുശേഷം ഖിലാഫത്ത് ഭരണകാലത്ത് മുസ്ലീംകൾ വിജ്ഞാനമേഖലയിൽ വമ്പിച്ച കുതിച്ചു ചാട്ടമാണ് നടത്തിയത്. ബാഗ്ദാദ് ലോകത്തിലെ മുഖ്യവിജ്ഞാന കേന്ദ്രമായി ത്തീർന്നു. ശാസ്ത്രത്തിലും, തത്ത്വചിന്തയിലും തുടങ്ങി നിരവധി മേഖലകളിൽ മുസ്ലീംകൾ കുത്തകക്കാരായിത്തീർന്നു. ഇപ്പോൾ യൂറോപ്യർ മേൽകൈ നേടിയെങ്കിലും മധ്യകാലഘട്ടത്തിലെ മുസ്ലീം ശാസ്ത്ര പ്രതിഭകളിൽ നിന്നാണ് അവർ പിൽക്കാലത്ത് അതു നേടിയെടുത്തത്. സ്പെയിനിലെ ഇസ്ലാമിക ഭരണം ജ്ഞാനവിജ്ഞാനങ്ങളുടെ സുവർണ്ണകാലമായിരുന്നു. എന്നാൽ കാലക്രമേണ അവർ യഥാർത്ഥ ഖുർആനിക ജ്ഞാനത്തിൽ നിന്നകന്നപ്പോൾ അവർക്കത് നഷ്ടപ്പെടുകയുണ്ടായി.

ഇസ്ലാം വിഭാവനം ചെയ്യുന്ന അറിവ് മതപരമായ അറിവ് മാത്രമല്ല. പ്രപഞ്ചവസ്തുക്കളെല്ലാം ദൈവത്തിന്റെ കരവിരുതുകളാണെന്നും അവയിലെല്ലാം അവന്റെ ശക്തിസ്വാധീനങ്ങൾ അടങ്ങിയിരിക്കുന്നെന്നും ബോധ്യപ്പെടുമ്പോൾ ആ ഏകദൈവത്തിനു മുമ്പിൽ സാഷ്ടാംഗം പ്രണമിക്കുന്നവനാണ് യഥാർത്ഥവിശ്വാസി. ആത്മാർത്ഥമായ ഉത്സാഹവും ജ്ഞാനതൃഷ്ണയും കൊണ്ടാർജിച്ച അഗാധജ്ഞാനമാണ് യഥാർത്ഥത്തിൽ ഒരുവനെ ദൈവഭയമുള്ളവനാക്കുന്നത്. ഖുർആൻ പറയുന്നു, **"അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ". (35:29)**

അന്ധമായ അനുകരണം ഇസ്ലാം അനുകൂലിക്കുന്നില്ല. ചിന്തിച്ചു മനസ്സിലാക്കുകയും വിശേഷബുദ്ധിയുപയോഗിച്ച് വിവേചിച്ചറിയുന്നവനുമാണ് സത്യവിശ്വാസി. അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്ക് വരൂ എന്ന് ജനങ്ങളെ പ്രവാചകൻ(സ) ക്ഷണിച്ചപ്പോൾ ഞങ്ങളുടെ പൂർവ്വ പിതാക്കളുടെ രീതി പിന്തുടരാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതെന്ന് സത്യനിഷേധികൾ മറുപടി പറയുന്നു.

"എന്ത്! അവരുടെ പൂർവപിതാക്കന്മാർ യാതൊന്നും ഗ്രഹിക്കാത്തവരും നേർമാർഗം പ്രാപിക്കാത്തവരുമായിരുന്നാൽ പോലും" (അവരെ തന്നെയാണോ പിൻപറ്റുക?) (2:171) എന്നാണ് വിശുദ്ധ ഖുർആൻ അവരോട് ചോദിക്കുന്നത്.

ഖുർആൻ ബുദ്ധിയോടാണ് സംസാരിക്കുന്നത്. വിശുദ്ധ ഖുർആൻ വചനങ്ങൾ ഇതിനുദാഹരണ

**നന്മയുടെയും ധാർമ്മികതയുടെയും മനുഷ്യസാഹോദര്യത്തിന്റെയും വേദിയിലേക്കാണ് യഥാർത്ഥജ്ഞാനം അഥവാ ദൈവിക വെളിപാടുകളിലൂടെയുള്ള ജ്ഞാനം നമ്മെ എത്തിക്കുന്നത്. ആത്മീയോന്മുഖമായ ധാർമ്മികതയിലൂന്നിയ ജ്ഞാന വിജ്ഞാനങ്ങൾ കൊണ്ടു മാത്രമേ മനുഷ്യനു പ്രയോജനമുള്ളു. മറ്റുള്ളതെല്ലാം കേവലം പൈശാചികതയുടേയും അസന്മാർഗ്ഗികതയുടേയുമാണ്.**

ങ്ങളാണ് “ചിന്തിക്കുന്നവർക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്”

“ബുദ്ധിയുപയോഗിക്കുന്നവർക്ക് നാം ദൃഷ്ടാന്തങ്ങൾ വിവരിച്ചു കൊടുക്കുന്നു”

“കേട്ടു മനസ്സിലാക്കുകയോ, ചിന്തിക്കുകയോ ചെയ്തിരുന്നെങ്കിൽ ഞങ്ങൾ നരകവാസികളിൽപ്പെടുമായിരുന്നില്ലെന്ന് അവർ പറയും”

ബുദ്ധി ഉപയോഗിച്ച് ചിന്തിക്കുവാനും അതേസമയം നിനക്കറിവില്ലാത്ത ഒന്നിന്റേയും പിന്നാലേ പോകരുതെന്നും ഖുർആൻ പഠിപ്പിക്കുന്നു.

അറിവു സ്വായത്തമാക്കിയവൻ ആത്മീയമായും ഭൗതികമായും അത് പകർന്നു നൽകുവാൻ ബാദ്ധ്യസ്ഥനാണ്. മതപരമായ ജ്ഞാനം ആർജിക്കുന്നവന്റെ എല്ലാ കാര്യങ്ങളും അല്ലാഹു പൂർത്തിയാക്കികൊടുക്കുന്നതാണ്. നബി(സ) അരുളുന്നു; “വിദ്യാഭ്യാസം ഓരോ മുസ്‌ലിമിനും നിർബന്ധമാണ്”. (അബുഹുറയ്റ)

“അറിവന്വേഷിച്ച് യാത്ര ചെയ്യുന്നവർക്ക് അവരുടെ സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗത്തെ ലഘുവാക്കി കൊടുക്കുന്നു.” (അബൂഹുറയ്റ)

“ഒരു മുസ്‌ലിമിന് ഉചിതമായ ധർമ്മം ജ്ഞാനം സമ്പാദിക്കലും അത് മറ്റൊരു സഹോദരന് പകർന്നു കൊടുക്കലുമാകുന്നു.”(അബൂഹുറയ്റ)

“ആരെങ്കിലും അറിവാർജിക്കുവാൻ ഇറങ്ങി തിരിച്ചാൽ തിരിച്ചുവരും വരെ അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിലാണ്(അനസ്)

“വിജ്ഞാനം നേടിയവനോട് അത് മറച്ചുവെക്കുന്നവൻ അന്ത്യദിനത്തിൽ അഗ്നിയാലുള്ള കടിഞ്ഞാൺ അണിയിക്കപ്പെടും” (അബൂഹുറയ്റ)

അറിവ് വർദ്ധിപ്പിക്കുവാനായി ഒരു പ്രാർത്ഥനാവചനം ഖുർആൻ നമ്മെ പഠിപ്പിക്കുന്നു **“എന്റെ നാഥാ! എനിക്ക് ജ്ഞാനം വർദ്ധിപ്പിച്ചുതരണേമേ”(20:115)**

നാശത്തിലേക്കും അധാർമ്മികതയിലേക്കുമുള്ള പടവുകളും അറിവിലൂടെയുണ്ടാകാം. സമൂല നാശത്തിനു ഹേതുവായ ആറ്റം ബോംബും അറിവിലൂടെതന്നെയാണ് ലഭിക്കുന്നത്. സർവ്വസംഹാരിയായ അണുവായുധത്തിന്റെ പരിണിതഫലം ഹിരോഷിമയിലും നാഗസാക്കിയിലും രണ്ടാം ലോക മഹായുദ്ധകാലത്ത് പരീക്ഷിച്ചറിഞ്ഞതാണ്. മനുഷ്യനേയും, ജന്തുജാലങ്ങളേയും പ്രകൃതിയേയും നശിപ്പിച്ചുകളയുന്ന ഇത്തരത്തിലുള്ള ദുഷ്പ്രയോഗങ്ങൾ ഇന്നും ലോകത്തിന് ഭീഷണിയാണ്. മനുഷ്യരെ എങ്ങനെ എളുപ്പത്തിൽ കൊന്നൊടുക്കാം? നഗരങ്ങളെ എങ്ങനെ നാമാവശേഷമാക്കാം? എന്നതിന് ആധുനിക മാർഗ്ഗങ്ങൾ, സജ്ജീകരണങ്ങൾ തേടുകയാണ് ഇക്കൂട്ടർ. ലോകത്തിനുമേൽ ആധിപത്യം സ്ഥാപിച്ചെടുക്കുവാനായി വൻകിടശക്തികൾ നടത്തി വരുന്ന തന്ത്രങ്ങൾക്കും ഗൂഢാലോചനകൾക്കും അക്രമങ്ങൾക്കും ഇരയാകുന്നത് വിലപ്പെട്ട മനുഷ്യജന്മങ്ങളാണ്, കുടുംബമാണ്, സമൂഹമാണ്, രാഷ്ട്രമാണ്. ഇവിടെയാണ് മൂല്യവത്തായ യഥാർത്ഥജ്ഞാനത്തിന്റെ തിരിച്ചറിവ് അനിവാര്യമാകുന്നത്. നന്മയുടെയും ധാർമ്മികതയുടെയും മനുഷ്യസാഹോദര്യത്തിന്റെയും വേദിയിലേക്കാണ് യഥാർത്ഥജ്ഞാനം അഥവാ ദൈവിക വെളിപാടുകളിലൂടെയുള്ള ജ്ഞാനം നമ്മെ എത്തിക്കുന്നത്. ആത്മീയോന്മുഖമായ ധാർമ്മികതയിലൂന്നിയ ജ്ഞാന വിജ്ഞാനങ്ങൾ കൊണ്ടു മാത്രമേ മനുഷ്യനു പ്രയോജനമുള്ളു. മറ്റുള്ളതെല്ലാം കേവലം പൈശാചികതയുടേയും അസാന്മാർഗ്ഗികതയുടേയുമാണ്.

അറിവിന് അളവില്ല, അത് അനന്തവും അമേയവുമാണ്. ഇനിയും കൂടുതൽ അറിയാനുണ്ടെന്ന ബോധം ഒരുവനെ വിവേകിയും വിനയാന്വിതനുമാക്കുന്നു. അതുകൊണ്ടുതന്നെ തന്റെ അറിവിൽ ഊറ്റം കൊള്ളാനോ അഹങ്കരിക്കാനോ ഒരു യഥാർത്ഥ ജ്ഞാനിക്കു സാധ്യമല്ല. ദൈവമാർഗ്ഗത്തിൽ ജ്ഞാനം സമ്പാദിച്ചവൻ ഭാഗ്യവാനാണ്. അവൻ തന്റെ നാഥനെ പുകഴ്ത്തുന്നു. നന്മതിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വായത്തമാക്കുന്നു. അത് മറ്റുള്ളവർക്ക് പകർന്നു നല്കുന്നു. ദു:ഖാവസ്ഥയിൽ അവൻ സ്ഥിരചിത്തനകുന്നു. ജ്ഞാനസമ്പാദനത്തോടു കൂടി അവൻ ദൈവത്തിന്റെ സവിധത്തിൽ ഉന്നതിയിലേക്കുയരുന്നു. എല്ലാറ്റിലുമുപരി തന്റെ പരിമിതികൾ തിരിച്ചറിഞ്ഞ് പൂർണ്ണമായും ദൈവത്തിലേക്ക് തിരിയുന്നു. അല്ലാഹു നമുക്കെല്ലാവർക്കും അറിവിന്റെ കവാടങ്ങൾ തുറന്നു തരുവാനും അത് സ്വീകരിക്കുവാനുമുള്ള അനുഗ്രഹം നൽകുമാറാകട്ടെ. (ആമീൻ) ■

ഫമീല സി.കെ.

# മസീഹ് മൗഊദി(അ)ന്റെ ഗ്രന്ഥങ്ങൾ: ആത്മീയജ്ഞാനങ്ങളുടെ കലവറ

**ദൈവം എന്നോട് സംസാരിക്കുന്നുവെന്നും, തന്നെ കാലത്തിന്റെ ഇമാമാക്കിയിരിക്കുന്നുവെന്നും വാദിക്കുന്ന ഒരു വ്യക്തി എന്തുപറയുന്നുവെന്ന് നാം അറിഞ്ഞിരിക്കേണ്ടതുണ്ട്.**

മതം എന്നത് ദൈവിക വെളിപാടുകളുമായും ദൈവനിയോഗിതരുമായും ബന്ധപ്പെട്ടു നിൽക്കുന്നു. മനുഷ്യ ജീവിതത്തിന്റ മുക്തിയും ലക്ഷ്യവും അത് ദൈവദർശനത്തിൽ ഉറപ്പിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ച് വിവിധ കാലഘട്ടങ്ങളിലും ദേശങ്ങളിലും വിവിധങ്ങളായ നിബന്ധനകളും നിയമങ്ങളും ആവശ്യമായിരിക്കെ, അല്ലെങ്കിൽ മതത്തിന്റെ സ്വഭരൂപം തനതുനിലയിൽ സംരക്ഷിക്കപ്പെടാതെ വരുമ്പോൾ ദൈവം മതഗുരുക്കന്മാരെ നിയോഗിക്കുകയും തന്റെ ദിവ്യസന്ദേശങ്ങൾ അവരിലൂടെ മനുഷ്യരിലെത്തിക്കുകയും ചെയ്യുന്നു. ദൈവപ്രോക്തങ്ങളായ എല്ലാ മതങ്ങളും ഈ നിലപാടുകളിൽ അടിയുറച്ചുനില്ക്കുന്നു. അതായത് അതാതു കാലഘട്ടങ്ങളിൽ മാനവനന്മക്കായി പ്രവാചകന്മാരിലൂടെയാണ് ദൈവം സംസാരിച്ചുകൊണ്ടിരുന്നത്. മുൻകാല പ്രവാചകന്മാരുടെ ഭാഷണങ്ങളും ഉപദേശങ്ങളും ദൈവപ്രോക്തമാണ് എന്നതൊരു വസ്തുതയാണെങ്കിലും, ഇന്ന് പലരും അതൊരു കെട്ടുകഥയോ പഴങ്കഥയോ ആയാണ് മനസ്സിലാക്കുന്നത്.

ഈ സാഹചര്യത്തിലാണ് തന്നെ ദൈവം മഹ്ദി ഇമാമായും കാലഘട്ടത്തിന്റെ മാർഗ്ഗദർശകനായും ദൈവം നിയോഗിച്ചിരിക്കുന്നു എന്ന പ്രഖ്യാപനവുമായി ഒരു പുണ്യാത്മാവ്, ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) അവതരിക്കുന്നത്. തന്നോടുദൈവം സംസാരിക്കുന്നു എന്ന് ദൈവത്തിൽ സത്യപ്പെടുത്തിക്കൊണ്ടായിരുന്നു അദ്ദേഹത്തിന്റെ വാദം. ഈ ഒരു അടിസ്ഥാനത്തിലാണ് ഹദ്റത്ത് അഹ്മദി(അ)ന്റെ കൃതികളേയും അപഗ്രഥിക്കേണ്ടത്, തന്നോട് ദൈവം സംസാരിക്കുന്നു എന്നും, തന്നെ കാലത്തിന്റെ ഇമാമാക്കിയിരിക്കുന്നു എന്നും വാദിക്കുന്ന ആരെങ്കിലും ഇക്കാലത്തുണ്ടോ? ഇവിടെയാണ് അദ്ദേഹത്തിന്റെ പ്രസക്തി. അതായത് ഫലംകൊണ്ട് വൃക്ഷത്തെ അറിയുക എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഇമാം മഹ്ദിയുടെ ഗ്രന്ഥങ്ങളിൽ നിന്നും അദ്ദേഹത്തിന്റെ സത്യതയും ദൈവം അദ്ദേഹത്തിന് കനിഞ്ഞരുളിയ ജ്ഞാനത്തെപ്പറ്റിയും മനസ്സിലാക്കേണ്ടതുണ്ട്. ഏതൊരു തത്വജ്ഞാനപരമായ ഗ്രന്ഥത്തേയും വെല്ലുന്ന രീതിയിലുള്ള അദ്ദേഹത്തിന്റെ കൃതികൾക്ക് സമാനമായി ഒന്നും തന്നെയില്ല എന്നത് അദ്ദേഹത്തിന്റെ സത്യതക്കുള്ള തെളിവാണ്.

ഇസ്ലാമികയായ ആത്മീയജ്ഞാനങ്ങളുടെ ഒരു നിധി തന്നെയാണ് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ. സത്യാന്വേഷണവും സൂക്ഷ്മനിരീക്ഷണവും നടത്തുന്ന ഒരാൾ ഗഹനമായ നിലയിൽ ഇവ വായിക്കുകയാണെങ്കിൽ അയാൾക്ക് സത്യാസത്യങ്ങളുടെ കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കാൻ തീർച്ചയായും സാധിക്കുന്നതാണ്. നിർഭാഗ്യകരമെന്നു പറയട്ടെ! അഹ്മദിയ്യാ സാഹിത്യങ്ങൾ വായിച്ചാൽ അതിലേക്കാക്കർഷിക്കപ്പെട്ടുപോകുന്ന തരത്തിലുള്ള എന്തോ ഒരു തന്ത്രം അതിലടങ്ങിയിട്ടുണ്ടെന്നും അതുകൊണ്ട് അവ വായിക്കരുതെന്നും ചില കുടുസ്സുചിന്താഗതിക്കാരായ പണ്ഡിതർ ഇറക്കുന്ന ഫത്വകളിൽ ഭൂരിപക്ഷ മുസ്ലിംകളും പെട്ടുപോയിരിക്കുകയാണ്. ഇതു തന്ത്രമല്ല. മറിച്ച് ദൈവികമായ അനുഗ്രഹമാണ്. ഈ അനുഗ്രഹം തന്നെയാണ് അഹ്മദിയ്യത്തിന്റെ വിജയത്തിന്റെ കാതലും. അഹ്

മദിയ്യത്തിന്റെ സന്ദേശവും മൂല്യങ്ങളും അടുത്തറിയാനുള്ള ഏറ്റവും ഫലപ്രദമായ വഴി ഹദ്റത്ത് അഹ്മദ് (അ) മുന്നോട്ടുവെച്ച വാദങ്ങൾ പഠിക്കുവാൻ ശ്രമിക്കുകയാണ്. താൻ മസീഹും മഹ്ദിയുമാണെന്ന വാദം പുറപ്പെടുവിച്ച വ്യക്തിയുടെ തന്നെ ലിഖിതങ്ങൾ വായിച്ചുകൊണ്ട് ഒരു തീരുമാന മെടുക്കുക എന്നതാണ് ബുദ്ധി.

ബൈഅത്ത് ചെയ്തോ, ജന്മം കൊണ്ടോ ഈ ജമാത്തിലംഗമായതുകൊണ്ട് ഒരാളും പരിഷ്ക്കരിക്കപ്പെടുന്നില്ല. യഥാർത്ഥമായ ദൈവിക പരിരക്ഷണം സാദ്ധ്യമാകണമെങ്കിൽ കാലഘട്ടത്തിന്റെ ഗുരുവായ മസീഹ് മൗഊദി (അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കേണ്ടതും പഠിക്കേണ്ടതും അനിവാര്യമാണ്. അതിനനുസരിച്ച് തന്റെ ജീവിതരീതിയിൽ മാറ്റം വരുത്തേണ്ടതുമാണ്.

ഒരുത്തമ ഗ്രന്ഥത്തിനുണ്ടായിരിക്കേണ്ട സകല ലക്ഷണങ്ങളും ഒത്തുചേർന്ന ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ ഗ്രന്ഥങ്ങൾ നിഷ്പക്ഷബുദ്ധിയോടും നീതിബോധത്തോടും വായിച്ചു നോക്കുന്ന ആർക്കും വിശുദ്ധഖുർആന്റെ പാഠങ്ങളുടെ മനോഹാരിത ബോധിക്കുന്നതായിരിക്കും. മാത്രമല്ല, അയാൾക്ക് തന്റെ ഉള്ളിൽ ഒരാത്മീയാവേശം ഉണ്ടാകുന്നതായും തന്റെ ഹൃദയത്തിൽ നവ്യമായ ഒരു സംസ്കാര പ്രകാശം ഉദിക്കുന്നതായും അനുഭവപ്പെടുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന തത്വങ്ങളെല്ലാം ഖുർആൻ പ്രമാണങ്ങളാൽ സിദ്ധാന്തീകരിച്ചിരിക്കുന്നതാകയാൽ അഹ്മദികളായ നാം അവ നമ്മുടെ നിത്യജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു.

1876 – 1908 കാലഘട്ടത്തിലാണ് മസീഹ് മൗഊദ് (അ) ഗ്രന്ഥങ്ങൾ രചിച്ചതെങ്കിലും ഇന്നത്തെ സ്ഥിതിഗതികളെ മുൻനിറുത്തി നോക്കുമ്പോൾ ഇതുവരെ ഇസ്ലാമിൽ പ്രസിദ്ധീകൃതമായിട്ടുള്ള ഗ്രന്ഥങ്ങളെ അപേക്ഷിച്ച് അവ അതുല്യമാണ്. ധനം കൊണ്ടും ദേഹം കൊണ്ടും പ്രവൃത്തികൊണ്ടും പേന കൊണ്ടും ഇസ്ലാമിനു വേണ്ടി സേവനം ചെയ്ത വ്യക്തിത്വമാണ് ഹദ്റത്ത് മിർസാഗുലാം അഹ്മദ് (അ). അദ്ദേഹത്തിന്റെ "ജിഹാദ്" എന്ന കൃതി ജിഹാദിന്റെ യഥാർത്ഥ ഉദ്ദേശ്യത്തെ വിളിച്ചോതുന്നതും ഇസ്ലാമിനെക്കുറിച്ചു ലോകത്ത് പടർന്നിട്ടുള്ള അബദ്ധധാരണകൾ നീക്കാൻ സഹായിക്കുന്നതുമാണ്. ശത്രുക്കളുടെ ആക്ഷേപ നിരൂപണങ്ങളാലും ഇസ്ലാമിക പാഠങ്ങളെ അവഗണിച്ച് സ്വാർത്ഥ താൽപര്യത്തോട് കൂടി ജീവിച്ച് പോന്നവരുടേയും തെറ്റിദ്ധാരണകൾക്ക് അടിമപ്പെട്ട് ഇസ്ലാമിനേയും സ്ഥാപകനായ മുഹമ്മദ് മുസ്തഫ (സ) തിരുമേനിയേയും അനാദരിക്കുവാനും കെട്ടുകഥകൾ ചുമത്തുവാനും പ്രേരിതമായിത്തീർന്ന അമുസ്ലിംകൾക്ക് ഇസ്ലാമിന്റെ മാഹാത്മ്യത്തെ വീക്ഷിക്കുവാനും അതിനെ സ്നേഹിക്കുവാനും പുകഴ്ത്തിപ്പാടുവാനുമുള്ള ഗ്രന്ഥങ്ങളാണിവ.

2005 – സപ്തംബറിൽ ഡാനിഷ് ദിനപത്രത്തിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ)യെ നിന്ദിക്കുന്ന രീതിയിൽ കാർട്ടൂൺ പ്രസിദ്ധീകരിച്ചത് ലോക മുസ്ലീംകളുടെ വികാരത്തെ വ്രണപ്പെടുത്തുന്നവയാണ്. എന്നാൽ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഗ്രന്ഥങ്ങൾക്കനുസൃതമായി ജീവിക്കുന്ന ഒരഹ്മദി മുബല്ലിഗിന് പ്രസിദ്ധീകരണത്തിന് ഉത്തരവാദിയായവരെക്കൊണ്ട് മാപ്പുപറയിപ്പിക്കുന്നരീതിയിൽ പ്രതികരിക്കുവാൻ സാധിച്ചുവെന്നത് ആ മഹത്ഗ്രന്ഥങ്ങളുടെ പ്രസക്തി ഒന്നുകൊണ്ട് തന്നെയാണ്.

വർഗ്ഗീയ കലാപങ്ങൾ കേരളത്തിന്റെ – നമ്മുടെ കൺ മുമ്പിൽത്തന്നെ എത്തിനില്ക്കുന്ന ഈ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ 'പൈഗാമെ സുൽഹ്' – മൈത്രീ സന്ദേശം എന്ന ഗ്രന്ഥം വളരെ പര്യാപ്തമാണ്. ശ്രീകൃഷ്ണനും, ശ്രീബുദ്ധനും, ശ്രീയേശുവും, ശ്രീവർദ്ധ മഹാവീരനും ദൈവത്തിന്റെ പ്രവാചകൻമാരാണെന്ന് ഹദീസുകളുടെ വെളിച്ചത്തിൽ അവിടുന്ന് വ്യക്തമാക്കുന്നു.

സജീവമായിരിക്കുന്ന ക്രിസ്തുവിന്റെ ഖബറിനെക്കുറിച്ചുള്ള തെളിവുകൾക്കുതകുന്ന ചരിത്രസത്യങ്ങൾ "മസീഹ് ഹിന്ദുസ്ഥാൻ മെ" – യേശു മിശിഹാ ഇന്ത്യയിൽ – എന്ന ഗ്രന്ഥത്തിലൂടെ പുറത്തുകൊണ്ട് വന്നു. ആത്മീയകവാടം എന്ന് വിശേഷിപ്പിക്കാവുന്ന "അൽവസിയ്യത്ത്" എന്ന ഗ്രന്ഥം കാപിറ്റലിസ്റ്റ് വ്യവസ്ഥിതിയുടേയും കമ്മ്യൂണിസത്തിന്റേയും ന്യൂനതകളിൽ നിന്ന് ലോക സമ്പദ്‌വ്യവസ്ഥിതിയെ സംരക്ഷിക്കുന്ന ഒരാഗോള പദ്ധതിയെക്കുറിച്ചുള്ളതാണ്. മനുഷ്യമനസ്സിനെ അളക്കാൻ സാദ്ധ്യമല്ലാതിരുന്ന ഒരു സാഹചര്യത്തിൽ വിശുദ്ധഖുർആന്റെ വെളിച്ചത്തിൽ മനുഷ്യജീവിത ലക്ഷ്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന "ഇസ്ലാമി ഉസൂൽ കി ഫിലോസഫി"(ഇസ്ലാംമതതത്വജ്ഞാനം). മനുഷ്യന്റെ ശാരീരികവും ധാർമ്മികവും ആത്മീയവുമായ അവസ്ഥകളെ വിലയിരുത്തുന്നു. ഹദ്റത്ത് അഹ്മദി(അ) ന്റെ മഹിതതത്വങ്ങളെ സ്വയം ഉപജീവിക്കുകയും അവയുടെ സാക്ഷാൽക്കാരത്തോടു കൂടിയുള്ള ജീവിതം നാം പ്രദർശിപ്പിച്ചുകൊണ്ട് സമൂഹത്തിന് മാതൃകയാവുകയും ചെയ്യേണ്ടതുണ്ട്. അതിനുള്ള സൗഭാഗ്യം അല്ലാഹു നമുക്കു നല്കുമാറാകട്ടെ. (ആമീൻ). ■

ആത്തിഖാബി, കൽപേനി

# ഫസ്‌ലെ ഉമർ

**ഇസ്‌ലാമിക ചരിത്രത്തിൽ ഭരണപരിഷ്കാരങ്ങളുടെ ഉറവിടം ഹദ്റത്ത് ഉമറു(റ)മായി ബന്ധപ്പെട്ടു കിടക്കുന്നതു പോലെ അഹ്മദിയ്യാ ജമാഅത്തിലെ വിവിധ സംവിധാനങ്ങളുടെ ശിൽപി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ആയിരുന്നു**

**വാ**ഗ്ദത്ത മസീഹിന്റെ വാഗ്ദത്തപുത്രനായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1889 ജനുവരി 12-ാം തിയ്യതി ഖാദിയാനിൽ ജനിച്ചു. 1914 മാർച്ച് മാസം 25-മത്തെ വയസ്സിൽ ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു.

1944 ജനുവരി 20ന് ഹോശിയാർപൂർ, മാർച്ച് 12ന് ലാഹോർ, മാർച്ച് 23ന് ലുധിയാന, ഏപ്രിൽ 16ന് ഡൽഹി മുതലായ സ്ഥലങ്ങളിൽ വെച്ചുനടന്ന മഹാസമ്മേളനങ്ങളിൽ വാഗ്ദത്ത മസീഹി(അ)ന്റെ പ്രവചനപ്രകാരമുള്ള വാഗ്ദത്ത പുത്രൻ താൻ തന്നെയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. അല്ലാഹുവിൽ നിന്നുള്ള അറിയിപ്പിനുശേഷമായിരുന്നു ഈ പ്രഖ്യാപനം.

അല്ലാഹു വാഗ്ദത്ത മസീഹി(അ)ന് സുവിശേഷമറിയിച്ചതുപോലെ എല്ലാ പ്രവചനങ്ങളും അത്ഭുതകരമായി പൂർത്തീകരിച്ചുകൊണ്ട് ആ വാഗ്ദത്ത പരിഷ്ക്കർത്താവ് ഭൂമിയുടെ കോണുകളോളം കീർത്തി പ്രാപിച്ചു. ലൗകികവും ആത്മീയവുമായ ജ്ഞാനങ്ങളാൽ നിറക്കപ്പെട്ട അദ്ദേഹം രചിച്ച 10 വാള്യങ്ങൾ അടങ്ങിയ "തഫ്സീർ കബീർ" എന്ന ബൃഹത്തായ ഖുർആൻ വ്യാഖ്യാനവും "തഫ്സീർ സഗീർ" എന്ന ഖുർആൻ വിവർത്തനവും, ചെറുതും വലുതുമായി 250ലേറെ വരുന്ന മറ്റ് ധാരാളം മഹൽ ഗ്രന്ഥങ്ങളും, 52 സുദീർഘ വർഷങ്ങളിൽ നീണ്ടുകിടക്കുന്ന ഖുത്ബ പ്രഭാഷണങ്ങളും, അദ്ദേഹത്തിന്റെ ദൈവദത്തമായ ജ്ഞാനത്തിന്റെ മകുടോദാഹരണങ്ങളാണ്.

ജമാഅത്തിന്റെ ആന്തരികമായ കാര്യങ്ങളിൽ അദ്ദേഹം എത്ര കണ്ട് ശ്രദ്ധചെലുത്തിയെന്നും എന്തൊക്കെ പരിഷ്ക്കരണങ്ങളും പുരോഗതികളും ഉണ്ടാക്കിയെന്നും ഓരോ അഹ്മദി കുഞ്ഞിനുപോലും അറിയാവുന്നതാണ്.

മുസ്‌ലിഹ് മൗഊദി(റ)നെപ്പറ്റിയുള്ള മുന്നറിയിപ്പും സുവിശേഷവും പൂർവ്വികഗ്രന്ഥങ്ങളിലും കാണപ്പെടുന്നുവെന്നത് അദ്ദേഹത്തിന്റെ ഉജ്ജ്വലവ്യക്തിത്വത്തിന് പ്രകാശം നല്കുന്ന ഒന്നാണ്. യഹൂദികളുടെ പുണ്യഗ്രന്ഥമായ "ത്വാൽമൂദിൽ" അദ്ദേഹത്തെക്കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു:

അദ്ദേഹം (വാഗ്ദത്ത മസീഹ്) മരണപ്പെടുകയും അദ്ദേഹത്തിന്റെ ആത്മീയ ഭരണകൂടം അദ്ദേഹത്തിന്റെ പുത്രനിലേക്കും പൗത്രനിലേക്കും ചെന്നെത്തുകയും ചെയ്യുന്നതാണ്. (അദ്ധ്യായം 5, പേജ് 37).

മുസ്‌ലിഹ് മൗഊദി(റ)നെപ്പറ്റി മുഹമ്മദ് മുസ്തഫ (സ) പ്രവചിക്കുകയുണ്ടായി. "വാഗ്ദത്ത മസീഹ് വിവാഹം കഴിക്കുകയും അവർക്ക് സന്താനം ഉണ്ടാവുകയും ചെയ്യുന്നതാണ്." ഈ പ്രവചനത്തെപ്പറ്റി "ആയിനയെ കമാലാത്തേ ഇസ്‌ലാം" എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നത് ഇപ്രകാരമാണ്: "ഇതിലുള്ള സൂചന അല്ലാഹു അദ്ദേഹത്തിന് പിതാവിന്ന് സദൃശനായ ഒരു സ്വാലിഹായ മകനെ നൽകുന്നതായിരിക്കും. ആ മകൻ അല്ലാഹുവിന്റെ ആദരണീയ ദാസരിൽ പെട്ടവനായിരിക്കും" എന്നതാണ്. അല്ലാഹു പ്രവാചകന്മാർക്കും, ദൈവപ്രേമികൾക്കും സന്തതി ജനിക്കുന്നതായി സന്തോഷവാർത്ത അറിയിച്ചാൽ സ്വാലി

ഹായ മക്കൾ തന്നെയായിരിക്കും ജനിക്കുക എന്നതാണ് ഇതിലുള്ള രഹസ്യം. മാത്രമല്ല, ഈ പ്രവചനം മസീഹ് മൗഊദി(അ)ൽ ആവർത്തിച്ചതിൽ നിന്നും ഇസ്‌ലാം ജീവനുള്ള മതമാണെന്നും, ഇതിനെ അല്ലാഹു ഒരടയാളമാക്കാൻ ഇച്ഛിക്കുന്നുവെന്നും മനസ്സിലാക്കാവുന്നതാണ്.

ഈ പ്രവചനത്തെ ഖണ്ഡിക്കുകയും പരിഹസിക്കുകയും ചെയ്ത പണ്ഡിറ്റ് ലേഖ്റാം എന്ന ആര്യസമാജ പ്രമുഖന് വാഗ്ദത്ത മസീഹ് (അ) മറുപടി നൽകിയത് "വാഗ്ദത്ത പുത്രന്റെ ജനനത്തിന് ഒമ്പത്‌വർഷമാണ് കാലാവധി പറഞ്ഞിട്ടുള്ളത്. ഈ കാലാവധിക്കുള്ളിൽ ആ മകൻ ജനിക്കുക തന്നെ ചെയ്യും" എന്നായിരുന്നു. കാലാവധിക്കുള്ളിൽ തന്നെ ആ മകൻ ജനിച്ചു. അന്നുതന്നെ അതായത് 1889 ജനുവരി 12ന് മസീഹ് മൗഊദ് (അ) "തക്മീലെ തബ്‌ലീഗ്" എന്നൊരു വിജ്ഞാപനം പുറപ്പെടുവിച്ച് വാഗ്ദത്തപുത്രൻ ജനിച്ചിരിക്കുന്നു എന്നറിയിക്കുകയുണ്ടായി. ഒമ്പത്‌വർഷം കാലാവധിക്ക് പകരമായി പണ്ഡിറ്റ് ലേഖ്റാമിന്റെ പ്രവചനത്തെ വ്യാജപ്പെടുത്തും വിധം മൂന്നുവർഷത്തിനുള്ളിൽ അല്ലാഹു ആ പരിശുദ്ധ വാഗ്ദത്ത പുത്രനെ ജനിപ്പിച്ചിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയായിരുന്നു.

അതിനുശേഷം അല്ലാഹുവിൽ നിന്ന് പലവിധത്തിലുള്ള ദിവ്യ വെളിപാടുകളും ദിവ്യദർശനങ്ങളും അദ്ദേഹത്തിനു ലഭിച്ചുകൊണ്ടിരിക്കുകയും അതെല്ലാം അപ്പപ്പോൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. "സിറാജുൻ മുനീർ" എന്ന ഗ്രന്ഥത്തിൽ 1897ൽ ഈ മകൻ തന്നെയാണ് വാഗ്ദത്തപുത്രൻ എന്നും, അവന് ഇപ്പോൾ ഒമ്പത് വയസ്സായി എന്നും എഴുതിയിരുന്നു. 1907ൽ എഴുതിയ ''ഹഖീഖത്തുൽ വഹ്‌യി''ൽ പ്രസ്തുത പ്രവചനത്തെ വിശദീകരിച്ചുകൊണ്ട് വാഗ്ദത്ത പുത്രന് ഇപ്പോൾ 17 വയസ്സായെന്ന് എഴുതുകയുണ്ടായി. ഇതെല്ലാം ഈ പ്രവചനത്തിന്റെ മഹിമയും പ്രാധാന്യവും വർദ്ധിപ്പിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ദിവ്യദർശനത്തിൽ ഒരു പള്ളി കാണുകയുണ്ടായി. അതിന്റെ ചുമരിൽ "മഹ്മൂദ്" എന്ന പേര് വളരെ പ്രകാശമയമായ തടിച്ച അക്ഷരത്തിൽ എഴുതിയിരുന്നു. അതിന് വ്യാഖ്യാനം നല്കിക്കൊണ്ട് ആ മഹാത്മാവ് പറഞ്ഞു: "പള്ളികൊണ്ടുള്ള ഉദ്ദേശ്യം ജമാഅത്താകുന്നു. ഈ പേര് കണ്ടതിൽ നിന്ന് വ്യക്തമാകുന്നത് ഈ ജമാഅത്തിന്റെ ഭാവിയിലെ നേതൃത്വത്തിൽ മഹ്മൂദിന്റെ നാമം പ്രകാശിതമായിരിക്കും" എന്നതാണ്. അദ്ദേഹത്തിന്റെ നാമം എത്രമാത്രം പ്രകാശിതമാണ് എന്ന് ഇന്നും നാം കാണുന്നു. ഈ ജമാഅത്ത് നിലനിൽക്കുന്ന കാലത്തോളം അതായത് ഈ ലോകത്തിന്റെ അന്ത്യം വരെ ആ നാമം കൂടുതൽ കൂടുതൽ പ്രകാശിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്.

> യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള ഇതിഹാസങ്ങളുടെ കുരുക്കുകൾ അതിസമർത്ഥമായി അഴിച്ചുമാറ്റിയ അദ്ദേഹം യേശു ജനിച്ചത് ഡിസംബറിലല്ലെന്ന് വിശുദ്ധ ഖുർആന്റെയും, ബൈബിളിന്റെയും, ചരിത്രത്തിന്റെയും വെളിച്ചത്തിൽ അനാവരണം ചെയ്തു.

ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ (റ) ഖലീഫ അവ്വൽ, മുസ്‌ലിഹ് മൗഊദി(റ)നുവേണ്ടി ദുആ ചെയ്യാറുണ്ടായിരുന്നു. ലാഹോർ നിവാസിയായ ശൈഖ് മുഹമ്മദ് എന്നൊരാൾ മുസ്‌ലിഹ് മൗഊദി(റ)ന്റെ കുട്ടിക്കാലത്ത് ഖാദിയാനിൽ വന്നു. അദ്ദേഹം പറയുന്നു. മിയാൻ മഹ്മൂദിന് കണ്ണിൽ ദീനമുണ്ടായിരുന്നു. ഹദ്റത്ത് മൗലാനാ നൂറുദ്ദീൻ (റ) മിയാൻ മഹ്മൂദിന്റെ കണ്ണിൽ മരുന്നുതടവിക്കൊണ്ട് രണ്ട് കൈകളാലും രണ്ട് കവിളിലും തലോടി ലാളിച്ച് നെറ്റിയിൽ വാൽസല്യപൂർവ്വം മുത്തമിടുകയുണ്ടായി. എന്നിട്ട് പറഞ്ഞു: 'മിയാൻ നീ വളരെ വലിയ മിയാൻ ആണ്.' (മിയാൻ എന്നത് ബഹുമാനസൂചകമായി ഉപയോഗിക്കുന്ന ഒരു പ്രയോഗമാണ്.) അല്ലാഹു നിന്നെ വളരെ വലിയ മിയാനാക്കട്ടെ. അല്ലാഹു നിന്നെ മുഴുവൻ ലോകത്തിന്റെയും ഇമാമാക്കട്ടെ! ഇത് കേട്ട് ശൈഖ് മുഹമ്മദ് സാഹിബ് ചോദിക്കുകയുണ്ടായി: ഹദ്റത്ത്, താങ്കൾ ഈ വലിയ വലിയ പദങ്ങളെല്ലാം പ്രയോഗിക്കുന്നുണ്ടല്ലോ അതിന് ഏതെങ്കിലും കാരണമുണ്ടോ?' ഹദ്റത്ത് സാഹിബ് പറഞ്ഞു: 'അല്ലാഹു നമ്മുടെ മുന്നിൽ ദിനേന പ്രകടമാക്കികൊണ്ടിരിക്കുന്ന അടയാളങ്ങളനുസരിച്ച് ഇവൻ സമസ്ത ലോകത്തിന്റെയും ഇമാമാകാനുള്ളവനാണ്. ഞാൻ സത്ഫലം കിട്ടാനായിട്ടാണ് ദുആ ചെയ്യുന്നത്.'

ഹിജ്റ വർഷം എണ്ണൂറിൽ ജീവിച്ചിരുന്ന ഒരു വലിയുല്ലായും സലഫുസ്സ്വാലിഹീങ്ങളിൽ സുപ്രസിദ്ധനായ മഹാത്മാവുമായിരുന്ന ഹദ്റത്ത് ഇമാം യഹ്യാബിൻ അഖബ്, ഇമാം മഹ്ദിയുടെ അടയാളങ്ങൾ വിവരിച്ചതിന്നു ശേഷം ഇങ്ങനെ എഴുതി: "ഇമാം മഹ്ദി ആത്മീ

യമായ രീതിയിൽ നാടുകളെ (ജനങ്ങളെ) ഭരിക്കുന്നതാണ്. അദ്ദേഹത്തിനുശേഷം അറബിവംശജനായ ഒരാൾ അദ്ദേഹത്തിന്റെ പ്രവർത്തനപഥത്തിൽ സഞ്ചരിക്കുന്നതായിരിക്കും. അതിനുശേഷം മഹ്മൂദ് പ്രത്യക്ഷനാകുന്നതാണ്. അപ്പോൾ ഭയങ്കരമായ ലോകയുദ്ധമുണ്ടാകും. അതിൽ ധാരാളം യുവജനങ്ങൾ മരണമടയുന്നതാണ്.” അറബി വംശജനായ ഹദ്റത്ത് ഹക്കീം നൂറുദ്ദീന്റെ(റ) വിയോഗത്തിനുശേഷം രണ്ടാം ഖലീഫയായി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1914ൽ സ്ഥാനാരോഹണം ചെയ്തു. അതേ വർഷമായിരുന്നു ഒന്നാം ലോകമഹായുദ്ധമുണ്ടായത്.

ആറാം നൂറ്റാണ്ടിലെ സുപ്രസിദ്ധ സൂഫിവര്യനും, വലിയുല്ലായും ആയിരുന്ന ഹദ്റത്ത് നിഅ്മത്തുല്ലാ വലി (വഫാത്ത് ഹിജ്റ വർഷം 560ൽ) പാർസി ഭാഷയിൽ ഇമാം മഹ്ദിയെപ്പറ്റിയും അദ്ദേഹത്തിന്റെ വാഗ്ദത്ത പുത്രനെപ്പറ്റിയും പ്രവചിച്ചത് കാണുക: “പന്ത്രണ്ട് നൂറ്റാണ്ടുകൾ കഴിഞ്ഞാൽ ലോക ത്ത് അത്ഭുതങ്ങൾ സംഭവിക്കുന്നതായി എനിക്ക് കാണാൻ സാധിക്കുന്നു. അതായത് 13-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ലോകത്ത് ഒരു ആത്മീയ വിപ്ലവത്തിന്റെ നാന്ദി കുറിക്കുന്നതാണ്. ആ കാലത്ത് അവതരിക്കുന്ന ഇമാമിന്റെ പേര് അലിഫ്, ഹാഅ്, മീം, ദാൽ (അഹ്മദ്) എന്നായിരിക്കുമെന്ന് ഞാൻ കാണുന്നു. അദ്ദേഹത്തിന്റെ കാലശേഷം അദ്ദേഹത്തിന്റെ നിറം പകർന്ന ഒരു പുത്രൻ അദ്ദേഹത്തിന്നുണ്ടാകുന്നതാണെന്നും ഞാൻ കാണുന്നു.”

**ഹദ്റത്ത് ഇസ്മായീൽ നബി(അ)യുടെ കാൽതട്ടി “സംസം” ഉണ്ടായത് പോലെ പാക്കിസ്താനിലെ വിജനമായ ഈ തരിശുനിലം അങ്ങനെ ശുദ്ധജലസമൃദ്ധമായി.**

ഈ എല്ലാ പ്രവചനങ്ങളേയും സുവാർത്തകളേയും സാക്ഷാത്കരിച്ചുകൊണ്ട് ആവിർഭൂതനായ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) വാസ്തവത്തിൽ അല്ലാഹുവിന്റെ അസ്തിത്വത്തിന്നുള്ള മഹൽ ദൃഷ്ടാന്തങ്ങളിൽപ്പെട്ട ഒരു ദൃഷ്ടാന്തമാണെന്നതിൽ ഒരു സംശയവുമില്ല തന്നെ.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എന്ന അത്ഭുത പ്രതിഭയുടെ ഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും ഏറെ മാസ്മരികമായിരുന്നു. അതിനാൽ അദ്ദേഹം ‘സുൽത്വാനുൽ ബയാൻ’ എന്ന പേരിന് അർഹനായി. ‘തഖ്ദീറെ ഇലാഹി’ ‘മലായിക്കത്തുല്ല’ എന്നീ പ്രഭാഷണങ്ങൾ ഏറെ ശ്രദ്ധേയവും അന്വേഷണകുതുകികൾക്ക് മാർഗ്ഗ ദീപങ്ങളുമായി നിലകൊള്ളുന്നു.

യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള ഇതിഹാസങ്ങളുടെ കുരുക്കുകൾ അതിസമർത്ഥമായി അഴിച്ചുമാറ്റിയ അദ്ദേഹം യേശു ജനിച്ചത് ഡിസംബറിലല്ലെന്ന് വിശുദ്ധ ഖുർആന്റെയും, ബൈബിളിന്റെയും, ചരിത്രത്തിന്റെയും വെളിച്ചത്തിൽ അനാവരണം ചെയ്തു. ഹാറൂത്ത്, മാറൂത്ത്, അസഹാബുൽ കഹ്ഫ്, സുലൈമാൻ നബിയുടേയും യൂസുഫ് നബിയുടേയും ചരിത്രം തുടങ്ങി ബൈബിൾ വചനങ്ങൾ കൊണ്ട് മൂടിയ നിരവധി കാര്യങ്ങളുടെ നിജസ്ഥിതികളെക്കുറിച്ച് ചരിത്രപരമായ അദ്ദേഹത്തിന്റെ വെളിപ്പെടുത്തലുകൾ മുസ്‌ലിം ലോകത്ത് അനന്യമായി നിലകൊള്ളുന്നു.

പൂർവ്വകാല മഹാത്മാക്കൾ പ്രവചിച്ചതുപോലെ ഒന്നാം ലോകമഹായുദ്ധവും, പാക്കിസ്താൻ വിഭജനവും എല്ലാം ഉടലെടുത്തത് അദ്ദേഹത്തിന്റെ കാലത്തായിരുന്നു. വളരെ ലാഘവത്തോടെയാണ് അദ്ദേഹം ആ പ്രതിസന്ധികളെല്ലാം തരണം ചെയ്തത്. 1939ൽ അഹ്മദിയ്യാജമാഅത്തിന്റെ രജതജൂബിലി ആഘോഷിച്ചത് ജമാഅത്തിന്റെ പുരോഗതിയിലെ മറ്റൊരു നാഴികക്കല്ലും, വാഗ്ദത്ത പുത്രൻ ‘ദീർഘായുഷ്മാൻ’ ആയിരിക്കുമെന്ന പ്രവചനത്തിന്റെ പുലർച്ചയുടെ പ്രഖ്യാപനവുമായിരുന്നു.

1939ൽ ജൂബിലി ആഘോഷം നടന്ന അതേ കൊല്ലമാണ് രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടത്. അതോടെ വിദേശങ്ങളിൽ പ്രവർത്തിച്ചിരുന്ന മിഷനറിമാർക്ക് വളരെയധികം വിഷമങ്ങൾ അനുഭവിക്കേണ്ടിവന്നു. പല മിഷണറിമാരും അറസ്റ്റിലായി ജയിലറകളിൽ കഴിയേണ്ടി വന്നു. അക്കാലങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിനെ ത്യാഗജീവിതത്തിന്റെ മുൾപ്പടർപ്പുകൾ താങ്ങാൻ പ്രേരിതമാക്കിത്തീർത്തത് മുസ്‌ലിഹ് മൗഊദി(റ)ന്റെ ആത്മീയ ജ്ഞാനം ത്രസിച്ചുകൊണ്ടിരുന്ന ദിവ്യമായ ഖുത്ബ പ്രഭാഷണങ്ങളായിരുന്നു. 1945ൽ യുദ്ധം അവസാനിച്ചതിനെത്തുടർന്ന് പച്ചത്തലപ്പാവും കറുത്ത കോട്ടും വെള്ള സൽവാറും ധരിച്ച പന്ത്രണ്ട് മുസ്‌ലിം മിഷണറിമാർ ലണ്ടൻ പട്ടണ ത്തിൽ ചെന്നിറങ്ങിയത് ഇംഗ്ലണ്ടിലെ ക്രൈസ്തവ മണ്ഡലത്തിൽ വമ്പിച്ച കോളിളക്കങ്ങളുണ്ടാക്കി. അത് യൂറോപ്പിനെ കീഴടക്കാനുള്ള ആത്മീയ സൈന്യനായകന്മാ

രുടെ ചരിത്രപ്രധാനമായ പ്രവേശമായി ക്രൈസ്തവ പത്രങ്ങൾ ചിത്രീകരിച്ചു.

1947ൽ ഇന്ത്യാവിഭജനത്തിന് മുൻപും പിൻപും കിഴക്കൻ പഞ്ചാബിലുണ്ടായ സാമുദായിക കലാപങ്ങളും കൂട്ടക്കൊലകളും മറ്റും ലോകചരിത്രത്തിലെ ഏറ്റവും ദാരുണ സംഭവവികാസങ്ങളിൽ ഒന്നായിരുന്നു. ഈ സംഭവവികാസങ്ങളെല്ലാം ഖലീഫ സാനി (റ)ക്ക് എത്രയോ മുമ്പേ തന്റെ ആത്മദൃഷ്ടി കൊണ്ട് നോക്കിക്കാണാൻ കഴിഞ്ഞിരുന്നതിനാൽ അതിനെ തരണം ചെയ്യുന്നതിന്നുള്ള മുന്നൊരുക്കങ്ങൾ ചെയ്തു വെച്ചിട്ടുണ്ടായിരുന്നു. ഒരു ഹിജ്റത്തിന്റെ അനുഭവം ജമാഅത്തിന് എന്നെങ്കിലും അഭിമുഖീകരിക്കേണ്ടി വരുമെന്ന് കാണാൻ കഴിഞ്ഞ മുസ്‌ലിഹ് മൗഊദ് (റ) പാക്കിസ്താൻ വിവാദവും ഇന്ത്യാവിഭജനവും ഉണ്ടാകുന്നതിന്ന് മുമ്പേ മസീഹ് മൗഊദി(അ)ന്റെ സ്മാരകവസ്തുക്കളും ചരിത്രരേഖകളും ഗ്രന്ഥങ്ങളുടെ സെറ്റുകളും സുരക്ഷിതരഹസ്യകേന്ദ്രങ്ങളിലേക്ക് കടത്തി. ഇത്തരം ഒരു ഘട്ടത്തിൽ ഉപയോഗിക്കുന്നതിന്ന് ഒരു വിമാനം മുൻകൂട്ടിത്തന്നെ വിലക്കെടുത്തിട്ടുണ്ടായിരുന്നു. വാഗ്ദത്ത മസീഹി(അ)ന്റെ വന്ദ്യരും വയോധികരുമായ സഹാബിമാരെയും കുടുംബാംഗങ്ങളെയും സുരക്ഷിത കേന്ദ്രങ്ങളിലെത്തിച്ചു. ജമാഅത്തിന്റെ ഖജനാവും സ്ഥലം മാറ്റി. അഭയാർത്ഥി പ്രവാഹത്തിനിടയിൽ ആയിരക്കണക്കായ മുസ്‌ലിംകളും സിക്കുകാരും, ഹിന്ദുക്കളും അങ്ങോട്ടുമിങ്ങോട്ടുമുള്ള തീവണ്ടി യാത്രകൾക്കിടയിൽ കൂട്ടക്കൊല ചെയ്യപ്പെടുന്ന സാഹചര്യത്തിലാണ് അഹ്മദിയ്യാ ഖലീഫ, ഒരു കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ഒതുക്കി സംരക്ഷിക്കുന്നത് പോലെ അഹ്മദിയ്യാ ജമാഅത്തിലെ വന്ദ്യവയോധികരെയും, സ്ത്രീകളെയും, കുഞ്ഞുകുട്ടികളെയുമെല്ലാം രക്ഷപ്പെടുത്തിയത്. ആ സന്ദിഗ്ധ കാലഘട്ടത്തെ മുൻകൂട്ടിക്കണ്ട ഖലീഫ തിരുമനസ്സിന്റെ നിർദ്ദേശപ്രകാരം സംഭരിച്ചു സൂക്ഷിച്ച ധാന്യങ്ങൾ ആ നാളുകളിൽ ഖാദിയാനിൽ അഭയാർത്ഥികളായി വന്നെത്തിയ മുസ്‌ലീം കുടുംബങ്ങൾക്ക് മാസങ്ങളോളം ഉപയോഗപ്പെടുമാറായി.

സ്വന്തം ജീവൻ പണയപ്പെടുത്തിക്കൊണ്ട് അഹ്മദികൾ മറ്റ് മതസ്ഥരെയും രക്ഷപ്പെടുത്തി. ഖാദിയാനിലെ ഭൂരിപക്ഷമാളുകൾ അഹ്മദികളാകയാൽ ഖാദിയാനിൽ വെച്ച് അഹ്മദികളല്ലാത്ത ആർക്കെങ്കിലും ആ നാളുകളിൽ വല്ല നഷ്ടവും സംഭവിച്ചിട്ടുണ്ടെങ്കിൽ ആ നഗരത്തിലെ അനിഷേദ്ധ്യനേതാവെന്ന നിലയിൽ അതിന്ന് താനാണ് ഉത്തരവാദി എന്നും ഏതെങ്കിലും അഹ്മദിയിൽ നിന്ന് നഷ്ടം പറ്റിയവർക്ക് തന്നിൽ നിന്ന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് കൊള്ളാമെന്നും അന്ന് ഖലീഫ തിരുമനസ്സ് പ്രഖ്യാപിക്കുകയുണ്ടായി. ആധുനിക മനുഷ്യചരിത്രത്തിൽ ലോകത്തിന്റെ ഒരു കോണിലും ഒരു നേതാവും ഒരിക്കലും പറഞ്ഞിട്ടില്ലാത്ത വാക്കുകളാണിത്. ഇങ്ങനെയൊക്കെയാണെങ്കിലും അവസാനം അഹ്മദികൾക്കും ഖലീഫക്കും വാഗ്ദത്ത മസീഹി(അ)ന്റെ ചവിട്ടടികളേറ്റ് പുളകം കൊണ്ട ആ പുണ്യഭൂമി കഠിനവ്യഥയോടെ വിട്ട് പോകേണ്ടി വന്നു.

എന്നാൽ ആ പുണ്യകേന്ദ്രത്തിലെ സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് 313 ദർവേശുകളെ അദ്ദേഹം അവിടെ നിർത്തി. ആ അരക്ഷിതനാളുകളിൽ കൊലയാളികളുടെ നാട്ടിൽ, ദർവേശ്മാരുടെ നടുനായകനായി ഖലീഫ തിരുമനസ്സ് തന്റെ പൊന്നോമനപുത്രൻ ഹദ്റത്ത് സാഹിബ് സാദാ മിർസാ വസിം അഹ്മദ് സാഹിബിനെ നിയോഗിച്ചു. അഹ്മദിയ്യാ പുണ്യകേന്ദ്രങ്ങളുടെ സംരക്ഷണാർത്ഥം ആടുമാടുകളെപ്പോലെ അറുക്കപ്പെടാൻ അഹ്മദികൾ തയ്യാറായെങ്കിൽ, തന്റെ പൊന്നുമകനെ അക്കാര്യത്തിൽ ബലിയർപ്പിക്കാൻ സന്നദ്ധനായിക്കൊണ്ട്, ഇബ്രാഹിം നബി(അ)യുടെയും പുത്രൻ ഇസ്മായിൽ നബി(അ)യുടെയും ഐതിഹാസികമായ ത്യാഗയജ്ഞത്തിന്റെ മറ്റൊരദ്ധ്യായം അഹ്മദിയ്യാ ചരിത്രത്തിൽ തുന്നിച്ചേർക്കപ്പെട്ടു.

1948ൽ ചിനാബ് നദിയോരത്തിൽ 1034 ഏക്കർ തരിശു നിലം ഗവൺമെണ്ടിൽ നിന്നും വിലക്ക് വാങ്ങുകയും, അഹ്മദിയ്യാ കേന്ദ്രത്തിന്റെ ഉദ്ഘാടനം ഖലീഫ രണ്ടാമൻ(റ) പ്രാർത്ഥനയോടുകൂടി നിർവ്വഹിക്കുകയും ചെയ്തു. അവിടെ വെച്ച് അഞ്ച് ആടുകൾ ബലിയർപ്പിക്കപ്പെടുകയുണ്ടായി. ഈ കേന്ദ്രത്തിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഉയർന്ന ഭൂമി എന്നർത്ഥം വരുന്ന റബ്‌വ എന്ന് നാമകരണം ചെയ്തു. ഈസാനബി(അ)യേയും മാതാവിനെയും ഭയങ്കരമായ ഒരു വിപത്തിൽ നിന്നും രക്ഷപ്പെടുത്തി പച്ചളിപ്പുള്ളതും ശുദ്ധജല സമൃദ്ധവുമായ ഒരു റബ്‌വയിൽ അഭയം നല്കിയതായി വിശുദ്ധ ഖുർആൻ പറയുന്നു. ഇതിനെ അനുസ്മരിച്ചാണ് മസീഹ് പുത്രനും മാതാവും രക്ഷാസങ്കേതമാക്കിയ പ്രദേശത്തിന്ന് റബ്‌വ എന്ന് പേരിട്ടത്. ഏതാനും കൊല്ലങ്ങൾക്കകം റബ്‌വ പാക്കിസ്താനിലെ ഏറ്റവും പരിഷ്കൃതവും വികസിതവുമായ നഗരങ്ങളിൽ ഒന്നായി അറിയപ്പെട്ടു. പാക്കിസ്താനിലെ ഏറ്റവും ഉയർന്ന വിദ്യാഭ്യാസ നിലവാരമുള്ള നഗരമായും റബ്‌വ പ്രശസ്തി നേടി. പ്രവാസത്തിന്ന് കൊള്ളാത്തതായി എഞ്ചിനീയർമാർ മുദ്രകുത്തി ഉപേക്ഷിച്ചതും, സൈനിക പ്രധാനമായ ഒരു കേന്ദ്രമാണെങ്കിലും ജലദൗർലഭ്യം

കാരണം സേനാവിഭാഗങ്ങൾ കൈയൊഴിച്ചതുമായിരുന്നു ഈ പ്രദേശം. എന്നാൽ മുസ്‌ലിഹ് മൗഊദ് (റ) നിന്ന് പ്രാർത്ഥിച്ച സ്ഥലത്ത് അവിടെ നീരുറവുണ്ടെ ന്ന് വെളിപാടിന്റെ അടിസ്ഥാനത്തിൽ കുഴിച്ചുനോക്കിയപ്പോൾ ഒരു ഉറവ് കണ്ടെത്തി. ഹദ്റത്ത് ഇസ്മായീൽ നബി(അ) യുടെ കാൽതട്ടി സംസം ഉണ്ടായത് പോലെ പാക്കിസ്താനിലെ വിജനമായ ഈ തരിശുനിലം അങ്ങനെ ശുദ്ധജലസമൃദ്ധമായി.

1953ലെ പ്രക്ഷോഭം പരാജയപ്പെട്ടെങ്കിലും അസൂയാലുക്കളായ എതിരാളികളുടെ ഹൃദയത്തിൽ പ്രതികാരാഗ്നി ആളിക്കത്തുകയായിരുന്നു. ഇതിനിടെ അഹ്മദിയ്യാ പ്രസ്ഥാനം കൂടുതൽ വ്യാപകവും ശക്തവുമായി രൂപം പ്രാപിക്കുകയും റബ്‌വ ആസ്ഥാനമാക്കിയുള്ള ജമാഅത്തിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കപ്പെടുകയും ചെയ്തു. എതിരാളികൾ പലവിധ ഫിത്നകൾ പരത്തുകയും, റബ്‌വ പിടിച്ചെടുക്കണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തെങ്കിലും ഉലമാക്കളും, കലാപനായകന്മാരും പരാജയമടഞ്ഞു. അവർ ഖലീഫക്കെതിരിൽ ഗൂഢാലോചനകൾ നടത്തി. അദ്ദേഹത്തെ കൊല്ലാനുള്ള നീക്കത്തിന്റെ ഭാഗമായി കഴുത്തിൽ കഠാര കുത്തിയിറക്കി മാരകമായി മുറിവേല്പിച്ചു. എന്നാൽ തലനാരിഴ വ്യത്യാസത്തിന് ജീവനാഡി അറുക്കപ്പെടാതെ അദ്ദേഹം രക്ഷപ്പെട്ടു. അതിനെത്തുടർന്ന് ദീർഘകാലം അസുഖത്തിലായി. 1965ൽ അദ്ദേഹം യൂറോപ്പിലേക്ക് ചികിത്സാർത്ഥം യാത്രയായി. അപ്പോഴും അവിടെ ഇസ്‌ലാമിനെ പ്രചരിപ്പിക്കാനും വിജയിപ്പിക്കാനുമുള്ള വമ്പിച്ച പ്രവൃത്തികൾ ആസൂത്രണം ചെയ്തിരുന്നു.

സൂറിക്കിൽ വിദഗ്ദന്മാരായ ഡോക്ടർമാർ പരിശോധന നടത്തിയപ്പോഴാണ് മുസ്‌ലിഹ് മൗഊദ് (റ) മാരകമായ ഒരു ആക്രമണത്തിൽ നിന്ന് ദിവ്യമായി രക്ഷപ്പെടുകയായിരുന്നു എന്ന് മനസ്സിലായത്. "ദൈവത്തിന്റെ തണൽ അവന്റെ മേൽ ഉണ്ടായിരിക്കും" എന്ന് വാഗ്ദത്ത പുത്രനെപ്പറ്റിയുള്ള പ്രവചനവും അങ്ങനെ പൂർത്തിയായി. ലോകപ്രസിദ്ധനായ ഡോക്ടർ റൊസേറിയോ അറിയിച്ചതായി റോയിട്ടർ പത്രം അന്ന് ഇങ്ങനെ റിപ്പോർട്ട് ചെയ്യുകയുണ്ടായി; 'മിർസാ മഹ്മൂദിനെ ലാഹോറിനടുത്ത് വെച്ച് കഴിഞ്ഞകൊല്ലം മാരകമായി ആക്രമിച്ചപ്പോൾ ഉപയോഗിച്ച കഠാരയുടെ മുനയിൽ ഒരംശം സുഷുമ്നാനാഡിക്കടുത്ത് തങ്ങിനില്ക്കുകയായിരുന്നു. ഇത് അത്ഭുതകരമായ ഒരു രക്ഷപ്പെടൽ ആയിരുന്നു."

അങ്ങനെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെയും ഖിലാഫത്തിന്റെയും പിന്നിലുള്ള കൈ അല്ലാഹുവിന്റേതാണെന്ന് ഒരിക്കൽ കൂടി തെളിഞ്ഞു. അതെ ! മസീഹിന്റെ വാഗ്ദത്ത പുത്രനെയും അവർക്ക് കൊല്ലാൻ കഴിഞ്ഞില്ല. തന്റെ പ്രവർത്തനങ്ങളിൽ എല്ലാംകൊണ്ടും അദ്ദേഹം ഹദ്റത്ത് ഉമറി(റ)ന്റെ പ്രതിരൂപം തന്നെ. ഇസ്‌ലാമിക ചരിത്രത്തിൽ ഭരണപരിഷ്ക്കാരങ്ങളുടെ ഉറവിടം ഹദ്റത്ത് ഉമറു(റ)മായി ബന്ധപ്പെട്ടു കിടക്കുന്നു. അതുപോലെ അഹ്മദിയ്യാ ജമാഅത്തിലെ സംവിധാനങ്ങളുടെ ശിൽപി ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് (റ) ആണെന്നതിന് സംശയമില്ല.

ജീവിതത്തിലെ സമസ്ത മേഖലകളിലും വിജയശ്രീലാളിതനായി മുന്നേറിയ, മുന്നേറാൻ അനുയായികൾക്കും ലോകത്തിനും കർമ്മവീഥി ഒരുക്കിയ ആ 'ഫസ്‌ലേ ഉമർ' 1965 നവംബർ 8ന് ഈ ലോകത്തോട് വിട പറഞ്ഞു. സംഭവബഹുലമായ എഴുപത്തിയാറ് വർഷത്തെ ജീവിതവും ഖിലാഫത്തിന്റെ അമ്പത്തിരണ്ടു വർഷത്തെ ചരിത്രം സ്മരിക്കപ്പെടാതെ ലോകചരിത്രം പൂർണ്ണമാവുക അസാധ്യം തന്നെ.

ആ കാലടിപ്പാദങ്ങൾ പിന്തുടരാൻ നമുക്ക് ഓരോരുത്തർക്കും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ. ■

## ഹദീസ്

ഹദ്റത്ത് അബൂദർദാഅ്(റ) നിവേദനം ചെയ്യുന്നു. ഞാൻ നബി(സ) പറയുന്നതായി കേട്ടു. മതപരമായ അറിവ് സമ്പാദിക്കാൻ ആരെങ്കിലും വല്ല വഴിയിലും പ്രവേശിച്ചാൽ സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗം അവന് അല്ലാഹു എളുപ്പമാക്കിക്കൊടുക്കും. നിശ്ചയം. മലക്കുകൾ മതവിദ്യാർത്ഥികളുടെ പ്രവൃത്തിയിൽ സന്തോഷിച്ച് തങ്ങളുടെ ചിറക് അവരുടെ മുന്നിൽ വിരിച്ച് കൊടുക്കുന്നതാണ്. ആകാശഭൂമികളിലുള്ളവർ വെള്ളത്തിൽ കഴിയുന്ന മത്സ്യം പോലും, പണ്ഡിതന്റെ പാപമോചനത്തിനായി പ്രാർത്ഥിക്കും. അജ്ഞാനിയായ ആരാധകനേക്കാൾ, ജ്ഞാനിയായ പണ്ഡിതനുള്ള ശ്രേഷ്ഠത നക്ഷത്രങ്ങളേക്കാൾ ചന്ദ്രനുള്ള ശ്രേഷ്ഠത പോലെയാണ് പണ്ഡിതന്മാരാണ് നബിയുടെ അനന്തരാവകാശികൾ. നബിമാരാകട്ടെ സ്വർണ്ണവും വെള്ളിയും അനന്തരസ്വത്തായി ഉപേക്ഷിച്ചിട്ടില്ല. മതപരമായ അറിവാണ് അവർ അനന്തരമായി വിട്ടേച്ചുപോയത്. അതുകൊണ്ട് അതാരെങ്കിലും കരസ്ഥമാക്കിയാൽ ഒരു മഹാഭാഗ്യമാണ് അവൻ കരസ്ഥമാക്കിയത്. *(ഹദീഖത്തുസ്സ്വാലിഹീൻ)*

ഡോ. ഹസീന എം. ഫസീൽ. കൊല്ലം

# ഹദ്റത്ത് ആയിശ(റ) ജീവിതവിശുദ്ധിയുടെ ഖുർആനിക സാക്ഷ്യം

**ശാരീരിക സത്യസന്ധതയെ പ്പറ്റിയുള്ള അപവാദ കൊടുങ്കാറ്റുകളെ അചഞ്ചലമായ വിശ്വാസദാർഢ്യം കൊണ്ടും ഏകാന്ത പ്രാർത്ഥനകളിലൂടെയും നേരിട്ട ഹദ്റത്ത് ആയിശ(റ)യുടെ ജീവിതശുദ്ധി ദൈവം തന്നെ സാക്ഷ്യപ്പെടുത്തുകയായിരുന്നു**

ഇസ്ലാമിന്റെ വിശുദ്ധപ്രവാചകർ മുഹമ്മദ് നബി(സ)യുടെ ധർമ്മപത്നിമാരിൽ ഒരാളായിരുന്നു ഹദ്റത്ത്ആയിശ(റ). ഹദ്റത്ത് അബൂബക്കർ സിദ്ദീക്കി(റ)ന്റെ ഈ മകൾ താരതമ്യേന ചെറുപ്രായത്തിൽ തന്നെ, പ്രവാചകരുടെ(സ) ഭാര്യാപദത്തിൽ ഒരു ചരിത്ര നിയോഗം പോലെ എത്തിച്ചേരുകയായിരുന്നു. ഇസ്ലാ മതചരിത്രത്തിന്റെ അടിവേരുകൾ അന്വേഷിക്കുന്നവർ മിക്കപ്പോഴും ചെന്നെത്തുന്നത് ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്ത ഹദീസുകളിലേക്കായിരിക്കും. തിരുദൂതരുടെ ജീവിതത്തെ സൂക്ഷ്മമായി നിരീക്ഷിക്കുവാനും ഭാവിതലമുറകളുടെ ശിക്ഷണത്തിനായി അവിടുത്തെ ചര്യകൾ അസാമാന്യപാടവത്തോടെ, ഓർമ്മയുടെ അറകൾ ചികഞ്ഞ് വെളിപ്പെടുത്താനും ഹദ്റത്ത് ആയിശ(റ)ക്കു കഴിഞ്ഞു. ശാരീരിക സത്യസന്ധതയെപറ്റിയുള്ള അപവാദകൊടുങ്കാറ്റുകളെ അചഞ്ചലമായ വിശ്വാസദാർഢ്യം കൊണ്ടും ഏകാന്ത പ്രാർത്ഥനകളിലൂടെയും നേരിട്ട, ആ വൻമരത്തെ, ഖുർആനിക സാക്ഷ്യത്തിലൂടെ അല്ലാഹു ആദരിച്ചു.

നബി(സ) തിരുമേനിയും ഹദ്റത്ത് ആയിശ(റ)യും പങ്കുവെച്ചത് ആത്മാർത്ഥ സ്നേഹവും ദൈവികചിന്തയും കളിയാടിയ ദാമ്പത്യജീവിതമായിരുന്നു.

**മദീനയിലെ ജീവിതം:**

തിരുദൂതരുടെ ഭവനം മസ്ജിദിനോടു വളരെ അടുത്തായിരുന്നു. നേരിയ ഭിത്തിമറ ആയിരുന്നതുകൊണ്ട് ആ ചെറിയ പള്ളിയിലെ സംഭാഷണങ്ങളെല്ലാം ഭവനത്തിൽ ഇരുന്നാലും കേൾക്കാമായിരുന്നു. വിവിധ കാര്യങ്ങൾ ചർച്ചചെയ്യാനും സംശയനിവാരണത്തിനും മറ്റുമായി അവിടെ നബി(സ) തിരുമേനിക്ക് ഏറെ സന്ദർശകർ ഉണ്ടായിരുന്നു. പ്രാർത്ഥനകൾക്കൊപ്പം മതം, വിദ്യാഭ്യാസം, ഭരണം, നീതിനിർവ്വഹണം തുടങ്ങിയ വിവിധ വിഷയങ്ങൾ ചർച്ചചെയ്യപ്പെട്ടു. ആത്മീയ കാര്യങ്ങളിൽ അതീവ തത്പരയായിരുന്ന ഹദ്റത്ത് ആയിശ(റ) മതപരമായ അദ്ധ്യാപനങ്ങളും വ്യാഖ്യാനങ്ങളും പൂർണ്ണശ്രദ്ധയോടെ മനസ്സിലാക്കുമായിരുന്നു. അതുകൊണ്ടുതന്നെ ഇരുനൂറിൽപരം 'ഹദീസുകൾ' (പ്രവാചകവചനങ്ങൾ) വിവരിച്ചു തരുവാൻ ഹദ്റത്ത് ആയിശ(റ)ക്കു കഴിഞ്ഞു.

സദ്ഗുണ സമ്പന്നനായ തന്റെ ഭർത്താവിനൊപ്പം ആ വിശുദ്ധഭവനത്തിൽ അവർ സസന്തോഷം ജീവിതം നയിച്ചു. ഹദ്റത്ത് ആയിശ(റ)യുടെ ഭവനം ഒരു ചെറിയ മുറിയും കുഞ്ഞുമുറ്റവും മാത്രമായിരുന്നു. കിടക്കയായിതുകൾ കൊണ്ടുണ്ടാക്കിയ ഒരു പായ. എത്ര ലളിതമായ ജീവിതം! (ബുഖാരി).

പ്രവാചക ശ്രേഷ്ഠന്റെ(സ) പെരുമാറ്റത്തെക്കുറിച്ചു ചോദിച്ചപ്പോൾ ഹദ്റത്ത് ആയിശ(റ)യുടെ മറുപടി ഇപ്രകാരമായിരുന്നു. "മിതമായ സംഭാഷണരീതി, നിറഞ്ഞ പുഞ്ചിരി, സന്തോഷചിത്തനായുള്ള ഇടപഴകൽ എന്നീ

സവിശേഷതകൾ അവിടുത്തെ അഗ്രഗണ്യനാക്കി.” (സഹീഹ് മുസ്‌ലിം മവാഹിബുദ്ദുന്യാ വാള്യം 1 പേജ് 293)

സ്വഭവനത്തിലായിരിക്കുമ്പോൾ നബി(സ) തിരുമേനി എന്തൊക്കെയാണു ചെയ്തിരുന്നത് എന്നും ഹദ്റത്ത് ആയിശ(റ) വിശദമാക്കിയിട്ടുണ്ട്. സ്വന്തം ആവശ്യങ്ങൾ തനിയെ നിറവേറ്റുമായിരുന്നു. വസ്ത്രങ്ങൾ സ്വയം കഴുകി വൃത്തിയാക്കും. ഒട്ടകങ്ങളെ തീറ്റും, ആടുകളുടെ പാൽ കറക്കും, ചെരുപ്പു നന്നാക്കും, വീട്ടുജോലിക്കാരോടൊപ്പമിരുന്ന് ഭക്ഷണം കഴിക്കും. വിളമ്പുന്ന ഭക്ഷണത്തെപ്പറ്റി ഒരിക്കലും അദ്ദേഹം കുറ്റം പറഞ്ഞിട്ടില്ല. മാത്രമല്ല, കുടുംബാംഗങ്ങളുടെ എല്ലാ പ്രവൃത്തികളിലും അദ്ദേഹം സഹായിച്ചിരുന്നു. ബാങ്കു വിളി കേൾക്കുമ്പോൾ ഉടൻ തന്നെ പള്ളിയിലേക്കു പോകുമായിരുന്നു. സ്വഗൃഹത്തിൽ തികഞ്ഞ ആത്മീയാന്തരീക്ഷം സൃഷ്ടിക്കാൻ നബി(സ) തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. (തിർമിദി, മിശ്കാത്ത്, യസീദ്).

അസാമാന്യമായ വിനയവും താഴ്മയും ഒപ്പം ലജ്ജാശീലവും ഉള്ള വ്യക്തിയായിരുന്നു അദ്ദേഹം. പത്നിമാരോടുള്ള ശാരീരിക ബന്ധത്തിനു മുമ്പേ അദ്ദേഹം ഇപ്രകാരം ദുആ ചെയ്തിരുന്നു. “അല്ലാഹുവിന്റെ നാമത്തിൽ, അല്ലാഹുവേ, ഞങ്ങളെ ശയ്ത്വാനിൽ നിന്നും അകറ്റേണമേ. നീ ഞങ്ങൾക്കു നൽകുന്ന സന്തതികളിൽ നിന്ന് ശയ്ത്വാനെ അകറ്റുകയും ചെയ്യേണമേ.” (ബുഖാരി, മുസ്‌ലിം,)

അനാവശ്യമായ ഔപചാരികത നബി(സ) തിരുമേനി ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല. സ്ത്രീകളോട് യഥായോഗ്യവും മാന്യവുമായ ഒരു പുതിയ പെരുമാറ്റരീതി തന്നെ നബി(സ) തിരുമേനി ആവിഷ്ക്കരിച്ചു. അതും സ്ത്രീകളെ ഒട്ടും വിലകല്പിക്കാതെ, ഭോഗവസ്തുവായി മാത്രം കണ്ടിരുന്ന കാട്ടറബികളുടെ കാലത്ത്! നബി(സ) ഹദ്റത്ത് ആയിശ(റ)യുടെ അടുത്തു തന്നെയിരുന്ന് ഭക്ഷണം കഴിക്കും. ഭാര്യ കുടിച്ച പാത്രത്തിൽ നിന്നു വെള്ളം കുടിക്കും, കഴിച്ചതിന്റെ ബാക്കി കഴിയ്ക്കും. എല്ലാം വളരെ സന്തോഷത്തോടേയും, തൃപ്തിയോടേയും! ഏറെ പവിത്രമായ ഒരു സ്നേഹബന്ധമായിരുന്നു അത്. തനിക്കു പറ്റിയിട്ടുള്ള തെറ്റുകളെക്കുറിച്ച് ഹദ്റത്ത് ആയിശ(റ) നബി(സ) തിരുമേനിയോടു തുറന്നു പറയുമായിരുന്നു. അപ്പോഴെല്ലാം സ്നേഹത്തോടെ ഗുണദോഷിക്കും. ചിലപ്പോൾ മൃദുവായി മാത്രം ശകാരിക്കും. അല്ലെങ്കിൽ താക്കീതു നല്കും. ഹദ്റത്ത് ആയിശ(റ)ക്കാകട്ടെ നബി(സ)യുടെ എല്ലാ കാര്യങ്ങളിലും പ്രത്യേകമായ ശ്രദ്ധയായിരുന്നു.

ഒരു ദിവസം, നബി(സ) തിരുമേനി ചെരുപ്പുനന്നാക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഹദ്റത്ത് ആയിശ(റ) സമീപത്തിരുന്ന് നൂൽ നൂൽക്കുകയായിരുന്നു. തിരുമേനിയുടെ നെറ്റിത്തടത്ത് വിയർപ്പു തുള്ളികൾ തിളങ്ങുന്നുണ്ടായിരുന്നു. ഒപ്പം ആ തിരുനെറ്റിയിൽ ഒരു പ്രത്യേകമായ പ്രകാശം പരക്കുന്നതായും ഹദ്റത്ത് ആയിശ(റ)ക്കു തോന്നി. വിസ്മയത്തോടെ, തന്നെ നോക്കുന്ന ഹദ്റത്ത് ആയിശ(റ)യോട് തിരുമേനി കാരണമന്വേഷിച്ചു. അവർ: “അല്ലാഹുവിന്റെ ദൂതരേ, ഞാൻ അല്ലാഹുവിന്റെ നാമത്തിൽ സത്യം ചെയ്തു പറയുന്നു. ഞാൻ അങ്ങയുടെ നെറ്റിത്തടത്തിൽ ഒരു പ്രകാശം കാണുന്നു. കവി അബൂകബീർ ഹസ്‌ലി താങ്കളെ ഇപ്പോൾ കണ്ടിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ വരികളുടെ യഥാർത്ഥ ചിത്രം ഈ മുഖം തന്നെയാണ് എന്ന് അദ്ദേഹം പൂർണ്ണമായും സമ്മതിക്കുമായിരുന്നു!” ആ വരികൾ ഇപ്രകാരമായിരുന്നു;

“ജനിക്കുമ്പോഴോ വളർച്ചാഘട്ടത്തിലോ ഉള്ള എല്ലാ അപകീർത്തിപരമായ കാര്യങ്ങളിൽ നിന്നും അദ്ദേഹം മുക്തനായിരുന്നു.

ശോഭയാർന്ന ആ നെറ്റിത്തടത്തിലേക്കു നോക്കുമ്പോൾ ആ മുഖം, കൂടുതൽ തേജസ്സുള്ളതായി, ഒരു പക്ഷേ മിന്നലിനേക്കാൾ ഉജ്ജ്വലമായി പ്രകാശിയ്ക്കുന്നതു കാണാം.”

ഇതു കേട്ടപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് ആയിശ(റ)യെ ആശ്ലേഷിക്കുകയും “നിന്റെ ഈ ആഹ്ലാദം നീ എനിക്കുതന്ന ആഹ്ലാദത്തിനത്ര വരില്ല” എന്നു പറയുകയും ചെയ്തു. (മദാരിജുൽ, സാലിക്കീൻ).

ഒരിക്കൽ കുറച്ച് സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെക്കുറിച്ച് നബി(സ)യോടും ഹദ്റത്ത് ആയിശ(റ) യോടും വിവരിക്കുകയായിരുന്നു. അതിലധികവും കരുണരസം ഉൾക്കൊള്ളുന്നതും പരാതികളും ആയിരുന്നു. എന്നാൽ അവസാനം സംസാരിച്ച സ്ത്രീ, അബൂസാറ എന്നു പേരുള്ള തന്റെ ഭർത്താവിനെക്കുറിച്ച് ദീർഘമായി സംസാരിച്ചു. നന്മയുള്ളവൻ, കരുണയുള്ളവൻ, തനിക്ക് ആവശ്യമുള്ളതെല്ലാം സാധിച്ചു തരുന്നവൻ. തനിക്ക് ഒരു ആവലാതികളും ഇല്ലെന്നും താൻ അല്പം പരുഷമായി സംസാരിച്ചാൽ പോലും തന്നെ ഇതുവരെ വഴക്കു പറയുകയോ കുറ്റപ്പെടുത്തുകയോ ചെയ്തിട്ടില്ലെന്നും തന്നെ ഒരുപാടു ശ്രദ്ധിക്കുകയും സമ്മാനങ്ങൾ വാങ്ങിത്തരുകയും ചെയ്യുമെന്നും അവർ പറഞ്ഞു. സമാധാനവും പ്രശാന്തതയും നിറഞ്ഞതാണു തന്റെ ഭവനം എന്നും അവർ സന്തോഷത്തോടെ പറഞ്ഞു.

ഇതു കേട്ടുകൊണ്ടിരുന്ന നബി(സ) തിരുമേനി ഉടനെ ഹദ്റത്ത് ആയിശ(റ)യോടു ചോദിച്ചു; “ആയിശാ! നിന്റെ അഭിപ്രായത്തിൽ ഞാൻ അബൂസാറയെ പോലെയാണോ?” ഹദ്റത്ത് ആയിശ(റ)യുടെ മറുപടിയും പെട്ടെന്നായിരുന്നു. “അല്ലാഹുവിന്റെ തിരുദൂതരേ! എന്റെ ഉമ്മയും ഉപ്പയും ബലിയർപ്പിക്കപ്പെടട്ടെ. അങ്ങ് അദ്ദേഹത്തേക്കാൾ ഏറെ ശ്രേഷ്ഠനാണ്.”

ഈ ഹദീസ്, പരിശുദ്ധ പ്രവാചകന്റെ വിനയശീലത്തെ ചൂണ്ടിക്കാട്ടുന്നു. ദൈവദൂതനും മറ്റൊരു മനുഷ്യനോടും ഉപമിയ്ക്കാൻ പറ്റാത്ത ഗുണവിശേഷങ്ങൾ ഉള്ളതുമായ തന്നെപ്പോലൊരു പുരുഷനെ ഭർത്താവായി ലഭിച്ചതിൽ ആയിശ(റ) എത്ര ഭാഗ്യവതിയാണ് എന്നദേഹം പറഞ്ഞില്ല. അതുപോലെ ഹദ്റത്ത് ആയിശ(റ) അദ്ദേഹത്തിന്റെ പദവിയേയും മഹത്വത്തേയും എത്രത്തോളം മാനിക്കുന്നു എന്ന് തന്റെ മറുപടിയിലൂടെ വ്യക്തമാക്കി. മറ്റാരോടുള്ളതിനേക്കാളും സ്നേഹം തനിക്കു തിരുനബി(സ)യോടാണ് എന്ന വസ്തുത ആ മറുപടിയിൽ സ്പഷ്ടമാണ്.

## നബി(സ) തിരുമേനിക്ക് ഹദ്റത്ത് ആയിശ (റ)യോടുള്ള പരിഗണന

ഒരിക്കൽ ഹദ്റത്ത് അംറ്ബിൻ ആസ് (റ) നബി (സ) തിരുമേനിയോടു ചോദിച്ചു. ‘ജനങ്ങളിൽ അങ്ങ് ആരെയാണ് ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത്?’ ‘ആയിശയെ’ എന്നായിരുന്നു ഉടനെയുള്ള മറുപടി. ‘പുരുഷന്മാരിലോ?’ എന്ന അടുത്ത ചോദ്യത്തിന്റെ മറുപടി. ‘ആയിശയുടെ പിതാവിനെ’ എന്നായിരുന്നു. നോക്കൂ! ഹദ്റത്ത് ആയിശ(റ)യുടെ പിതാവ് എന്നു പറയാനാണ് നബി(സ)തിരുമേനി ഇഷ്ടപ്പെട്ടത്. അവിടുത്തേത് വേണമെങ്കിൽ ‘അബൂബക്കർ’ എന്നു പേരു പറയാമായിരുന്നു. സ്ത്രീകളെ ബഹുമാനിക്കുക എന്നത് പൂർണ്ണമായും ശരിയായ കാര്യമാണെന്ന് ചോദ്യകർത്താവിനും ലോകത്തിനു തന്നെയും വ്യക്തമാക്കി കൊടുക്കുക എന്നതായിരുന്നു നബി(സ) തിരുമേനിയുടെ ഉദ്ദേശ്യം. ഹദ്റത്ത് ആയിശ(റ)യുടെ നാമം ആവർത്തിച്ചു പറയുന്നതിൽ തിരുമേനിക്ക് ഒരു മടിയും ഉണ്ടായിരുന്നില്ല. ഈ ഹദീസ്, ആയിശ(റ)യുടെ സ്വഭാവഗുണത്തെയും എടുത്തുകാണിക്കുന്നു. അന്നത്തെ അറബികൾക്കാകട്ടെ സ്ത്രീകൾക്ക് ഇത്രയേറെ ബഹുമാനം നൽകുക എന്നത് ജുഗുപ്സയുളവാക്കുന്ന കാര്യമായിരുന്നു.

ഹദ്റത്ത് ആയിശ(റ)ക്ക് നബി(സ)യോട് എന്തെങ്കിലും ഇഷ്ടമില്ലായ്മയോ ദ്വേഷ്യമോ തോന്നുന്ന അവസരത്തിൽ, സംഭാഷണത്തിൽ അല്ലാഹുവിനെ സംബോധന ചെയ്യുന്നത് ‘ഇബ്രാഹിം നബി(അ)യുടെ ദൈവം’ എന്നായിരുന്നു. സ്വരുമയിലായിരിക്കുമ്പോൾ ‘മുഹമ്മദിന്റെ ദൈവം’ എന്നും. ഇത് നബി(സ) തിരുമേനി മനസ്സിലാക്കുകയും ഹദ്റത്ത് ആയിശ (റ)യോടു തന്നെ സൂചിപ്പിക്കുകയുമുണ്ടായി. ആയിശ(റ) ചിരിച്ചുകൊണ്ട് അതു ശരിയാണെന്നു സമ്മതിച്ചു. എത്ര സുതാര്യമായ ജീവിതം! (ബുഖാരി, കിതാബുന്നിക്കാഹ്)

## ഒരു വലിയ നുണ:

ഒരിക്കൽ ഹദ്റത്ത് ആയിശ(റ)ക്കെതിരെ ഒരു അപവാദം പ്രചരിക്കുകയുണ്ടായി.

അക്കാലത്ത് മക്കയിലെ ഒരു ശക്തമായ ഗോത്രമായിരുന്ന ഖുറൈശ് അംഗങ്ങൾ, മുസ്ലിംകൾക്കെതിരായി പല ഗോത്രങ്ങളെയും പ്രകോപിപ്പിച്ചു വിടുന്നുണ്ടായിരുന്നു. അതിലൊരു ഗോത്രമായിരുന്നു ബനൂഖുസ്സ്അ. ഇതിലെ ഒരു വിഭാഗമായ ബനൂമുസ്തലിഖിന്റെ നേതാവായ അൽ ഹാരിത്ത് ബിൻ അബിദിരാർ മദീനയെ ആക്രമിക്കാൻ ആജ്ഞ പുറപ്പെടുവിച്ചു. ഹിജ്റ കഴിഞ്ഞ് അഞ്ചാമത്തെ വർഷമായിരുന്നു ഇത്. യുദ്ധവും കഴിഞ്ഞു മുസ്ലിംകൾ മടങ്ങി വരവേ ഉണ്ടായ ഒരു സംഭവമാണ് ഈ ദോഷാരോപണത്തിന്റെ പശ്ചാത്തലം.

ഒരു യുദ്ധത്തിനു സാധ്യതയുണ്ടെന്നു വിവരം ലഭിച്ച നബി(സ) തിരുമേനി, ശത്രുക്കൾ മദീനയിൽ എത്തും മുൻപേ അവരെ നേരിടാനായി മദീനയിൽ നിന്നു തിരിച്ചു. ഒരു യാത്ര ആരംഭിക്കുമ്പോൾ, തന്നെ അനുഗമിക്കേണ്ട പത്നിയെ നറുക്കിട്ടെടുക്കുകയായിരുന്നു നബി(സ)യുടെ പതിവ്. ഇത്തവണ നറുക്കു വീണത് ഹദ്റത്ത് ആയിശ(റ)ക്കായിരുന്നു.

ഇസ്ലാമിക ഭരണകർത്തൃത്വം സ്വീകരിക്കാം എന്നു പ്രതിജ്ഞ ചെയ്യാമെങ്കിൽ മുസ്ലീംകൾ അവരെ ആക്രമിക്കാതെ തിരികെ പൊയ്ക്കൊള്ളാമെന്ന് നബി(സ) പ്രഖ്യാപിച്ചു. ബനൂമുസ്തലിഖു വിഭാഗം അതു നിരാകരിച്ചുകൊണ്ട്, യുദ്ധത്തിനു തയ്യാറാവുകയും മുസ്ലിംകളെ ആക്രമിക്കുകയും ചെയ്തു.

ശത്രുക്കളെ വലയം ചെയ്തുകൊണ്ട് അവരെ നിരായുധരാക്കുന്ന തന്ത്രമാണ് മുസ്ലിം സൈന്യത്തിനു നബി(സ) നിർദ്ദേശിച്ചത്. ഒരു മുസ്ലിം മാത്രമാണ് അന്നു രക്തസാക്ഷിയായത്. ശത്രുക്കളിൽ പത്തുപേർ മരണപ്പെട്ടു.

ചില പ്രത്യേക സാഹചര്യങ്ങൾ കാരണം, പതിവിൽ നിന്നു വ്യത്യസ്തമായി, മദ്ധ്യാഹ്നത്തിൽ തന്നെ യാത്ര തിരിയ്ക്കാൻ തിരുമേനി(സ) കല്പിക്കുകയുണ്ടായി.

ഹദ്റത്ത് ആയിശ(റ) യാത്ര ചെയ്തിരുന്നത് ഒരു ഒട്ടകപുറത്തായിരുന്നു. ഇരിപ്പിടത്തിനു ചുറ്റും പർദ്ദകൾ (കർട്ടനുകൾ) കൊണ്ടു മറച്ചിരുന്നു. 'ഹൗദാ' എന്നാണ് അതിനു പറഞ്ഞിരുന്നത്. യാത്രാസംഘം വഴിമദ്ധ്യേ വിശ്രമിക്കാനായി നിർത്തുമ്പോൾ അവർ 'ഹൗദാ' താഴെ ഇറക്കിക്കൊടുക്കും; ഹദ്റത്ത് ആയിശ(റ)ക്കു താഴെയിറങ്ങി പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും മറ്റുമായി. വീണ്ടും യാത്ര ആരംഭിയ്ക്കുമ്പോൾ അവർ ഒട്ടകപ്പുറത്ത് 'ഹൗദാ' കയറ്റിവയ്ക്കും. ഹദ്റത്ത് ആയിശ(റ) അതിൽ ഇരിക്കുന്നുണ്ടാവും.

മദീനക്കടുത്ത് ഒരു സ്ഥലത്ത് അവർ വിശ്രമിക്കുകയായിരുന്നു. സന്ധ്യയോടടുത്തു പുറപ്പെടാൻ നബി(സ)യുടെ കല്പനയുണ്ടായി. ഇതുകേട്ട ഹദ്റത്ത് ആയിശ(റ) വ്യക്തിപരമായ ഒരാവശ്യത്തിനായി പോയി തിരികെ ഒട്ടകത്തിനടുത്തെത്തി. എന്നാൽ തന്റെ ഒരു ആഭരണം അവിടെ മറന്നതായി കണ്ട ആയിശ(റ) അതെടുക്കാനായി തിരികെപോയി. അവിടെ അതു തിരഞ്ഞു കണ്ടുപിടിക്കാനായി അല്പം സമയമെടുത്തു. അവിടെ ഉണ്ടായിരുന്ന യാത്രക്കാർ ഹദ്റത്ത് ആയിശ(റ) 'ഹൗദ'യിൽ ഉണ്ട്, എന്ന അനുമാനത്തോടെ അതുയർത്തി ഒട്ടകപുറത്തു വെച്ചു യാത്ര ആരംഭിച്ചു. (ഭക്ഷണക്ഷാമവും സാമ്പത്തിക ബുദ്ധിമുട്ടും ചെറിയ പ്രായവും കാരണം തനിയ്ക്കു ശരീരഭാരം തീരെ കുറവായിരുന്നു. എന്നും അതിനാൽ 'ഹൗദ'ക്കു ഭാരക്കുറവ് അനുഭവപ്പെട്ടുകാണില്ല എന്നും ഹദ്റത്ത് ആയിശ(റ) പിന്നീടു പറയുകയുണ്ടായി.)

താവളസ്ഥലത്തു തിരിച്ചെത്തിയ ഹദ്റത്ത് ആയിശ(റ) അവിടം ശുന്യമായി കിടക്കുന്നതു കണ്ട് വല്ലാതെ വിഷമിച്ചു. അവിടെത്തന്നെ കാത്തുനിൽക്കാൻ തീരുമാനിച്ചു. തന്നെ കാണാനില്ലെന്നു മനസ്സിലാക്കി ആരെങ്കിലും തിരികെ അന്വേഷിച്ചു വന്നാലോ? ഏറെ നേരം കഴിഞ്ഞപ്പോൾ ഹദ്റത്ത് ആയിശ(റ) അവിടെത്തന്നെ നിദ്രയിലായി.

യാത്രാസംഘത്തെ പിന്തുടരാനായി സഫ്വാൻ ബിൻ മുഅത്തൽ എന്നൊരാളെ നിയമിച്ചിട്ടുണ്ടായിരുന്നു. ഇതൊരു സുരക്ഷാനടപടി ആയിരുന്നു. ഒട്ടകപ്പുറത്തു നിന്ന് എന്തെങ്കിലും വീണു പോവുകയോ, യാത്രാസംഘം എന്തെങ്കിലും മറന്നുപോവുകയോ, മറ്റോ ചെയ്താൽ അതൊക്കെ ശേഖരിക്കുക, ഒറ്റപെട്ടു പോയവരെ രക്ഷിക്കുക ഇതൊക്കെയായിരുന്നു അദ്ദേഹത്തിന്റെ ചുമതല. അദ്ദേഹം നേരം വെളുക്കാറായപ്പോൾ ആ സ്ഥലത്തെത്തി. വഴിയരുകിൽ ഹദ്റത്ത് ആയിശ(റ) കിടന്നുറങ്ങുന്നതു കണ്ടു. (പർദ്ദാസമ്പ്രദായം അനുശാസിക്കപ്പെടുന്നതിനു മുമ്പേ അദ്ദേഹം ഹദ്റത്ത് ആയിശ(റ)യെ കണ്ടിട്ടുണ്ട്). അദ്ദേഹം വല്ലാതെ അസ്വസ്ഥനായി. **"നിശ്ചയമായും ഞങ്ങൾ അല്ലാഹുവിനുള്ളവരും അവങ്കലേക്കു തന്നെ മടങ്ങുന്നവരുമാകുന്നു" (അൽ ബഖറ : 157)** എന്ന ഖുർആനിക വചനം ഉറക്കെ വിളിച്ചു പറഞ്ഞു. ഇതു കേട്ട് ആയിശ(റ) ഞെട്ടിയുണരുകയും മേലങ്കി കൊണ്ട് പെട്ടെന്ന് മുഖം മറയ്ക്കുകയും ചെയ്തു. ആ സംഭവത്തെക്കുറിച്ച് ഹദ്റത്ത് ആയിശ(റ)യുടെ മൊഴി ഇപ്രകാരമാണ്; "സർവ്വശക്തനായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ സത്യം ചെയ്തു പറയുന്നു, അദ്ദേഹം (സഫ്വാൻ) പിന്നീട് ഒന്നും സംസാരിച്ചിരുന്നില്ല. ഒന്നും എന്നോടു ചോദിച്ചുമില്ല. അദ്ദേഹം തന്റെ ഒട്ടകത്തെ എന്റെ മുന്നിൽ കൊണ്ടുവന്നു. എനിക്കു കയറാനായി അതിനെ ഇരുത്തി. ഒട്ടകം പെട്ടെന്ന് എഴുന്നേൽക്കാതിരിക്കാനായി തന്റെ ഒരു കാൽ ഒട്ടകത്തിന്റെ മുട്ടിനുമേൽ വെച്ചു. ഞാൻ സാവകാശം ഒട്ടകപ്പുറത്തു കയറിയിരുന്നു. സഫ്വാൻ ഒട്ടകത്തിനു മുൻപേ അതിന്റെ കടിഞ്ഞാണും പിടിച്ചു നടക്കാൻ തുടങ്ങി. അവസാനം ഞങ്ങൾ യാത്രാസംഘം തമ്പടിച്ചിരുന്ന സ്ഥലത്തെത്തി. ഇതാണു സംഭവിച്ചത്."

മദീനയിൽ എത്തിയ ശേഷം ഹദ്റത്ത് ആയിശ(റ)യുടെ ആരോഗ്യനില മോശമായി. ഒരു മാസത്തോളം വിശ്രമമായിരുന്നു. ഈ സമയത്തെല്ലാം, നാട്ടുകാർ ഹദ്റത്ത് ആയിശ(റ)യെക്കുറിച്ച് കല്പിച്ചുകൂട്ടി അപവാദം പറഞ്ഞുപരത്തുകയായിരുന്നു. പക്ഷേ ഹദ്റത്ത് ആയിശ(റ) അതറിയുന്നുണ്ടായിരുന്നില്ല. ആയിശ(റ)യെ വിഷമിപ്പിച്ചത് ഒരേയൊരു കാര്യമായിരുന്നു. നബി(സ) പണ്ടത്തേതു പോലെ തന്നെ പരിഗണിക്കുന്നില്ല എന്നൊരു തോന്നൽ ഉണ്ടായി. അദ്ദേഹം വീട്ടിൽ വന്നു സലാം പറഞ്ഞ്, ആരോഗ്യാവസ്ഥ അന്വേഷിച്ച് ഉടനെ തിരിച്ചു പോകുമായിരുന്നു. പക്ഷേ ആയിശ(റ) പരാതിപ്പെട്ടില്ല.

ഒരു ദിവസം, യാദൃശ്ചികമായി, തങ്ങളുടെ ഒരു ബന്ധുവായ ഉമ്മുമിസ്തയിൽ നിന്ന് അപവാദപ്രചാരണത്തെക്കുറിച്ച് ആയിശ(റ) അറിയാനിടയായി. അവരുടെ (ഉമ്മു മിസ്തയുടെ) മകനും ഈ പ്രചാരണത്തിൽ ഉൾപ്പെട്ടിരുന്നു. ഇത് ആയിശ(റ)ക്കു വിശ്വസിക്കാനേ കഴിഞ്ഞില്ല. അധികം താമസിയാതെ അൻസാർ ഗോത്രത്തിൽപ്പെട്ട ഒരു സ്ത്രീ ആയിശ(റ)ക്ക് മദീനയിൽ പ്രചരിച്ചിരിക്കുന്ന ആ അപവാദക്കഥ പൂർണ്ണമായും പറഞ്ഞുകൊടുത്തു. ഒരു ഞെട്ടലോടെ ഇതുകേട്ട ആയിശ(റ) ബോധരഹിതയായി.

സാധാരണപോലെ നബി(സ) തിരുമേനി ആയിശ(റ)യെ കാണാനായിപോയപ്പോൾ തന്റെ മാതാപിതാക്കളുടെ അടുത്തുപോയി കുറച്ചു ദിവസം നിൽക്കാനായി അദ്ദേഹത്തോട് അനുവാദം ചോദിച്ചു. അവിടേയും എന്തെങ്കിലും വാർത്ത പരന്നിട്ടുണ്ടോ എന്നറിയുകയായിരുന്നു ഉദ്ദേശ്യം. ആയിശ(റ)യുടെ മാതാവ് ഇപ്രകാരം ആശ്വസിപ്പിക്കാൻ തുടങ്ങി; "പ്രിയമകളേ, നീ വിഷമിക്കേണ്ടതില്ല. ഒരു പുരുഷന് ഒന്നിലധികം ഭാര്യമാർ ഉണ്ടായിരിക്കുകയും അദ്ദേഹത്തിന് അതിലൊരാളോട് കൂടുതൽ ഇഷ്ടം തോന്നുകയും ചെയ്താൽ ഇത്തരം അപവാദങ്ങൾ അവൾക്കെതിരെ ഉണ്ടാവുക എന്നത് സാധാരണമാണ്." താനൊന്നും പറയാതെ മാതാവ് ഇങ്ങനെ ആശ്വസിപ്പിച്ചപ്പോൾ തന്നെക്കുറിച്ച് ഈ നാട്ടിലും അപവാദങ്ങൾ പരന്നിരിക്കുന്നുവെന്ന് വേദനയോടെ മനസ്സിലാക്കിയ ആയിശ(റ) ആ രാത്രി മുഴുവൻ പൊട്ടിക്കരയുകയായിരുന്നു.

ഈ പ്രശ്നത്തെക്കുറിച്ചു വെളിപാടുകൾ ഒന്നും ലഭിക്കാത്തതിനാൽ നബി(സ) തിരുമേനി അസ്വസ്ഥനായിരുന്നു. തന്റെ സന്തതസഹചാരികളായ ഹദ്റത്ത് അലിയ്യ്ബിൻ അബൂതാലിബി(റ)നും ഹദ്റത്ത് ഉസാമാബിൻ സയ്ദിനും (റ) ഹദ്റത്ത് ആയിശ(റ)യുടെ ധർമ്മബോധത്തെക്കുറിച്ചല്ലാതെ മറ്റൊന്നും പറയാനില്ലായിരുന്നു. 'തിരുനബി(സ)യുടെ ഭാര്യ' എന്ന ശ്രേഷ്ഠപദം അലങ്കരിക്കുവാൻ പൂർണ്ണമായും അർഹതയുള്ള വ്യക്തിയാണ് ആയിശ(റ) എന്ന് അവർ നിസ്സംശയം പ്രസ്താവിച്ചു. ഇത്തരുണത്തിൽ ഹദ്റത്ത് ആയിശ(റ)യുടെ വിശ്വസ്ത പരിചാരികയായ ബരീറ പറഞ്ഞതു ശ്രദ്ധേയമാണ്; "അല്ലാഹുവിന്റെ നാമത്തിൽ ഞാൻ സത്യം ചെയ്യുന്നു. എന്റെ യജമാനത്തിയിൽ ഞാനൊരു ദുശ്ശീലവും കണ്ടിട്ടില്ല. സ്വർണ്ണവ്യാപാരി തനിത്തങ്കം തിരിച്ചറിയും പോലെ ഞാൻ എന്റെ സ്വാമിനിയെ പരിശുദ്ധയെന്നു തിരിച്ചറിയുന്നു."

ഹദ്റത്ത് ആയിശ(റ) മാതാപിതാക്കളുടെ അടുത്തു ദുഃഖിതയായി കഴിയുകയായിരുന്നു. ഒരു മാസത്തോളമായി, ഒരു ദിവസം നബി(സ) തിരുമേനി ആയിശ(റ)യുടെ അടുത്തുവന്നിരുന്നു. ഈ അപവാദം പ്രചരിക്കാൻ തുടങ്ങിയതു മുതൽ ഈ ദിനം വരെ നബി(സ) തിരുമേനി അങ്ങനെ അടുത്തുവന്നിരുന്നിട്ടില്ല എന്ന് ആയിശ(റ) ഓർക്കുന്നു. നബി(സ)തിരുമേനി 'ശഹാദത്ത്' ഉരുവിട്ട ശേഷം അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു; "ആയിശാ, നിന്നെ അപകീർത്തിപ്പെടുത്തുന്ന ചില വിവരങ്ങൾ ഞാൻ അറിയുകയുണ്ടായി. ഈ ആരോപണത്തിൽ നീ നിഷ്കളങ്ക

**താനൊന്നും പറയാതെ തന്നെ മാതാവ് ഇങ്ങനെ ആശ്വസിപ്പിച്ചപ്പോൾ തന്നെക്കുറിച്ച് ഈ നാട്ടിലും അപവാദങ്ങൾ പരന്നിരിക്കുന്നുവെന്ന് വേദനയോടെ മനസ്സിലാക്കിയ ആയിശ(റ) ആ രാത്രി മുഴുവൻ പൊട്ടിക്കരയുകയായിരുന്നു.**

യാണെങ്കിൽ തീർച്ചയായും സർവ്വശക്തനായ അല്ലാഹു നിന്നെ പിന്തുണക്കും. നീ തെറ്റുകാരിയാണെങ്കിൽ അല്ലാഹുവിലേക്കു പശ്ചാത്തപിച്ചു മടങ്ങുകയും അവനോടു പാപപ്പൊറുതിക്കായി അപേക്ഷിക്കുകയും വേണം. പരമകാരുണികനായ അല്ലാഹുവിന്റെ ദാസൻ അവനെ വണങ്ങുകയും തന്റെ തെറ്റുകൾ ഏറ്റുപറയുകയും പാപപൊറുതിക്കായി അർത്ഥിക്കുകയും ചെയ്യുമ്പോൾ, സർവ്വശക്തനായ അല്ലാഹു ആ പശ്ചാത്താപം സ്വീകരിക്കുകയും തന്റെ ദാസനോട് അങ്ങേയറ്റം കരുണ കാണിക്കുകയും ചെയ്യുന്നു."

യൂസുഫ് നബി(അ)യുടെ പിതാവിന്റെ വരികളാണ് ഹദ്റത്ത് ആയിശ(റ) മറുപടിയായി പറഞ്ഞത്. '**ഭംഗിയായ ക്ഷമയാണ് (എനിക്ക് ഉത്തമം). നിങ്ങൾ വിവരിക്കുന്നതിനെതിരെ സഹായം തേടപ്പെടേണ്ടവൻ അല്ലാഹുവത്രേ." (സൂറ. യൂസുഫ്: 19)** താൻ തെറ്റു ചെയ്തിട്ടില്ലാത്തതിനാൽ അല്ലാഹു തന്റെ നിരപരാധിത്വം എത്രയും പെട്ടെന്നു തന്നെ തെളിയിക്കും എന്ന് ഹദ്റത്ത് ആയിശ(റ)ക്ക് ഉറപ്പുണ്ടായിരുന്നു. സ്വപ്നത്തിലൂടെയോ ദർശനത്തിലൂടെയോ അല്ലാഹു നബി(സ) തിരുമേനിക്ക് ഉറപ്പു നൽകും എന്നവർ ദൃഢമായി വിശ്വസിച്ചു. സ്ഥിരചിത്തത കൈക്കൊണ്ടു. കുറച്ചു നിമിഷങ്ങൾക്കു ശേഷം നബി(സ) തിരുമേനിയുടെ മുഖം വിയർക്കാൻ തുടങ്ങുന്നതായി ഹദ്റത്ത് ആയിശ(റ) ശ്രദ്ധിച്ചു. വെളിപാടുകൾ ലഭിക്കുമ്പോൾ ഇങ്ങനെ സംഭവിക്കാറുണ്ട്. തണുത്ത കാലാവസ്ഥ ആയിരുന്നിട്ടുകൂടി അദ്ദേഹത്തിന്റെ മുഖത്തു വിയർപ്പുതുള്ളികൾ കാണപ്പെട്ടു. അല്പസമയത്തിനുശേഷം ഈ അവസ്ഥ മാറുകയും പുഞ്ചിരിച്ചുകൊണ്ട് നബി(സ) ഹദ്റത്ത് ആയിശ(റ)യോട് "അല്ലാഹു നീ നിഷ്കളങ്കയാണ് എന്നു വിധിച്ചിരിക്കുന്നു" എന്നു പറയുകയും ചെയ്തു.

സൂറ. അന്നൂറിലെ പത്തു ദിവ്യവചനങ്ങളാണ് ഹദ്റത്ത് ആയിശ(റ)ക്കു വേണ്ടി ഇറങ്ങിയത്. 'തീർച്ചയായും ആ ഭയങ്കരനുണ ചമച്ചുണ്ടാക്കിയവർ നിങ്ങളിൽ

നിന്നുള്ള ഒരു സംഘമാണ്. നിങ്ങൾക്കതു ദോഷമാണെന്നു വിചാരിക്കേണ്ട പ്രത്യുത, നിങ്ങൾക്കതു ഗുണകരമാണ്. (എന്തെന്നാൽ അതുനിമിത്തം, ഒരു യുക്തി പൂർണ്ണമായ അധ്യാപനം നിങ്ങൾക്കു ലഭിച്ചിരിയ്ക്കുന്നു). അവരിൽപെട്ട ഓരോ വ്യക്തിക്കും അവൻ പ്രവർത്തിച്ച കുറ്റത്തിന്റെ (ശിക്ഷ) ലഭിക്കുന്നതാണ്. അവരിൽ നിന്ന് കുറ്റത്തിന്റെ വലിയ ഭാഗത്തിന് ഉത്തരവാദിയായവനാരോ അവന് വളരെ വലിയ ശിക്ഷ ലഭിക്കുന്നതാണ്.' (24:12)

'നിങ്ങൾ അതു കേട്ടപ്പോൾ എന്തുകൊണ്ട് സത്യവിശ്വാസികളും സത്യവിശ്വാസിനികളും സ്വന്തം ആളുകളെ സംബന്ധിച്ച് നല്ല വിചാരം വിചാരിക്കുകയും ഇതു വ്യക്തമായ നുണയാണെന്നു പറയുകയും ചെയ്തില്ല?' (24:13)

'അവരെന്തുകൊണ്ട് അതിനു നാലു സാക്ഷികളെ കൊണ്ടുവന്നില്ല? അപ്പോൾ അവർ സാക്ഷികളെ കൊണ്ടുവന്നിട്ടില്ലാത്ത സ്ഥിതിയ്ക്ക് അല്ലാഹുവിന്റെ പക്കൽ അവർ തന്നെയാണു കള്ളം പറയുന്നവർ' (24:14)

'അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇഹത്തിലും പരത്തിലും നിങ്ങൾക്കുണ്ടായിരുന്നില്ലെങ്കിൽ നിങ്ങൾ ഏതൊരു കാര്യത്തിൽ കടന്നുസംസാരിച്ചുവോ അതു നിമിത്തം നിങ്ങളെ വളരെ വലിയ ശിക്ഷ ബാധിക്കുമായിരുന്നു.' (24:15)

'നിങ്ങളുടെ നാവുകൊണ്ട് ആ വാർത്ത ഏറ്റെടുത്തു പ്രചരിപ്പിക്കുകയും നിങ്ങൾക്കറിവില്ലാത്ത കാര്യം വായ കൊണ്ടു നിങ്ങൾ പറയുകയും ചെയ്തപ്പോൾ (അല്ലാഹു നിങ്ങളുടെ മേൽ കോപിഷ്ഠനായി). അതൊരു ലഘുവായ കാര്യമാണെന്നു നിങ്ങൾ വിചാരിക്കുന്നു. വാസ്തവത്തിൽ അത് അല്ലാഹുവിന്റെ പക്കൽ വളരെ ഗുരുതരമാണ്.' (24:16)

'നിങ്ങൾ ആ വാർത്ത കേട്ടപ്പോൾ നമുക്ക് ഇതിനേക്കുറിച്ച് സംസാരിക്കാൻ പാടില്ലാത്തതാണ്, അല്ലാഹുവേ നീ പരിശുദ്ധൻ! ഇതൊരു വലിയ നുണയാണ്' എന്നു നിങ്ങൾക്കു പറയാമായിരുന്നില്ലേ? (24:17)

'നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ ഇതുപോലുള്ളത് നിങ്ങൾ ഒരിക്കലും ആവർത്തിക്കരുതെന്ന് അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നു.' (24:18)

'അല്ലാഹു നിങ്ങൾക്ക് (തന്റെ) വിധികൾ വിവരിച്ചു തരുന്നു. അല്ലാഹു സർവ്വജ്ഞനും യുക്തിജ്ഞനുമാകുന്നു.' (24:19)

'വിശ്വസിച്ചവരിൽ ലജ്ജാകരമായ കാര്യങ്ങൾ പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവർക്ക് ഇഹത്തിലും പരത്തിലും വേദനാജനകമായ ശിക്ഷ ലഭിക്കുന്നതാണ്. അല്ലാഹു അറിയുന്നു. നിങ്ങളോ അറിയുന്നില്ല.' (24:20)

'നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും, അല്ലാഹു ദയാലുവും കരുണാമയനുമാണെന്ന സ്ഥിതിയും ഇല്ലായിരുന്നുവെങ്കിൽ (നിങ്ങൾ ദുഃഖത്തിൽ അകപ്പെട്ടു പോകുമായിരുന്നു) (24:21)

ആയിശ(റ)യുടേയും നബി(സ) തിരുമേനിയുടേയും മനമുരുകിയുള്ള പ്രാർത്ഥനകൾക്കുത്തരമായി, പത്തു വിശിഷ്ടവചനങ്ങളാണു മാനവസമൂഹത്തിനു ലഭിച്ചിരിക്കുന്നത്. ആ സ്നേഹബന്ധത്തിന്റെ ആഴവും അതിലുള്ള ദൈവികപ്രഭാവവും ഇതു വ്യക്തമാക്കുന്നു.

ഹദ്റത്ത് ആയിശ(റ)ക്കെതിരെ വന്ന കുറ്റാരോപണം വാസ്തവത്തിൽ പരിശുദ്ധ പ്രവാചകനും ഇസ്‌ലാംമതത്തിനു തന്നെയും എതിരിടേണ്ടി വന്ന ഒന്നായിരുന്നു. സർവ്വശക്തനായ അല്ലാഹു ഹദ്റത്ത് ആയിശ(റ)യെ മാത്രമല്ല നിർദോഷീകരിച്ചത്. മനുഷ്യവർഗ്ഗത്തിന്റെ തന്നെ ആഭിജാത്യം കാത്തുസൂക്ഷിക്കുവാനുള്ള മാർഗ്ഗമാണു പറഞ്ഞു തന്നത്. തങ്ങളുടെ സദാചാരബോധത്തിനെതിരായി തെറ്റായ കുറ്റാരോപണം നേരിടേണ്ടതായി വരുമ്പോൾ, എന്തു ചെയ്യണം എന്ന മഹത്തായ മാർഗ്ഗദർശനം! അതിന് ഹദ്റത്ത് ആയിശ (റ) ഒരു നിമിത്തമാവുക മാത്രമായിരുന്നു.

ഹദ്റത്ത് ആയിശ(റ)യെക്കുറിച്ച് സർ വില്ല്യം മൂയിർ പറഞ്ഞിരിക്കുന്നതു നോക്കുക; "ഹദ്റത്ത് ആയിശ(റ)യുടെ സ്വഭാവനന്മകൾക്ക് വിശദീകരണം ആവശ്യമില്ല. പഴിചാരപ്പെടുന്നതിനുമുമ്പേയും അതിനു ശേഷവുമുള്ള ഹദ്റത്ത് ആയിശ(റ)യുടെ ജീവിതം, അവർ എത്ര മാത്രം നിഷ്കളങ്കയും വിശ്വസ്തയും ആയിരുന്നു എന്നു നമ്മെ ബോധ്യപ്പെടുത്തുന്നു.(Life of Muhammed, P. 304)

തനിക്കു നേരിടേണ്ടി വന്ന ഈ പരീക്ഷണം സത്യത്തിൽ സർവ്വലോക പരിപാലകനിൽ നിന്നുണ്ടായ മഹത്തായ ഒരു അനുഗ്രഹം തന്നെ ആയിരുന്നുവെന്ന് ഹദ്റത്ത് ആയിശ(റ) പിന്നീടു പറയുകയുണ്ടായി.

"എന്റെ ഭാര്യയെക്കുറിച്ച്, അവൾ നല്ലവളും പൂർണ്ണമായും അല്ലാഹുവിൽ വിശ്വസിക്കുന്നവളും ആണ് എന്നല്ലാതെ മറ്റൊന്നും എനിക്കറിയില്ല എന്നു ഞാൻ അല്ലാഹുവിന്റെ നാമത്തിൽ സത്യം ചെയ്തു പറയുന്നു". ഇതായിരുന്നു നബി(സ) തിരുമേനിക്കു പറയാനുണ്ടായിരുന്നത്. ***അവലംബം : റിവ്യൂ ഓഫ് റിലിജൻസ് (ഏപ്രിൽ 2010)***

■

*2008ലെ യു.കെ. ജൽസയിൽ യു.കെ. ലജ്നാ ഇമായില്ലാഹ് നാഷണൽ പ്രസിഡന്റ് ചെയ്ത പ്രസംഗഭാഗങ്ങൾ.*

# ലജ്നാ ഇമായില്ലാഹ് സ്ഥാപനവും ആദ്യകാല വനിതകളുടെ സാമ്പത്തിക ത്യാഗവും

## ഇസ്‌ലാമിന്റെ പുനരുത്ഥാനഘട്ടങ്ങളിൽ സ്ത്രീകൾക്കുള്ള നിർണ്ണായക പങ്ക് മനസ്സിലാക്കിക്കൊണ്ടാണ് ഖലീഫത്തുൽ മസീഹ് സാനി (റ) ലജ്നാ ഇമായില്ലാഹ് എന്ന വനിതാസംഘടന രൂപീകരിച്ചത്

"കാലത്തെക്കൊണ്ടുസത്യം മനുഷ്യൻ നഷ്ടത്തിൽ തന്നെയാണ്. സത്യത്തിൽ വിശ്വസിക്കുകയും സൽകർമ്മങ്ങളനുഷ്ഠിക്കുകയും സത്യം സ്വീകരിക്കുവാനും സ്ഥിരചിത്തത കൈക്കൊള്ളാനും പരസ്പരം ഉപദേശിക്കുകയും ചെയ്യുന്നവരൊഴികെ (103:1-4)

മുഹമ്മദ് നബി(സ)തിരുമേനിയുടെ ആഗമനത്തിനു മുമ്പേ അറബ് ലോകത്തിന്റെ ധാർമ്മികാവസ്ഥ അങ്ങേയറ്റം അധഃപതിക്കുകയും അധാർമ്മികത അധികമാകുകയും ചെയ്തിരുന്നു. എന്നാൽ നബി(സ) തിരുമേനി അവരെ മാറ്റിയെടുത്തു. ആ മഹാത്മാവിന്റെ അനുചരന്മാർ ഇസ്‌ലാമിനുവേണ്ടി മഹത്തായ ത്യാഗങ്ങൾ വരിക്കുകയും ദൈവതൃപ്തി നേടുകയും ചെയ്തു. എങ്കിലും കാലക്രമേണ മുസ്‌ലിംകളുടെ ഉന്നതമായ ധാർമ്മിക നിലവാരം ദുർബ്ബലമാവുകയും അന്ധകാര കാലം പുനർജ്ജനിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിനായി അവസാനകാലത്ത് മസീഹും മഹ്ദിയും ആഗതനാകുമെന്ന നബി(സ)തിരുമേനിയുടെ പ്രവചനങ്ങളുടെ സാക്ഷാത്ക്കാരമായി ഹദ്റത്ത് അഹ്മദ്(അ)ആഗതനായി. ദൈവികനിർദ്ദേശമനുസരിച്ച് വാഗ്ദത്ത മസീഹ് (അ) അനുഗൃഹീതരും പരിശുദ്ധരുമായവരുടെ ഒരു ജമാഅത്ത് സ്ഥാപിച്ചു. അതിന്റെ അനുയായികൾ നബി (സ)തിരുമേനിയുടെ സഹചരന്മാരെപ്പോലെ ത്യാഗങ്ങൾ അനുഷ്ഠിച്ചു. അത്തരം ത്യാഗങ്ങൾ ഇന്നും അഹ്മദീ മുസ്‌ലിംകൾ ചെയ്തുകൊണ്ടിരിക്കുന്നു. അങ്ങനെ ഒരു സുവർണ്ണകാലഘട്ടം ഇസ്‌ലാമിൽ പുനഃസ്ഥാപിക്കപ്പെട്ടു.

ഇസ്‌ലാമിന്റെ ഈ പുനരുത്ഥാനത്തിന്റെ ആദ്യഘട്ടങ്ങളിൽ, സ്ത്രീപുരുഷന്മാരുടെ സേവനങ്ങൾ സുസംഘടിതവും ഐക്യത്തോടെയുമാക്കാൻ ജമാഅത്തിൽ ഒരു സംഘടനാപരമായ വ്യവസ്ഥ രൂപം കൊണ്ടു.

തുടക്കത്തിൽ, സ്ത്രീകൾക്കായി പ്രത്യേക സംഘടന ജമാഅത്തിൽ ഉണ്ടായിരുന്നില്ല. ഇസ്‌ലാമിൽ സ്ത്രീകൾക്കുള്ള നിർണ്ണായകമായ പങ്ക് മനസ്സിലാക്കിക്കൊണ്ടും തന്റെ രണ്ടാം ഭാര്യയായ അമത്തുൽ ഹയ്യ് സാഹിബ(റ)യുടെ പ്രേരണകൊണ്ടും വാഗ്ദത്ത മസീഹി(അ)ന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) സ്ത്രീകൾക്കുവേണ്ടി മാത്രം ലജ്നാ ഇമായില്ലാഹ് എന്ന പേരിൽ ഒരു പ്രത്യേക സംഘടന സ്ഥാപിച്ചു. ഹദ്റത്ത് അമത്തുൽ ഹയ്യ് സാഹിബ (റ) യായിരുന്നു അതിന്റെ പ്രഥമ സെക്രട്ടറി. അവർക്കു ശേഷം സുപ്രധാനമായ ഈ പദവി ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി(റ)ന്റെ ഭാര്യയായ ഹദ്റത്ത് സാറാബീഗം സാഹിബ(റ)ക്ക് നല്കപ്പെട്ടു. പിന്നീട് ഹദ്റത്ത് സയ്യിദ മർയം ബീഗം സാഹിബയായിരുന്നു സെക്രട്ടറി.

ലജ്നാ ഇമായില്ലാഹ് സ്ഥാപിക്കപ്പെട്ടപ്പോൾ അതിലെ അംഗങ്ങൾ പ്രസിഡണ്ട് സ്ഥാനം വഹിക്കാൻ വാഗ്ദത്ത മസീഹി(അ)ന്റെ അനുഗൃഹീത പത്നിയായ ഹദ്റത്ത് നുസ്റത്ത് ബീഗം സാഹിബ(റ)യോട് അഭ്യർത്ഥിച്ചു. സ്വാഭാവികമായും ആദ്യത്തെ സെഷനിൽ അവർ തന്നെ പ്രസിഡണ്ട് പദമലങ്കരിച്ചെങ്കിലും

ആ സെഷനിൽ തന്നെ ഹദ്റത്ത് സയ്യിദ മഹ്മൂദാബീഗം സാഹിബയെ (റ) പ്രസിഡണ്ടായി അവർ നാമനിർദ്ദേശം ചെയ്തു. ഹദ്റത്ത് സയ്യിദ മഹ്മൂദാ ബീഗം സാഹിബ(റ) 1958 ജൂലായ് 31ന് ചരമം പ്രാപിക്കുന്നതുവരെ ആ പദവിയിൽ ഇരുന്നു. 1958 ആഗസ്ത് മുതൽ ഹദ്റത്ത് മർയം സാഹിബ(റ) ഈ ഉത്തരവാദിത്തം ഏറ്റെടുത്തു.

'ഖാദിയാനിലെ വനിതകൾക്ക്' എന്ന തലക്കെട്ടിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഒരു ലേഖനത്തിൽ എഴുതി: 'നമ്മുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം പൂർത്തിയാക്കാൻ വനിതകളുടെ കഠിനാദ്ധ്വാനം ആവശ്യമാണ്. അത് പുരുഷന്മാരുടേതുപോലെ നിർണ്ണായകവുമാണ്. നമ്മളിൽ നിന്ന് എന്താണ് ഇസ്‌ലാം ആവശ്യപ്പെടുന്നതെന്ന് സ്ത്രീകൾക്ക് മനസ്സിലായിട്ടില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്. അല്ലാഹുവിന്റെ തൃപ്തി നേടിക്കൊണ്ട് മരണത്തിനുശേഷം മാത്രമല്ല, ഈ ലോകത്തും അവന്റെ അനുഗ്രഹങ്ങൾ സ്വായത്തമാക്കാൻ നാം എങ്ങനെ ജീവിതം നയിക്കണം എന്നു ഗൗരവപൂർവ്വം പരിശോധിക്കുകയാണെങ്കിൽ നിരവധി സ്ത്രീകൾ തങ്ങളുടെ ഗാർഹിക ജോലികളൊഴിച്ചു ബാക്കിയുള്ള ഒന്നിനേയും വേണ്ടത്ര ഗൗനിക്കുന്നില്ലെന്ന് മനസ്സിലാകും.'

ഇസ്‌ലാമിന്റെ വൈരികളായ സ്ത്രീകളുടെ ശ്രമഫലമായി അവരുടെ സന്താനങ്ങളിൽ തെറ്റായ ആശയങ്ങൾ വ്യാപിച്ചിരിക്കുന്നുവെന്നും അതിനെ നേരിടാൻ നമ്മുടെ സ്വന്തം സ്ത്രീകൾക്കു സാദ്ധ്യമല്ല എന്നും അദ്ദേഹം തുടർന്നെഴുതി. മാതാക്കളുടെ അദ്ധ്യാപനവും മാർഗ്ഗദർശനവും മുഖേന മാത്രമെ ഇസ്‌ലാമിന്റെ സത്ത കുട്ടികളിൽ വളർത്തിയെടുക്കാൻ സാധിക്കുകയുള്ളൂ എന്നദ്ദേഹം വിശദീകരിച്ചു. അതുകൊണ്ട്, ജമാഅത്തിന്റെ പുരോഗതി സ്ത്രീകളെ ആശ്രയിച്ചാണിരിക്കുന്നത്. ബാല്യകാലം വളരെ സ്വാധീനമുണ്ടാക്കുന്ന ഘടകമാണ്. അതുകൊണ്ട് സ്ത്രീകളുടെ പരിഷ്കരണം സ്ത്രീകൾ തന്നെ നിർവ്വഹി ക്കണം. ഈ ആശയങ്ങൾ മുന്നിൽവെച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) എഴുതി: ഈ ആശയത്തോട് യോജിക്കുകയും താഴെ പറയുന്ന കർമ്മങ്ങളുടെ ആവശ്യകത സ്വീകരിക്കുകയും ചെയ്യുന്ന സഹോദരിമാരെ പ്രവർത്തനമാരംഭിക്കാനും എന്നെ അറിയിക്കാനും ഞാൻ ക്ഷണിക്കുന്നു. ആ കർമ്മങ്ങൾ ഇവയാണ്.

(1) സ്ത്രീകൾ തങ്ങളുടെ ജ്ഞാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും അത് മറ്റു സ്ത്രീകൾക്ക് പകർന്നു കൊടുക്കുകയും വേണം.

(2) ഈ പ്രവൃത്തി തുടർന്നുപോവാൻ ഒരു

**അവരുടെ ഓരോ വാക്കും ഒരു മൂർച്ചയേറിയ കത്തിപോലെ എന്റെ ഹൃദയത്തിൽ തറച്ചു. അതേസമയം എന്റെ ഹൃദയം ഔദാര്യവാനായ ദൈവത്തോടുള്ള കൃതജ്ഞതയാൽ നിറഞ്ഞു.**

സംഘടന സ്ഥാപിക്കണം.

(3) ഈ സംഘടന നടത്തുവാനുള്ള ചില നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കുക. അവ ഓരോരുത്തരും അനുസരിക്കണം.

(4) ഈ നിയമങ്ങൾ അഹ്മദിയ്യാ ജമാഅത്ത് അവതരിപ്പിക്കുന്ന ഇസ്‌ലാമിക വീക്ഷണത്തിനനുസൃതവും അതിനെ ശക്തിപ്പെടുത്താൻ സഹായകവുമായിരിക്കണം.

(5) വർത്തമാനകാല അവസ്ഥകളുമായി ബന്ധപ്പെട്ട ഇസ്‌ലാമിന്റെ വ്യത്യസ്തമായ വശങ്ങളെ സംബന്ധിച്ച് ഈ സംഘടനയിലെ അംഗങ്ങൾ എഴുതിയ ഉപന്യാസങ്ങൾ സമ്മേളനങ്ങളിൽ വായിക്കപ്പെടണം. ആ അറിവ് ഉപയോഗപ്പെടുത്താൻ കഴിവുറ്റവരാകണം.

(6) അറിവ് വർദ്ധിപ്പിക്കാനായി ഈ സംഘടന അതിന് യുക്തമെന്നു തോന്നുന്ന ഇസ്‌ലാമിക പണ്ഡിതന്മാരെ പ്രഭാഷണങ്ങൾ നടത്താൻ ക്ഷണിക്കണം.

(7) ജമാഅത്തിലെ ഐക്യം നിലനിർത്താൻ ഈ സംഘടനയുടെ നടപടിക്രമങ്ങളെല്ലാം കാലത്തിന്റെ ഖലീഫയുടെ രൂപരേഖയുടേയും പദ്ധതികളുടെയും അടിസ്ഥാനത്തിലുള്ളതായിരിക്കണം.

(8) ജമാഅത്തിലെ ഐക്യം വർദ്ധിപ്പിക്കാൻ കഠിനയത്നം ചെയ്യണം. എന്തെന്നാൽ, വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയും വാഗ്ദത്ത മസീഹും (അ) ഇത് ഓരോ മുസ്‌ലിമിന്റേയും കർത്തവ്യമാണെന്ന് പ്രസ്താവിച്ചിരിക്കുന്നു. ഈ ഉദ്ദേശ്യത്തിന് എന്തുത്യാഗം ചെയ്യാനും നിങ്ങൾ സദാ സന്നദ്ധരായിരിക്കണം.

(9) നിങ്ങളുടെ സദാചാരത്തിന്റേയും ധാർമ്മികതയുടേയും പരിഷ്ക്കരണത്തിനും വികസനത്തിനും സദാ ശ്രദ്ധാലുക്കളായിരിക്കുക. ഇക്കാര്യത്തിൽ പരസ്പരം സഹകരിക്കുകയും അതിനുള്ള വഴികളെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുക. ഭക്ഷണത്തിലും വസ്ത്രധാരണത്തി ലും മാത്രം നിങ്ങളുടെ ശ്രദ്ധ പരിമിതപ്പെടുത്താതിരിക്കുക.

(10) മക്കളെ വളർത്തുന്നതിലുള്ള ഉത്തരവാദിത്വം മനസ്സിലാക്കുക. അവരെ മതകാര്യങ്ങളിൽ അജ്ഞരും, നിഷ്ക്രിയരും അലസരുമാക്കുന്നതിന് പകരം കർമ്മോത്സുകരും ജാഗരൂകരും ശക്തരുമാക്കുക. നിങ്ങളുടെ മതപരമായ അറിവ് അവർക്കും പഠിപ്പിക്കുക, ദൈവസ്നേഹവും അനുസരണവും സൃഷ്ടിക്കുക, നബി(സ) തിരുമേനിയോടും വാഗ്ദത്ത മസീഹി(അ)നോടും ഖലീഫമാരോടും സ്നേഹവും അനുസരണവും സൃഷ്ടിക്കുക, ഇസ്‌ലാമിക സിദ്ധാന്തമനുസരിച്ചും ഇസ്‌ലാമിനുവേണ്ടിയും ജീവിതം നയിക്കാനുള്ള ആവേശം അവരിൽ സൃഷ്ടിക്കുക. ഈ പ്രവൃത്തി ചെയ്യാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

(11)നിങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ തെറ്റുകൾ പരസ്പരം ക്ഷമയോടും ധൈര്യത്തോടും ശരിയാക്കാൻ ശ്രമിക്കുക. ദ്വേഷ്യവും നിരാശയും പ്രകടിപ്പിച്ചുകൊണ്ട് അനൈക്യം സൃഷ്ടിക്കരുത്.

(12)ഓരോ പുതിയ പദ്ധതിയേയും ജനങ്ങൾ കളിയാക്കുകയും പരിഹസിക്കുകയും ചെയ്യും. എന്നാൽ ഈ കളിയാക്കലും പരിഹാസവും നിങ്ങൾ ശ്രദ്ധിക്കരുത്. വ്യക്തിപരമായും സംഘം ചേർന്നുമുള്ള ഈ പരിഹാസം സഹിക്കാൻ മുൻകൂട്ടി പഠിക്കണം. അതുവഴി മറ്റു സഹോദരിമാർ നിങ്ങളുടെ മാതൃകയിൽ ആകൃഷ്ടരാകുന്നതാണ്.

(13)ഈ ആശയം ശക്തിപ്പെടുത്താനും അത് എന്നെന്നേക്കും തുടരാനും സമാനമനസ്കരായ സഹോദരിമാരെ കൂട്ടുപിടിക്കണം. ഈ സംഘടനയിൽ അംഗമാവുന്ന ഓരോ സഹോദരിയും മറ്റു സഹോദരിമാരെ സമാനമനസ്കരാക്കൽ തന്റെ ചുമതലയാണെന്ന് കരുതിയാലേ ഈ ജോലി തുടർന്നുകൊണ്ടു പോകാൻ സാധിക്കുകയുള്ളൂ.

(14)ഈ പ്രവൃത്തിയെ അപകടത്തിൽ നിന്ന് സംരക്ഷിക്കാൻ ഇതിന്റെ ആശയങ്ങളോട് പൂർണ്ണമായും യോജിക്കുന്ന സഹോദരിമാരെ മാത്രമേ ഈ സംഘടനയിൽ അംഗങ്ങളാക്കേണ്ടതുള്ളൂ. ഇനി ആരെങ്കിലും നഊദുബില്ലാഹ്, യോജിക്കുന്നില്ലെങ്കിൽ യാതൊരു മുഷിച്ചിലും കൂടാതെ വിട്ടുപോകാവുന്നതാണ്. അല്ലെങ്കിൽ അവരോട് വിട്ടുപോകാൻ പറയാവുന്നതാണ്.

(15) ഈ ജമാഅത്ത് ഒരു പ്രത്യേക ഗ്രൂപ്പ് ഉൾക്കൊള്ളുന്നതല്ലെന്നതിനാൽ ധനവാന്മാരും ദരിദ്രരും തമ്മിൽ യാതൊരു വിവേചനവും ഇല്ലാതിരിക്കേണ്ടതാവശ്യമാണ്. നിങ്ങൾ സമ്പന്നർക്കും സാധുക്കൾക്കുമിടയിൽ സ്നേഹവും സമത്വവും സൃഷ്ടിക്കാൻ ശ്രമിക്കണം. അഹങ്കാരവും പൊങ്ങച്ചവും ഹൃദയങ്ങളിൽ നിന്ന് ഇല്ലാതാക്കണം. വ്യത്യസ്ത തട്ടുകളിലാണെങ്കിലും ഒരു വസ്തുതയെന്ന നിലയിൽ പുരുഷന്മാർ സഹോദരന്മാരും സ്ത്രീകൾ സഹോദരിമാരുമാണ്.

(16) ഇസ്‌ലാമിന് സേവനം ചെയ്യാനും ദരിദ്രരായ നമ്മുടെ സഹോദരീ സഹോദരന്മാരെ സഹായിക്കാനും ഉതകുന്ന വഴികൾ നിർദ്ദേശിക്കുകയും അവ പ്രാവർത്തികമാക്കുകയും വേണം.

(17) എല്ലാ സഹായവും അനുഗ്രഹങ്ങളും വിജയങ്ങളും അല്ലാഹുവിൽ നിന്നുള്ളതാകയാൽ അതിന്നു വേണ്ടി നാം ദുആചെയ്യുകയും മറ്റുള്ളവരോട് ദുആക്കപേക്ഷിക്കുകയും വേണം. നമ്മുടെ സൃഷ്ടിപ്പുകൊണ്ട് ദൈവം എന്താണോ ഇച്ഛിക്കുന്നത്, ആ ഉദ്ദേശ്യങ്ങൾ നമുക്ക് വെളിപ്പെടുത്താൻ അവനോട് നാം അർത്ഥിക്കണം.

ഈ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാനുള്ള വഴികൾ നീ ഞങ്ങൾക്ക് നല്കേണമേ. ആ മാർഗ്ഗങ്ങൾ ഏറ്റവും ഉത്തമമായ രീതിയിൽ പ്രയോജനപ്പെടുത്താൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. ഞങ്ങളെ നീ ഉത്തമമായ മാർഗ്ഗത്തിൽ മരിപ്പിക്കുകയും ചെയ്യേണമേ. അടുത്ത തലമുറയെ നിന്റെ അനുഗ്രഹങ്ങൾ കൊണ്ട് നീ വഴിനടത്തേണമേ. അവസാനകാലം വരെ ഈ പ്രവൃത്തി നിന്റെ ഇച്ഛപ്രകാരം തുടരേണമേ' (താരിഖെ അഹ്മദിയ്യത്ത്)

തുടക്കത്തിൽ ഖാദിയാനിൽ നിന്ന് പതിമൂന്ന് വനിതകൾ സ്വമേധയാ ഈ സംഘടനയിൽ ഒപ്പുവെച്ചു. എന്നിരിക്കിലും പിന്നീട് എല്ലാ അഹ്മദി മുസ്‌ലിം വനിതകളും ഇതിൽ ഉൾപ്പെടുത്തപ്പെട്ടു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ നിർദ്ദേശപ്രകാരം ഇതിൽ ഒപ്പിട്ട ഈ വനിതകൾ വാഗ്ദത്ത മസീഹി(അ)ന്റെ പത്നിയായ ഹദ്റത്ത് നുസ്രത്ത് ജഹാൻ ബീഗം (റ) സാഹിബയുടെ വസതിയിൽ ളുഹർ നമസ്കാരാനന്തരം ഒരുമിച്ചുകൂടി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) ഹ്രസ്വമായ ഒരു പ്രസംഗം ചെയ്തു. ഇങ്ങനെ ലജ്നാ ഇമായില്ലാഹ് അസ്തിത്വത്തിൽ വന്നു. ഈ സെഷനുശേഷം ലജ്നാ ഇമായില്ലായുടെ വിശദമായ നിയമാവലി ഖാദിയാനിൽ നിന്നും ഹദ്റത്ത് ശൈഖ് യാക്കൂബ് അലി ഇർഫാനി(റ) സാഹിബിന്റെ പത്രാധിപത്യത്തിൽ പുറപ്പെടുന്ന 'തഅ്ദീബുന്നിസ' മാസികയിൽ പ്രസിദ്ധപ്പെടുത്തി. ഇങ്ങനെ 'ലജ്നാ ഇമായില്ലാ'യുടെ പ്രവർത്തനങ്ങൾ മുറപ്രകാരം ആരംഭിച്ചു.

**അവരുടെ കവിൾത്തടങ്ങളിൽക്കൂടി കണ്ണീരൊഴുകുന്നുണ്ടായിരുന്നു. അവർ ഒന്നും പറഞ്ഞില്ല. അവരുടെ കഴുത്തിലണിഞ്ഞിരുന്ന സ്വർണ്ണ നെക്ക്ലസ് എന്റെ കയ്യിൽ തന്നു. ഞാൻ ആ നെക്ക്ലസ് ഇമാമിനെ ഏല്പിച്ചു."**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ പുത്രിയായ സാഹിബ് സാദി അമത്തുൽ ഹാമിദ് സാഹിബ(റ)യുടെ ശ്രമഫലമായും സാഹിബ് സാദി അമത്തുൽ റാശിദ സാഹിബ(റ)യുടെ പ്രേരണ കൊണ്ടും 1929 ജൂലൈയിൽ നാസിറാത്തുൽ അഹ്മദിയ്യാ സ്ഥാപിതമായി. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിലെ 15 വരെ വയസ്സുള്ള പെൺകുട്ടികളുടെ വേറെ സംഘടനയാണ് നാസിറാത്തുൽ അഹ്മദിയ്യാ. അതേപ്രകാരം തന്നെ അവരുടെ ധാർമ്മിക വളർച്ചക്കും മതപരമായ ശിക്ഷണത്തിനും സാമൂഹ്യക്ഷേമത്തിനും അത് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

1930ൽ ലജ്നാ ഇമായില്ലായ്ക്ക് മജ്ലിസ് ശൂറയിൽ പ്രാതിനിധ്യം അനുവദിക്കപ്പെട്ടു. 1926 ഡിസംബർ 15-ന് ലജ്നാ മാസികയായ 'മിസ്ബാഹ്' (വിളക്ക്, ദീപം, അതായത് മാർഗ്ഗദർശനം ചെയ്യുന്ന വെളിച്ചം എന്നാണിതിന്റെ അർത്ഥം) പ്രസിദ്ധീകരണമാരംഭിച്ചു. അഹ്മദി മുസ്ലിം വനിതകളുടെ അച്ചടക്കവും, ശിക്ഷണവും പ്രവർത്തനങ്ങളും ഇത് ശക്തിപ്പെടുത്തി. വനിതകൾക്കിടയിൽ മതവിദ്യാഭ്യാസം പ്രചരിപ്പിക്കാനായി 1925 മാർച്ച് 12ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) 'മദ്റസത്തുൽ ഖവാത്തീൻ' എന്ന പേരിൽ വനിതകൾക്കു വേണ്ടി ഒരു സ്കൂൾ ആരംഭിച്ചു. ഹദ്റത്ത് മൗലവി ശേർ അലി സാഹിബ് (റ) ഹദ്റത്ത് സയ്യിദ് വലിയുല്ലാഹ്ശാഹ് സാഹിബ് (റ) ഹദ്റത്ത് സൂഫി ഗുലാം മുഹമ്മദ് സാഹിബ് (റ), മറ്റു പണ്ഡിതന്മാർ എന്നിവർക്കുപുറമെ ഖലീഫത്തുൽ മസീഹ് സാനി(സ)യും അവിടെ പഠിപ്പിക്കുക പതിവായിരുന്നു.

## ആദ്യകാല ലജ്നാഇമായില്ലാഹ് അംഗങ്ങൾ ചെയ്ത സാമ്പത്തിക ത്യാഗങ്ങൾ

വാഗ്ദത്ത മസീഹും(അ) അദ്ദേഹത്തിന്റെ ഖലീഫമാരും ഓരോ പദ്ധതി ആരംഭിച്ചപ്പോഴെല്ലാം സ്ത്രീകൾ അതിൽ പങ്കെടുത്തിരുന്നു. വാഗ്ദത്ത മസീഹി(അ)ന്റെ അനുഗൃഹീത പത്നി ഹദ്റത്ത് നുസ്രത്ത് ജഹാൻ ബീഗം സാഹിബ (റ) സാമ്പത്തിക ത്യാഗം ചെയ്യുന്നവരുടെ പട്ടികയിൽ മുൻപന്തിയിലായിരുന്നുവെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. മസ്ജിദുകൾ, അതിഥി സൽക്കാരം, പ്രബോധനകേന്ദ്രങ്ങൾ, ലജ്നാ ഇമായില്ലാഹ് പദ്ധതികൾ, മിനാരത്തുൽ മസീഹ് നിർമ്മാണം, തഹ്രീക്കെ ജദീദ് പദ്ധതി, അൽ-ഫസൽ പ്രസിദ്ധീകരണം തുടങ്ങിയ ഓരോ പദ്ധതിയും ആ മഹതിയുടെ സഹായത്തോടെയാണ് ആരംഭിച്ചത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഏറ്റവും പ്രഥമമായി സ്ത്രീകളോട് ആവശ്യപ്പെട്ട സാമ്പത്തിക ത്യാഗം ബർലിനിലെ പള്ളി നിർമ്മാണവുമായി ബന്ധപ്പെട്ടതായിരുന്നു. ഖലീഫത്തുൽ മസീഹ് സാനി(റ) ഈ പദ്ധതി പ്രഖ്യാപിക്കുമ്പോൾ നുസ്രത്ത് ജഹാൻ സാഹിബ(റ)ക്ക് ഒരു സ്വത്തിൽ നിന്നു അഞ്ഞൂറ് രൂപ കിട്ടിയിട്ടുണ്ടായിരുന്നു. അവർ ആ തുക മുഴുവൻ ഉടനെ സംഭാവന നല്കി. വാഗ്ദത്ത മസീഹി(അ)ന്റെ പുത്രിമാരിലൊരാളായ ഹദ്റത്ത് സയ്യിദ നവാബ് മുബാറക്ക ബീഗം സാഹിബ (റ) ആയിരം രൂപ സംഭാവന നല്കി. ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ (റ) പത്നിയായ നവാബ് അമത്തുൽ ഹഫീസ് ബീഗം സാഹിബ(റ)യും ഹദ്റത്ത് ഉമ്മു ദാവൂദ് സാഹിബ(റ)യും ഈ പദ്ധതിക്ക് സംഭാവനകൾ നല്കി.

ഈ പദ്ധതി ആരംഭിച്ചപ്പോൾ, ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഖാദിയാനിലെ വനിതകളെ പ്രത്യേകം സംബോധന ചെയ്തു ഇപ്രകാരം പറഞ്ഞു: "ഖാദിയാനിലെ ദരിദ്രരായ വനിതകൾ മതപരമായ ആവേശവും ധൈര്യവും കാണിക്കുകയാണെങ്കിൽ പുറമെയുള്ള സ്ത്രീകൾക്ക് അത് പ്രേരണയായിരിക്കും. പക്ഷേ, നിങ്ങൾ വൈമനസ്യവും ദൗർബല്യവും കാണിച്ചാൽ പുറമേയുള്ളവരുടെ പ്രതികരണവും മോശമായിരിക്കും."

ഹദ്റത്ത് ഖലീഫത്തുൽ മസീഹി(ന)ന്റെ ഈ പ്രസംഗത്തിനുശേഷം ഖാദിയാനിലെ സ്ത്രീകൾ എത്രത്തോളം ആവേശവും ത്യാഗവും അർപ്പണബോധവും കാണിച്ചുവെന്നാൽ, വാഗ്ദാനങ്ങൾക്ക് പുറമേ അന്ന് തന്നെ എട്ടായിരത്തി അഞ്ഞൂറ് രൂപ ശേഖരിക്കാൻ സാധിച്ചു. ഖാദിയാനിൽ ജീവിക്കുന്ന ഭൂരിപക്ഷം ജനങ്ങളും ദരിദ്രരായിരുന്നുവെന്ന കാര്യം നാം ഓർക്കണം. പക്ഷേ, ആ ദരിദ്രവനിതകൾ തങ്ങളുടെ കൈവശമുണ്ടായിരുന്നതെല്ലാം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിച്ചിരുന്നു.

ഒരുദാഹരണം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ക്ക് രണ്ടു രൂപ സംഭാവന നല്കിയ ഒരു വൃദ്ധ

**അക്കാലത്തെ സ്ത്രീകളുടെ ധനത്യാഗങ്ങൾ ഇന്നത്തെ പണത്തിന്റെ മൂല്യവുമായി താരതമ്യപ്പെടുത്തുമ്പോൾ അവർ ഇമാമിന്റെ ആഹ്വാനത്തിനുള്ള പ്രതികരണമായി എത്ര വലിയ ത്യാഗമാണ് ചെയ്തതെന്ന് മനസ്സിലാക്കാൻ സാധിക്കും.**

വിധവയുടേതാണ്. അവരുടെ ത്യാഗത്തെക്കുറിച്ച് ഹുസൂർ തന്റെ ലേഖനങ്ങളിലൊന്നിൽ സൂചിപ്പിക്കുന്നു:

കടന്നലുകളുടെ പ്രകൃതിയുള്ള മൗലവിമാരുടെ ക്രൂരത കാരണം തന്റെ സ്വന്തം നാട്ടിൽ നിന്ന് ഖാദിയാനിൽ അഭയം തേടിയ ഒരു പത്താൻ സ്ത്രീ, വടിയുടെ സഹായമില്ലാതെ അവർക്ക് നടക്കാൻ സാദ്ധ്യമല്ല, രണ്ടു രൂപ അവർ സംഭാവന നല്കി. അവർ പറഞ്ഞു:

"ഈ ദുപ്പട്ട (ശിരോവസ്ത്രം) ഓഫീസിൽനിന്നു തന്നതാണ്, പൈജാമയും ഷർട്ടും ഓഫീസിൽ നിന്നു തന്നതാണ്. എന്റെ ഖുർആനും ഓഫീസിൽ നിന്ന് തന്നതാണ്." അതിന്റെ അർത്ഥം എനിക്ക് സ്വന്തമായൊന്നും ഇല്ല എന്നാണ്. എല്ലാം ബൈത്തുൽമാലിൽ (ട്രഷറി) നിന്ന് കിട്ടിയതാണ്. അവരുടെ ഓരോ വാക്കും ഒരു മൂർച്ചയേറിയ കത്തിപോലെ എന്റെ ഹൃദയത്തിൽ തറച്ചു. അതേസമയം എന്റെ ഹൃദയം ഔദാര്യവാനായ ദൈവത്തോടുള്ള കൃതജ്ഞതയാൽ നിറഞ്ഞു. ഈ മൃതസമാനമായ രാഷ്ട്രത്തിൽ സജീവവും ശക്തവുമായ ആത്മാക്കൾ അവൻ സൃഷ്ടിച്ചല്ലോ എന്ന് ഞാനോർക്കുകയായിരുന്നു.

നിരവധി അനാഥക്കുട്ടികളെ പോറ്റിവളർത്തുന്ന മറ്റൊരു വിധവയുടെ പക്കൽ പണമോ ആഭരണങ്ങളോ സംഭാവന നല്കാൻ ഉണ്ടായിരുന്നില്ല. അതിനുപകരം താൻ ദിനേന ഉപയോഗിക്കുന്ന പാത്രങ്ങൾ സംഭാവന ചെയ്തു. ഒരു പഞ്ചാബി വിധവ തനിക്കാകെ കൈയിലുണ്ടായിരുന്ന ആഭരണങ്ങൾ പള്ളിക്കുവേണ്ടി സംഭാവന ചെയ്തു. മറ്റൊരഭയാർത്ഥി സ്ത്രീയുടെ പക്കൽ ആകെയുണ്ടായിരുന്ന രണ്ടാടുകൾ അവർ സംഭാവന നൽകി.

ഖാദിയാന്റെ പുറത്തുള്ള വനിതകളും ത്യാഗത്തിന്റെ അസൂയാർഹമായ ഉദാഹരണങ്ങളാണ്. ഡെൽഹിയിലെ ഡോ. ശാഫി അഹ്മദ് ദഹ്‌ലവി തന്റെ ഭാര്യയുടെ കഥ പറയുന്നു:

"ഡൽഹി ജമാഅത്തിലെ അംഗങ്ങൾ വെള്ളിയാഴ്ച ജുമുഅ നമസ്കാരം നിർവ്വഹിക്കുന്നത് റോഡിന് കുറുകെയുള്ള ഈ വിനീതന്റെ ആഫീസിലാണ്. കഴിഞ്ഞ വെള്ളിയാഴ്ച ഇമാം ഓതിയത് 'അൽഫസ്ലി'ൽ പ്രസിദ്ധീകരിച്ച ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി(റ)ന്റെ ഖുത്ബയാണ്. ശ്രോതാക്കളിൽ ഉണ്ടായിരുന്ന ഏക വനിത എന്റെ ഭാര്യയായിരുന്നു. നമസ്കാരത്തിനുശേഷം ഭാര്യയോട് തന്റെ പാദസരം പള്ളിക്ക് സംഭാവന നൽകണമെന്ന് പറയാൻ ഞാൻ ആലോചിക്കുകയായിരുന്നു. ഞാൻ വീട്ടിനകത്തേക്ക് ചെന്നു. അവിടെ അവർ മുസ്വല്ലയിൽ ഇരിക്കുകയായിരുന്നു. അവരുടെ കവിൾത്തടങ്ങളിൽക്കൂടി കണ്ണീരൊഴുകുന്നുണ്ടായിരുന്നു. അവർ ഒന്നും പറഞ്ഞില്ല. അവരുടെ കഴുത്തിലണിഞ്ഞിരുന്ന സ്വർണ്ണ നെക്ക്ലസ് എന്റെ കയ്യിൽ തന്നു. ഞാൻ ആ നെക്ക്ലസ് ഇമാമിനെ ഏല്പിച്ചു." (അൽ-ഫസ്ൽ ഫെബ്രുവരി 26, 1923)

അക്കാലത്തെ സ്ത്രീകളുടെ ധനത്യാഗങ്ങൾ ഇന്നത്തെ പണത്തിന്റെ മൂല്യവുമായി താരതമ്യപ്പെടുത്തുമ്പോൾ അവർ ഇമാമിന്റെ ആഹ്വാനത്തിനുള്ള പ്രതികരണമായി എത്ര വലിയ ത്യാഗമാണ് ചെയ്തതെന്ന് മനസ്സിലാക്കാൻ സാധിക്കും. അവർ തങ്ങളുടെ വീട്ടിലുള്ളതെല്ലാം കാഴ്ചവെച്ചു.

വിവിധ കാരണങ്ങളാൽ ബെർലിൻ പള്ളി നിർമ്മിക്കാൻ സാധിക്കാതായപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) 1928 ഒക്ടോബർ 28-നു സ്ത്രീകളെ സംബോധന ചെയ്തുകൊണ്ട് 'അഹ്മദിയ്യാ ജമാഅത്തിലെ വനിതകൾ ശ്രദ്ധിക്കുന്നതിന്' എന്ന തലക്കെട്ടിൽ തയ്യാറാക്കിയ കുറിപ്പിൽ ഇപ്രകാരം പറഞ്ഞു:

'ബർലിൻ പള്ളി നിർമ്മിക്കാൻ സാധിക്കാത്തതിനാൽ സ്ത്രീകളുടെ സംഭാവനകൊണ്ട് ലണ്ടനിൽ ഒരു പള്ളി നിർമ്മിച്ചുവെന്ന് ഞാൻ മുമ്പേ പറഞ്ഞുവല്ലോ. ഞാൻ അവരോട് അന്വേഷിച്ചിട്ടുണ്ടായിരുന്നു അവർ ആഗ്രഹിക്കുകയാണെങ്കിൽ ഈ പള്ളി അവരുടെ പേരിൽ ആക്കാം. അല്ലെങ്കിൽ പുരുഷന്മാർ ഈ പള്ളിയുടെ ചെലവ് വഹിച്ച് സ്ത്രീകളുടെ പേരിൽ മറ്റൊരു രാജ്യത്ത് പള്ളി നിർമ്മിക്കാം എന്ന്. ഇതുവരെ ജമാഅത്തിലെ വനിതകളിൽ നിന്ന് ഒരു മറുപടിയും ലഭിക്കാത്തതിനാൽ, ഇപ്പോൾ ലോകം മുഴുവൻ പ്രസിദ്ധിയാർജ്ജിച്ച ലണ്ടൻ പള്ളി അവരുടെ പേരിലാക്കാൻ അവർ ആഗ്രഹിക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. ലണ്ടൻപള്ളിയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ക്രിസ്ത്യാനികളുടെ കേന്ദ്രത്തിൽ വനിതകളാൽ നിർമ്മിക്കപ്പെട്ട ഒരു പള്ളി ഉണ്ടായിരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു. എന്തെന്നാൽ

ഇസ്ലാമിൽ സ്ത്രീകളുടെ അവകാശങ്ങൾ ലംഘിക്കപ്പെടുന്നുവെന്ന ക്രിസ്ത്യാനികളുടെ വിമർശനത്തിനുള്ള പ്രായോഗിക പ്രതികരണമായി ഇതിനെ കണക്കാക്കാം.

ലണ്ടനിലെ പ്രഥമ പള്ളിയായ 'ഫസ്ൽമോസ്ക്' അഹ്മദി മുസ്ലീം വനിതകളുടെ സംഭാവനകൾ കൊണ്ട് നിർമ്മിക്കാൻ സാധ്യമായത് അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാണ്. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ഖലീഫയുടെ വാസസ്ഥലമായിത്തീരണം ഈ പള്ളി എന്നത് അല്ലാഹുവിന്റെ നിശ്ചയമായിരുന്നു. ഈ പള്ളിയിൽ നിന്നാണ് കാലത്തിന്റെ ഖലീഫയുടെ ശബ്ദം ലോകത്തിന്റെ കോണുകളോളം എത്തുന്നത്. മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണലിന്റെ സ്റ്റുഡിയോയും നിലകൊള്ളുന്നത് ഈ പള്ളിയുടെ ഒരു ഭാഗത്താണ്. "ഞാൻ നിന്റെ സന്ദേശം ഭൂമിയുടെ കോണുകളോളം എത്തിക്കും." എന്ന് വാഗ്ദത്ത മസീഹി(അ)നുണ്ടായ വെളിപാട് അതിന്റെ പൂർണ്ണ പ്രതാപത്തോടെ സാക്ഷാൽക്കരിക്കപ്പെടുന്നത് ഇതുമുഖേനയാണ്. ഈ പള്ളിയുടെ നിർമ്മാണത്തിന് ധനത്യാഗം ചെയ്ത സ്ത്രീകൾ അനുഗൃഹീതരാണ്.

അഹ്മദി വനിതകളുടെ സംഭാവനകൊണ്ട് ലണ്ടൻ പള്ളി നിർമ്മിക്കപ്പെട്ടതിനാൽ വാഷിംഗ്ടണിലേയും (യു.എസ്.എ.) ഹേഗിലേയും (ഹോളണ്ട്) പള്ളിയും മിഷൻ ഹൗസുംകൂടി അഹ്മദി വനിതകളുടെ സംഭാവന കൊണ്ട് നിർമ്മിക്കപ്പെടണമെന്നത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ അഭിലാഷമാണെന്ന് 1950 മാർച്ചിൽ വക്കീലുൽമാൽ(കേന്ദ്ര ഫിനാൻസ് ഡയരക്ടർ) എഴുതി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹി(അ)ന്റെ ഈ നിർദ്ദേശം കേട്ടപ്പോൾ തങ്ങളുടെ പതിവനുസരിച്ച് പ്രിയങ്കരനായ ഇമാമിന്റെ വിളിക്ക് അഹ്മദി വനിതകൾ ഉത്തരം നല്കി. അപ്പോഴാകട്ടെ, ജമാഅത്തിന്റെ സാമ്പത്തികാവസ്ഥ വളരെ ദുർബലമായിരുന്നു. ഉപഭൂഖണ്ഡത്തിന്റെ വിഭജനാനന്തരം അവരിൽ മിക്കവരും പാകിസ്താനിൽ അഭയം തേടിയവരായിരുന്നു. അത്തരം അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽ പള്ളി നിർമ്മാണത്തിന് സാമ്പത്തികത്യാഗം ചെയ്യുകയെന്നത് ചരിത്രത്തിൽ സ്വർണ്ണലിപികളാൽ രേഖപ്പെടുത്തേണ്ടതാണ്. ലജ്നാ ഇമായില്ലായുടെ പരിശ്രമങ്ങളെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1951 ഡിസമ്പർ 14-ന് ചെയ്ത ഖുത്ബയിൽ ഇപ്രകാരം പ്രസ്താവിച്ചു:

"ഹോളണ്ടിലെ പള്ളിക്കുവേണ്ടി വനിതകൾ പ്രേരിപ്പിക്കപ്പെട്ടിരിക്കയാണ്. തങ്ങളുടെ പദ്ധതി ചെറുതാണെങ്കിലും സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ ത്യാഗം ചെയ്തിട്ടുണ്ട്. നമ്മുടെ രാജ്യത്ത് സ്ത്രീകൾക്ക് യഥാർത്ഥത്തിൽ വരുമാനം ഇല്ല." (ലജ്നയുടെ ചരിത്രം വാല്യം 2 പേജ് 164) തങ്ങളുടെ കഴിവുകളേക്കാളുപരി സംഭാവന നല്കുന്ന പുരുഷന്മാരുണ്ട്. പക്ഷേ, സ്ത്രീകൾ ഭൂരിപക്ഷവും വലിയ ത്യാഗമാണ് ചെയ്തിട്ടുള്ളത്.

ലജ്നാ ഇമായില്ലായുടെ പ്രാരംഭഘട്ടങ്ങളിൽ വിശുദ്ധ ഖുർആനുവേണ്ടി സേവനം ചെയ്യാനുള്ള സൗഭാഗ്യവും അഹ്മദി മുസ്ലിം വനിതകൾക്കുണ്ടായി. 1944ലെ ജൽസാ സാലാനാവേളയിൽ വിശുദ്ധ ഖുർആന്റെ ജർമ്മൻ പരിഭാഷയും മറ്റൊരു ഗ്രന്ഥവും അച്ചടിക്കാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ലജ്നാ ഇമായില്ലായെ പ്രോത്സാഹിപ്പിക്കുകയുണ്ടായി. ഈ പദ്ധതിക്കുവേണ്ടി ഇരുപത്തെണ്ണായിരം രൂപ ശേഖരിക്കാൻ ഹുസൂർ വനിതകളെ പ്രോത്സാഹിപ്പിച്ചു. മുപ്പത്തിനാലായിരം രൂപ നല്കാമെന്ന് അഹ്മദി സ്ത്രീകൾ വാഗ്ദാനം ചെയ്തതിന് അവരോട് കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു. തങ്ങളുടെ പ്രിയങ്കരനായ ഇമാമി(റ)ന്റെ വിളിക്ക് അർപ്പണബോധത്തോടെയും ആത്മാർത്ഥതയോടെയും ഉത്തരം നൽകി, ലജ്നാ ഇമായില്ലാഹ് ചുരുങ്ങിയ സമയം കൊണ്ടുതന്നെ ഈ ഉത്തരവാദിത്തം പൂർത്തിയാക്കി. (താരീഖെ ലജ്ന വാല്യം 1 പേജ് 56).

1934ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ദൈവേച്ഛപ്രകാരം 'തഹ്രീക്കെ ജദീദ്' രൂപീകരിച്ചു. ഈ മഹത്തായ പദ്ധതി മുഖേന ലോകം മുഴുവൻ വിശുദ്ധ ഖുർആൻ പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. ലോകം മുഴുവൻ നൂറുകണക്കിന് പള്ളികളും മിഷൻ കേന്ദ്രങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും പൊതുജനങ്ങൾക്ക് വേണ്ടി നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. ഈ പരിപാടിയുടെ അടിസ്ഥാനലക്ഷ്യം ദൈവത്തിന്റെ ഏകത്വവും നബിതിരുമേനി(സ)യുടെ ഉന്നതസ്ഥാനം സ്ഥാപിക്കലും ഇസ്ലാമിന്റെ പതാക ലോകം മുഴുവനും ഉയർത്തുകയുമാണ്.

1934 നവംബർ 23-നു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) തഹ്രീക്കെ ജദീദിന്റെ ആവശ്യങ്ങൾ, ഈ പരിപാടിയുടെ അടിസ്ഥാന സ്തംഭങ്ങൾ അവതരിപ്പിച്ചു. അദ്ദേഹം സ്ത്രീകൾക്ക് വേണ്ടി ചില പ്രത്യേക ആവശ്യങ്ങൾ അവതരിപ്പിച്ചു. അദ്ദേഹം ഖുത്ബയിൽ പറഞ്ഞു:

"ഈ ത്യാഗത്തിൽ നമുക്ക് സ്ത്രീകളുടെ സഹകരണം ആവശ്യമാണ്. അല്ലാത്തപക്ഷം നമ്മുടെ ത്യാഗം വെറും വാക്കുകളിലുള്ള ത്യാഗം മാത്രമായിരിക്കും. അതിനാൽ ഞാൻ പ്രത്യേകമായി സ്ത്രീകളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അവർ ത്യാഗമനുഷ്ഠിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, കാര്യങ്ങളിൽ പുരുഷന്മാരുമായി സഹകരിക്കുകയും വേണം. തങ്ങൾക്ക് മുമ്പേയുള്ള സ്ത്രീകൾ വിസ്മയാവഹമായ ത്യാഗങ്ങൾ അനുഷ്ഠിച്ചിട്ടുണ്ടെന്ന കാര്യം അവർ ഓർക്കണം".

തഹ്‌രീക്കെ ജദീദ് നമ്മോടാവശ്യപ്പെടുന്ന ത്യാഗങ്ങളിൽ ആത്മത്യാഗവുമായി മിക്കവാറും ബന്ധപ്പെട്ടത് സ്ത്രീകളായിരുന്നു. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) മൂന്നു വർഷത്തേക്ക് ഭക്ഷണത്തിന്റേയും വസ്ത്രധാരണത്തിന്റേയും നിലവാരത്തിൽ ഒരു മാറ്റം ആവശ്യപ്പെട്ടു. ആദ്യത്തെ ആവശ്യം ഭക്ഷണത്തിൽ ഒരു ലളിതനിലവാരം കൈക്കൊള്ളലും രണ്ടാമത്തെ ആവശ്യം വസ്ത്രധാരണത്തിൽ ലാളിത്യം കൈക്കൊള്ളലുമായിരുന്നു. ആഗ്രഹിക്കുന്നതും അമിതമായതുമായ വസ്ത്രങ്ങൾ വാങ്ങാതെ ആവശ്യത്തിനുമാത്രം വസ്ത്രങ്ങൾ വാങ്ങിയാൽ മതിയെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) നിർദ്ദേശിച്ചു. ഇപ്പോൾ കൈവശമുള്ള വസ്ത്രങ്ങൾ തന്നെ ഉപയോഗിച്ചാൽ മതിയെന്നും പുതുതായി ആഭരണങ്ങളൊന്നും വാങ്ങരുതെന്നു നിർദ്ദേശിക്കുകയും സിനിമ കാണുന്നതും തിയേറ്ററുകളിൽ പോകുന്നതും കർശനമായി നിരോധിക്കുകയും ചെയ്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ ആവശ്യപ്രകാരം, വാഗ്ദത്ത മസീഹി(അ)ന്റെ സഹാബിയും മഹാപണ്ഡിതനുമായ ഹദ്റത്ത് ഹാഫിസ് റോഷൻ അലി സാഹിബി(റ)ന്റെ പത്നിയായ ലജ്നയുടെ നാഇബ് സദർ (വൈസ് പ്രസിഡണ്ട്) ലജ്നാ ഇമായില്ലായുടെ ഒരു യോഗത്തിൽ ഒരു പ്രമേയം അവതരിപ്പിച്ചു. അതിപ്രകാരമായിരുന്നു:

" ഹുസൂർ പറഞ്ഞതനുസരിച്ച് മൂന്നുവർഷം ഞങ്ങൾ ലളിതജീവിതം നയിക്കുമെന്നും വസ്ത്രധാരണത്തിൽ ലാളിത്യം കൊക്കൊള്ളുമെന്നും വാഗ്ദാനം ചെയ്യുന്നു (ഇൻശാ അല്ലാഹ്). അപ്രകാരം ഞങ്ങൾ സദാ ദീനീസേവനത്തിന് സന്നദ്ധരാണ്. ഞങ്ങളുടെ ജീവനും സ്വത്തുക്കളും ദീനിസേവനത്തിനായി ത്യാഗം ചെയ്യുന്നതാണ്. ഞങ്ങളുടെ സന്തോഷവും ഞങ്ങളുടെ സുഖവും അലങ്കാരവും സമാധാനവും എല്ലാം ഇസ്‌ലാമിന്റെ പുരോഗതിയിലാണ് നിലകൊള്ളുന്നത്. അതിനാൽ നാം ഹദ്റത്ത് ഖലീഫത്തുൽ മസീഹിനോട് (റ), ഞങ്ങൾ ദീനിന് ദുൻയാവിനേക്കാൾ പ്രാമുഖ്യം നല്കുമെന്ന വാഗ്ദാനം പാലിക്കേണ്ടത് അനിവാര്യമാണ്. മേൽ വാഗ്ദാനം പൂർത്തിയാക്കേണ്ട സമയം ഇതാ ആഗതമായിരിക്കുന്നു. ഇതിൽ സഹോദരിമാരും പെടുന്നു. ധനവാന്മാരാവട്ടെ, മദ്ധ്യനിലയിലുള്ളവരാകട്ടെ, ദരിദ്രരാവട്ടെ."

ഈ പ്രമേയത്തിൽ 117 സഹോദരിമാർ ഒപ്പിട്ടു, തങ്ങളുടെ സേവനം ഹദ്റത്ത് ഖലീഫത്തുൽ മസീഹി(റ)ന് സമർപ്പിച്ചു. 'ലജ്നയുടെ ചരിത്രം' വാല്യം ഒന്നിൽ ഇതേപ്പറ്റി എഴുതിരിക്കുന്നു. ജമാഅത്ത് അസാധാരണമായ ത്യാഗങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ഭക്ഷണത്തിലും വസ്ത്രധാരണത്തിലും വീട് അലങ്കരിക്കുന്നതിലും വളരെയധികം ലാളിത്യം കൈവന്നു.

തഹ്‌രീക്കെ ജദീദ് സ്ത്രീകളിൽ അസാധാരണമായ ത്യാഗസന്നദ്ധത സൃഷ്ടിച്ചു. 1934 നവംബർ 30-നു വെള്ളിയാഴ്ച ഖുത്ബയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഇക്കാര്യം സൂചിപ്പിക്കുന്നു.

"തങ്ങൾ ഈ പദ്ധതിയിൽ ഭാഗഭാക്കാകുവാൻ ആഗ്രഹിക്കുന്നുവെന്നും പക്ഷേ അഞ്ചോ പത്തോ ഉറുപ്പിക നല്കുവാൻ തങ്ങൾക്ക് കഴിവില്ലെന്നും ചില സ്ത്രീകൾ എന്നോട് പറഞ്ഞിരിക്കുന്നു." "പട്ടണങ്ങളിലെ കുടുംബങ്ങളിലൊഴിച്ച് ഗ്രാമങ്ങളിൽ സ്ത്രീകൾ പണം ചെലവഴിക്കുന്നില്ല, ഭക്ഷണസാധനങ്ങൾ വാങ്ങി അവർക്ക് നല്കപ്പെടുന്നു എന്നത് നമ്മുടെ രാജ്യത്തുള്ള പാരമ്പര്യമാണ്. അതുകൊണ്ട്, തീർച്ചയായും അഞ്ചോ പത്തോ ഉറുപ്പിക നല്കാൻ സാധിക്കാത്ത സ്ത്രീകളുണ്ടെന്നതിൽ സംശയമില്ല. എന്നാൽ ദൈവത്തിൽ നിന്ന് പ്രതിഫലം കിട്ടാനുള്ള അവസരം നല്കപ്പെടാൻ അവർ ആഗ്രഹിക്കുന്നു. സ്ത്രീകളുടെ ഭാഗത്തുനിന്നുള്ള ഈ ത്യാഗമനോഭാവം കൃതജ്ഞതയർഹിക്കുന്നതും ബഹുമാന്യവുമാണ്. ഈ അർപ്പണബോധത്തെ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ബഹുമാനിച്ചു. കമ്മിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അവരുടെ പേരിൽ സംഭാവനകൾ ശേഖരിച്ചു. (അൽഫസ്ൽ ഡിസമ്പർ 11. 1934)

അതിനാൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് സാനി (റ)യുടെ നിർദ്ദേശപ്രകാരം ലജ്നാ ഇമായില്ലായുടെ സെക്രട്ടരി പത്തുവനിതകളെ ചേർത്തുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കാൻ പദ്ധതിയിടുകയും ചെയ്തു. ഓരോ സ്ത്രീയും മാസംതോറും ഒരുറുപ്പിക സംഭാവന നൽകണം. കഴിവില്ലായ്മ കാരണം സേവനം ചെയ്യാൻ വൈമനസ്യം കാണിക്കുന്നവർ ഈ സംഭവത്തെക്കു

റിച്ച് ചിന്തിക്കണം. നമുക്ക് ദൈവമാർഗ്ഗത്തിൽ സേവനം ചെയ്യാനുള്ള മനോഭാവം ഉണ്ടെങ്കിൽ അല്ലാഹു അതിനുള്ള പാതയൊരുക്കുന്നു. മുൻതലമുറക്കാർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ്(റ)സാനിയോട് ചെയ്ത വാഗ്ദാനങ്ങൾ അവർ കഴിവിന്റെ പരമാവധി പൂർത്തിയാക്കി. ഈ മഹതികളുടെ കാലടിപ്പാടുകൾ പിന്തുടരാൻ ഇത് നമുക്ക് പ്രേരണ നൽകുന്നു. അതായത് ത്യാഗം ചെയ്യാനുള്ള ആഹ്വാനം ഉണ്ടാവുമ്പോഴെല്ലാം നാം ദീനിന് ദുൻയാവിനേക്കാൾ പ്രാമുഖ്യം നല്കണം,

അഹ്മദിയ്യാ ജമാഅത്തിന്റെ മിഷനറിമാരെ വിദേശരാജ്യങ്ങളിലേക്കയക്കാൻ തുടങ്ങിയ അവസരത്തിൽ സ്ത്രീകൾ ത്യാഗത്തിന്റെ ഉദാത്തമാതൃകകൾ കാഴ്ച വെച്ചു. ആ സമയത്ത് ജമാഅത്തിന്റെ സാമ്പത്തികാവസ്ഥ വളരെ ദുർബലമായിരുന്നതിനാൽ മിഷനറിമാർക്ക് രണ്ടോ മൂന്നോ വർഷത്തിലൊരിക്കൽ പോലും നാട്ടിലേക്ക് വരുവാനോ അവരുടെ ബന്ധുക്കളെ അവർ ജോലി ചെയ്യുന്ന നാട്ടിലേക്കയക്കാനോ സാധ്യമായിരുന്നില്ല. ഈ അവസ്ഥകളിൽ മിഷനറിമാരുടെ ഭാര്യമാർ അനല്പമായ ക്ഷമ കൈക്കൊണ്ടു. അവർ തങ്ങളുടെ ഭർത്താക്കന്മാരെ പിന്തുണക്കുകയും ചെറിയവരുമാനം കൊണ്ട് ജീവിക്കുകയും ചെയ്തു. ഒരിക്കലും പരാതിപ്പെട്ടില്ല. ഈ ത്യാഗം കാരണമായി മിഷനറിമാർക്ക് പൂർണ്ണ സംതൃപ്തിയോടെയും സമാധാനത്തോടെയും ദീനീസേവനം നിർവ്വഹിക്കാൻ സാധിച്ചു.

ഹക്കീം ഫസ്ലുർറഹ്മാൻ സാഹിബ് വളരെ ആത്മാർത്ഥതയും അർപ്പണബോധവുമുള്ള ഒരു വ്യക്തിയായിരുന്നു. അദ്ദേഹം ആഫ്രിക്കയിൽ 21 വർഷക്കാലം ദീനീസേവനം ചെയ്തു. ആദ്യത്തെ ഏഴുവർഷം സേവനം ചെയ്തശേഷം അദ്ദേഹം മടങ്ങിവന്നു. വിവാഹിതനായി കുറച്ചു വർഷങ്ങൾക്കുശേഷം അദ്ദേഹം പശ്ചിമാഫ്രിക്കയിലേക്കയക്കപ്പെട്ടു. പതിനാലു വർഷത്തോളം അദ്ദേഹം നിരന്തരം മിഷണറിപ്രവർത്തനങ്ങളുമായി അവിടെ കഴിച്ചുകൂട്ടി. അദ്ദേഹം വാർദ്ധക്യത്തിലേക്ക് കാലെടുത്തുവെച്ചിരുന്നു. ഭാര്യക്കും വയസ്സായിത്തുടങ്ങിയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഉടനെ അദ്ദേഹത്തെ മടക്കിവിളിക്കാൻ തീരുമാനിച്ചു: ഹുസൂർ പറഞ്ഞു:

"ഹക്കീം ഫസ്ലുർറഹ്മാൻ ദീർഘകാലമായി രാജ്യത്തിനു വെളിയിലായിരുന്നു. അദ്ദേഹം തന്റെ മക്കളുടെ മുഖങ്ങൾ പോലും ദർശിച്ചിട്ടില്ല. തങ്ങളുടെ പിതാവിനെ കാണാൻ എങ്ങനെയുണ്ട് എന്ന് മക്കൾ ചോദിക്കുമായിരുന്നു."

**"ഞാൻ നിന്റെ സന്ദേശം ഭൂമിയുടെ കോണുകളോളം എത്തിക്കും." എന്ന് വാഗ്ദത്ത മസീഹി(അ)നുണ്ടായ വെളിപാട് അതിന്റെ പൂർണ്ണ പ്രതാപത്തോടെ സാക്ഷാൽക്കരിക്കപ്പെടുന്നത് ഇതുമുഖേനയാണ്. ഈ പള്ളിയുടെ നിർമ്മാണത്തിന് ധനത്യാഗം ചെയ്ത സ്ത്രീകൾ അനുഗൃഹീതരാണ്.**

മറ്റൊരു മിഷനറിയെക്കുറിച്ചുള്ള ഒരു സംഭവം വിവരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മുതിർന്ന കുട്ടി തന്റെ മാതാവിനോട് പറഞ്ഞ വേദനാജനകമായ കാര്യം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) പറഞ്ഞു: അവരുടെ ബന്ധുക്കളിലാർക്കെങ്കിലും അസുഖം ബാധിച്ചാൽ അവരുടെ പിതാവ് അവരെ ശുശ്രൂഷിക്കുമെന്നും എന്നാൽ തങ്ങളുടെ പിതാവ് തങ്ങളെ നോക്കാറില്ലെന്നും എന്തിനാണ് ഉമ്മ ഇങ്ങനെയുള്ള പിതാവിനെ വിവാഹം ചെയ്തത് എന്നും അവൻ ചോദിച്ചു. അവന്റെ പിതാവ് വളരെ ദീർഘകാലമായി വിദൂരത്താണെന്നും അദ്ദേഹത്തെ മടക്കിവിളിക്കാൻ തനിക്ക് സാധിച്ചില്ലെന്നത് വേദനാജനകമാണെന്നും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) പറഞ്ഞു. (താരീഖെ അഹ്മദിയത്ത് വാല്യം 1 പേജ് 201) ഈ മിഷനറിമാരുടെ ത്യാഗങ്ങൾക്ക് ചേരുന്നവിധമാണ് ഈ സ്ത്രീകൾ തങ്ങളുടെ യുവത്വകാലം ഭർത്താക്കന്മാരില്ലാതെ ചെലവഴിച്ചത്. അവർ ദീനിന്ന് സേവനം ചെയ്യുകയും ക്ഷമ കൈക്കൊള്ളുകയും ചെയ്തു. അക്കാലത്തെ അഹ്മദി സ്ത്രീകളുടെ കഠിനജോലിയും ത്യാഗവും വിവരിക്കുന്ന നിരവധി സംഭവങ്ങൾ ഉണ്ട്. ഹദ്റത്ത് മർയം സിദ്ദീഖ (റ) അനുഗൃഹീതയായ മഹനീയ വ്യക്തിത്വമായിരുന്നു. അവർ നിര്യാതയായപ്പോൾ ഹദ്റത്ത് സയ്യിദ മെഹ്ർ (റ) ഒരു ലേഖനത്തിൽ എഴുതി:

"അവർ ലജ്നാ ജോലി ചെയ്തിരുന്നത് പ്രസിഡന്റിന്റേയും ജനറൽ സെക്രട്ടരിയുടേയും ക്ലർക്കിന്റേയും ഒരു വിനീത സേവകയുടേയും ഉത്തരവാദിത്തങ്ങൾ ഉടനെ പൂർത്തിയാക്കിക്കൊണ്ടായിരുന്നു. ഹുസൂർ ഒരാവശ്യം ഉന്നയിക്കും,അവരത് ഉടനെ നിവൃത്തിയാക്കും. ദിവസം മുഴുവൻ അവർ ജോലി ചെയ്യുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്. അവർ ഒരു തയ്യൽ മെഷീനിൽ തയ്യിൽ ജോലി ചെയ്യുന്നതോടൊപ്പം മറ്റു സ്ത്രീകളെക്കൊണ്ടും ജോലി ചെയ്യിക്കും.അവർ പുതപ്പുകളും വസ്ത്രങ്ങളും

തയ്ക്കുന്നു. അവർ സ്വയം ജോലി ചെയ്യുന്നതോടൊപ്പം 80–90 മെഷീനുകളിൽ ചെയ്യപ്പെടുന്ന ജോലികൾക്ക് മേൽനോട്ടം വഹിക്കും.മനുഷ്യകുലത്തിനും ഈ ജമാഅത്തിനും സേവനം ചെയ്യാൻ ആഗ്രഹിക്കുന്ന സ്ത്രീകളെക്കൊണ്ട് അവർ മുഴുവൻ ജോലിയും ചെയ്യിക്കും. (ഹദ്റത്ത് സയ്യിദ ഉമ്മു ത്വാഹിറിന്റെ ചരിത്രം പേജ് 221).

1947ൽ ജമാഅത്ത് ഖാദിയാനിൽ നിന്ന് പാകിസ്താനിലെ റബ്‌വയിലേക്ക് പലായനം ചെയ്യേണ്ടിവന്നപ്പോൾ കഠിനമായ സാമ്പത്തിക ഞെരുക്കവും പ്രശ്നങ്ങളും നേരിടേണ്ടി വന്നു. സ്ത്രീകൾ അസാമാന്യമായ ധീരത പ്രകടിപ്പിച്ച നിരവധി സംഭവങ്ങൾ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ചരിത്രത്തിലുണ്ടായിട്ടുണ്ടെങ്കിലും ഹിജ്റത്തിന്റെ സമയത്ത് ഖാദിയാൻ വിട്ടുപോകുന്ന കാര്യത്തിൽ ദുഃഖിച്ചിരുന്നില്ലെങ്കിലും അതിന്റെ സംരക്ഷണത്തെ സംബന്ധിച്ച് അങ്ങേയറ്റം അസ്വസ്ഥരായിരുന്നു. രാജ്യത്ത് അത്തരത്തിലുള്ള ഭയാനകമായ സംഭവങ്ങളും അരക്ഷിതാവസ്ഥയുമാണ് ഉണ്ടായിരുന്നത്. ഈ ദിനങ്ങളിൽ അഹ്മദി മുസ്‌ലിം വനിതകൾ വിശ്വാസത്തിന്റെയും ധീരതയുടേയും മഹത്തായ മാതൃകകൾ പ്രദർശിപ്പിക്കുകയും നിർണ്ണായകമായ ഈ ഘട്ടത്തിൽ ദൗർബല്യം പ്രകടിപ്പിക്കരുതെന്നും ത്യാഗത്തിന്റെ ഉന്നതമായ മാതൃക കാട്ടണമെന്നും തങ്ങളുടെ സന്താനങ്ങളേയും മക്കളേയും സഹോദരന്മാരേയും ഉപദേശിക്കുകയും ചെയ്തു. ലാഹോറിലെ അമത്തുൽ ലത്തീഫ് ബീഗം സാഹിബ അവരുടെ ഭർത്താവ് ഡോക്ടർ മുഹമ്മദ് അഹ്മദ് സാഹിബിന് ഇപ്രകാരം എഴുതി. "ദൈവത്തിൽ ഭരമേല്പിച്ചുകൊണ്ട് താങ്കൾ അവിടെ നിൽക്കണം എന്നാണ് എന്റേയും ഉമ്മയുടേയും ഉപദേശം. അല്ലാഹു താങ്കളെ സംരക്ഷിക്കും. താങ്കളുടെ വിശ്വാസം വ്യർഥാവിലാവാൻ അനുവദിക്കില്ല. അതുകൊണ്ട് മടങ്ങി വരാൻ അനുമതി തേടരുത്. ഞങ്ങളെ അല്ലാഹുവിന്റെ കാരുണ്യത്തിന് വിട്ടേക്കുക. എന്തെന്നാൽ അവൻ എല്ലാവരുടേയും സംരക്ഷകനാണ്. അവൻ നമ്മെ സൃഷ്ടിച്ചെങ്കിൽ അവൻ തന്നെ നമ്മെ സംരക്ഷിക്കുകയും തീറ്റുകയും ചെയ്യും. അവൻ താങ്കളെ സജീവനാക്കിവെക്കുമെങ്കിൽ അവൻ എല്ലാ ഓരോ വഴിയിലും അത് ചെയ്യുകയും താങ്കളെ സഹായിക്കുകയും ചെയ്യും. മരണമാണ് വിധിക്കപ്പെട്ടതെങ്കിൽ നമ്മളെത്ര ശ്രമിച്ചാലും രക്ഷപ്പെടാൻ കഴിയില്ല. എന്നെപ്പറ്റി വ്യാകുലപ്പെടേണ്ട. ഞാനൊരു ഭീരുവല്ല. സർവ്വശക്തനായ അല്ലാഹുവിലുള്ള എന്റെ വിശ്വാസം ശക്തമാണ്. അവനിൽ നിന്ന് ഒരു പരീക്ഷണം വരികയാണെങ്കിൽ അത് എങ്ങനെയായാലും വരേണ്ടതാണ്. നമ്മെ സ്ഥിരതയോടെ നിർത്താനും നമ്മുടെ ഈമാനിൽ ഇടറിപ്പോവാതിരിക്കാനും ദുആ ചെയ്യുക" (ത്വാരീഖെ, ലജ്ന വാല്യം 2 പേജ് 21)

ഗഞ്ച് മുഗൾപുരയിലെ മുഹമ്മദ് സാഹിബിന്റെ ഭാര്യ ഖാദിയാന്റെ സംരക്ഷണത്തിനുവേണ്ടി അവിടെ താമസിക്കുന്ന തന്റെ മകൻ മുഹമ്മദ് ലത്തീഫ് സാഹിബ് അമൃതസരിക്ക് എഴുതി:

'ഇന്ന് ഖാദിയാനിൽ നിലനില്ക്കുക എന്നത് ഒരു സമരമാണ്. കേന്ദ്രത്തെ സ്ഥൈര്യത്തോടും ധൈര്യത്തോടും കൂടി സംരക്ഷിക്കുന്നത് തുടരുക. നിനക്ക് ഈ മഹത്തായ പ്രവൃത്തിക്ക് വേണ്ടി ജീവൻ കൈവെടിയേണ്ടി വന്നാൽ അങ്ങനെ ചെയ്യാൻ മടിക്കരുത്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വിശുദ്ധ ഭൂമിയെ സംരക്ഷിക്കുന്നതിൽ നീ ഉന്നതമായ ത്യാഗം പ്രദർശിപ്പിക്കുകയാണെങ്കിൽ ഞങ്ങളതിൽ സന്തുഷ്ടരായിരിക്കും. അത് ഓരോ അഹ്മദിയുടെ കാര്യത്തിലും അഭിമാനാർഹമായ കാര്യമാണ്. അസ്വസ്ഥനാവേണ്ടതില്ല. അല്ലാഹു നിന്നെ സംരക്ഷിക്കും. ഞങ്ങൾ, നിന്റെ മാതാപിതാക്കന്മാർ, സർവ്വശക്തനായ അല്ലാഹു നിനക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യുമാറാകട്ടെ എന്ന് ദുആ ചെയ്യുന്നു. ആമീൻ. (താരീഖെ ലജ്ന വാല്യം 2 പേജ്19)

ആദ്യകാല ലജ്നാ ഇമായില്ലാഹ് അംഗങ്ങൾ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി(റ)ന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് എല്ലാ രംഗത്തും പ്രവർത്തിച്ചു. വിശുദ്ധ ഖുർആന്റെ സേവനത്തിനായാലും പള്ളിയുടെ നിർമ്മാണത്തിനായാലും മിഷനറി പ്രവർത്തനത്തിനായാലും സമയവും ധനവും ചെലവഴിക്കുന്നതിനായാലും സന്താനങ്ങളുടെ കാര്യത്തിലായാലും അവർ നബിതിരുമേനി(സ)യുടെ വനിതകളായ അനുചരന്മാരുടെ കാലടിപ്പാടുകൾ പിന്തുടർന്നു. അവർ മഹത്തായ മാതൃകകളും ആത്മാർത്ഥതയും കാണിക്കുകയും ചെയ്തു, അതെന്നും സ്മരിക്കപ്പെടും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ തുടക്കത്തിലുള്ള ആ പതിമൂന്നു വനിതകളുടെ ഗ്രൂപ്പിൽ നിന്നു ഇന്ന് ലജ്നാ ഇമായില്ലായുടെ ശാഖകൾ 190ലധികം രാജ്യങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഓരോ ദിവസവും അഹ്മദി മുസ്‌ലിം വനിതകൾ ഇസ്‌ലാമികസേവനത്തിൽ മഹത്തായ ത്യാഗങ്ങളനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു, ധനപരമായും പ്രായോഗികമായും അല്ലാഹു അവർക്കെല്ലാം മഹത്തായ അനുഗ്രഹം നല്കുമാറാകട്ടെ. ആമിൻ.

***(അവലംബം: ദി റിവ്യു ഓഫ് റിലീജിയൻസ് ആഗസ്ത് 2009)***

***സമ്പാദക : സക്കീനത്ത്***

ഡോ. മുബാറക്ക മുഹമ്മദ്

അവലംബം - ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഖസീദ വരികൾ 63 മുതൽ 70 വരെ

# തിരുസന്നിധിയിൽ

നാഥാ! നിൻ പ്രിയ തിരുദൂതരിൽ ചൊരിഞ്ഞീടണേ
ശാന്തി വർഷം ഇഹത്തിലും പരത്തിലും

അഹോ വന്ദ്യഗുരോ, താവക പടിവാതിൽക്കൽ
അസ്വസ്ഥനായ് വന്നുനിൽക്കുമീ വിനീതനെ,

സത്യമെന്തെന്നറിയാതെ 'കാഫിറെ'ന്ന് മുദ്രകുത്തി
സദാ വേട്ടയാടുന്നിതാ മൂഢ ജനങ്ങൾ.

ഭടന്മാർ തൻ ഹൃത്തടം പിളർത്തീടുവാൻ പോന്നതല്ലോ
ഭവാന്റെ ചാപമുതിർക്കുമസ്ത്രമോരോന്നും.

ഏതൊരുഗ്ര സർപ്പത്തേയും തൽക്ഷണം ചതച്ചരയ്ക്കാൻ
എത്രയും കരുത്തുറ്റതാ നിശ്ചയദാർഢ്യം.

പ്രവാചക ശൃംഖലയിലെ ഗണ്യനായ ഭവാൻ
പ്രശോഭിച്ചിടുന്നിതെന്നും ധൈര്യശാലിയായ്.

സർവ്വ ലോകാനുഗ്രഹിയായ് ഭവാനെ പാരിലയച്ച
സർവ്വേശ്വരനെ വാഴ്ത്തീടട്ടെ നിത്യവും ഞങ്ങൾ.

പൂജ്യനാകും അങ്ങയുടെ കൃപാ കടാക്ഷങ്ങളെന്നിൽ
പതിച്ചിടാൻ കൊതിക്കുന്നീ വിനീത ദാസൻ

അങ്ങയോടെൻ ഹൃദയത്തിൻ നാഡികളിൽ, ജീവനിലും
അദമ്യമായനുരാഗം വഴിഞ്ഞു നിൽപ്പൂ.

സ്മരിച്ചിടാതില്ലല്ലോ ഞാനെന്നുമാമുഖകമലം
മമ ജീവിതത്തിലൊരു നിമിഷനേരവും

പറന്നണഞ്ഞീടാൻ തിരു സവിധത്തിൽ കൊതിപ്പൂഞാൻ.
പക്ഷങ്ങളെനിക്ക് ദൈവം നൽകീടുമെങ്കിൽ

നാഥാ! നിൻ പ്രിയ തിരുദൂതരിൽ ചൊരിഞ്ഞീടണേ
ശാന്തി വർഷം ഇഹത്തിലും പരത്തിലും. ■

സലീമ നാസർ

# ദൈവികാനുഗ്രഹങ്ങളുടെ കൊയ്ത്തുകാലം: റമദാൻ

**പുണ്യമാസമായ റമദാൻ വീണ്ടും സമഗാതമായിരിക്കുകയാണ്. അല്ലാഹുവിന്റെ സ്നേഹവും തൃപ്തിയും കരസ്ഥമാക്കുവാനുള്ള ഈ സുവർണ്ണാവസരം പാഴാക്കികളയരുത്**

അല്ലാഹുവിന്റെ കൃപാകടാക്ഷം മാനവർക്ക് ചൊരിഞ്ഞുകൊണ്ട് വിജ്ഞാനത്തിന്റെ, നേർമാർഗ്ഗത്തിന്റെ, സാഹോദര്യത്തിന്റെ, നറുമണം പകരുന്ന കുളിർ തെന്നലായി വിശുദ്ധ ഖുർആൻ നബിതിരുമേനിയി(സ)ലൂടെ അവതരിച്ച പുണ്യമാസം. സംസ്ക്കാരഹീനരായി വിശന്നുവലയുകയും ഒരു തുള്ളി ജ്ഞാനജലത്തിനായി മുറവിളികൂട്ടുകയും ചെയ്തിരുന്ന അറേബ്യൻ ജനതക്ക് നിരക്ഷരനായ ഒരു വ്യക്തിയിലൂടെ വിജ്ഞാനത്തിന്റെ രുചിയേറിയ വിഭവങ്ങൾ വിളമ്പി വിശപ്പകറ്റുകയും സംസ്ക്കാരത്തിന്റെ, സഹാനുഭൂതിയുടെ, ഭക്തിയുടെ നീരുറവകൾ കുടിപ്പിക്കപ്പെടുകയും ചെയ്തുകൊണ്ട്, ദൈവത്തിന്റെ മഹത്വങ്ങൾ പ്രത്യക്ഷപ്പെട്ട മാസം. നന്മകൾക്ക് അല്ലാഹു ഇരട്ടിപ്രതിഫലം വാഗ്ദാനം നൽകുന്ന ഈ പുണ്യമാസമായ റമദാനെ വരവേൽക്കുവാൻ മുസ്ലിംകൾ ഓരോ വർഷവും കാത്തിരിക്കുന്നു. വിശ്വാസികളുടെ ഈ വസന്തകാലത്തെ ഒരാവർത്തികൂടി നുകരാൻ നമുക്ക് ഭാഗ്യം ലഭിച്ചിരിക്കുകയാണ് (അൽഹംദുലില്ലാഹ്)

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. **"വിശ്വാസികളെ! നിങ്ങൾക്ക് മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ (ധാർമ്മികവും ആത്മീയവുമായ ന്യൂനതകളിൽ നിന്ന് സുരക്ഷിതരാകും വിധം) ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി." (2:184)** പൂർവ്വ സമുദായങ്ങളിലും നിർബന്ധമാക്കപ്പെട്ടപോലെ നിങ്ങൾക്കും ഇത് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു എന്ന പ്രയോഗം വ്രതാനുഷ്ഠാനത്തിന്റെ മഹനീയത വിളിച്ചോതുന്നു. വ്യത്യസ്ത രൂപത്തിലാണെങ്കിലും മറ്റു മതങ്ങളിലും വ്രതാനുഷ്ഠാനം കാണപ്പെടുന്നതുകൊണ്ട് ആത്മീയോദ്ധാരണത്തിന് മർമ്മ പ്രധാനമായ ഒന്നാണ് വ്രതാനുഷ്ഠാനം എന്നു നമുക്ക് മനസ്സിലാകുന്നു. മറ്റു മതങ്ങളിലെ തത്ത്വങ്ങൾ ഏറ്റവും ശ്രേഷ്ഠമായ നിലയിൽ വിശുദ്ധഖുർആനിൽ നിലകൊള്ളുന്നതുകൊണ്ട് വിശുദ്ധഖുർആൻ ഏറ്റവും ശ്രേഷ്ഠതയുള്ള മഹനീയസ്ഥാനത്തിന് സാക്ഷ്യം വഹിക്കുന്നു.

ഈ പവിത്രഗ്രന്ഥത്തിൽ അല്ലാഹുപറയുന്നു. അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയത് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും കൃതജ്ഞത കാണിക്കുന്നതിനു വേണ്ടിയാകുന്നു. അളവില്ലാത്ത അനുഗ്രഹദാതാവായ അല്ലാഹുവിനോട് നാം എത്ര തന്നെ കൃതജ്ഞത കാണിച്ചാലും നമ്മുടെ ബാദ്ധ്യത തീരുന്നില്ല. ഈ ലക്ഷ്യം പൂർത്തീകരിക്കാനുള്ള ഒരു സുവർണ്ണാവസരമാണ് റമദാനിലൂടെ നമുക്ക് കൈവരുന്നത്.

ഹദ്റത്ത് അബുഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ)പറഞ്ഞു "റമദാൻ മാസം സമാഗതമായാൽ സ്വർഗ്ഗ കവാടങ്ങൾ തുറക്കപ്പെടുകയും, നരക കവാടങ്ങൾ അടക്കപ്പെടുകയും ശൈത്താൻ ബന്ധനസ്ഥനാകുകയും ചെയ്യുന്നു." ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാവുന്നത് വ്രതമനുഷ്ഠിക്കുന്നതിലൂടെ എല്ലാവിധ

പാപങ്ങളിൽ നിന്നും മുക്തിനേടി പിശാചിന്റെ ഉപദ്രവത്തിൽ നിന്ന് മുക്തമാകുകയും സ്വർഗ്ഗപ്രാപ്തിക്ക് അർഹനായി തീരുകയും ചെയ്യുമെന്നാണ്. വ്രതാനുഷ്ഠാനത്തിനു ധാർമ്മികവും ആത്മീയവുമായ ഒരർത്ഥവും ലക്ഷ്യവുമാണ് വിശുദ്ധഖുർആനിൽ സങ്കൽപ്പിച്ചിരിക്കുന്നത്. നോമ്പാചരിക്കാനുള്ള കല്പനയോടൊപ്പം ദോഷബാധയെ തടയുവാനും അത് ഉൽബോധിപ്പിച്ചിരിക്കുന്നു അതിലേക്കാവശ്യമായ ഉപാധികളെക്കുറിച്ച് തുടർന്ന് പ്രതിപാദിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഇസ്ലാമിലെ വ്രതാനുഷ്ഠാനം കേവലം ഭക്ഷണം ഉപേക്ഷിക്കുന്ന ഒരു പട്ടിണി വ്രതമല്ല. എല്ലാ തരം ദോഷകാര്യങ്ങളെയും വർജ്ജിച്ചുകൊണ്ട് ജീവിതത്തെ പാവനമാക്കാനുള്ള ഒരു ദൃഢവ്രതമാണെന്ന് ഖുർആൻ മനസ്സിലാക്കിത്തരുന്നു.

നോമ്പുകാരൻ ഒരുമാസം മുഴുവൻ പ്രഭാതം മുതൽ പ്രദോഷം വരെ ലൗകീകമായ സുഖഭോഗ വസ്തുക്കളെയെല്ലാം പരിത്യജിക്കുവാനാണ് ശീലിക്കുന്നത്. ഇങ്ങനെ അല്ലാഹുവിന്റെ കല്പനയനുസരിച്ച് നോമ്പനുഷ്ഠിക്കുന്ന ഒരു ദൈവഭക്തന്റെ ആത്മാവ് പരിപാവനമായിത്തീരുമെന്നതിൽ സംശയമില്ല. ആഹാര പാനീയങ്ങൾ അരികിലുണ്ടായിട്ടും അല്ലാഹുവിനു വേണ്ടി അത് ഉപേക്ഷിച്ചുകൊണ്ട്, നിത്യവൃത്തിക്ക് ഗതിയില്ലാതെ വിശപ്പനുഭവിക്കുന്ന തന്റെ സഹോദരന്റെ പരിതാവസ്ഥയിൽ പങ്കാളിയാകുന്ന വിശപ്പിന്റേയും ദാഹത്തിന്റേയും തിക്തഫലം അവൻ അനുഭവിച്ചറിയുന്നു. വ്രതകാലത്ത് നോമ്പുകാരൻ തന്റെ ഇച്ഛകളേയും വികാരങ്ങളേയും നിരോധിക്കുവാനും നിയന്ത്രിക്കുവാനും പരിശീലിക്കുന്നതുമൂലം സ്വാഭാവികമായ ദോഷപ്രവണതകളെ നിയന്ത്രിക്കുവാനുള്ള മന:ക്കരുത്ത് ആർജ്ജിക്കുന്നു. ശാരീരികമോ മാനസികമോ ആയ ഏതൊരു കഴിവും ശക്തിയും പൂർണ്ണത പ്രാപിക്കണമെങ്കിൽ അത് പ്രത്യേക തരത്തിലുള്ള ശിക്ഷണത്തിനും നിയന്ത്രണത്തിനും വിധേയമാക്കണമല്ലോ. അതുപോലെ ദൈവപ്രീതിക്ക് വഴങ്ങുവാനും അവനോടുള്ള അനുസരണം പാലിക്കുവാനും വ്രതാനുഷ്ഠാനം ഒഴിച്ചു കൂടാത്തതാണ്.

റമദാനിൽ തനിക്ക് ഇഷ്ടാനുസരണം അനുഭവിക്കാവുന്ന തന്റെ സുഖസൗകര്യങ്ങളെല്ലാം ദൈവപ്രീതിക്കു വേണ്ടി ത്യജിക്കുകയും അതിൽ എത്രതന്നെ ആഗ്രഹവും ആവശ്യവും തോന്നിയാലും അല്ലാഹുവിന്റെ ശാസനയെ തെറ്റിക്കുന്ന ആത്മസങ്കോചത്താൽ തന്റെ ഇച്ഛകളെ അടക്കി നിർത്തുകയും ചെയ്യുന്നു. ഇങ്ങനെ വർഷം തോറും നോമ്പനുഷ്ഠിക്കുമ്പോൾ ദൈവ വിരോധമായുള്ള എല്ലാ പ്രവൃത്തികളിൽ നിന്നും വിട്ടു നിൽക്കാനുള്ള ആത്മീയശക്തി മനുഷ്യന് കരഗതമാകുന്നു. അതുകൊണ്ട് തന്നെയാണ് " **ഉപവാസം ഒരു പരിചയാകുന്നു" എന്ന് തിരുനബി(സ) അരുളിയത്.**

**ഇസ്ലാമിലെ വ്രതാനുഷ്ഠാനം കേവലം ഭക്ഷണം ഉപേക്ഷിക്കുന്ന ഒരു പട്ടിണി വ്രതമല്ല. എല്ലാതരം ദോഷകാര്യങ്ങളെയും വർജ്ജിച്ചുകൊണ്ട് ജീവിതത്തെ പാവനമാക്കാനുള്ള ഒരു ദൃഢവ്രതമാണെന്ന് ഖുർആൻ മനസ്സിലാക്കിത്തരുന്നു.**

വ്രതമനുഷ്ഠിക്കുന്ന ആളുടെ വ്രതം തസ്ബീഹും അയാളുടെ നിദ്ര ഇബാദത്തും അയാളുടെ കർമ്മഫലം ഇതരമാസങ്ങളെ അപേക്ഷിച്ച് ശതഗുണീഭവിക്കപ്പെട്ടതും ആണെന്ന് തിരുനബി(സ) അരുൾചെയ്യുന്നു. വ്രതാനുഷ്ഠാനത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ഹദ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) അരുൾചെയ്യുന്നു "റമദാൻ മാസത്തിലാണ് വിശുദ്ധഖുർആൻ ഇറക്കപ്പെട്ടത് (2:186) എന്ന വചനത്തിൽ നിന്ന് റമദാൻ മാസത്തിന്റെ മഹത്വം മനസ്സിലാകുന്നു" ഈമാസം ഹൃദയ പ്രകാശനത്തിനുള്ള ഉത്തമമായ മാസമാണെന്നും അതിൽ അധികമായി ആത്മീയദർശനങ്ങൾ ഉണ്ടാകുന്നതാണെന്നും സൂഫികൾ എഴുതുന്നു. നമസ്കാരം ആത്മാവിന് സംസ്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മസംസ്കരണമെന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേച്ഛകളിൽ നിന്ന് ദൂരപ്പെടലും ഹൃദയ പ്രകാശമെന്നാൽ ആത്മദർശനത്തിനുള്ള കവാടം തുറന്ന് ദൈവത്തെ കാണുവാൻ സാധിക്കുക എന്നുമാണ് ഉദ്ദേശ്യം.

ശഅ്ബാൻ മാസത്തിന്റെ അവസാനത്തിൽ നബി (സ) നടത്തിയ ഒരു ഉപദേശപ്രസംഗത്തിൽ "അല്ലയോ ജനങ്ങളെ! മഹത്തായ ഒരുമാസം നിങ്ങൾക്കായിതാ തണലിട്ടിരിക്കുന്നു. അനുഗൃഹീതമായ ഒരു മാസമാണിത്, ആയിരം രാവുകളേക്കാൾ ഉത്തമമായ ഒരു രാത്രിയുള്ള മാസവുമാണിത്. അതിൽ വ്രതമനുഷ്ഠിക്കാൻ അല്ലാഹു നിർബന്ധമാക്കുകയും നമസ്കാരം ഐച്ഛിക പുണ്യമാക്കുകയും ചെയ്തിരി ക്കുന്നു. ഈ മാസത്തിൽ വല്ല പുണ്യകർമ്മവും ചെയ്ത് ദൈവസാമിപ്യം തേടുന്നവൻ

ഇതരമാസങ്ങളിൽ ഒരു നിർബന്ധകർമ്മം അനുഷ്ഠിച്ചവനെ പ്പോലെയാണ്. ഈ മാസത്തിൽ ഒരു നിർബന്ധകർമ്മം ചെയ്യുന്നവൻ മറ്റുദിവസങ്ങളിൽ 70 നിർബന്ധകർമ്മങ്ങൾ അനുഷ്ഠിച്ചവനെപ്പോലെയാണ്. റമദാൻ സഹനത്തിന്റെ മാസമാണ് സഹനത്തിന്റെ പ്രതിഫലം സ്വർഗ്ഗമത്രെ. ഇത് സഹാനുഭൂതിയുടെ മാസമാണ്. സത്യവിശ്വാസികളുടെ ഉപജീവനത്തിൽ വർദ്ധനവുണ്ടാകുന്ന മാസവുമാണ്. ഇതിൽ വല്ലവനും ഒരാളെ നോമ്പ് തുറപ്പിച്ചാൽ നോമ്പുകാരനുള്ള അത്രയും പ്രതിഫലം നോമ്പ് തുറപ്പിച്ചവനും ലഭിക്കും. ഇതുകേട്ടപ്പോൾ സഹാബാക്കാൾ ചോദിച്ചു "അല്ലാഹുവിന്റെ റസൂലേ ഞങ്ങളിൽ എല്ലാവർക്കും നോമ്പു തുറപ്പിക്കാനുള്ള കഴിവില്ലല്ലോ?" നബി(സ)തിരുമേനി പറഞ്ഞു. ഒരു കവിൾ പാലോ ഒരു ചുള കാരക്കയോ ഒരിറ്റ് വെള്ളമോ കൊണ്ട് നോമ്പ് തുറപ്പിക്കുന്നവനും ഈ പ്രതിഫലം ലഭിക്കുന്നതാണ്. ഒരു നോമ്പുകാരന് വയറുനിറച്ച് ആഹാരം കൊടുത്താൽ അവനെ അല്ലാഹുവിന്റെ ജലാശയത്തിൽ നിന്ന് കുടിപ്പിക്കുന്നതാണ്. പിന്നീട് അയാൾക്ക് ദാഹിക്കുകയില്ല. ഈ മാസത്തിന്റെ ആദ്യം കാരുണ്യവും മദ്ധ്യം പാപമോചനവും അവസാനം നരകവിമുക്തിയുമാണ്. ആരെങ്കിലും റമദാനിൽ തന്റെ അടിമകൾക്ക് ജോലിയിൽ ഇളവ് നൽകിയാൽ അല്ലാഹു അവന് പൊറുത്തു കൊടുക്കുന്നതും നരകത്തിൽ നിന്നും മോചിപ്പിക്കുന്നതുമാണ്."

വ്രതാനുഷ്ഠാനം, ദിക്റെഇലാഹി, ഖുർആൻ പാരായണം, തറാവീഹ്, തഹജ്ജുദ് എന്നീ ഇബാദത്തുകൾ കൊണ്ടുനിറക്കപ്പെട്ട പരിശുദ്ധി നിറഞ്ഞ ആത്മീയാനന്ദം അലതല്ലുന്ന ദിനരാത്രങ്ങളടങ്ങിയതാണ് ഈ പുണ്യമാസം. ഇത് ഒരു വിശ്വാസിക്ക് നന്മയുടെ കൊയ്ത്തുകാലം തന്നെയാണ്.

എന്നാൽ ഇത്രയും മഹനീയമായ കർമ്മമെന്ന് വിശേഷിപ്പിക്കുന്ന വ്രതാനുഷ്ഠാനവും മറ്റു പുണ്യകർമ്മങ്ങളും അതിന്റെ നിബന്ധനകൾ പാലിക്കപ്പെടുന്നില്ലെങ്കിൽ ഒരു ഫലവുമില്ല. ഇതിനെക്കുറിച്ച് നബി(സ) അരുളുന്നു.

**"വല്ലവനും അനാവശ്യമായ സംസാരങ്ങളും ദുഷ്പ്രവൃത്തികളും ഉപേക്ഷിക്കുന്നില്ലെങ്കിൽ ഭക്ഷ്യപാനീയങ്ങൾ ഉപേക്ഷിക്കുന്നത് അല്ലാഹുവിന് ആവശ്യമില്ല."** (ബുഖാരി)

**"എത്രയെത്ര നോമ്പുകാർ! നോമ്പുമൂലം ദാഹമല്ലാതെ അവർക്ക് കിട്ടുന്നില്ല. എത്രയെത്ര രാത്രി നമസ്കാരക്കാർ! രാത്രി നമസ്കാരം കൊണ്ട് നിദ്രാനഷ്ടമല്ലാതെ യാതൊന്നും അവർക്കുലഭിക്കുന്നില്ല." (ദാരിമി)**

വ്രതാനുഷ്ഠാനത്തെക്കുറിച്ച് ഹദ്റത്ത്മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) പറയുന്നു. "ദാഹവും വിശപ്പും മുഖേന ആരെയും നശിപ്പിക്കുകയല്ല നോമ്പിന്റെ ഉദ്ദേശ്യം. പട്ടിണി മരണത്താൽ സ്വർഗ്ഗം ലഭിക്കുമെങ്കിൽ നിഷേധികളും കപട വിശ്വാസികളുമായവർകൂടി അതിനുവേണ്ടി തയ്യാറായിരിക്കുമെന്ന് ഞാൻ കരുതുന്നു. കാരണം ദാഹവും വിശപ്പും മൂലമുള്ള മരണം ഒരു പ്രയാസമുള്ള കാര്യമല്ല. ധാർമ്മികവും ആത്മീയവുമായ പരിവർത്തനമാണ് വാസ്തവത്തിൽ പ്രയാസമുള്ളത്. നിസ്സാരകാര്യങ്ങൾക്കായി ആളുകൾ നിരാഹാരസമരം നടത്തുന്നു. ഏതെങ്കിലും ഒരു കാര്യം അംഗീകരിക്കപ്പെടാതിരുന്നാൽ ഭക്ഷണം ഉപേക്ഷിക്കുന്നത് ബ്രാഹ്മണരിൽ അറിയപ്പെടുന്ന ഒരു ശീലമാണ്. ചുരുക്കത്തിൽ വിശന്നിരിക്കൽ ഒരു വലിയ കാര്യമല്ല. റമദാന്റെ ഉദ്ദേശ്യവും ഇതല്ല. റമദാൻ മാസം ദൈവത്തിനു വേണ്ടി സർവ്വതും ത്യജിക്കാൻ സന്നദ്ധമാകണമെന്നതാണ് അതിന്റെ യഥാർത്ഥ ഉദ്ദേശ്യം. തന്റെ എല്ലാ അവകാശങ്ങളും ദൈവത്തിനു വേണ്ടി ഉപേക്ഷിക്കാൻ ഒരുക്കമാണെന്നതിനുള്ള ബാഹ്യമായ അടയാളമാണ് വിശപ്പുസഹിക്കൽ. അശനപാനങ്ങൾ മനുഷ്യന്റെ അവകാശമാണ്. അതിനാൽ ഒരാൾ അതെല്ലാം ഉപേക്ഷിക്കുമ്പോൾ താൻ ദൈവത്തിനുവേണ്ടി തന്റെ അവകാശങ്ങൾ ഉപേക്ഷിക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്.

റമദാൻ സമാഗതമാകുകയും തന്റെ അവകാശങ്ങളെ എങ്ങനെ ത്യജിക്കാനാണ് എന്നുപറഞ്ഞ് അതുകഴിഞ്ഞു പോകുകയുമാണെങ്കിൽ റമദാനിൽ നാം ഒന്നും നേടിയില്ല എന്നർത്ഥം. കാരണം മനുഷ്യൻ തന്റെ അവകാശങ്ങളെ ത്യജിക്കാൻ സന്നദ്ധമാകണമെന്ന പ്രഖ്യാപനവുമായാണ് റമദാൻ ആഗതമാകുന്നത്. (അൽഫസ്ൽ 30.3.1926) മുസ്‌ലിഹ് മൗഊദ്(റ) മറ്റൊരിടത്ത് പറയുന്നു: 'ദയാലുവായ ഒരു മനുഷ്യൻ തന്റെ ഖജനാവ് തുറന്ന് വരൂ! ഇതിൽ നിന്ന് ആവശ്യമുള്ളത് എടുത്തു കൊള്ളു! എന്നു പറയുന്നതു പോലെ ഈ പുണ്യമാസത്തിൽ അല്ലാഹു ബർക്കത്തുകളുടെയും അനുഗ്രഹങ്ങളുടെയും കവാടങ്ങൾ തുറന്ന് വരൂ വന്ന് നിങ്ങൾക്ക് ആവശ്യമുള്ളത് എടുത്തുകൊണ്ട് പോകൂ എന്ന് പറയുന്നു." പരിമിതിയും പരിധിയുമില്ലാതെ അനുഗ്രഹങ്ങൾ ചൊരിയുന്ന സർവ്വാധിനാഥന്റെ ഖജനാവിൽ പ്രവേശിച്ച് അനുഗ്രഹലബ്ധിക്ക് പാത്രമാകാൻ അല്ലാഹു ഈ പരിശുദ്ധമാസത്തിൽ നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. (ആമീൻ) ■

കവിത

ആബിദ ജലീൽ

# വാനിലെ നക്ഷത്രങ്ങൾ

പവിത്രമാം പരിശുദ്ധ തിരുസന്നിധിയിൽ അവർ
പ്രണമിച്ചു തൻ നാഥനെ സ്തുതിച്ചിടുമ്പോൾ.
തവസ്വരരാഗം കേട്ടും മനമതിൽ നിന്റെ രൂപം
ഹൃദയത്തിലഗാധമായ് പുണർന്നുകൊണ്ടും.

തന്റെ നാഥൻ  നൽകിയൊരാസവിധത്തിൽ
നിർഭയരായ് നിർമ്മലരായ് നിരന്നുനിൽക്കെ
കേട്ടതില്ല വെടിയൊച്ചയൊന്നും തന്നെ
കേട്ടനേരം കരഞ്ഞില്ല! ആർത്തലച്ചു വീണതില്ല!

നെഞ്ചകത്തിൽ തുളഞ്ഞൊരാ വെടിയുണ്ടയേറ്റു
നിണം വാർന്നു നിലം തന്നിൽ പതിഞ്ഞപ്പോൾ
അവരുടെ നാവിൽ നിന്നുതിരുന്നു മൃദുമന്ത്രമായ്
തക്ബീറിൻ പ്രതിധ്വനി ഒന്നു മാത്രം!

അതിലൊരു മഹാവര്യൻ പ്രായമേറെ ചെന്നെന്നാലും
വിരിമാറ് കാട്ടിയതാ വെടിയുണ്ടകൾ തടുത്തീടുന്നു
പിന്നിലുള്ള കിടാങ്ങളെ രക്ഷിച്ചീടാൻ തന്റെ ജീവൻ
അവസാനശ്വാസം വരെ പൊരുതിനിന്നു!.

യുവാവായ മകനെ തൻ മടിയിൽ കിടത്തിയൊരു
മാതാവോതും വാക്യങ്ങളെ ശ്രവിച്ചുകൊൾവിൻ,
എൻ മടിയിൽ കിടത്തിയാ മകനെ തിരികെയാ-
തിരുമടിയിൽ കിടത്തി ഞാനെൻ കടം വീട്ടട്ടെ!

പതിനെട്ടു വയസ്സുള്ളോരേകമകൻ മരിച്ചിട്ടും
മസീഹിന്റെ ജമാഅത്തിൽ മരിക്കേണമെന്നു-
പതറാതെ പറഞ്ഞൊരാ കുടുംബാംഗങ്ങളും,
സമാധാനചിത്തരായി നിലകൊള്ളുന്നു.

ചേതനയറ്റ ദേഹങ്ങൾ അടുക്കിയങ്ങെടുക്കുമ്പോൾ
എൻ പിതാവാണൊടുവിലായ് കിടപ്പതെന്ന-
ലിവോടെ അരുളിയാ പൊന്നുമോനോ,
തിരിഞ്ഞുനടന്നു തൻ ജോലി ചെയ്യുവാനായ്.

അരുമയാം തന്റെ ശിഷ്യർ വഹിച്ചൊരാ ആത്മത്യാഗത്തിൻ
കഥകേൾക്കെ, പിടയ്ക്കുമൊരു ഹൃദയത്തിൻ-
മിടിപ്പുകൾ ദൂരെനിന്നായ് അശരണർ ശ്രവിക്കവേ.
ദൃഢചിത്തരായവർ കണ്ണുനീരിൻ പുഞ്ചിരിയാലെ,

ഖലീഫതൻ കാതിലവർ ഓതിയതോ സമാധാനം
പറഞ്ഞില്ലങ്ങൊരുവരും പരാതികൾ ഒട്ടും തന്നെ.
ത്യജിച്ചവർ മക്കളെയും ജീവനേയും ധനത്തേയും
സമർപ്പിപ്പൂ സർവ്വസ്വവും തൻ നാഥനായ് കാഴ്ചവയ്പൂ.

അനന്തം അനർഗ്ഗളമാം ആകാശവീഥിയിൽ
അഭൗമ സുരഭില സുഗന്ധവാഹികളായ്,
അലയടിച്ചെത്തുമീ അരുമ കിടാങ്ങൾക്കെന്നും
അഭയമായ്! ആശ്രയമായ്! അഖിലവുമായ് നീ!

അതുല്യമാം അവിടുത്തെ കരങ്ങൾ നീട്ടി നീ
അനുഗ്രഹിച്ചരുളീടൂ കൃപാവാരിധേ.
വാനിൽ നിന്നുതിരും നിൻ മധുസ്വരരാഗം കേട്ടു
ഉറങ്ങട്ടെ നിൻ മടിയിൽ അവർ ഉറങ്ങീടട്ടെ..... ■

ശഫീന സമീർ, വാണിയമ്പലം

# സക്കാത്ത്: നിർബന്ധ കടമ

## സക്കാത്ത് കൊടുക്കുന്നത്കൊണ്ട് തങ്ങളുടെ സമ്പത്തിൽ കുറവു വരുമെന്നുള്ള ചിലരുടെ ധാരണ അസ്ഥാനത്താണ്. അല്ലാഹുവാണ് എല്ലാ അനുഗ്രഹങ്ങളുടെയും ദാതാവ്.

"നമസ്കാരം നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിന്നു നല്ല നിലയിൽ കടം കൊടുക്കുകയും ചെയ്യുക. നിങ്ങൾ സ്വന്തം ആത്മാക്കൾക്കു വേണ്ടി മുൻകൂട്ടി ചെയ്തുവെക്കുന്ന ഏതൊരു നന്മയും ഏറ്റവും ഉത്തമവും മഹത്തായ പ്രതിഫലത്തോടുകൂടിയതുമായി അല്ലാഹുവിന്റെ സവിധത്തിൽ നിങ്ങൾ കണ്ടെത്തും. നിങ്ങൾ അല്ലാഹുവിനോട് പാപമോചനത്തിന്നപേക്ഷിക്കുക. തീർച്ചയായും അല്ലാഹു വളരെയേറെ പൊറുക്കുന്നവനും പരമകാരുണികനുമാകുന്നു." (വി. ഖു. 73:21)

അഞ്ച് അടിസ്ഥാന സ്തംഭങ്ങളിൽ നിലനിൽക്കുന്ന മതമാകുന്നു ഇസ്‌ലാം. അഞ്ചിൽ രണ്ടാമത്തെ സ്തംഭമായ നമസ്കാരത്തിന്റെ തൊട്ടുപിന്നിലായിട്ടാണ് സക്കാത്തിന്റെ സ്ഥാനം. ധനവാന്മാരിൽ നിന്ന് വാങ്ങി സാധുക്കൾക്ക് നൽകുന്ന ഒരു പ്രക്രിയക്കാണ് സക്കാത്ത് എന്ന് പറയുന്നത്. സൃഷ്ടികർത്താവായ അല്ലാഹുവുമായി യഥാർത്ഥവും സുദൃഢവുമായ ഒരു സ്നേഹബന്ധം സ്ഥാപിക്കാൻ സക്കാത്തിനു കഴിയുന്നു. ഇതിൽ സഹതാപത്തിന്റേയും സഹാനുഭൂതിയുടേയും ഉന്നതപാഠങ്ങൾ അടങ്ങിയിരിക്കുന്നു. അത്യാഗ്രഹത്തേയും പിശുക്കിനെയും പിഴുതുകളയുവാൻ സക്കാത്ത് നമ്മെ സഹായിക്കുന്നു. സക്കാത്ത് നൽകാൻ നിർബന്ധപ്പെട്ടവൻ അത് കൊടുക്കുന്നില്ലെങ്കിൽ താൻ സത്യവിശ്വാസിയാണെന്ന അവന്റെ വാദം കള്ളമാണ്.

വിശുദ്ധ ഖുർആനിൽ നമസ്കാരത്തെക്കുറിച്ച് കല്പിച്ചിടത്തെല്ലാം സക്കാത്ത് നൽകാനും കല്പിച്ചിട്ടുണ്ട്. അതായത് ഒരു വിശ്വാസിക്ക് നമസ്കാരം എപ്രകാരം നിർബന്ധമായിരിക്കുന്നുവോ അത്ര തന്നെ സക്കാത്തും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. ഏതെങ്കിലും ഒരു വ്യക്തി ഈ ബാദ്ധ്യത സന്തോഷപൂർവ്വം നിർവ്വഹിക്കാതിരിക്കുകയോ വീഴ്ച വരുത്തുകയോ ചെയ്യുന്നപക്ഷം നമസ്കാരം ഉപേക്ഷിക്കുന്നവനെപ്പോലെതന്നെ കുറ്റക്കാരനാണ്. സക്കാത്ത് നൽകാത്തവന് ലഭിക്കുന്ന ശിക്ഷയെക്കുറിച്ച് വിശുദ്ധ ഖുർആനിലും ഹദീസുകളിലുമെല്ലാം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ പറയുന്നു. "സ്വർണ്ണവും വെള്ളിയും ഒരുമിച്ച് കൂട്ടിക്കൊണ്ടിരിക്കുന്നവനെയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവന്റെ കല്പന അനുസരിച്ച് ചെലവഴിക്കാത്തവനെയും അല്ലാഹുവിന്റെ പക്കൽ നിന്നുള്ള വേദനാജനകമായ ശിക്ഷയെക്കുറിച്ച് കേൾപ്പിക്കുക. ഒരു ദിവസം ആ സ്വർണ്ണത്തെയും വെള്ളിയേയും നരകാഗ്നിയിൽ ഉരുക്കി അതുകൊണ്ട് അവരുടെ നെറ്റിത്തടങ്ങളിലും അവരുടെ പാർശ്വങ്ങളിലും, പുറങ്ങളിലും പൊള്ളിക്കപ്പെടും. പിന്നീട് അവരോട് പറയപ്പെടും. നിങ്ങളുടെ ക്ഷേമത്തിന് വേണ്ടി നിങ്ങൾ സംഭരിച്ച സമ്പത്താണിത്. അതുകൊണ്ട് നിങ്ങൾ സമ്പാദിച്ച ആ സ്വത്തിന്റെ രുചി അറിഞ്ഞുകൊൾവിൻ."

ഹദ്റത്ത് അബു ഹുറയ്റ(റ) നിവേദനം ചെയ്യുന്നു. ഹദ്റത്ത് റസൂൽ (സ) പറഞ്ഞു: ഒരുത്തന് അല്ലാഹു സമ്പത്ത് നൽകുകയും അതിൽ നിന്ന് അയാൾ സക്കാത്ത് നൽകാതിരിക്കുകയും ചെയ്താൽ അവനെ പുനരുത്ഥാനനാളിൽ കൂർത്ത് മൂർത്ത പല്ലുകളുള്ള ഒരു പാമ്പിന്റെ രൂപത്തിൽ വളയം ആക്കി അവന്റെ കഴു

ത്തിൽ ഇടുന്നതാണ്. ആ പാമ്പ് അവനോട് പറയും "നീ സ്നേഹിച്ചിരുന്ന, സക്കാത്ത് നൽകപ്പെടാത്ത ആ സമ്പത്തും ഖജനാവും ആണിത്. (മുസ്‌ലിം).

പരലോകത്ത് ലഭിക്കുന്ന അതികഠിനമായ ശിക്ഷകൾക്കു പുറമെ സക്കാത്ത് നൽകാത്തവന് ഈ ലോകത്ത് വെച്ച് ലഭിക്കുന്ന ശിക്ഷകളെപ്പറ്റി ഒരു ഹദീസിൽ ഇങ്ങനെ വിവരിക്കുന്നുണ്ട്. "സക്കാത്ത് നിർബന്ധമായ സ്വത്തിന് സക്കാത്ത് നൽകാതെ സക്കാത്തിന്റെ അംശം അതിൽ തന്നെ ഉൾപ്പെടുത്തുകയും ചെയ്താൽ അത് മറ്റ് മുതലുകളേയും നശിപ്പിക്കുന്നതാണ് (മിശ്കാത്ത്). അതായത് ഒരു സ്നേഹിതന്റെ പക്കൽ ആയിരം രൂപ ഉണ്ടെങ്കിൽ അതിലെ സക്കാത്ത് ഇരുപത്തിയഞ്ച് രൂപ വരുന്നു. അദ്ദേഹം തന്റെ സക്കാത്ത് ബാദ്ധ്യതയായ ഇരുപത്തിയഞ്ച് രൂപ നൽകിയില്ലെങ്കിൽ ഈ ഇരുപത്തി യഞ്ച് രൂപ ആ ആയിരം രൂപയേയും നശിപ്പിക്കുന്നു.

സക്കാത്ത് കൊടുക്കുന്നതുകൊണ്ട് തങ്ങളുടെ മുതൽ കുറയുകയും നഷ്ടപ്പെടുകയും ചെയ്തേക്കുമെന്ന് ചിലർ ഭയപ്പെടുന്നു. ഇത് ഒരു പൈശാചിക ചിന്താഗതിയാണ്. അതിൽ നിന്ന് രക്ഷപ്പെടേണ്ടത് ഒരു സത്യവിശ്വാസിയുടെ കടമയാണ്. അല്ലാഹു പറയുന്നു. "പിശാച് നിങ്ങളെ ദാരിദ്ര്യത്തെക്കുറിച്ച് ഭീഷണിപ്പെടുത്തുകയും നീചകൃത്യങ്ങൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹു നിങ്ങൾക്ക് തന്റെ പക്കൽനിന്നുള്ള പാപപ്പൊറുതിയും അനുഗ്രഹവും വാഗ്ദാനം ചെയ്യുന്നു." (2:269). അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് നിങ്ങൾ കൊടുക്കുന്ന സക്കാത്ത് (വർദ്ധനവുണ്ടാക്കുന്നു.) അപ്പോൾ അവർ തന്നെയാണ് ഇരട്ടിപ്പിക്കുന്നുവർ (30:40.)

ആയതിനാൽ ഈ ആയത്തുകളെ മുൻനിർത്തി സക്കാത്ത് നൽകാൻ ബാദ്ധ്യതയുള്ളവൻ പൈശാചിക ചിന്തകളിൽ നിന്ന് രക്ഷപ്പെടുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കരസ്ഥമാക്കാനുള്ള വഴി സ്വീകരിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

പണം, സ്വർണ്ണം, വെള്ളി ആഭരണങ്ങൾ, ആടുമാടുകൾ, കച്ചവടച്ചരക്കുകൾ, മറ്റു മൂലധനങ്ങൾ എന്നിവക്കെല്ലാം സക്കാത്ത് കൊടുക്കേണ്ടതാണ്. ശരീഅത്ത് ഇവ എല്ലാറ്റിനും വെവ്വേറെ പരിധിയും അളവും തോതും നിശ്ചയിച്ചിട്ടുണ്ട്. നിശ്ചിതപരിധിയിൽ കുറഞ്ഞ സമ്പത്തിന് സക്കാത്ത് കൊടുക്കേണ്ടതില്ല. പരിധിക്ക് തുല്യമോ അധികമോ ആണെങ്കിൽ നിശ്ചിതതോതനുസരിച്ച് സക്കാത്ത് കൊടുക്കേണ്ടതാണ്.

സ്ത്രീകൾ സാധാരണയായി ഉപയോഗിച്ചു വരുന്നതും സാധുക്കൾക്ക് വായ്പ കൊടുക്കുന്നതുമായ ആഭരണങ്ങൾക്ക് സക്കാത്ത് ബാധകമല്ല. സാധാരണ ഉപയോഗിക്കപ്പെടാത്ത ആഭരണങ്ങൾക്ക് സക്കാത്ത് നിർബന്ധമാണ്.

സക്കാത്ത് നൽകപ്പെടേണ്ടതായ ആഭരണങ്ങൾ ഉണ്ടായിരിക്കുകയും അതനുസരിച്ച് സക്കാത്ത് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അവരെ സംബന്ധിച്ച് ഹദീസുകളിൽ ഭയങ്കരമായ താക്കീതാണുള്ളത്. സൈനബ(റ) നിവേദനം ചെയ്യുന്നു. ഒരിക്കൽ നബി(സ) ഞങ്ങളെ സംബോധന ചെയ്തു കൊണ്ട് പ്രസംഗിച്ചു. "അല്ലയോ സ്ത്രീ സമൂഹമേ, നിങ്ങളുടെ ആഭരണത്തിൽ നിന്നായാലും ശരി സക്കാത്ത് നൽകുവിൻ. കാരണം പുനരുത്ഥാനനാളിൽ നരകവാസികളിൽ നിങ്ങളുടെ ഭൂരിപക്ഷമാണ് ഉണ്ടാവുക."

ഇതിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. "ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ആഭരണങ്ങൾക്ക് സക്കാത്ത് ഇല്ല. സൂക്ഷിച്ചുവെയ്ക്കുകയും ചിലപ്പോൾ മാത്രം എടുത്ത് അണിയുകയും ചെയ്യുന്ന ആഭരണങ്ങൾക്ക് സക്കാത്ത് നൽകേണ്ടതാണ്. ഉപയോഗിച്ചുകൊണ്ടിരിക്കുകയും ഇടയ്ക്കിടെ ദരിദ്രരായ സ്ത്രീകൾക്ക് അണിയാൻ നൽകുകയും ചെയ്യുന്ന ആഭരണങ്ങൾക്ക് സക്കാത്ത് വേണ്ട എന്നാണ് ചിലരുടെ ഫത്‌വ. സ്വയം അണിയുകയും മറ്റുള്ളവർക്ക് അണിയാൻ നൽകാതിരിക്കുകയും ചെയ്യുന്ന ആഭരണങ്ങൾക്ക് സക്കാത്ത് നൽകുന്നതാണ് ഉത്തമം. ഇപ്രകാരം തന്നെയാണ് നമ്മുടെ വീട്ടിലും ചെയ്തുവരുന്നത്. പണത്തെപ്പോലെ സൂക്ഷിച്ചുവെക്കുന്ന ആഭരണങ്ങൾക്ക് സക്കാത്ത് നൽകേണ്ടതാണ് എന്നതിൽ അഭിപ്രായവ്യത്യാസം ഇല്ല." (ഫത്താവ് അഹ്മദിയ്യ).

ഖുർആന്റേയും നബിവചനത്തിന്റേയും വെളിച്ചത്തിൽ സക്കാത്ത് അതാത് കാലത്തെ ഖലീഫയുടെ സവിധത്തിൽ എത്തിക്കേണ്ടതാണ്. അഹ്മദികളായ നമുക്ക് അതിന് വ്യക്തമായ സംവിധാനം അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിലവിലുണ്ട്. എല്ലാവരുടേയും സക്കാത്ത് കേന്ദ്രത്തിലെ ബൈത്തുൽ മാലിൽ അയക്കേണ്ടതാണ്. അതിൽ നിന്ന് ഒരു ഭാഗം തങ്ങളുടെ ആശ്രിതർക്ക് കൊടു ക്കാൻ ആഗ്രഹിക്കുന്നവർ അതിന് നാസിർ ബൈത്തുൽ മാൽ മുഖേന ഖലീഫയുടെ അനുവാദം വാങ്ങേണ്ടതാണ്. ഒരു സാഹചര്യത്തിലും ഒരു വ്യക്തിക്ക് അത് സ്വന്തമായി വിതരണം ചെയ്യാൻ അവകാശമില്ല. ആ അധികാരം കാലത്തിന്റെ ഖലീഫക്ക് മാത്രമാണുള്ളത്.

കവിത

ജെസ്ന, കോഴിക്കോട്

# സത്യസാക്ഷ്യം

ജിഹാദിന്റെ പാത ചുമപ്പിക്കാൻ അഹ്മദി
രക്തം തിരഞ്ഞവർ അറിഞ്ഞില്ല
ജിഹാദ് - ശുഹദാക്കൾ തൻ ഉറ്റവരൊഴു-
ക്കാതെ വച്ച കണ്ണീരിന്റെ നനവിലെന്ന്.
പുണ്യ മസ്ജിദിൻ ചുമരിലായ് പതിച്ചൊരാ
ചുടുചോര തുള്ളികൾ തഖ്വയുടെ താഴോരത്തെ
പനിനീർ പൂക്കളായ് മാറവേ
ഇടറാത്ത തക്ബീറുക്കൾക്കുടയോൻ
അത്രമേൽ സമീപസ്ഥനായിരിക്കവേ
നഷ്ടങ്ങളൊന്നുമേ സ്പർശിക്കുകില്ലെന്ന-
വിശ്വാസമാണീ ശാശ്വത സത്യമാം ഇസ്ലാം
ഒളിചിന്നും താരങ്ങളെ മറചൂടാനൊരുങ്ങുന്ന
കാർമേഘ ശകലങ്ങളറിയാതെ പോയി
ഒരായിരം മഴവില്ല് മാനത്തു വിരിയുമെന്ന്!
സഹനത്തിൻ നെടുവീർപ്പുകൾ ഉയരുന്ന
പാക്കിസ്ഥാൻ മണ്ണിന്റെ വിശ്വാസമത്രെ
ആഗോള സത്യത്തിൻ ജീവവായു.
വെടിയുതിർക്കും തോക്കുകൾ, വാളിന്റെ,
മൂർച്ചയിൽ പതറില്ലൊരിക്കലും തകരില്ലൊരിക്കലും
മഹ്ദിമസീഹിന്റെ സത്യസാക്ഷ്യം. ■

---

സക്കാത്തും ചന്ദയും തികച്ചും വിഭിന്നങ്ങളായ സാമ്പത്തികത്യാഗങ്ങളാണ്. വിവിധങ്ങളായ ചന്ദകൾ അടച്ചാലും സക്കാത്ത് വേറെ തന്നെ കൊടുക്കേണ്ടതാണ്. മറ്റു ചന്ദകൾ ഒന്നും സക്കാത്തിന് പകരമാവുകയില്ല.

സക്കാത്ത് നൽകാത്തവർക്കെതിരിൽ നടന്ന യുദ്ധത്തിന്റെ ചരിത്രം ഇസ്ലാമിനുണ്ട്. നബി (സ)യുടെ വഫാത്തിനുശേഷം അറേബ്യയിലുള്ള പല ഗോത്രങ്ങളും സക്കാത്ത് നൽകാൻ വിസമ്മതിക്കുകയുണ്ടായി. അപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) അവരോട് ശക്തിയായി യുദ്ധം ചെയ്തു. അദ്ദേഹം പറഞ്ഞു "ഈ ജനങ്ങൾ ഒട്ടകത്തെ കെട്ടുന്ന ഒരു കയറ് പോലും സക്കാത്തായി നൽകുന്നതിന് വിസമ്മതിച്ചാൽ ഞാൻ അവരോട് യുദ്ധം ചെയ്യുന്നതാണ്." അങ്ങനെ അദ്ദേഹം സക്കാത്ത് നൽകാത്തവരിൽ നിന്ന് അത് ഈടാക്കി. ഇസ്ലാമിക ചരിത്രത്തിൽ ഈയൊരു ബാദ്ധ്യതയ്ക്കല്ലാതെ മറ്റൊരു ബാദ്ധ്യതയ്ക്കുവേണ്ടി യുദ്ധം ചെയ്തതായി തെളിയിക്കപ്പെട്ടിട്ടില്ല. ഇതിൽ നിന്ന് മനസ്സിലാകുന്നത് ഈ ബാദ്ധ്യത ഇസ്ലാമിക സൗധത്തിന്റെ പ്രവർത്തന പൂർത്തീകരണത്തിന് അത്യന്താപേക്ഷിതമാണെന്നാണ്.

ചുരുക്കത്തിൽ വിശുദ്ധ ഖുർആന്റെ ആയത്തുകളിൽ നിന്നും നബി(സ)യുടെ ഹദീസുകളിൽ നിന്നും സക്കാത്ത് നൽകാൻ നിർബന്ധിതനായ ഒരാൾ അത് നൽകാതിരിക്കുന്നത് വലിയ കുറ്റമാണെന്ന് അയാളെ കർശനമായും താക്കീത് ചെയ്യുന്നു. സക്കാത്ത് കൊടുക്കാത്തവനായിരിക്കും ഈ ലോകത്ത് വലിയ നിർഭാഗ്യവാൻ. അയാളുടെ സ്വത്തിൽ നാശമായിരിക്കും ഫലം. പരലോകത്ത് അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും വചനങ്ങളനുസരിച്ച് അയാൾ വലിയ ശിക്ഷക്ക് ഇരയാവുകയും ചെയ്യും. അങ്ങനെ അവൻ ഈ ലോകത്തും പരലോകത്തും നഷ്ടം സംഭവിച്ചവനായിത്തീരും. അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് ശരീഅത്ത് അനുസരിച്ച് സക്കാത്ത് നൽകാൻ ബാദ്ധ്യസ്ഥരായവർ തങ്ങളുടെ കടമ മനസ്സിലാക്കുകയും ഇസ്ലാമിക ശരീഅത്ത് അനുസരിച്ച് സക്കാത്ത് നൽകേണ്ടതുമാണ്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പന സ്വീകരിക്കുന്നവർ മനുഷ്യവർഗ്ഗത്തോട് അനുകമ്പ കാണിക്കുന്നവരും സ്വയം ലൗകികവും പാരത്രികവുമായ ശിക്ഷകളിൽ നിന്ന് രക്ഷപ്പെടുന്നവരും ആയിരിക്കും. ■

തളിരുകൾ

ശഅ്നിയ ശംസ്, Std. III, കടലായി

# മാതൃസ്നേഹം

ഉമ്മ സ്നേഹമാണ്, കാരുണ്യമാണ്, വാൽസല്യത്തിന്റെ നിറകുടമാണ്! ഉമ്മയുടെ കാലടിക്കീഴിലാണ് സ്വർഗ്ഗം. എന്തും പണം കൊടുത്താൽ കിട്ടും. പക്ഷേ ഉമ്മയെ കിട്ടുകയില്ല. ആയിരം പോറ്റുമ്മമാർ ഒരുമിച്ചാലും ഒരു പെറ്റമ്മയാവുകയില്ല. പ്രപഞ്ചത്തിൽ ഏറ്റവും മനോഹരമായ രണ്ടക്ഷരം ഏതെന്ന് എന്നോട് ഏത് സമയത്ത്, ആര് ചോദിച്ചാലും "ഉമ്മ" എന്നാണ് പറയുക എന്ന് ഖലീൽ ജിബ്രാൻ പറയുന്നു. ഉമ്മയോടുള്ള കടപ്പാട് വാക്കിലും വരിയിലും ഒതുങ്ങുന്നതല്ല. മാതാപിതാക്കളോട് ഛെ, എന്നുപോലും പറയരുതെന്നാണ് ഖുർആന്റെ കൽപന.

ഉമ്മയുടെ സ്നേഹം അപാരമാണ്. ഉമ്മ സർവ്വതും സമർപ്പിക്കുന്നത് മക്കൾക്കുവേണ്ടിയാണ്. അവരുടെ ഭാവിയാണ് ഉമ്മയുടെ ജീവിതമോഹം. നബി(സ)യുടെ കാലത്ത് നടന്ന ഒരു സംഭവം നിങ്ങൾക്കറിയുമോ? ഒരു യുദ്ധാവസരത്തിൽ സ്വന്തം കുഞ്ഞിനെ നഷ്ടപ്പെട്ട ഒരുമ്മയുടെ വേദന ചരിത്രത്തിൽ കാണാം. അവർ കാണുന്ന കുട്ടികളെയെല്ലാം വാരിപ്പുണർന്ന് സ്വബോധം നഷ്ടപ്പെട്ട് ഭ്രാന്തമായ ആവേശം കാണിക്കുകയായിരുന്നു. ആ ഉമ്മയുടെ സ്നേഹം കണ്ട് നബി(സ)യും സ്വഹാബത്തും അത്ഭുതം കൂറുന്നു.

ഒരിക്കൽ ഒരുമ്മയുടെ കുഞ്ഞിനെ കഴുകൻ റാഞ്ചിയെടുത്ത് മലമുകളിൽ കൊണ്ടുവെച്ചു! ഇതുകണ്ട ആ ഉമ്മ ഓടിയോടി ആ മല കയറുന്നു. മുകളിൽ ചെന്ന് സ്വന്തം കുഞ്ഞിനെ വാരിയെടുക്കുന്നു. താഴേക്ക് നോക്കുമ്പോഴാണ് ഇത്രയും ഉയർന്ന കുന്നിൽ താൻ കയറിയ കാര്യം ആ ഉമ്മ ഓർക്കുന്നത്! ഇനി ഈ മലമുകളിൽ നിന്ന് കുഞ്ഞിനേയും കൊണ്ട് എങ്ങനെ താഴേക്കിറങ്ങുമെന്നോർത്ത് അവർ വിഷമിക്കുന്നു. സ്വന്തം കുഞ്ഞിനു വേണ്ടി എന്തു ബുദ്ധിമുട്ടിനും തയ്യാറാകുന്നവളാണ് ഉമ്മ!.

മറ്റൊരു കഥ ഇപ്രകാരമാണ് : സ്വന്തം ഉമ്മയുടെ തലയറുത്ത് തളികയിലാക്കി ഭാര്യയുടെ അടുത്തേക്ക് നടന്നുനീങ്ങുന്ന മുടിയനായ പുത്രൻ കാൽതെറ്റി വീഴുകയാണ്. തളികയിൽ നിന്ന് തെറിച്ചുവീണ ആ ഉമ്മയുടെ തലയിൽ നിന്ന് ശബ്ദം വരുന്നു. "മകനേ നിനക്ക് വല്ലതും പറ്റിയോ?" ആ സമയത്തും ഉമ്മക്ക് മക്കളോടുള്ളത് വേദന നിറഞ്ഞ സ്നേഹം മാത്രം.

ഒരിക്കൽ ഹദ്റത്ത് ആയിശ(റ) നബി(സ)യോട് പറഞ്ഞ ഒരു സംഭവം ഇപ്രകാരമാണ്. വിശപ്പടക്കാൻ വല്ലതും തരണേ എന്ന് ചോദിച്ചുവന്ന രണ്ട് കുട്ടികളുടെ ഉമ്മ, അപ്പോൾ ഹദ്റത്ത് ആയിശ(റ)യുടെ അടുക്കൽ ഒരു കാരക്ക മാത്രമേ ഉണ്ടായിരുന്നുള്ളു. അവർ അത് ആ ഉമ്മക്ക് കൊടുത്തപ്പോൾ ആ കാരക്ക രണ്ട് കഷ്ണമാക്കി രണ്ടു മക്കൾക്കും നൽകുകയാണ്. സ്വന്തം വിശപ്പ് മറന്ന് മക്കളുടെ വിശപ്പടക്കുന്ന ഉമ്മ!

എന്റെ ഉമ്മക്ക് കഥ പറയാനുണ്ട്. ത്യാഗത്തിന്റെ കഥ. പത്തുമാസം ഗർഭം ചുമന്ന് വേദന സഹിച്ചു പ്രസവിച്ചു. പാലൂട്ടി, താരാട്ടി, നിലത്തുവെച്ചാൽ ഉറുമ്പരിക്കും തലയിൽ വെച്ചാൽ പേനരിക്കും എന്നു കരുതി നോക്കി വളർത്തി. ഉറക്കമൊഴിച്ച് എത്രയെത്ര രാവുകൾ! വീട്ടുകാരും നാട്ടുകാരും ഉറങ്ങുമ്പോൾ പലപ്പോഴും എന്റെ ഉമ്മ ഉറങ്ങാറില്ല! കൺപോളകൾ അടക്കാറില്ല! തൊട്ടടുത്ത് ഇളകിയാടുന്ന ഇളംതെന്നലിനെ ഇടയ്ക്കിടെ വാരിപ്പുണർന്ന് മുത്തം വെക്കുന്നു. കിന്നരിക്കുന്നു, കുശലം പറയുന്നു. ചെറിയ ഒരു ജലദോഷം പോലും ആ ഉമ്മയുടെ മനസ്സിൽ പാടുവീഴ്ത്തുന്നു.

ചിറകുമുളച്ച് പറക്കാനുള്ള പ്രാപ്തി എത്തുമ്പോൾ മാതാപിതാക്കളെ തിരസ്ക്കരിക്കുന്നത് എത്രമാത്രം ക്രൂരമാണ്! കാരുണ്യത്തിന്റെ ചിറക് നാം അവർക്കുവേണ്ടി വിരിച്ചു കൊടുക്കുകയല്ലേ വേണ്ടത്? നബി(സ)യോട് ഒരാൾ ചോദിച്ചു: "നബിയേ, ഞാൻ ഏറ്റവും കൂടുതൽ സ്നേഹിക്കേണ്ടത് ആരെയാണ്?" നബി(സ) മൂന്നു പ്രാ

*(ശേഷം പേജ് 54-ൽ)*

തളിരുകൾ

മുൻഷിറ. ടി.കെ., Std. X , കൽക്കുളം

യാത്രാവിവരണം

# വിസ്മയിപ്പിക്കുന്ന ഊട്ടിക്കാഴ്ചകൾ

## പ്രകൃതിയുടെ സൗന്ദര്യവും പച്ചപ്പും ആസ്വദിച്ചുകൊണ്ടുള്ള വിനോദയാത്രയുടെ ചെറുവിവരണം

കൽക്കുളം ലജ്നാഇമാഇല്ലായുടെ നേതൃത്വത്തിൽ ഞങ്ങളുടെ മജ്ലിസിൽ നിന്നുമുള്ള ആദ്യ വിനോദയാത്ര ഊട്ടിയിലേക്ക് പുറപ്പെട്ടു. പള്ളിയിൽ നിന്ന് സുബഹി നമസ്കാരത്തിനുശേഷം ദുആയോടു കൂടി രാവിലെ 6.30ന് യാത്ര പുറപ്പെട്ടു. വഴിക്കടവ് ഗൂഡല്ലൂർ വഴിയാണ് യാത്ര നിശ്ചയിക്കപ്പെട്ടത്. ഭക്ഷണപദാർത്ഥങ്ങളെല്ലാം കൂടെ കരുതിയിരുന്നു. എല്ലാവരും വളരെ ആവേശത്തോടെയാണ് ബസ്സിൽ കയറിയത്. പ്രഭാതത്തിലെ തണുത്ത കാറ്റ് മനസ്സിനു കുളിരുകോരി! എനിക്ക് ബസ്സിന്റെ വലതുവശത്തു സ്ഥലം ലഭിച്ചു. സമയം 7.30-ഓടെ കേരളത്തിന്റെ അതിർത്തി കഴിഞ്ഞു' ഞങ്ങൾ തമിഴ്നാടിന്റെ അതിർത്തിയിലേക്ക് കടന്നു. ചുരങ്ങളുടെ നീണ്ടനിരകൾ! താഴെ കൊക്കയും മുകളിൽ കൊടും കാടുകൾ, ഇപ്പോൾ കീഴ്പ്പോട്ട് മറിയുമെന്ന് തോന്നിപ്പിക്കുന്ന വൻപാറകൾ, മലകൾ, വലിയ മരങ്ങൾ! വണ്ടി പതിയെയാണ് പോകുന്നത്. വളഞ്ഞുതിരിഞ്ഞ റോഡായതിനാൽ മുമ്പിൽ വരുന്ന വണ്ടികളെ കാണാൻ പറ്റുന്നില്ല. ചുരത്തിൽ കൂടിയുള്ള യാത്ര മനസ്സിനെ ഭയാനകമാക്കിതീർത്തു! എന്നാലും അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടേയിരുന്നു. ഇടതൂർന്ന് നിരന്നുനിൽക്കുന്ന യൂക്കാലി മരങ്ങളുടെ ഇടയിലെത്തിയപ്പോൾ എന്റെ മനസ്സ് പ്രകൃതിഭംഗിയിലേക്കും ഔഷധചെടികളുടെ ഇടയിലേക്കും വഴുതിവീണു. തടിച്ച മരങ്ങൾക്കിടയിലൂടെ സൂര്യപ്രകാശം വളരെ നേർമ്മയോടെ മാത്രമാണ് താഴ്ഭാഗത്തെത്തിയത്. യൂക്കാലി മരങ്ങളുടെ തടിയിൽ തൊലിപൊളിഞ്ഞ പോലെ തോന്നും. അത് ആ മരത്തിന്റെ സൗന്ദര്യത്തെ എടുത്തുകാട്ടുന്നു. മലകൾ, കുന്നുകൾ നിരന്നുകിടക്കുന്ന ചായതോട്ടങ്ങൾ, കാപ്പിച്ചെടികൾ, ഏലയ്ക്ക ചെടികൾ ഇവയെല്ലാം നല്ല ദൃശ്യഭംഗി തന്നെ ഒരുക്കി. എന്തായാലും എല്ലാവരും ഒരേ ഇരിപ്പിൽ ഇരിക്കുകയല്ലേ. ഒന്നു വിശ്രമിച്ചു കളയാമെന്നു കരുതി വണ്ടി ഒരു കുന്നിൻ മുകളിൽ കൊണ്ടുനിർത്തി. അവിടെ വേറേയും കുറേ യാത്രികർ വിശ്രമിക്കുന്നത് കാണാനിടയായി. അപ്പോഴാണ് ഇവിടെ ഒരു സ്ഥലം കാണാനുണ്ടെന്നും പറഞ്ഞ് സദർ സാഹിബ ഒരു കുന്നിൻ മുകളിലേക്ക് കൊണ്ടുപോയത്. അത് എങ്ങോട്ടാണെന്നറിയേണ്ടേ? ആത്മഹത്യാ മുനമ്പ് (Suicide Point)ലേക്ക്. എന്തായാലും ഒന്നു കണ്ടുകളയാമെന്നു കരുതി ഞങ്ങൾ വളരെ ആവേശത്തോടെ കുന്നിൻ മുകളിലൂടെ നടന്നു. രണ്ടു ഭാഗത്തും കമ്പിവേലി ഇട്ടിരിക്കുന്നു. വഴിനീളെ നോക്കിയാൽ ചെറുതും വലുതുമായ പാറകൾ, മലകൾ, അങ്ങനെ നിറമാർന്ന കാഴ്ചകൾ. ഇതൊക്കെ കണ്ടപ്പോൾ ഞാൻ സർവ്വസ്രഷ്ടാവായ ദൈവത്തെ ക്കുറിച്ചോർത്തു. നടന്നുനടന്ന് ആത്മഹത്യാ മുനമ്പിനടുത്തെത്തി. അവിടെ ചെറിയ തണ്ണീർപന്തൽ പോലെ ഒരഭയസ്ഥാനം. അവിടെ കുറച്ചുനേരം ഇരുന്നു. അവിടെ നിന്നും താഴോട്ടു നോക്കിയാൽ ഞങ്ങൾ വന്ന വഴിയും, ചെറുവനങ്ങളും, കൊച്ചുനദികളും, തോടുകളും കാണാമായിരുന്നു. ഇങ്ങനെയുള്ള രസകരമാർന്ന കാഴ്ചകൾ കണ്ണിന് കുളിർമ്മ നൽകി. എങ്കിലും മനസ്സിൽ അല്പം ഭയം തോന്നി. അവിടെ നിന്ന് തിരിച്ച് പിന്നെയും ബസ്സിനരികിലേക്കു വന്നു. പിന്നെ അല്ലാഹുവിന് സ്തുതി പറഞ്ഞുകൊണ്ട് യാത്ര തുടർന്നു. എല്ലാവർക്കും ചെറിയ ക്ഷീണം. ഒന്നു മയങ്ങികളയാമെന്നു കരുതി. മയക്കം കഴിഞ്ഞ് എഴുന്നേറ്റു വെറുതെ ജനലിനരികിലിരുന്ന് പുറത്തേക്കു നോക്കിയപ്പോൾ പച്ചപരവതാനി വിരിച്ച കുന്ന്! അതിരുകൾ മുഴുവൻ ചെറുമരങ്ങൾ നട്ടുപിടിപ്പിച്ചിരിക്കുന്നു. ആ കുന്നിൻ മുകളിലേക്ക് കുറേ ആളുകൾ നടന്നുപോകുന്നതും, ഇറങ്ങിവരുന്നതും, കുതിരസവാരി നടത്തുന്നതും അങ്ങനെ രസകരമാർന്ന കാഴ്ചകൾ! ആ കുന്നിനരികിലായി ബസ്സ് നിർത്തി.

നീണ്ടുകിടക്കുന്ന കാറ്റാടി മരങ്ങൾക്കിടയിലൂടെ ഞങ്ങൾ നടന്നു. കാറ്റാടി എന്നു കേൾക്കുമ്പോൾ തന്നെ തെളിമയാർന്ന കാറ്റിന്റെ കുളിരനുഭവപ്പെടുന്നില്ലേ? അപ്പോൾ അതിലൂടെ നടന്നുപോവുമ്പോൾ എന്ത് വിസ്മയകരമായിരിക്കും! തുടർന്ന് എല്ലാവരും കൂട്ടുകാരായും കുടുംബമായും ബോട്ട് യാത്ര നടത്തി. ആ യാത്ര പ്രകൃതി മനോഹാരിതയുടെ മാറ്റുകൂട്ടിയതുപോലെ എനിക്കു തോന്നി. വെള്ളത്തിലൂടെ ബോട്ടിൽ പോകുമ്പോഴുള്ള ഇരമ്പൽ മനസ്സിനെ കോരിത്തരിപ്പിച്ചു. ശേഷം ഞങ്ങൾ ഷോപ്പിംഗ് സെന്ററിൽ പോയി. സാധനങ്ങളുടെ വില ചോദിച്ചറിഞ്ഞു. സാധനങ്ങൾക്കൊക്കെ തീവില! എന്നാലും എല്ലാവരും തങ്ങൾക്കാവശ്യമുള്ള സാധനങ്ങൾ വാങ്ങി. കുറച്ചു മുമ്പോട്ടു നടന്നപ്പോഴതാ ചെടികൾ വിൽക്കുന്ന കട. അവിടെ വെറുതെ പോയി കണ്ടിട്ടു വരാമെന്നു കരുതി. അവിടയെല്ലാം ടൂറിസ്റ്റുകളാൽ നിറഞ്ഞിരുന്നു. അവരിൽ പലരും നമ്മുടെ ആളുകളെ കണ്ട് അത്ഭുതത്തോടെ നോക്കുന്നു. അവിടെ വന്നവരെല്ലാവരും വളരെ മോഡേൺ ആയ വസ്ത്രങ്ങളായിരുന്നു ധരിച്ചിരുന്നത്. ഞങ്ങൾ എല്ലാവരും പർദ്ദ ധരിച്ചിരുന്നു. ശരീരമാകെ മറഞ്ഞിരിക്കുകയല്ലേ അതുകൊണ്ടാവാം. ഏകദേശം 1.30 ആയിരിക്കുന്നു. എല്ലാവരും ഭക്ഷണം കഴിക്കാനായി റോഡിനരികിലുള്ള മരങ്ങൾക്കു താഴെയിരുന്ന് പരസ്പരം പങ്കുവെച്ച് ഭക്ഷണം കഴിച്ചു.

ഈ യാത്രയിൽ കണ്ട ഏറ്റവും വിസ്മയിപ്പിക്കുന്ന കാഴ്ച അവിടുത്തെ ആളുകളുടെ ജീവിതശൈലിയായിരുന്നു. എല്ലാവരും കർഷകർ. എത്ര വൃദ്ധന്മാരായാലും അവരുടെ അദ്ധ്വാനം പ്രശംസനീയമാണ്. അവരുടെ വീടെല്ലാം ചെറുതാണെങ്കിലും മുറ്റത്തു മുഴുവൻ കൃഷിയാണ്. അവർ ദിനേന കണികണ്ടുണരുന്നത് തങ്ങളുടെ വിളഞ്ഞിരിക്കുന്ന കൃഷിതോട്ടങ്ങളും തൊഴുത്തിലെ മൃഗങ്ങളേയും മറ്റും കണ്ടുകൊണ്ടാണ്. എന്നാൽ നമ്മൾ കേരളീയർ പൊതുവെ കുഴിമടിയന്മാരാണ്. ഉപഭോഗ സംസ്കാരത്തിന്റെ കടന്നുകയറ്റം ഏതു പാവപ്പെട്ട കേരളീയനേയും സ്വാധീനിച്ചിരിക്കുന്നു. താമസിക്കാനായി സ്വന്തം ഭൂമിയും വീടും ഇല്ലാത്തവർ പോലും ആഡംബര ജീവിതം നയിക്കുന്നു! പിന്നീടുള്ള ഞങ്ങളുടെ യാത്ര തേയില ഫാക്ടറിയിലേക്കായിരുന്നു. തേയില ഫാക്ടറിയിലേക്ക് കയറാൻ ടിക്കറ്റെടുത്ത് ഞങ്ങൾ പ്രവേശിച്ചു. ആദ്യം കണ്ട കാഴ്ച ഒരു വലിയ തട്ടിൽ കുറേ തേയിലകൾ പരത്തിയിട്ടിരിക്കുന്നതാണ്. അപ്പോൾ അവിടുത്തെ സെക്രട്ടറി ഞങ്ങളെ ഗൈഡിന്റെ അടുത്തേക്ക് കൊണ്ടുപോയി. ഗൈഡ് തന്ന വിവരങ്ങൾക്കനുസൃതമായി ഞങ്ങൾ താഴത്തെ തട്ടിൽ പോയി. അവിടെ ഞങ്ങൾക്ക് ദൃശ്യമായത് തേയില എങ്ങനെ ചായപ്പൊടിയായി മാറുന്നു എന്നതായിരുന്നു. വലിയ വലിയ യന്ത്രങ്ങൾ തേയിലയെ അരച്ചെടുത്ത് ചായപ്പൊടിയാക്കി മാറ്റുന്നു. അവ പാത്രങ്ങളിൽ വീഴുന്നു. എല്ലാവർക്കും ഓരോ ഗ്ലാസ്സ് ചായ രുചിച്ചു നോക്കാൻ തന്നു. ആഹാ! എന്തൊരു നല്ല രുചി ആയിരുന്നെന്നോ! പിന്നെ പലതരം ചായപ്പൊടികൾ വിൽക്കാൻ വച്ചിരിക്കുന്നു. എല്ലാവരും ഇഷ്ടാനുസരണം ചായപ്പൊടി വാങ്ങി.

പിന്നീടുള്ള ഞങ്ങളുടെ യാത്ര ബോട്ടോണിക്കൽ ഗാർഡനിലേക്കായിരുന്നു. ഗാർഡനിലേക്കുള്ള വഴിയാകെ മഞ്ഞാൽ മൂടിയിരുന്നു. ഞാൻ ജനൽ ചില്ല് മാറ്റി ഒന്നു പുറത്തേക്കു നോക്കി. കോടമഞ്ഞിന്റെ തണുത്തുറഞ്ഞ കാറ്റ് എന്റെ മേനിയെ തലോടി. എല്ലാവരും വളരെ ആവേശത്തോടെയും സന്തോഷത്തോടെയും വണ്ടിയിൽ നിന്നിറങ്ങി. വളരെ തണുത്ത കാലാവസ്ഥയായതിനാൽ എല്ലാവരും ശരീരമെല്ലാം ഷോളാൽ മൂടിയിരുന്നു. റോഡ് നിറയെ ടൂറിസ്റ്റുകൾ, വളരെ തിരക്കേറിയ പട്ടണം, വ്യാപാരികൾ തങ്ങളുടെ കച്ചവട സാധനങ്ങൾ വിൽക്കുന്നതിനായി ചെറുകടകൾ നിരത്തിയിട്ടിരിക്കുന്നു. എല്ലാ കടകളിലും ടൂറിസ്റ്റുകൾ സാധനങ്ങൾ വാങ്ങാനായി തിങ്ങി നിൽക്കുന്നു. ചിലർ വിലയെ ചൊല്ലി തർക്കിക്കുന്നു. അങ്ങനെ പലതരം കാഴ്ചകൾ! ടിക്കറ്റെടുത്ത് തോട്ടത്തിലേക്കു നടന്നു. പ്രകൃതിയുടെ നിറഭംഗിയാർന്ന ഈ ദൃശ്യം കണ്ടും അനുഭവിച്ചും വിസ്മയം തോന്നി. തോട്ടത്തിന്റെ കവാടം കടന്നപ്പോൾ തന്നെ പൂക്കളുടേയും കായ്കനികളുടേയും നേരിയ സുഗന്ധം, അതു ഞങ്ങളെ കൂടുതൽ ഉന്മേഷഭരിതരാക്കി.

ഏകദേശം രണ്ടു ദിവസം പിടിക്കും അവിടമാകെ ചുറ്റികറങ്ങിക്കാണണമെങ്കിൽ. 20 ഏക്കറാണ് ഇതിന്റെ വിസ്തീർണ്ണം. കുറേ വൈവിധ്യങ്ങളാർന്ന ചെടികൾ, ഇലകൾ, പൂവുകൾ, മനുഷ്യനിർമ്മിത വെള്ളച്ചാട്ടങ്ങൾ, തോടുകൾ. അങ്ങനെ നീണ്ടു കിടക്കുന്നു തോട്ടത്തിന്റെ മനോഹാരിത! പച്ചപരവതാനി വിരിച്ചപോലെയായിരുന്നു അവിടമാകെ. എന്തു രസകരമായ കാഴ്ച! അവിടെ നിന്നും തിരിച്ചുവരാൻ തോന്നുന്നുണ്ടായിരുന്നില്ല. അത്ര മനോഹരമായ ദൃശ്യഭംഗിയാണ് ആ ഗാർഡനിൽ ഒരുക്കിയിരിക്കുന്നത്. ഏഴു മണി ആവുമ്പോഴേക്കും എല്ലാവരോടും തന്നെ ഗേറ്റിനടുത്തെത്താൻ സദർ സാഹിബ നിർദ്ദേശിച്ചിരുന്നു. എല്ലാവരും കൃത്യസമയത്തുത്തന്നെ ഗേറ്റിനടുത്തെത്തുകയും, ഷോപ്പിംഗ് കഴിഞ്ഞ് എട്ടു മണിയായപ്പോൾ എല്ലാവരും ബസ്സിൽ കയറി തിരികെയുള്ള യാത്ര ആരംഭിച്ചു. രാത്രിയായതിനാൽ പ്രകൃതിഭംഗി ആസ്വദിക്കാൻ കഴിഞ്ഞില്ല.

അലീന നിസാർ, Std. V, മാത്തോട്ടം

തളിരുകൾ

# അഹ്മദിയ്യത്ത്

മുത്തുറസൂലിൻ പാതയിൽ
മഹ്ദി ഇമാമിൻ മൊഴികളിൽ
തനം കുളിർത്ത് മനം കുളിർത്ത്
അണികളായ് നിൽക്കുവിൻ.
കൺതുറന്നുനോക്കുവിൻ
ഉള്ളറിഞ്ഞു കേൾക്കുവിൻ
സത്യഖിലാഫത്തിൻ മേന്മകൾ
അഹ്മദിയ്യത്തിൻ ജയഭേരികൾ.
ഐക്യമായ് നിൽക്കുവിൻ
കൈകൾ കോർത്തു നീങ്ങുവിൻ
തച്ചുടച്ചു വാർത്തിടട്ടെ
ധർമ്മ നീതി രക്ഷകൾ.
വരിക വരിക സോദരേ
മുത്തുറസൂലിൻ പാതയിൽ
കൈവരിക്കൂ കൈവരിക്കൂ
വിശ്വമാനവ മൈത്രികൾ' ■

---

എങ്കിലും ഗൂഡല്ലൂർ പട്ടണം മുഴുവൻ അലങ്കാരദീപങ്ങളാൽ അലംകൃതമായിരുന്നു. അതു കാണാൻ നല്ല രസം! ബസ്സ് ഓരോ ഇറക്കം ഇറങ്ങിയപ്പോഴും എന്തെന്നില്ലാത്ത ദുഃഖം തോന്നി. ഓരോ കയറ്റം കയറിയതും സന്തോഷത്തോടെയായിരുന്നു. ഊട്ടിയിലെ കാലാവസ്ഥയും അവിടുത്തെ പ്രകൃതി ഭംഗിയും വിട്ടുപിരിയുന്നതോർത്തപ്പോൾ വിഷമം തോന്നി. ഏകദേശം പതിനൊന്നരയോടെ എല്ലാവരും വീട്ടിൽ തിരിച്ചെത്തി. ഈ യാത്ര സന്തോഷത്തിന്റേയും കൂട്ടായ്മയുടേതുമായിരുന്നു. ഈ വിനോദയാത്രയുടെ ആവേശം എല്ലാവരുടേയും മുഖഭാവങ്ങളിൽ ദൃശ്യമായിരുന്നു. ഇനിയും ഇങ്ങനെയൊരു യാത്രയാകാമെന്ന് നൊമ്പരത്തോടെ മനസ്സ് മന്ത്രിച്ചു. ■

---

*(പേജ് 6 തുടർച്ച)*

ഇബ്രാഹീമി (അ)ന് ഭൗതികജീവിതത്തെക്കുറിച്ച് ഒരു ഉദ്ദേശ്യവുമില്ലായിരുന്നു. അദ്ദേഹം ആത്മാവിന്റെ ജീവിതത്തെക്കുറിച്ചാണ് അന്വേഷിച്ചത്. അദ്ദേഹം ആഗ്രഹിച്ചത് ആത്മാക്കൾ എങ്ങനെയാണ് ജീവനുള്ളവയായി തീരുന്നതെന്ന് താൻ ദൈവത്തോട് ചോദിച്ചറിയുമെന്നാണ്. ഹദ്റത്ത് ഇബ്രാഹിം (അ) ഈ ചോദ്യം അല്ലാഹുവിനോട് ചോദിച്ചപ്പോൾ, അമ്പതോ അറുപതോ വയസ്സുള്ള ഇബ്രാഹിം! നീ കുട്ടികളുടേത് പോലുള്ള ഇത്തരം ചോദ്യങ്ങൾ ഉപേക്ഷിക്കുക, എന്നല്ല അല്ലാഹു പറഞ്ഞത്, മറിച്ച് ആത്മാക്കൾ എങ്ങനെയാണ് സജീവമാക്കപ്പെടുന്നതെന്ന് പറഞ്ഞുകൊടുക്കുകയാണ് ചെയ്തത്. ആകയാൽ എല്ലാ പ്രായത്തിലും ജ്ഞാനസമ്പാദനത്തിനുള്ള ദാഹം നമ്മുടെ ഉള്ളിൽ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. അതിന്നായി എല്ലായ്പ്പോഴും അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ട്, അല്ലാഹുവേ, എന്റെ അറിവ് വർദ്ധിപ്പിച്ചുതരേണമേ എന്നുപറയേണ്ടതാണ്. കാരണം മനുഷ്യഹൃദയത്തിൽ ജ്ഞാനസമ്പാദനത്തിനുള്ള ദാഹം നിലനില്ക്കുന്നില്ലെങ്കിൽ അവന് ഒരിക്കലും പുരോഗതി പ്രാപിക്കാൻ സാധ്യമല്ല.

*(തഫ്സീറെ കബീർ, അഞ്ചാം വാല്യം, പേജ് 469, 470, 471)*

■

പുസ്തക പരിചയം

# നൂഹിന്റെ പേടകം

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)




ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനി യുടെ പ്രവചനപ്രകാരം ആഗതരായ വാഗ്ദത്തമഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) 1902 ഒക്ടോബർ 5ന് പ്രസിദ്ധീകരിച്ച ഗ്രന്ഥം. 1898 ഫിബ്രവരി 6-ാം തിയ്യതി കണ്ട ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചാബിൽ പ്ലേഗ് പടർന്നുപിടിക്കുവാൻ പോകുന്നുവെന്നും താൻ ദൈവനിയോഗിതനാണെന്നും യഥാർത്ഥ വിശ്വാസികൾക്ക് അപകടം സംഭവിക്കുകയില്ലെന്നും അവിടുന്ന് പ്രവചിക്കുകയുണ്ടായി. തുടർന്ന് 1901ൽ പ്ലേഗ് എന്ന മഹാമാരി പഞ്ചാബിൽ പടർന്നുപിടിച്ചു. വരാൻ പോകുന്ന ആപത്തുകളിൽ നിന്ന് രക്ഷനേടുവാൻ ദൈവത്തിന്റെ തിരുസന്നിധിയിൽ ഉള്ളുരുക്കത്തോടെ പ്രാർത്ഥിക്കുവാനും ദൈവത്തിന്റെ അപ്രീതികരസ്ഥമാക്കാതിരിക്കാനും ബയ്അത്തിന്റെ നിബന്ധനകൾ യഥാർത്ഥ നിലയിൽ പൂർത്തിയാക്കേണ്ടതാണെന്നും അവിടുന്ന് ഈ ഗ്രന്ഥത്തിലൂടെ ഉപദേശിക്കുന്നു. കശ്തിയെ നൂഹ് എന്ന ഉർദു പേരിലുള്ള ഈ ഗ്രന്ഥം മലയാളത്തിലേക്ക് തർജ്ജമ ചെയ്തത് അഡീഷണൽ നാസിർ ഇസ്‌ലാഹോ ഇർശാദ് മൗലാന മുഹമ്മദ് ഉമർ എച്ച്. എ. അവർകളാണ്. ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസാണ് ഈ കൃതി പ്രസിദ്ധീകരിച്ചിരിക്കുന്നത്. ■

---

*(50-ൽ നിന്ന് തുടർച്ച)*

വശ്യം ആവർത്തിച്ചു പറഞ്ഞത് നിന്റെ ഉമ്മയെ എന്നായിരുന്നു. നബി(സ) സലാം എത്തിക്കാൻ പറഞ്ഞ രണ്ടാളിൽ ഒരാൾ തന്റെ മാതാപിതാക്കളെ സേവിക്കുന്നതിൽ മുഴുകിയ ഒരാളായിരുന്നു എന്ന കാര്യം നാം ഓർക്കണം.

മാതാപിതാക്കളെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നവർക്ക് സ്വർഗ്ഗം ലഭിക്കും. തീർച്ച! അതുകൊണ്ട് നമുക്കും നമ്മുടെ മാതാപിതാക്കളെ സ്നേഹിക്കാം, സേവിക്കാം, അനുസരിക്കാം, അവർക്കു വേണ്ടി ദുആ ചെയ്യാം. "എന്റെയുമ്മാ ദുആയിലെന്നും നിങ്ങളെ ഞാൻ ഓർക്കുന്നു. ദീർഘായുസ്സ് സുഖത്തിലൂടെ നൽകാൻ റബ്ബിനോട് തേടുന്നു. എല്ലാം കാണുന്നവനും കേൾക്കുന്നവനുമായ റബ്ബിന്റെ മുന്നിൽ കരയുന്നു. എന്നും 'റബ്ബിർഹംഹുമാ' എന്നു ചൊല്ലിക്കൊണ്ട്.

"റബ്ബൊരുക്കും നിങ്ങൾക്കായ് ഉന്നതമാം സ്ഥാനം
ജന്നത്തുൽ ഫിർദൗസിൽ ശ്രേഷ്ഠമാം സ്ഥാനം" ■

## അറിയിപ്പ്

ലജ്നാ ഇമായില്ലായുടേയും നാസിറാത്തുൽ അഹ്മദിയ്യായുടേയും കേന്ദ്ര ഇജ്തിമാഅ് 2010 ഒക്ടോബർ 19, 20, 21 (ചൊവ്വ, ബുധൻ, വ്യാഴം) തിയ്യതികളിൽ നടക്കുന്നതാണ്. (ഇൻശാ അല്ലാഹ്) കൂടുതൽ പ്രതിനിധികളെ ഇജ്തിമായിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കേണ്ടതാണ്. പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ പേരുകൾ പ്രസിഡന്റുമാർ സപ്തംബർ 30ന് മുമ്പേ കേരള സദ്ർ, ലജ്നാ ഇമായില്ലായെ അറിയിക്കേണ്ടതാണ്.

അന്നൂറിലേക്കുള്ള ലേഖനങ്ങൾ, കവിതകൾ, മറ്റു സൃഷ്ടികൾ, അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, പ്രതികരണങ്ങൾ എന്നിവ താഴെകൊടുത്ത വിലാസത്തിൽ അയക്കുവാൻ അപേക്ഷിക്കുന്നു.

The Editor
'Annoor' SN: 2 Sneha Nagar
O.B. Road, P.O. Arts College
Calicut - 673 018

രുചി

# ചിക്കൻകറി

| | |
|---|---|
| 1. ചിക്കൻ കഷ്ണങ്ങ-ളാക്കിയത് | - 1/2 കി.ഗ്രാം |
| 2. വലിയ ഉള്ളി | - 2 എണ്ണം |
| 3. ഇഞ്ചി | - ചെറിയ കഷ്ണം |
| 4. വെളുത്തുള്ളി | - ഒരു ചെറിയ കൂട് |
| 5. പച്ചമുളക് | - 6 എണ്ണം |
| 6. തക്കാളി | - 1 വലുത് |
| 7. പുതീനയില, മല്ലിയില | - ആവശ്യത്തിന് |
| 8. തേങ്ങയുടെ ഒന്നാം പാൽ | - 1 കപ്പ് |
| 9. രണ്ടാം പാൽ | - 1 കപ്പ് |
| 10. കശുവണ്ടി | - 100 ഗ്രാം |
| 11. കുരുമുളകുപ്പൊടി | - 1/2 ടീസ്പൂൺ |
| 12. പട്ട | - ചെറിയകഷ്ണം |
| 13. ഗ്രാമ്പു | 3 എണ്ണം |
| 14. എണ്ണ | - 2 ടേബിൾസ്പൂൺ |
| 15. ഉപ്പ് | - പാകത്തിന് |

**പാകം ചെയ്യുന്നവിധം :-**

2 മുതൽ 7 വരെയുള്ള സാധനങ്ങൾ എണ്ണയിലിട്ട് വാട്ടിയെടുത്ത് തണുത്തതിന് ശേഷം മിക്സിയിൽ അരച്ചെടുക്കുക. ഇതിൽ ഉപ്പുചേർത്ത് കോഴിക്കഷ്ണങ്ങളിട്ട് തേങ്ങയുടെ 2-ാം പാലൊഴിച്ച് ചെറുതീയിൽ വേവിച്ചെടുക്കുക. വെന്തതിന് ശേഷം ഒന്നാം പാലിൽ കശുവണ്ടി, പട്ട, ഗ്രാമ്പൂ എന്നിവ ചേർത്ത് അരച്ചത് ചേർക്കുക. അല്പം ചൂടാക്കിയതിന് ശേഷം കുരുമുളക്പൊടി ചേർക്കുക. (കശുവണ്ടി ചേർത്തതിന് ശേഷം തിളപ്പിക്കരുത്)

# മുട്ട ഉള്ളിവട

| | |
|---|---|
| 1. മുട്ട | - 4 എണ്ണം |
| 2. ഉള്ളി അരിഞ്ഞത് | - 1 കപ്പ് |
| 3. പച്ചമുളക് മുറിച്ചത് | - 6 എണ്ണം |
| 4. ഇഞ്ചി ചെറുതായ് അരിഞ്ഞത് | - 1 ടീ സ്പൂൺ |
| 5. കറിവേപ്പില | - 2 അല്ലി |
| 6. കടലമാവ് | - 150 ഗ്രാം |
| 7. വെളിച്ചെണ്ണ | - ആവശ്യത്തിന് |
| 8. ഉപ്പ് | - പാകത്തിന് |

**പാകം ചെയ്യുന്ന വിധം:-**

മുട്ട പുഴുങ്ങി തോട് കളഞ്ഞശേഷം ഓരോന്നും 4 കഷ്ണം വീതമാക്കുക. ഒരു പാത്രത്തിൽ പച്ചമുളക്, ഇഞ്ചി, കറിവേപ്പില, കടലമാവ്, ഉള്ളി എന്നിവ അല്പം ഉപ്പുവെള്ളം ചേർത്ത് നന്നായി കുഴയ്ക്കുക. അതിന് ശേഷം ചേരുവ എടുത്ത് കൈവെള്ളയിൽ പരത്തി അതിൽ മുട്ട വെച്ച് പൊതിയുക . ചൂടായ എണ്ണയിൽ വറുത്ത് കോരുക.

*നസീറ ജബ്ബാർ*

# കടുക്ക പത്തിരി

| | |
|---|---|
| കടുക്ക (കല്ലുമ്മക്കായ) | - 30 എണ്ണം |
| ഉള്ളി | - 200 ഗ്രാം |
| പച്ചമുളക് | - 4, 5 എണ്ണം |
| കറിവേപ്പില | - 1 തണ്ട് |
| ഇഞ്ചി | - 1 ചെറിയ കഷ്ണം |
| വെള്ളുത്തുള്ളി | - 6 അല്ലി |
| മുളക് പൊടി | - 1 ടീസ്പൂൺ |
| മഞ്ഞൾപൊടി | - അര ടീസ്പൂൺ |
| വെളിച്ചെണ്ണ | - ആവശ്യത്തിന് |
| മൈദ | - 1 ഗ്ലാസ്സ് |
| ഓയൽ | - 100 മില്ലി |
| മുട്ട | - 2 എണ്ണം |
| തേങ്ങാപ്പാൽ | - 1 1/4 ഗ്ലാസ്സ് |
| ഉപ്പ് | - ആവശ്യത്തിന്. |

**തയ്യാറാക്കുന്ന വിധം:** കടുക്ക കഴുകി വൃത്തിയാക്കി പുഴുങ്ങിയത് ഉപ്പും മഞ്ഞളും മുളക്പൊടിയും കൂട്ടി കുഴച്ച് മാറ്റിവെയ്ക്കുക. 10 മിനിട്ടിന് ശേഷം ഒരു ചീനച്ചട്ടിയിൽ വെളിച്ചെണ്ണ ഒഴിച്ച് കടുക്ക വറുത്തു കോരുക. ഈ ചട്ടിയിലേയ്ക്ക് ചതച്ചുവെച്ച ഇഞ്ചിയും വെളുത്തുള്ളിയും ഇട്ടു വഴറ്റുക. ശേഷം കൊത്തിയരിഞ്ഞ സവാള, പച്ചമുളക്, കറിവേപ്പില എന്നിവയിട്ട് വഴറ്റുക. ഇതിലേക്ക് കടുക്ക ചേർത്ത് മാറ്റിവെക്കുക. മൈദയും ഓയലും മുട്ടയും തേങ്ങാപ്പാലും ഉപ്പും ചേർത്ത് മിക്സിയിൽ നല്ലപോലെ യടിക്കുക. ശേഷം, ഒരു ചുവടു കട്ടിയുള്ള പാത്രമെടുത്ത് നേരിയ തീയിൽ അടുപ്പിൽ വെയ്ക്കുക. ഇതിലേക്ക് അരച്ച മിശ്രിത്രം പകുതിയൊഴിക്കുക. അതിനുമേലെ വഴറ്റി മാറ്റിവെച്ച കടുക്ക ഫില്ലിംഗ് നിരത്തുക. ഇതിനു മുകളിലായി ബാക്കിയുള്ള മിശ്രിതം ഒഴിക്കുക. 10, 15 മിനുട്ടിന്ശേഷം അടുപ്പിൽ നിന്നു വാങ്ങുക. മുകൾഭാഗവും മൊരിയണമെങ്കിൽ വളരെ ശ്രദ്ധിച്ചു മറിച്ചിടുക. ചെമ്മീൻ, കൂന്തൾ, അയ്ക്കൂറ, ഇറച്ചി എന്നിവ ഉപയോഗിച്ചും ഇങ്ങനെ തയ്യാറാക്കാം.

**നുസ്റത്ത്. സി. മാത്തോട്ടം**

# നബികീർത്തനയോഗങ്ങൾ

**പാലക്കാട് മേഖല:** ലജ്നാഇമായില്ലാഹ്. നാസിറാത്തുൽ അഹ്മദിയ്യാ സംയുക്തമായി സംഘടിപ്പിച്ച നബി കീർത്തനയോഗം മെയ് 2ന് ചേലക്കര പള്ളിയിൽ പാല ക്കാട് മേഖലാ സെക്രട്ടറി രഹ്നകമാൽ സാഹിബയുടെ അധ്യക്ഷതയിൽ ഖുദ്സിയ സാഹിബയുടെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. ഫർസാന ടി., സോഫിയ ഖാലിദ് എന്നിവർ പദ്യങ്ങളാലപിച്ചു. ലജ്ന വൈസ് പ്രസിഡൻറ് സ്വാഗതമാശംസിച്ചു. അദ്ധ്യക്ഷ പ്രസംഗ ത്തിൽ നമസ്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് രഹ്ന സാഹിബ വിശദീകരിച്ചു. മുറിയക്കണ്ണി ജമാഅത്തിലെ സാദിഖ മുബശ്ശിർ പ്രസംഗിച്ചു. തുടർന്ന്, നബി(സ)തിരു മേനിയുടെ ഉൽകൃഷ്ടസ്വഭാവങ്ങളെക്കുറിച്ചും ഖുർ ആൻ, ഭാര്യാഭർത്തൃബന്ധം, സമസൃഷ്ടികളോടുള്ള സേവനം എന്നീ വിഷയങ്ങളെ ആസ്പദമാക്കി പ്രഭാ ഷണം നടത്തി. യോഗത്തിൽ 175 പേർ പങ്കെടുത്തു. വഹീദ സാഹിബ നന്ദി പ്രകാശിപ്പിച്ചു. 4.30ന് അദ്ധ്യക്ഷ സാഹിബയുടെ നേതൃത്വത്തിലുള്ള ദുആയോടെ യോഗം അവസാനിച്ചു.

**ലക്ഷദ്വീപ് മേഖല:** ലജ്നാഇമായില്ലാഹ്-നാസിറാ ത്തുൽ അഹ്മദിയ്യാ സംയുക്തമായി സംഘടിപ്പിച്ച നബി കീർത്തനയോഗം 2010 ഏപ്രിൽ 18-ന് മിനിക്കോയി ദ്വീപിൽ നടന്നു. ലജ്നാഇമായില്ലാഹ് കേരള സദർ ബി. താഹിറാ സാഹിബയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം മുംതാസ് ബീഗം സാഹിബയുടെ ഖുർആൻ പാ രായണത്തോടെ ആരംഭിച്ചു. യോഗത്തിൽ മേഖലാ സെക്രട്ടറി മുബാറക്കാ കരീം സ്വാഗതഭാഷണം നടത്തി. സ്റ്റേറ്റ് സദർ ബി. താഹിറാ സാഹിബ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ നബി(സ) തിരുമേനിയുടെ വൈവാഹിക പശ്ചാത്തലത്തെക്കുറിച്ച് വെളിച്ചം വീശി. നാസിറാത്ത് സ്റ്റേറ്റ് സെക്രട്ടറി ജുവൈരിയ ഗൗഹർ ശംസ് സാഹിബ പ്രസംഗിച്ചു. തുടർന്ന് കല്പേനി ലജ്നാസദർ പാത്തു മ്മാബി സാഹിബ പ്രഭാഷണം നടത്തി. നബി തിരുമേ നി(സ) പ്രകാശത്തിനുമേൽ പ്രകാശമാണെന്ന് മിനി ക്കോയി ലജ്നാ പ്രസിഡണ്ട് സി. ഖൈറുന്നീസ സാഹിബ പ്രസ്താവിച്ചു. സാജിദാ ഖയ്യൂം, മൻസൂറ ഹക്കീം എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ മുനീ റാബി സാഹിബ ഹദീസ് വായിച്ചു. സലീമ അമീൻ, അത്തിയത്തുൽ കരീം, കാമില ഗുൽനാർ, ആലിയ അമീൻ, എന്നിവർ പദ്യങ്ങളാലപിച്ചു. നസീമ ഹമീദ് സാഹിബ നന്ദി പറഞ്ഞു.

**കോഴിക്കോട് മേഖല :** കോഴിക്കോട് മേഖലാ നബി കീർത്തനയോഗം 2010 മെയ് 4 ചൊവ്വാഴ്ച രാവിലെ 11 മണിക്ക് മാത്തോട്ടം ലജ്നാ ഇമായില്ലായുടെ ആഭി മുഖ്യത്തിൽ മീഞ്ചന്ത ക്രസന്റ് ഹാളിൽ നടത്തപ്പെടു കയുണ്ടായി. രഹന മുബാറക്ക് ഖുർആൻ പാരാ യണം നടത്തി. മുബശ്ശിറ എം.കെ. മൈത്രീഗാനമാ ലപിച്ചു. മാത്തോട്ടം ലജ്നാ പ്രസിഡന്റ് റസിയ മുസ്തഫ സ്വാഗതമാശംസിച്ചു. കോഴിക്കോട് മേ ഖലാ സെക്രട്ടറി സാജിദാ മുസഫർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. കേരളാസദർ താഹിറാ സാഹിബ യോഗം ഉദ്ഘാടനം ചെയ്തു. നബി(സ) യുടെ ഉത്തമമാതൃകയും ഉത്കൃഷ്ടസ്വഭാവവും ജന ങ്ങളിലെത്തിക്കാനാണ് ഇത്തരം യോഗങ്ങൾ സം ഘടിപ്പിക്കുന്നതെന്ന് അവർ പ്രസ്താവിച്ചു. നാസി റാത്ത് സ്റ്റേറ്റ് സെക്രട്ടറി ജുവൈരിയ ഗൗഹർ നബി (സ)യുടെ ജീവിതം ദൈവിക പ്രഭാവം ഉൾക്കൊള ളുന്നതാണെന്ന് പ്രസ്താവിച്ചു. കണ്ണൂർ മേഖലാ സെക്രട്ടറി സഫൂറ തുടർന്ന് പ്രസംഗിക്കുകയു ണ്ടായി. യോഗത്തിൽ സാമൂഹ്യപ്രവർത്തകയായ അഡ്വക്കറ്റ് രത്ന ഗിരീഷ് വിശിഷ്ടാതിഥിയായിരു ന്നു. ഷിറിൻ റശീദ്, സനൂജ എന്നിവർ പദ്യങ്ങളാപ ലിച്ചു.

# നാസിറാത്തുൽ അഹ്മദിയ്യാ ക്യാമ്പ്

2010 ഏപ്രിൽ 24, 25 ശനി, ഞായർ ദിവസങ്ങ ളിൽ കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ നാസിറാ ത്തുൽ അഹ്മദിയ്യാ ദ്വിദിന മേഖല ക്യാമ്പ് സംഘടിപ്പി ക്കുകയുണ്ടായി. റഫത്ത് ഖുർആൻ പാരായണം നട ത്തി. നേഹ ഉർദുപദ്യം ആലപിച്ചു. കോഴിക്കോട് ലജ്നാ സദർ നുസ്റത്ത് സാഹിബ സ്വാഗതമാശംസി ച്ചു. തുടർന്ന് സീനത്ത് സാഹിബ അദ്ധ്യക്ഷപ്രസംഗം നടത്തി. കോഴിക്കോട് മേഖല അമീർ കെ.എം. അഹ്മദ് കോയ സാഹിബ് ക്യാമ്പ് ഉദ്ഘാടനം നിർവ്വഹിച്ചു. മൗലവി മുഹമ്മദ് സലിം സാഹിബ് ആശംസാപ്രസംഗം നടത്തി. തുടർന്ന് വാണിയമ്പലം ലജ്നാ പ്രസിഡന്റ് ശക്കീല സാഹിബ 'നിസാമെ അഹ്മദിയ്യത്ത്' എന്ന

വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. ശിഫാന സിദ്ധീഖ് അറബിപദ്യം ആലപിച്ചു. എം. നസീറ സാഹിബ 'അഹ്മദി പെൺകുട്ടികൾ മറ്റുകുട്ടികൾക്ക് മാതൃക' എന്ന വിഷയത്തെ കുറിച്ച് ക്ലാസ്സെടുത്തു. 'ആധുനിക ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ സ്വാധീനം കുട്ടികളിൽ' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ സംഘടിപ്പിച്ചു. പിന്നീട് കുട്ടികളോട് ഒരു മാഗസീൻ തയ്യാറാക്കാൻ നിർദ്ദേശിച്ചു. തുടർന്ന് മൗലവി മുഹമ്മദ് സലിം സാഹിബ് "സാമൂഹിക വിപത്തിനെക്കുറിച്ചുള്ള ബോധവൽക്കരണവും മാതാപിതാക്കളോടുള്ള അനുസരണത്തിന്റെ പ്രാധാന്യവും" എന്ന വിഷയത്തെക്കുറിച്ച് ക്ലാസെടുത്തു. സമാപനയോഗത്തിൽ കോഴിക്കോട് മേഖലാ സെക്രട്ടറി സാജിദ സാഹിബ അദ്ധ്യക്ഷത വഹിച്ചു. റഫത്തിന്റെ അവലോകനത്തിന് ശേഷം സമ്മാനദാനം നടത്തി. 120 അംഗങ്ങൾ പങ്കെടുത്തു.


---

**പാലക്കാട് മേഖല:** നാസിറാത്തുൽ അഹ്മദിയ്യയുടെ ദ്വിദിന തർബിയ്യത്ത് ക്യാമ്പ് മെയ് 1, 2ന് ചേലക്കര ജമാഅത്തിൽ വെച്ച് മേഖല നാസിറാത്ത് സെക്രട്ടരി സാബിറയുടെ അദ്ധ്യക്ഷതയിൽ ഫൗസിയ റഹീം സാഹിബയുടെ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. സ്വാഗതഗാനത്തിനുശേഷം നാസിറാത്ത് സെക്രട്ടരി സ്വാഗതപ്രസംഗം നടത്തി. തുടർന്ന് സാബിറ അദ്ധ്യക്ഷ പ്രസംഗം നടത്തി. പാലക്കാട് മേഖലാ സെക്രട്ടരി രഹ്ന കമാൽ സാഹിബ ക്യാമ്പ് ഉദ്ഘാടനവും ദുആയും നിർവ്വഹിച്ചു. സുബൈദ സാഹിബ ആശംസാപ്രസംഗം നടത്തി. 'നിസാമെ അഹ്മദിയ്യത്ത്' എന്ന വിഷയത്തെ സംബന്ധിച്ച് ലൈല സാഹിബ ക്ലാസ്സെടുത്തു. മസീഹ് മൗഊദി(അ)ന്റെ അത്ഭുത ദൃഷ്ടാന്തങ്ങൾ എന്ന വിഷയത്തെക്കുറിച്ച് സാബിറ സാഹിബ ക്ലാസ്സെടുത്തു. ഈ ക്ലാസ്സിനുശേഷം വിനോദയാത്രയായിരുന്നു. തുടർന്ന് ക്വിസ്സ് മത്സരം നടത്തി. അഹ്മദിയ്യത്ത് എന്ന വിഷയത്തെ സംബന്ധിച്ച് സെമിനാർ നടത്തി. രഹ്ന കമാൽ സാഹിബയുടെ അധ്യക്ഷതയിൽ രണ്ടാമത്തെ സെഷൻ ആരംഭിച്ചു. അതിനുശേഷം രഹ്ന സാഹിബ നമസ്കാരം എന്ന വിഷയത്തെ സംബന്ധിച്ച് ക്ലാസെടുത്തു. ലൈല ഹാരിസ് സാഹിബ ആരോഗ്യത്തെക്കുറിച്ച് ക്ലാസെടുത്തു. 46 കുട്ടികൾ പങ്കെടുത്തു.

# വിദ്യാർത്ഥിനീ സംഗമം

കേരളത്തിലെ വിദ്യാർത്ഥിനികൾക്കായി കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ മെയ് 8, 9ന് ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. സനൂജ ഖുർആൻ പാരായണം നടത്തി. നസ്റിൻ മുബാറക്ക് പദ്യമാലപിച്ചു. കോഴിക്കോട് ജമാഅത്ത് തഅ്ലീം സെക്രട്ടരി കെ.വി. ഈസക്കോയ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. കോഴിക്കോട് മേഖല അമീർ കെ.എം. അഹ്മദ് കോയ സാഹിബ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തഅ്ലീം ഭാരത് ശിറാസ് സാഹിബിന്റെ സന്ദേശം കോഴിക്കോട് ലജ്നാ പ്രസിഡൻറ് നുസ്റത്ത് സാഹിബ വായിച്ചുകേൾപ്പിച്ചു. മൗലവി പി.എ. മുഹമ്മദ് സലീം സാഹിബ്, കേരള ലജ്നാ ഇമായില്ലാഹ് പ്രസിഡൻറ് താഹിറ സാഹിബ എന്നിവർ ആശംസാപ്രസംഗം നടത്തി. തുടർന്ന് ഉന്നതവിദ്യാഭ്യാസവും ആദർശാനുഷ്ഠാനങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി മൗലവി നാസിർ അഹ്മദ് സാഹിബ് പ്രസംഗിച്ചു. ഫിസിക്സ് അക്കാഡമി ഡയറക്ടർ ജനാബ് മൻസൂർ അഹ്മദ് സാഹിബ് ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയുണ്ടായി. ക്യാമ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ഫലപ്രാപ്തിയും എന്ന വിഷയത്തെക്കുറിച്ച് മൗലവി മുഹമ്മദ് സലീം സാഹിബ് ക്ലാസ്സെടുത്തു. പരീക്ഷകൾ എങ്ങനെ എളുപ്പമാക്കാം എന്ന വിഷയത്തെ ആസ്പദമാക്കി ഫമീല മുസഫർ സാഹിബ ക്ലാസ്സെടുത്തു. ജുവൈരിയ ഗൗഹർ സാഹിബ ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ ഗ്രന്ഥങ്ങളെക്കുറിച്ചു വിശദീകരിച്ചു. എം.ടി.എ. അൽ – ഇസ്ലാം എന്നിവ എങ്ങനെ പ്രയോജനപ്പെടുത്തണം എന്നതിനെക്കുറിച്ച് നിലോഫർ ക്ലാസ്സെടുത്തു. ഒപ്പം വീഡിയോ പ്രദർശനവും നടത്തി. വെളിപാട്, യുക്തി, ജ്ഞാനം, സത്യം എന്ന ഗ്രന്ഥത്തെ ആസ്പദമാക്കി ക്വിസ് പരിപാടി നടത്തി. 'ഖുർആനും മനശ്ശാസ്ത്രവും', 'ഖുർആനും സാമ്പത്തികശാസ്ത്രവും' എന്നീ വിഷയങ്ങളെ ആസ്പദമാക്കി സെമിനാർ നടത്തി. ഷംന, സമിയ സുൽത്താന എന്നിവർ ചർച്ചയ്ക്ക് ചുക്കാൻ പിടിക്കുകയുണ്ടായി. സ്റ്റുഡൻസ് അസോസിയേഷൻ സെക്രട്ടരിമാരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് കേരള സദർ താഹിറ സാഹിബ ക്ലാസ്സെടുത്തു. വിവിധ ശാസ്ത്ര പ്രതിഭകളെക്കുറിച്ച് ആമിന സാഹിബ ക്ലാസ്സെടുത്തു. വിദ്യാർത്ഥിനികളും ഉത്തരവാദിത്വങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി കോഴിക്കോട് മേഖല സെക്രട്ടരി സാജിദ സാഹിബ ക്ലാസ്സെടുത്തു. മുബീന സാഹിബ അവലോകനം നിർവ്വഹിച്ചു. പരിപാടിയെക്കുറിച്ചുള്ള ക്വിസ് സിദ്ദീഖ സാഹിബ നടത്തുകയുണ്ടായി. കോഴിക്കോട് ലജ്നാ പ്രസിഡന്റ് നുസ്റത്ത് സാഹിബയുടെ നന്ദിപ്രകാശനത്തിനു ശേഷം ദുആയോടെ പരിപാടികൾ അവസാനിച്ചു. ക്യാമ്പിൽ കേരളത്തിലെ വിവിധ ജമാഅത്തുകളിൽ നിന്നുമായി 200 വിദ്യാർത്ഥിനികൾ പങ്കെടുത്തു. ■

# പദപ്രശ്നം




## അന്നൂർ പദപ്രശ്നം – 1

പേര് : ..............................................................

വയസ്സ് : ..............................................................

ജമാഅത്ത് : ..............................................................

മേൽവിലാസം : ..............................................................

..............................................................

..............................................................

ജില്ല: ..............................................................

പിൻ : | | | | | |

ഫോൺ : | | | | | | | | | | | |

7 വയസ്സു മുതൽ 15 വയസ്സ് വരെയുള്ള നാസിറാത്ത് – അത്ഫാൽ കുട്ടികൾക്കാണ് ഈ പദപ്രശ്നം. സൂചനകൾ നോക്കി കളങ്ങളെല്ലാം ശരിയായി പൂരിപ്പിക്കുക. താഴെ കാണുന്ന കൂപ്പണിൽ പേരും വിലാസവും എഴുതി അന്നൂറിന് അയച്ചു തരിക. ഒന്നിൽ കൂടുതൽ ശരിയുത്തരം ലഭിക്കുകയാണെങ്കിൽ നറുക്കെടുപ്പിലൂടെ മൂന്ന് പേർക്ക് സമ്മാനം നൽകുന്നതാണ്.

പദപ്രശ്നം ലഭിക്കേണ്ട അവസാന തീയ്യതി 2010 ഒക്ടോബർ 15.

അയക്കേണ്ട വിലാസം: പദപ്രശ്നം –2, Editor, Anoor, SN:2, Sneha Nagar, O.B. Road, P.O. Arts college, calicut - 673018,

**വലത്തോട്ട്**

1. മക്കക്കാർ ഖദീജ(റ)ന് നൽകിയ സ്ഥാന പേര്?
2. നബി(സ) തിരുമേനിയുടെ മാതാവ് ആമിന വഫാത്തായ സ്ഥലത്തിന്റെ പേര്?
3. ഇസ്‌ലാമിലെ ആദ്യത്തെ മുഅദ്ദിൻ ആരായിരുന്നു?
4. ബഹിശ്തി മഖ്ബറയുടെ രൂപീകരണത്തിനായി രൂപികരിച്ച അൻജുമൻ?
5. ബാബാനാനക്ക് മുസൽമാനായിരുന്നു എന്നതിന്റെ വിശദീകരണം നൽകുന്ന മസീഹ് മൗഊദി(അ)ന്റെ ഗ്രന്ഥമേത്?
6. വിശുദ്ധ ഖുർആന്റെ മൂന്നിലൊന്ന് എന്നറിയപ്പെടുന്ന സൂറത്തേത്?

**താഴേക്ക്**

2. രണ്ട് പ്രവാചകൻമാരുടെ പേരിൽ അവസാനിക്കുന്ന സൂറത്ത്?
7. ചുവന്ന മഷിതുള്ളി വീണ മുറിയുടെ പേര്?
8. മസീഹ് മൗഊദി(അ)ന്റെ ഗ്രന്ഥങ്ങളിൽ ആദ്യമായി അച്ചടിച്ച ഗ്രന്ഥം?
9. മീം ഇല്ലാത്ത സൂറത്ത്?
10. തന്നെ വിവാഹം ചെയ്യുന്ന കാര്യത്തിൽ നബി(സ) തിരുമേനിയുടെ മനസമ്മതം അറിയാൻ ഖദീജ(റ) അയച്ചത് ആരെയാണ്?
11. നബി(സ) തിരുമേനിയുടെ രണ്ട് പുത്രിമാരേയും വിവാഹം കഴിക്കാൻ ഭാഗ്യം ലഭിച്ചത് ആർക്കായിരുന്നു?

**പദപ്രശ്നം – 1 ലെ സമ്മാനാർഹർ**

നിഹാൽ കെ.കെ. – മട്ടന്നൂർ, നേഹ സഫീർ – മാത്തോട്ടം, റാലിയ സിദ്ദീഖ് – കണ്ണൂർ ടൗൺ.